## PHONE No. OF COUNCILLORS

| *Ward No* | *Name of concillors* | *Ward name* | *Phone No* |
|---|---|---|---|
| 1 | ശ്രീമതി. ബിന്ദു രവികുമാർ | PADINHAREMUKKU | 9961759265 |
| 2 | ശ്രീമതി. പാറച്ചോടൻ ആമിന അഷ്റഫ് | NOORENGALMUKKU | 9895734677 |
| 3 | ശ്രീ. എ പി ശിഹാബ് | CHERUPARAMBU | 9633606232 |
| 4 | ശ്രീമതി. ഫാത്തിമ സുഹ്റ അയമു സി കെ | KALLADIMUKKU | 9633287728 |
| 5 | ശ്രീ. സി കെ സഹീർ | MACHINGAL | 9447680185 |
| 6 | ശ്രീ. ഒ. സഹദേവൻ | CHOLAKKAL | 9447004602 |
| 7 | ശ്രീ. സുഹൈൽ ഇടവഴിക്കൽ | KATTUNGAL | 9995151169 |
| 8 | ശ്രീമതി. ജുമൈല ജലീൽ | GOVT.COLLEGE | 9539811340 |
| 9 | ശ്രീമതി. റിന്ദു സമീർ കെ ടി | MUNDUPARAMBU | 9947450153 |
| 10 | ശ്രീമതി. രത്നം വി | KARUVALA | 9995764425<br>9539277839 |
| 11 | | MOONNAMPADI | |
| 12 | ശ്രീമതി. ജയശ്രീ രാജീവ് | KAVUNGAL | 9745700289 |
| 13 | ശ്രീമതി. ജംഷീന ഉരുണിയൻ പറമ്പിൽ | KALAMBADI | 7356211382 |
| 14 | ശ്രീമതി. കിളിയമണ്ണിൽ മിസ്ന | MANNARKUNDU | 9544343359 |
| 15 | ശ്രീമതി. സി പി ആയിശാബി | THAMARAKKUZHY | 9846632258 |
| 16 | ശ്രീ. സബീർ പി എസ് എ | KOTTAKKUNNU | 9048313313 |
| 17 | ശ്രീമതി. കെ ടി രമണി | CHERATTUKUZHY | 9995576891 |
| 18 | ശ്രീ. സുരേഷ് മാസ്റ്റർ | KOTTAPPADI | 9847608088 |
| 19 | ശ്രീ കെ പി എ ഷെരീഫ് | CIVILSTATION | 9846034564 |
| 20 | ശ്രീ. പി കെ സക്കീർ ഹുസൈൻ | CHEMMANKADAVU | 9847012019 |
| 21 | ശ്രീ. സി എച്ച് നൗഷാദ് | CHEENITHODE | 9847100051 |
| 22 | ശ്രീ. മഹ്മൂദ് കോതേങ്ങൽ | MAILAPPURAM | 9539143844 |
| 23 | ശ്രീമതി. കൊന്നോല ഫൗസിയ കുഞ്ഞിപ്പ | VALIYAVARAMBU | 9746012864<br>9961234540 |
| 24 | ശ്രീ. അബ്ദുൽ ഹക്കീം പി കെ | VALIYANGADI | 9847189322 |
| 25 | ശ്രീ. മൊടയങ്ങാടൻ ശിഹാബ് | KIZHAKKETHALA | 9746373333 |
| 26 | ശ്രീ. അബ്ദുൽ സമദ് ഉല്ലുവാൻ | VARANGODE | 9746032720 |
| 27 | ശ്രീമതി. റസീന സഫീർ ഉല്ലുവാൻ | PAITHINIPARAMBA | 9562219214 |
| 28 | ശ്രീമതി. കദീജ മുസ്ലിയാരകത്ത് | ADHIKARATHODI | 9995470497 |
| 29 | ശ്രീമതി. സി കെ നാജിയ ഷിഹാർ | KONOMPARA | 9961967926 |
| 30 | ശ്രീ. മുജീബ് കാടേരി | ALATHURPADI | 9895515706 |
| 31 | | KAINODE | |
| 32 | ശ്രീമതി. ജസീല ടീച്ചർ | MUTHUVATHUPARAMBA | 9746202586 |
| 33 | ശ്രീ. അബ്ദുൽ ഹമീദ് പരി | KOLMANNA | 9947178378 |
| 34 | ശ്രീ. സജീർ കളപ്പാടൻ | SPINNINGMILL | 9562242223 |
| 35 | ശ്രീമതി. മറിയുമ്മ ഷെരീഫ് കോണോത്തൊടി | PATTARKADAVU | 9995235700 |
| 36 | ശ്രീ. ഷാഫി മുഴിക്കൽ | KARAPARAMBU | 9388007319<br>9747244869 |
| 37 | ശ്രീമതി. ഇ പി സൽമ ടീച്ചർ | PANAKKAD | 8129571736 |
| 38 | ശ്രീമതി. ആയിശാബി ഉമ്മർ | BHOOTANAMCOLONY | 9847922243 |
| 39 | ശ്രീ. നൂറേങ്ങൽ സിദ്ധീഖ് | PODIYAD | 9447925986 |
| 40 | ശ്രീമതി. നാണത്ത് സമീറ മുസ്തഫ | PERUMBARAMBU | 9544000313 |

## ഉള്ളടക്കം


അദ്ധ്യായം 1 ആമുഖം

1 പൊതുവിവരങ്ങൾ
2 ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും
തനത് വിഭവങ്ങളും പൊതു ആസ്തികളും
3 ജനസംഖ്യ
4 സാമൂഹിക സാംസ്കാരിക സാമ്പത്തിക അവസ്ഥ

അദ്ധ്യായം 2 പ്രകൃതി ദുരന്തങ്ങളും അതിജീവനവും

1 കോവിഡ് മഹാമാരി നേരിടുന്നതിൽ വഹിച്ച പങ്ക്
2. ദുരന്ത നിവാരണ പദ്ധതികൾ

അദ്ധ്യായം 3. വികസന നയവും തന്ത്രവും

1 പൊതു സമീപനം
2. വികസന കാഴ്ച്ചപ്പാട്, തന്ത്രം
3. സാമൂഹ്യസുരക്ഷാ മാലിന്യ നിർമാർജ്ജനം മേഖലകളിൽ
സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ
4. കാലാവസ്ഥാ വ്യതിയാന ആഘാതങ്ങൾ കുറക്കുന്നകിനുള്ള
പ്രവർത്തനങ്ങൾ
5. 14-ാം പഞ്ചവത്സര പദ്ധതിയിൽ നേടാൻ കഴിയുന്ന
പൊതുലക്ഷ്യങ്ങൾ
6. ദീർഘകാല ലക്ഷ്യങ്ങൾ

അദ്ധ്യായം 4. വിഭവസമാഹരണം

1 വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന വിഭവ
ങ്ങളുടെ വിവരങ്ങൾ

അദ്ധ്യായം 5 വികസന മേഖല

1. 1996 ലെയും ഇന്നത്തെയും അവസ്ഥകളുടെ ക്രോഡീകരണം
2. കഴിഞ്ഞ 25 വർഷത്തെ വിലയിരുത്തൽ
3. ഓരോ പഞ്ചവത്സര പദ്ധതിയിലേയും വികസന തന്ത്രം
4. നവകേരളം - കർമ്മപദ്ധതി വികസന മിഷനുകളുടെ നേട്ടങ്ങൾ
5. പ്രധാന വെല്ലുവിളികൾ - വികസന വിടവുകൾ - പ്രശ്നങ്ങൾ,
പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ
6. ദീർഘകാല പരിപ്രേക്ഷ്യം
7. സംയോജന സാധ്യതകൾ

അദ്ധ്യായം 6 14-ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

1. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കേണ്ട
പ്രവർത്തനങ്ങൾ ഭൗതിക ലക്ഷ്യങ്ങൾ
2. 2022-23 വാർഷിക പദ്ധതി പ്രൊജക്ട് ആശയങ്ങൾ
3. മോണിറ്ററിംഗ് സംവിധാനവും തദ്ദേശ സ്ഥാപനത്തിന്റെ കാഴ്ച്ചപ്പാടും

## മലപ്പുറം നഗരസഭ
# പൊതു വിവരങ്ങൾ

| | |
|---|---|
| സ്ഥാപിതം | – 1970 ഏപ്രിൽ 1 |
| ഗ്രേഡ് | – സെക്കന്റ് |
| നഗരസഭയിൽ ഉൾപ്പെടുന്ന വില്ലേജുകൾ | – മലപ്പുറം, മേൽമുറി,പാണക്കാട് |
| താലൂക്ക് | – ഏറനാട് |
| ജില്ല | – മലപ്പുറം |
| ലോക്സഭാമണ്ഡലം | – മലപ്പുറം |
| വിസ്തീർണ്ണം | – 33.6.ച.കീ.മി |
| വാർഡുകൾ | – 40 |

**ജനസംഖ്യ**

| | |
|---|---|
| സ്ത്രീ | – 35112 |
| പുരുഷൻ | – 32976 |
| ആകെ | – 68088 |

**പട്ടികജാതി**

| | |
|---|---|
| സ്ത്രീ | – 1483 |
| പുരുഷൻ | – 1424 |
| ആകെ | – 2907 |

**പട്ടികവർഗ്ഗം** - ഇല്ല

**അതിരുകൾ**

| | |
|---|---|
| കിഴക്ക് | – കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | – ഊരകം ഗ്രാമപഞ്ചായത്ത് |
| തെക്ക് | – കുറുവ, കോഡൂർഗ്രാമപഞ്ചായത്തുകൾ |
| വടക്ക് | –പൂക്കോട്ടൂർ, ആനക്കയം ഗ്രാമപഞ്ചായത്തുകൾ |

# ആമുഖം

**പേര്** സൂചിപ്പിക്കുന്ന പോലെ പ്രകൃതിരമണീയമായ കോട്ടക്കുന്നിന്റെയും, പൈത്തിനിപ്പറമ്പ് , പെരുമ്പറമ്പ്, മാമ്പറമ്പ്, ഇത്തിൾപറമ്പ്, എന്നീ കുന്നുകളുടെയും മടിത്തട്ടിൽ തല ചായ്ച്ചുറങ്ങുന്ന  മലപ്പുറം. ബാങ്കൊലിയുടെയും ശംഖുനാദത്തിന്റെയും പള്ളിമണികളുടെയും ആത്മീയ നാദം കേട്ടുണരുന്ന കൊച്ചു പട്ടണമായ മലപ്പുറത്തിന്റെ യഥാർത്ഥ സൗന്ദര്യവും ഇത് തന്നെയാണ്. ജാതി, മത, വർണ, വർഗ, ചിന്തകൾക്കതീതമായി മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മുദ്രകൾ ചാർത്തിയ ഒരു പറ്റം പച്ചയായ മനുഷ്യരുടെ വാസസ്ഥലം, അതത്രെ മലപ്പുറം. 33.6 ച.കി.മി. വിസ്തീർണ്ണമുള്ള നഗരഭാ പ്രദേശം ഒട്ടേറെ ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണാണ്.

ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് ഒട്ടേറെ ചരിത്ര സംഭവങ്ങൾക്ക് മലപ്പുറം സാക്ഷിയായിട്ടുണ്ട്. മാതൃരാജ്യത്തിന്റെ സ്വാതന്ത്രത്തി നുവേണ്ടി പറങ്കിപടയോട് പടപൊരുതിയ സാധാരണ കർഷകരായ, നിരായുധരായ  മലപ്പുറത്തിന്റെ മക്കളെ ബ്രിട്ടീഷ് ചരിത്രകാരൻമാർ തങ്കലിപികളാൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1921 ലെ കലാപത്തിനു പിന്നിലും സ്വാതന്ത്ര്യത്തോടുള്ള അഭിവാഞ്ചയും, ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നും തുരത്തുകയെന്ന ഒടുങ്ങാത്ത പകയും അടങ്ങാത്ത ആവേശവുമായിരുന്നു. പറങ്കികളോടുള്ള വെറുപ്പിന്റെയും നിസ്സഹകരണത്തിന്റെയും ഭാഗമായി ഇംഗ്ലീഷ് വിദ്യഭ്യാസം തിരസ്കരിക്കാൻ അന്നത്തെ ജനനേതാക്കൾ ആഹ്വാനം ചെയ്തതായി പറയപ്പെടുന്നു.

പൂക്കോട്ടൂർ കലാപത്തിലൂടെ, ബ്രിട്ടീഷ് പട്ടാളത്തെ വിറപ്പിക്കുകയും, അൽഭുതപ്പെടുത്തുകയും ചെയ്ത ധീരദേശാഭിമാനികളെ നിഷ്ഠൂരം കൊന്നൊടുക്കുകയുണ്ടായി.  അവരുടെ അന്ത്യവിശ്രമ സ്ഥലം നഗരസഭയിലെ പിലാക്കൽ ആണ്. ബ്രിട്ടീഷ്കാരെ എതിർത്ത ധീരരായ മലപ്പുറത്തും സമീപ പ്രദേശത്തുമുള്ള സമരക്കാരെ നിരനിരയായി നിർത്തി നിറയൊഴിച്ച് നിണമൊഴുക്കിയതും ഇന്നത്തെ കോട്ടക്കുന്നിന്

മുകളിൽ വെച്ചായിരുന്നു. വീരമൃത്യു കൈവരിച്ചവരിൽ സമര നായകൻമാരായ ജനാബ്.വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും, കുഞ്ഞിതങ്ങളും ഉൾപ്പെടുന്നു.

നിരന്തരമായ അടിച്ചമർത്തലിന്റെയും, ഇംഗ്ലീഷുകാരോടുള്ള നിസ്സഹകരണത്തിന്റെയും കാരണമായി വിദ്യാഭ്യാസത്തിൽ പിന്നോക്കം പോകുകയും, ദാരിദ്ര്യത്തിലേക്ക് വഴുതി വീഴുകയും ചെയ്ത ജനത പിൽക്കാലത്ത് ചരിത്രപരമായി പിന്നോക്ക ജനത എന്ന മേലങ്കി അണിയുകയുണ്ടായി.

1921 ലെ കലാപകാരികളെ അടിച്ചമർത്തുന്നതിനുവേണ്ടി, കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ടുലരശമഹ എീൃരല അന്നത്തെ കോഴിക്കോട് ഡി.എസ്.പി.ഹിച്ച് കോക്ക് സായിപ്പിന്റെ നേതൃത്വത്തിൽ മലപ്പുറം കേന്ദ്രമായി എം.എസ്.പി (മലബാർ സ്പെഷ്യൽ പോലീസ്) ബറ്റാലിയൻ ആരംഭിക്കുകയു ണ്ടായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തദ്ദേശിയർക്കുനേരെ നിരവധി അതിക്രമങ്ങൾ അഴിച്ചുവിട്ടു.

1921 ലെ കലാപത്തിനുശേഷം മദിരാശി ഗവൺമെന്റ് സ്ഥാപിച്ചതാണ് മലബാറിലെ അലിഗഡ് എന്ന് പിൽക്കാലത്ത് അറിയപ്പെട്ട മുസ്ലീം ഹൈസ്കൂൾ. പിന്നീട് മോഡൽ ഹൈസ്കൂളായി ഉയർത്തപെട്ടു. ഇത് മലബാറിലെ തന്നെ ഏക ഹൈസ്കൂളായിരുന്നു. സ്വാതന്ത്ര്യാനന്തരം എല്ലാവർക്കും പ്രവേശനം നൽകിതുടങ്ങി.

ചരിത്രപരമായ കാരണങ്ങളാൽ വിദ്യഭ്യാസത്തിൽ പിന്നോക്കാവ സ്ഥയിലായ നഗരസഭാ പ്രദേശത്തെ ജനങ്ങൾ ദാരിദ്ര്യവും, തൊഴിലില്ലായ്മയും കൊണ്ട് പൊറുതിമുട്ടിയിരുന്നു. വിദ്യഭ്യാസ കേന്ദ്രങ്ങൾ, തൊഴിൽ ശാലകൾ എന്നിവ തുടങ്ങുന്നതിനും, ജോലി നേടുന്നതിനും ഈ പിന്നോക്കാവസ്ഥ വിഘാതം സൃഷ്ടിച്ചു. പരമ്പരാഗതമായ കൃഷിയും മറ്റും ഉപജീവന മാർക്ഷമായി കണ്ടെത്തിയ ജനത ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റത്തോടെയാണ് മാറ്റങ്ങൾക്ക് വിധേയമായത്.

സ്വാതന്ത്രലബ്ദിക്ക് ശേഷം മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ ഭൂപ്രദേശം 1969 ജൂൺ 16-ാം തിയ്യതി മലപ്പുറം ജില്ലാ രൂപീകരണത്തോടെ ജില്ലാ ആസ്ഥാനം എന്നതിന്റെ അടിസ്ഥാനത്തിൽ കേവലം “സി” ഗ്രേഡ് പഞ്ചായത്തായിരുന്ന മലപ്പുറത്തെ 1970 ഏപ്രിൽ 1-ാം തിയ്യതി നഗരസഭാ പദവിയിലേക്ക് ഉയർത്തുകയായിരുന്നു.

ആദ്യത്തെ ജില്ലാകലക്ടർ ശ്രീ.ഭാസ്കരൻനായരും, ആദ്യത്തെ മുനിസിപ്പൽ ചെയർമാൻ ഡോ: അബൂബക്കർ ഉം ആയിരുന്നു.

മാനവ സ്നേഹത്തിന്റെയും, മത സഹിഷ്ണതയുടെയും വിളനിലമായ കൊടപ്പനക്കൽ തറവാടും, കേരളം കണ്ട മഹത് വ്യക്തിത്വത്തിന്റെ ഉടമയുമായ മർഹും പാണക്കാട് സയ്യിദ്

മുഹമ്മദലി ഷിഹാബ് തങ്ങളുടെ അനുഗ്രഹീത പാദസ്പർശനമേറ്റ മണ്ണും മലപ്പുറം നഗരസഭക്ക് സ്വന്തമാണ്. വിനയത്തിന്റെയും, വിശുദ്ധിയുടെയും ആ പൂമുഖം ഇന്നും കേരള ജനതയെയും, നഗരസഭയിലെ എല്ലാ വിഭാഗ ജനങ്ങളെയും ഇന്നും ആവേശം കൊള്ളിക്കുന്നു. കമ്മ്യൂണിസ്റ്റ് ആചാര്യനായ ഇ.എം.എസ് ഈ നഗരസഭാ പ്രദേശത്ത് ഒളിവിൽ താമസിച്ചതായി പറയപ്പെടുന്നു.

തുടക്കത്തിൽ നഗരസഭയിൽ 18 വാർഡുകളാണ് ഉണ്ടായിരുന്നത്. പിന്നീട് 79 ൽ 24, 94 ൽ 28, 2001 ൽ 31, 2005 ൽ 37, 2010 ൽ 40 ആയും വിഭജിക്കപ്പെട്ടു.

മലപ്പുറം നഗരസഭയിലെ ആകെ ജനസംഖ്യ 1991 ലെ കാനേഷുമാരി പ്രകാരം 49690 ഉം, 2001 പ്രകാരം 58491 ഉം, 201011 പ്രകാരം 68088 ഉം ആണ്. ഇതിൽ സ്ത്രീകൾ 35112 ഉം, 32976 പുരുഷൻമാരുമാണ്.

മലപ്പുറം നഗരസഭയെ സംബന്ധിച്ചിടത്തോളം സാമ്പത്തികനില അത്ര ശോഭനമല്ല. നിശ്ചിത തൊഴിൽ നികുതിയും,ഏതാനും കെട്ടിടങ്ങളിൽ നിന്നും കിട്ടുന്ന വരുമാനവും, വസ്തുനികുതിയും മാത്രമാണ് തനതുവരുമാനം. ഇവ ചെലവുകളുമായി പൊരുത്തപ്പെടാവുന്നതല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതവും, പ്രത്യേക ഫണ്ടുകളുമാണ് പദ്ധതി നടത്തിപ്പിനുള്ള വിഭവസ്രോതസ്സുകൾ. കൈ മാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾക്കും നല്ലൊരുതുക ചെലവഴിക്കേണ്ടിവരുന്നു.

മലപ്പുറം നഗരസഭയുടെ സമഗ്രവികസനത്തിന് ഭൂപ്രകൃതി വളരെയേറെ വിഘാതമായി നിൽക്കുന്നു. എങ്കിലും കുറ്റമറ്റ പ്ലാനിംഗിലൂടെ കുറേയൊക്കെ മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ട്.

പറയത്തക്ക വ്യവസായ ശാലകൾ മലപ്പുറം നഗരസഭയിലില്ല. പൊതുമേഖലയിൽ ആകെയുള്ളത് സഹകരണ-സ്പിന്നിംഗ്മില്ലാണ്. ഈ രംഗത്ത് നഗരസഭയിലെ സി.ഡി.എസ് ന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. സംസ്ഥാനത്ത് ആദ്യമായി മൈക്രോഫൈനാൻസ് സംരംഭമായ ലൈവ്‌ലി ഹുഡ് പദ്ധതി നടപ്പിലാക്കിയത് മലപ്പുറം നഗരസഭയിലാണ്. കുടുംബശ്രീ സംവിധാനത്തിന് തുടക്കം കുറിച്ചതും മലപ്പുറത്തിന്റെ മണ്ണിലായിരുന്നു എന്നതിൽ നമുക്കഭിമാനിക്കാം

വിദ്യഭ്യാസ രംഗത്ത് വളരെയേറെ ഫലം കണ്ട പദ്ധതിയായിരുന്ന മുന്നേറ്റം എന്ന പദ്ധതിയിലൂടെ പഠന നിലവാരം ഉയർത്തുകയെന്നത്. ഇതുമൂലം GGHSS ന്റെയും GBHSS ന്റെയും എസ്.എസ്.എൽ.സി നിലവാരം ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞു. വാർഷിക പദ്ധതികളിൽ കൂടി സ്കൂളുകളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കാൻ ഒരളവുവരെ കഴിഞ്ഞിട്ടുണ്ട്.

സ്ത്രീകളുടെയും, കുട്ടികളുടെയും മേഖലകളിലേക്കും നിലവിലുള്ള പദ്ധതി ക്കുള്ളിൽ നിന്നുതന്നെ കടന്നുചെന്ന് മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 64 അംഗൻ വാടികളിൽ 26 എണ്ണത്തിന് കെട്ടിടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

കൃഷി, മൃഗ സംരക്ഷണ രംഗത്ത് തൊഴിലാളികളുടെ അഭാവവും ഉൽപാദന ചെലവും മൂലം ഉദ്ദേശിച്ച ഫലം കണ്ടെത്താൻ നഗരസഭക്കായിട്ടില്ല.

ആരോഗ്യ രംഗത്ത് കൈമാറിക്കിട്ടിയ സ്ഥാപനമായ താലൂക്ക് ആശുപത്രിയിൽ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പുതുതായി നിർമ്മിച്ച കാഷ്വാലിറ്റി ബ്ലോക്കും ഒ.പി നവീകരണവും എടുത്തു പറയാവുന്നതാണ്. കോവിഡ് മഹാമാരിയെ നേരിടുന്നതിനായി എൻ.ആർ.എച്ച്.എം ന്റെ സഹായത്തോടെ 14 വെന്റിലേറ്റുകളോടുകൂടി കോവിഡ് ആശുപത്രി സജ്ജമാക്കി എങ്കിലും സ്റ്റാഫ് പാറ്റേൺ അനുവദിക്കാത്തത് കാരണം പൂർണ്ണമായി പ്രവർത്തിപ്പിക്കാനായിട്ടില്ല.

ശുചീകരണ മേഖലയിൽ നഗരസഭ ഒട്ടേറെ നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ നഗരശുചീകരണം കാര്യക്ഷമമാക്കുന്ന മലയാള മനോരമയുടെ സുകൃത കേരളം അവാർഡും കേരള ഗവൺമെന്റിന്റെ ഗ്രീൻ കേരള എക്സ്പ്രസ്സിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനവും പോയ വർഷങ്ങളിൽ നേടുകയുണ്ടായി.

**വരും തലമുറയെ ലക്ഷ്യമാക്കി അടുത്ത 5 വർഷത്തേക്ക് വളരെ ബൃഹത്തായ നൂതന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അവയിൽ ചിലത് ഇവിടെ പ്രതിപാദിക്കുന്നു.**

1. **ഭവന നിർമ്മാണം**: മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഒന്നായ സ്വന്തമായി ഒരു കിടപ്പാടം നിർമ്മിച്ചു നൽകാൻ മഹാനായ മർഹും പാണക്കാട് സയ്യിദ് മുഹമ്മദലി ഷിഹാബ് തങ്ങളുടെ നാമധേയത്തിൽ ഷിഹാബ് തങ്ങൾ ഭവന പദ്ധതി എന്ന ഭവന പദ്ധതി സർക്കാറിന് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 700 കുടുംബങ്ങൾക്ക് സ്വന്തമായി വീടു നിർമ്മിക്കാൻ ധനസഹായം നൽകുന്നതാണ്.ഇതിന് ആകെ 14 കോടിയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.

2. **കുടിവെള്ളം**: കേന്ദ്രഗവൺമെന്റ് പദ്ധതിയായ UIDSSMT പദ്ധതിയിലൂടെ 24 മണിക്കൂറും ശുദ്ധജലം ലഭിക്കുന്ന നഗരസഭയായി മലപ്പുറത്തെ മാറ്റുന്നതിന് തുടക്കം കുറിച്ചിരുന്നു. എന്നാൽ ഇതും ഫലപ്രാപ്തിയിലെത്തിയില്ല ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി 70.6 കോടി രൂപ അനുവദി

ച്ചിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഇത് നഗരസഭാ വാസികൾക്ക് വള രെയേറെ പ്രതീക്ഷ നൽകുന്ന പദ്ധതിയാണ്

3. **വ്യവസായം**: ഐ ടി പാർക്ക് വികസനത്തിലൂടെ ഭൗതിക സൗകര്യം ഒരുക്കി സ്വയം തൊഴിൽ സംരംഭങ്ങൾ ഒരുക്കുന്നു. 1 വർഷം 100 പേർക്ക് എന്ന തോതിൽ 5 വർഷം കൊണ്ട് 500 പേർക്ക് തൊഴിൽ നൽകാൻ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

4. **അംഗൻവാടികൾ**: നഗരസഭയിലെ എല്ലാ അംഗൻ വാടികൾക്കും 5 വർഷം കൊണ്ട് സ്വന്തമായ കെട്ടിടം നിർമ്മിച്ചുനൽകുന്നതിനും ഇതിനോടനു ബന്ധിച്ച് മാതൃകാഅംഗൻവാടിയും നിർമ്മിക്കുന്നതാണ്.

5. **സീവറേജ് സിസ്റ്റം**: നഗരത്തിലെ മുഴുവൻ ഡ്രൈനേജുകളിൽ നിന്നുമെത്തുന്ന മലിന ജലം ശുദ്ധീകരിക്കാനുള്ള പദ്ധതി ആവിഷ്കരി ക്കുന്നതാണ്.

6. **എസ്.സി**: പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ക്ഷ്യമാക്കിക്കൊണ്ട് വിപുലമായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 12280000 രൂപ ലഭ്യമാകുമെന്ന് പ്രതീ ക്ഷിക്കുന്നു.

7. പുതിയ ടൗൺഷിപ്പ് വലിയവരമ്പത്ത് സ്ഥാപിക്കാൻ വേണ്ട മുന്നൊരുക്കങ്ങൾ ചെയ്തു വരുന്നു.

8. **ലൈബ്രറി**: നിലവിൽ കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിൽ ന്യൂനപക്ഷങ്ങൾക്കായുള്ള സൗജന്യ പി.എസ്. സി കോച്ചിംഗ്സക്ലാസ് (ഹോ ളിഡെ ക്ലാസ്) നടന്നുവരുന്നു.

9. **സെപ്റ്റേജ് മാനേജ്മെന്റ്** – ഭൂഗർഭ ജലത്തിന്റെ മലിനീകരണം തടയുന്നതിന്വേണ്ടി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രോജക്ട് നടപ്പാക്കുന്നതാണ്.

10. 25 വർഷത്തെ നഗരത്തിന്റെ വളർച്ച മുന്നിൽ കണ്ട് മലപ്പുറത്തെ ഒരു **മെട്രോ സിറ്റി**യായി മാറ്റുന്നതിന് ലക്ഷ്യം വെച്ച് നിലവിലുള്ള ഓഫീസ് കെട്ടിടവും ബസ് സ്റ്റാന്റും സമന്വയിപ്പിച്ച് കൊണ്ട് ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സ് കം ബസ്സ്റ്റേഷൻ നിർമ്മിക്കുന്നതാണ്. ആയതിന് 50 കോടി ചെലവ് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ പദ്ധതി കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ നാം നേടിയെടുത്ത ആർജ്ജവം മുതൽ കൂട്ടാക്കി, കൈവരിച്ച നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി പോരായ്മകളും കുറവുകളും നികത്തി പുതിയ ഒരു പുലരിക്കായി നഗരസഭയുടെ സമസ്ത മേഖലകളിലെയും സമഗ്ര വികസനം ലക്ഷ്യമാക്കി സുസ്ഥിരവും സുതാര്യവുമായ വികസനവും സേവനങ്ങളും നഗരസഭയിലെ മുഴുവൻ പ്രദേശത്തും ജനങ്ങൾക്കും എത്തിക്കുവാൻ വികസനത്തിന്റ തീപ്പന്തമേറി നമുക്ക് ഒരുമയോടെ ചിട്ടയോടെ നീങ്ങാം. സ്വപ്ന തുല്യമായ ഒരു മലപ്പുറം നഗരം കെട്ടിപടുക്കാം അതിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെയും മറ്റ് ഏജൻസികളുടേയും സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സാമ്പത്തികവും മാനസികവുമായ സഹായ സഹകരണങ്ങൾ സമന്വയിപ്പിച്ച് നമ്മുടെ സ്വപ്നങ്ങൾ പൂർത്തിയാക്കാൻ യത്നിക്കാം, അണിചേരാം അതിനുവേണ്ടി നഗരസഭയിലെ മുഴുവൻ ജനങ്ങളുടേയും സഹകരണവും സഹായങ്ങളും അനുഗ്രഹങ്ങളും ആശീർവാദവും പ്രതീക്ഷിച്ചുകൊണ്ട് ആരോഗ്യകരമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കും കൂട്ടിചേർക്കലുകൾക്കുമായി ഈ വികസന രേഖ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൽ കലാമിന്റെ വാക്കുകൾ ഒരിക്കൽ കൂടി സ്മരിക്കുന്നു. അവ നമുക്ക് ഉത്തേജനമാവട്ടെ.

**നിങ്ങൾ നിത്യവും സ്വപ്നം കാണുക, സ്വപ്നസാക്ഷാത്കാരത്തിനായി**
**പരിശ്രമിക്കുക, പ്രവർത്തിക്കുക, വിജയം നിങ്ങൾക്ക് സുനിശ്ചിതം**

**സെക്രട്ടറി** **ചെയർമാൻ**

## ഭൂ പ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

ഒരു പ്രദേശത്തിന്റെ സ്ഥാനവും അതിന്റെ സവിശേഷതകളും, ആ പ്രദേശത്തിന്റെ ജീവിതാവസ്ഥയേയും, വികസനത്തേയും കാര്യമായി സ്വാധീനിക്കുന്നു. പ്രദേശത്തിന്റെ മറ്റ് വികസിത പ്രദേശമായുള്ള സാമീപ്യം, കടൽ, വനം എന്നിവയുടെ സാമീപ്യം തുടങ്ങിയ ഭൂസവിശേഷതകൾ, ഒരു പട്ടണത്തിന്റെ വളർച്ചയേയും, ഇവിടെ അധിവസിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ അവസ്ഥയെയും മാറ്റിമറിയ്ക്കാൻ കഴിയുന്നവയാണ്.

മലപ്പുറം എന്ന വാക്കിൽ നിന്നും മനസ്സിലാക്കുന്നതുപോലെ, മലപ്പുറം ഒരുപുറം തന്നെയാണ്. മലപ്പുറം പട്ടണമെന്നത് കോട്ടക്കുന്ന് എന്ന കുന്നിനെ ചുറ്റിപ്പറ്റിയുള്ള ഒരു ചെറിയ പട്ടണവും, അതിനെ ചുറ്റിയുള്ള കടലുണ്ടി പുഴയുടെ സാമീപ്യവുമാകുമ്പോൾ, മലപ്പുറം എന്ന പട്ടണം അവസാനിക്കുന്നു. അവികസിതമായ സമതലപ്രദേശം വളരെ കുറച്ചും, കോട്ടക്കുന്നിനെ ചുറ്റിയുള്ള വികസിത രൂപം പ്രാപിച്ച് വരുന്ന കീഴ്ക്കാംതൂക്കമായ കുറച്ച് സ്ഥലവുമടങ്ങുന്ന പ്രദേശമാണ് മലപ്പുറം നഗരസഭ പ്രദേശം. വടക്ക് ഭാഗത്ത് കോഴിക്കോടും, വയനാടും, തെക്ക് ഭാഗത്ത് തൃശൂരും, പാലക്കാടും, കിഴക്ക് ഭാഗത്ത് തമിഴ്നാട്ടിലെ നീലഗിരി ജില്ലയും, പടിഞ്ഞാറ് ലക്ഷദ്വീപും അതിർത്തി ആയുള്ള മലപ്പുറം ജില്ലയുടെ ഭരണ സിരാകേന്ദ്രമാണ് മലപ്പുറം പട്ടണം. 7 മുനിസിപ്പാലിറ്റികൾ അടങ്ങുന്ന മലപ്പുറം ജില്ലയുടെ മധ്യഭാഗത്തായാണ് മലപ്പുറം നഗരസഭ സ്ഥിതിചെയ്യുന്നത്.

**മറ്റ് നഗരസഭകൾ തമ്മിലുള്ള അകലം (കി.മീ)**

| | |
|---|---|
| മഞ്ചേരി | - 12 |
| പെരിന്തൽമണ്ണ | - 17 |
| തിരൂർ | - 27 |
| പൊന്നാനി | - 50 |
| നിലമ്പൂർ | - 38 |
| കോട്ടക്കൽ | - 14 |

**സമീപ പഞ്ചായത്തുകൾ**

ആനക്കയം, കൂട്ടിലങ്ങാടി, കോഡൂർ, ഊരകം, പൂക്കോട്ടൂർ, പൊൻമള

**സ്ഥാനം -** $76^0$ 1.9 & $76^0$ 6 - കിഴക്ക്

$11^0$ 1.55 & $11^0$ 5.5 - വടക്ക്

**സമുദ്ര നിരപ്പിൽ നിന്നുള്ള പൊക്കം -** 20ാ 360ാ

## പ്രധാന പട്ടണങ്ങളിൽ നിന്നുള്ള അകലം

| | |
|---|---|
| തിരുവനന്തപുരം | - 350 കി.മീ |
| കോഴിക്കോട് | - 51 കി.മീ |
| കൊച്ചി | - 160 കി.മീ |
| കോയമ്പത്തൂർ | - 150 കി.മീ |

മലപ്പുറം ജില്ലയുടെ 0.947% ഭൂപ്രദേശം അടങ്ങുന്ന നഗരസഭയിൽ ജില്ലയുടെ 2% ജനങ്ങൾ അധിവസിക്കുന്നു.

### കാലാവസ്ഥ

സംസ്ഥാനത്തിൽ നിലനിൽക്കുന്ന കാലാവസ്ഥയ്ക്ക് സമാനമായ കാലാവസ്ഥയാണ് മലപ്പുറം നഗരസഭയിലും ഉള്ളത്. ഡിസംബർ മുതൽ ഫെബ്രുവരി വരെ വരണ്ട കാലാവസ്ഥയും മാർച്ച് മുതൽ മെയ് വരെ ചൂട് കൂടിയ കാലാവസ്ഥയും, ജൂൺ മുതൽ നവംബർ വരെ മൺസൂൺ കാലാവസ്ഥയുമാണ്. നഗരസഭയിൽ കിട്ടുന്ന മഴയുടെ 75% വും ലഭിക്കുന്നത് ജൂൺ മുതൽ നവംബർ വരെയാണ്. ശരാശരി മഴ 2500 മി.മീ ആണ്. താപനില ശരാശരി 20 ഡിഗ്രി സെൽഷ്യസ മുതൽ 31 ഡിഗ്രി സെൽഷ്യസ് വരെയാണ്.

### ഭൂസവിശേഷത

മലപ്പുറം ജില്ലയ്ക്ക് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ കേരളത്തിൽ കാണുന്ന 3 തരം, ഭൂസവിശേഷതകളും ഉണ്ട്. ഇതിൽ ഇടനാടിലാണ് മലപ്പുറത്തിന്റെ സ്ഥാനം. ഇടനാടിലാണ് എങ്കിലും ഒരു കുന്നിനെ ചുറ്റിപറ്റിയുള്ള ഭൂമിയാണ് മലപ്പുറത്തിന്റെ ഭൂപ്രകൃതിയിൽ ഭൂരിഭാഗവും.

## ജൈവ വൈവിധ്യങ്ങൾ

ജൈവ വൈവിധ്യത്താൽ സമ്പന്നമാണ് മലപ്പുറം നഗരസഭ. നഗരപ്രദേശത്തിലെ (33.6 ചതുരശ്ര കി.മീ) വികസിത സ്ഥലം ഏകദേശം 17.9 ചതുരശ്ര കി.മീ മാത്രമാണ്. ബാക്കിയുള്ള സ്ഥലങ്ങൾ എല്ലാം സസ്യജാലങ്ങളാൽ സമ്പന്നമാണ്. നഗരസഭയിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യുന്നത് തെങ്ങാണ്. നെൽകൃഷിക്കായി 3.71% ഏരിയ ഉപയോഗിക്കുന്നു. നഗരസഭാതിർത്തിയിൽ നിരവധി കാവുകൾ ഉണ്ട്. ഇവ ജൈവവൈവിധ്യങ്ങളുടെ കലവറയാണ്.

## പരിസ്ഥിതി

ഒരു പ്രദേശത്തിലെ ജനങ്ങളുടെ ജീവിത ആസ്വാദന നിലവാരത്തെ കാര്യമായി ബാധിക്കുകയും, സ്വാധീനിക്കുകയും ചെയ്യുന്ന ഘടകമാണ് പരിസ്ഥിതി. പരിസ്ഥിതിയും, വികസനവും തമ്മിൽ എക്കാലവും സംഘർഷത്തിന്റെ പാതയിലാണ്. സുസ്ഥിര വികസനത്തിനായി സമന്വയത്തിന്റെ തന്ത്രമാണ് ഇപ്പോൾ പൊതുവിൽ ആവിഷ്ക്കരിക്കുന്നത്. ഇന്നത്തെ ജനങ്ങളുടെ ആവശ്യങ്ങളും, സൗകര്യങ്ങളും നിറവേറ്റുന്നതോടൊപ്പം, നാളെയുടെ തലമുറയ്ക്കായുള്ള കരുതൽ ഉറപ്പുവരുത്തുകയാണ് സുസ്ഥിര വികസനത്തിൽ കൂടി ലക്ഷ്യമിടുന്നത്.

നഗരങ്ങൾ പൊതുവെ പശ്ചാത്തല സൗകര്യ വികസനത്തിനായി കാര്യമായ മുതൽ മുടക്ക് നടത്തുമ്പോൾ, പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്നു. പരിസ്ഥിതിയുടെ ആഘാതം പൊതുവായി മനസ്സിലാക്കാൻ കഴിയുന്ന ഘടകങ്ങളാണ് മണ്ണ്, വായു, ജലം, ശബ്ദം എന്നിവ. ഇവയെ മലിനമാക്കാതെ നിശ്ചിത നിലവാരത്തോടെ സംരക്ഷിക്കുക എന്നതാണ് പരിസ്ഥിതി സംരക്ഷണം കൊണ്ട് അർത്ഥമാക്കുന്നത്.

നഗരങ്ങളുടെ ശാപമായ മലിനീകരണം ബാധിക്കാത്ത, കുന്നും, മലയും, പുഴയും ഉള്ള ഒരു പ്രദേശമാണ് മലപ്പുറം. നഗരസഭാ പ്രദേശത്തിലെ സ്ഥലത്തിന്റെ കിടപ്പ്, വെള്ളപ്പൊക്കത്തിൽ നിന്നും നഗരസഭയെ സംരക്ഷിക്കുന്നു, വലിയരീതിയിലുള്ള വ്യവസായിക ഉൽപ്പാദനം ഇല്ലാത്തതിനാൽ കാര്യമായ ശബ്ദ, വായു മലിനീകരണവും ഇല്ല. കടലുണ്ടി പുഴയുടെ സാന്നിധ്യം, ശുദ്ധമായ കുടിവെള്ളത്തിന് കാരണമാവുന്നു. വണ്ടികളുടെ ചലനം ചെറിയ ഒരു സ്ഥലത്തിൽ മാത്രം, ശബ്ദമലിനീകരണവും, വായുമലിനീകരണത്തിന് കാരണമാവുന്നുവെങ്കിലും ഇത് വാസഗൃഹമേഖലകളെ കാര്യമായി ബാധിക്കുന്നില്ല. ഒരു പരിധിവരെ നല്ല രീതിയിൽ ഖരമാലിന്യ ശേഖരണവും, കടത്തും സംസ്കരണവും നടക്കുന്നതിനാൽ, ഖരമാലിന്യം കൊണ്ടുള്ള ശല്യം, മറ്റ് നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. കൂടാതെ ഖരമാലിന്യ സംസ്കരണയൂണിറ്റ് ജനവാസം കുറഞ്ഞ ഒറ്റപ്പെട്ട സ്ഥലത്തായതിനാൽ യൂണിറ്റിന്റെ പ്രവർത്തനം ജനജീവിതത്തെ ഒട്ടും ബാധിക്കുന്നില്ല. എന്നാൽ മലിനജലം സംസ്കരിക്കുന്നതിന് സംവിധാനമില്ലാത്തതി നാൽ, മലിനജലം, തോടിലും തുടർന്ന് പുഴയിലും എത്തുന്നത് ഭാവിയിൽ വളരെ ഭീഷണിയുളവാക്കുന്ന ഒന്നാണ്.

നിലവിലുള്ള കുറവുകളെ പരിഹരിക്കുന്നതിന് വ്യക്തമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ഖരമാലിന്യ സംസ്ക്കരണം സമ്പൂർണ്ണമാക്കുന്നതിനായി 20 കോടി രൂപയുടെ വിശദമായ ഒരു പദ്ധതി തയ്യാറാക്കി സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. ഇത് അംഗീകാരത്തിന്റെ അന്തിമഘട്ടത്തിലാണ്. നിലവിലുള്ള ഏറ്റവും വലിയ പ്രശ്നമായ മലിനജല സംസ്ക്കരണത്തിനും നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും നടപ്പുപഞ്ചവത്സര കാലയളവിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്.

പദ്ധതികളും പരിഹാരങ്ങളും ഉണ്ടെങ്കിലും ഫലപ്രദമാകാതെ പ്രകൃതി നേരിടുന്ന രണ്ട് വലിയ വെല്ലുവിളികളാണ് നെൽപാടങ്ങൾ നികത്തി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതും, അനധികൃതവും അശാസ്ത്രീയവു മായ

മണൽവാരലും. മണൽവാരൽ നിയന്ത്രിക്കുന്നതിന് വ്യക്തവും ശക്തവുമായ നിയമങ്ങളും, ഇടപെടലുകളും ഉണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇതിന്റെ ഒരു ഫലം കാണാൻ കഴിയുന്നില്ല. നെൽവയലും, തണ്ണീർതട സംരക്ഷണ നിയമവും, നഗരസഭയുടെ മാസ്റ്റർപ്ലാനും ഉണ്ടെങ്കിലും, അനധികൃതമായി നടക്കുന്ന പാടം നികത്തൽ തടയുന്നതിന് പൂർണ്ണമായി നഗരസഭയ്ക്ക് കഴിയുന്നില്ല. മാസ്റ്റർ പ്ലാനിനെ മറികടക്കുന്നതിന് പലപ്പോഴും കോടതി വിധികൾ സഹായകരമായി എത്തുന്നത് ഈ വിഷയത്തിൽ നഗരസഭയെ പിന്നോട്ടടിപ്പിക്കാൻ കാരണമാവുന്നു. ഇപ്പോഴും ഏകദേശം 42% സ്ഥലം, ഹരിതമേഖലയായി നിൽക്കുന്നത് നഗരത്തിന് പച്ചപ്പ് നഷ്ടപ്പെട്ടിട്ടില്ല എന്നതിന്റെ തെളിവാണ്. ഇത് ശരാശരി ഒരു നഗരസഭകൾക്കും അവകാശപ്പെടാൻ കഴിയാത്ത ഒന്നാണ്. 18.5 കി.മീ നീളം തീരം നൽകി വളഞ്ഞുപുളഞ്ഞു ഒഴുകുന്ന കടലുണ്ടി പുഴതന്നെയാണ് ഇതിന് പ്രധാന കാരണം.

നഗരസഭ പ്രദേശത്തിലെ ഏറ്റവും കൂടുതൽ ഭൂമി വിനിയോഗിക്കുന്നത് കാർഷിക മേഖലയിലാണ്. മൊത്തം സ്ഥലത്തിന്റെ 43.87% സ്ഥലം, കാർഷിക വൃത്തിക്കായി ഉപയോഗിക്കുന്നു. കാർഷിക വൃത്തിയിൽ തെങ്ങ് കൃഷിയാണ് മുന്നിൽ നിൽക്കുന്നത്. മൊത്തം സ്ഥലത്തിന്റെ 15.38% സ്ഥലം, തെങ്ങ് കൃഷിക്കായി ഉപയോഗിക്കുന്നു. വിവിധ കാർഷിക വൃത്തികൾക്കായി ഉപയോഗിക്കുന്ന ഭൂമി ഏകദേശം 23%ത്തോളം വരുന്നു. ഇതിൽ പ്രധാനമായും മരച്ചീനി, വാഴ, കമുക്, പച്ചക്കറികൾ എന്നിവ ഉൾപ്പെടുന്നു. ഇവയിൽ ചില പ്രദേശങ്ങളിൽ സജീവമായി കൃഷി ഉണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ ഇടവിളയായും മറ്റ് ചില സ്ഥലങ്ങൾ നിർജീവമായും കിടക്കുന്നു. നഗരസഭയിലെ 3.06% ഏരിയ നെൽപാടങ്ങൾ ആണ്. ആയത് 102.97 ഹെക്ടർ ഭൂമി വരുന്നതാണ്. ചെറിയ ഒരു പ്രദേശത്ത് (0.724%) റബറും കൃഷി ചെയ്യുന്നു. NH-213 ന് സമീപമാണ് നഗരസഭയിലെ പ്രധാന നെൽപാടങ്ങൾ. ഭൂമിയുടെ അമിത വിലയും, ഗതാഗത സൗകര്യവും കാർഷിക വൃത്തി ലാഭകരമല്ലാതായി മാറിയതും, NH ന് സമീപമുള്ള പാടങ്ങളിലെ ഭൂവിനിയോഗം മാറുന്നതിന് കാരണമായിമാറുന്നു. വലിയതോടാണ് നഗരസഭയിലെ പ്രധാനപ്പെട്ട ജലസേചന സ്രോതസ്സ്. ഇവിടെ നിന്നുള്ള ജലം പാടങ്ങളെ ജല സമ്പന്നമാക്കുന്നു.

### പ്രത്യേക ഭൂവിനിയോഗം

മലബാർ സ്പെഷ്യൽ പോലീസിന്റെ സ്ഥലം (MSP) പ്രത്യേകമായി പരിഗണിക്കുന്നു. ഇത് എം.എസ്.പി യുടെ ആസ്ഥാന കേന്ദ്രമാണ്. ഇവിടെ പോലീസുകാർക്കായുള്ള പരിശീലന സ്ഥലവും, ഓഫീസ് സൗകര്യവും, താമസം, വിദ്യാഭ്യാസം, ആശുപത്രി, വാണിജ്യ ഉല്ലാസ കേന്ദ്രങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നു. 47.7 ഹെക്ടർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്ഥലം നഗരസഭയുടെ മൊത്തം സ്ഥലത്തിന്റെ 1.48% സ്ഥലം വരുന്നതാണ്. പെരുമ്പറമ്പിലും, കാവുങ്ങലിലുമായാണ് പ്രസ്തുത സ്ഥാപനം സ്ഥിതിചെയ്യുന്നത്.

**നിലവിലുള്ള ഭൂമിയുടെ ഉപയോഗ ക്രമം (2010)**

| | Residential | Commercial | Industrial | Public & semi public | Agriculture | Green & open spaces | Transport & communication | Water | MSP | Hazardous | Kavu | Quarrying | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Area in Ha | 1223.15 | 32.75 | 114.35 | 86.03 | 1416.9 | 67.38 | 207.71 | 130.34 | 47.75 | 8.5 | 2.28 | 22.88 | 3360 |
| % of total area | 36.40 | 0.97 | 3.40 | 2.56 | 42.17 | 2.01 | 6.18 | 3.88 | 1.42 | 0.25 | 0.07 | 0.68 | 100 |
| % of net area | 37.87 | 1.01 | 3.54 | 2.66 | 43.87 | 2.09 | 6.43 | 0.0 | 1.48 | 0.26 | 0.07 | 0.71 | 100 |

### ഭൂവിനിയോഗത്തിൽ വന്ന മാറ്റം

1971 ൽ നഗരസഭയിൽ മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിനായി ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് വിശദമായ ഒരു പഠനം നടത്തി. തുടർന്ന് 2010 ൽ മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തുന്നതിനായി വീണ്ടും ഭുവിനിയോഗത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തി. പ്രസ്തുത പഠനങ്ങളിൽ നിന്നും വാണിജ്യമേഖലയിലും പൊതു ആവശ്യമേഖലയിലും പാർക്കും തുറന്ന സ്ഥലങ്ങളുടെ മേഖലയിലും ഗതാഗത മേഖലയിലും കാര്യമായ വർദ്ധനവ് വന്നതായും, കാർഷിക മേഖലയിലെ സ്ഥലങ്ങളിൽ കുറവ് വന്നതായും കാണുന്നു. എന്നാൽ താമസസ്ഥലങ്ങളുടെ മേഖലയിൽ കാര്യമായ മാറ്റം ജനസംഖ്യയിൽ വർദ്ധനവ് വന്നുവെങ്കിലും ഉണ്ടായിട്ടില്ല. കഴിഞ്ഞ 40 വർഷ കാലയളവിൽ ജനസംഖ്യ സാന്ദ്രത 952 ൽ നിന്നും, 1741 ആയി മാറിയപ്പോൾ, വാസഗൃഹ മേഖലയിലെ വർദ്ധനവ് 12.1 ചതുരശ്ര കി.മീ ൽ നിന്നും, 12.2315 ചതുരശ്ര കി.മീ മാത്രമാണ്.

### ഭൂമിയുടെ ഉപയോഗത്തിൽ വന്ന വ്യതിയാനം (1971-2000)

| | Land use | Area in sq km | % of municipal area – 1971 | Area in sq Km | %ofMunicipal area - 2010 |
|---|---|---|---|---|---|
| 1 | Residential | 12.11 | 36.04 | 12.2315 | 36.4 |
| 2 | Commercial | 0.06 | 0.18 | 0.3275 | 0.97 |
| 3 | Industrial | 0.01 | 0.03 | 1.1435 | 3.40 |
| 4 | Public & semi public | 0.29 | 0.86 | 0.8603 | 2.56 |
| 5 | Land under MSP | 0.89 | 2.66 | 0.4775 | 1.42 |
| 6 | Park & open spaces | 0.04 | 0.12 | 0.6738 | 2.01 |
| 7 | Transport & telecommunication | .27 | 0.8 | 2.077 | 6.18 |
| 8 | Area under dry | 15.53 | 46.21 | 13.14 | 39.11 |
| 9 | Water bodies | 1.15 | 3.43 | 1.3034 | 3.88 |
| 10 | Paddy fields | 3.03 | 9.09 | 1.029 | 3.06 |
| 11 | Rocky area (quarrying) | 0.22 | 0.58 | 0.22848 | 0.68 |
| | **Total** | **33.6** | **100** | **3.6** | **100** |

# ജനസംഖ്യ

ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ മുതലാണ് അവിടത്തെ ജനങ്ങൾ. അതിനാൽ കഴിവുള്ള ധാരാളം ജനങ്ങൾ ഒരു രാഷ്ട്ര പുരോഗതിയെ കാര്യമായി സ്വാധീനിക്കുന്നു. രാഷ്ട്രത്തിന്റെ വിഭവത്തിനെ അധികരിച്ച് ജനസംഖ്യ വർദ്ധനവ് ഉണ്ടാകുമ്പോൾ അത് പുരോഗതിയെ സാരമായി ബാധിക്കുന്നു. അതിനാൽ വിഭവ സമ്പത്തും, ജനസംഖ്യയും വികസനത്തിന്റെ പ്രധാന ഘടകങ്ങളാണ്.

ഭാഗ്യവശാൽ ഭാരതത്തിന്റെ മാനുഷിക വിഭവം വളരെ വലുതാണ്. ലോകത്തിലെ ഏറ്റവും മികച്ച മനുഷ്യസമ്പത്തുമായി നിൽക്കുന്ന ഭാരതം, 2 പതിറ്റാണ്ടുകൾ കഴിയുമ്പോൾ ചൈനയെ പിന്തള്ളി ഒന്നാമത് എത്തുമെന്ന് കരുതുന്നു. 2011 സെൻസസ് പ്രകാരം നമ്മുടെ ജനസംഖ്യ 121 കോടി ആണ്. ഇതിൽ നമ്മുടെ സംസ്ഥാനത്തിന്റെ സംഭാവന 3.38 കോടി ആണ്. ജനസംഖ്യയേക്കാൾ വളരെ ശ്രദ്ധേയമാകുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ജനസംഖ്യ സാന്ദ്രതയാണ്. നമ്മുടെ ജനസംഖ്യ സാന്ദ്രത 859/$km^2$ ആണ്. ഇത് ദേശീയ ശരാശരി ആയ 365/ $km^2$. നെക്കാളും വളരെ മുകളിലാണ്.

കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള ജില്ല മലപ്പുറമാണ്.41,10,956 ആണ് നമ്മുടെ ജനസംഖ്യ. നമ്മുടെ ജനസംഖ്യ വർദ്ധനവ് 13.93 % ആണ്. ഭൂപ്രകൃതിയിൽ മലപ്പുറത്തിന് 3ാം സ്ഥാനമാണെങ്കിൽ ജനസാന്ദ്രതയിൽ 5ാം സ്ഥാനമാണ്. മലപ്പുറത്തിന്റെ ജനസംഖ്യവർദ്ധനവിന്റെ ശതമാനം കുറഞ്ഞെങ്കിലും (13.39%) ആയത് സംസ്ഥാന ശരാശരിയിൽ നിന്നും (4.86%) വളരെ മുമ്പിലാണ്.

2001 ലെ സെൻസസ് പ്രകാരം നമ്മുടെ നഗരസഭയുടെ ജനസംഖ്യ. 58491 ആണ്. ആയത് ജില്ലയുടെ 2% മാത്രമാണ്.

## മലപ്പുറം നഗരസഭയുടെ ജനസംഖ്യാ വർദ്ധനവ്

| | |
|---|---|
| 1971 | 32002 |
| 1981 | 39786 |
| 1991 | 49692 |
| 2001 | 58491 |
| 2011 | 68008 |

2001 ലെ ജനസംഖ്യ വർദ്ധനവ് 17.71% മാണ്. എന്നാൽ 2011 ലെ വർദ്ധനവ് 17.09 % ആണ്.

**ജനസംഖ്യാ വർദ്ധനവ്**

| | |
|---|---|
| 1981 | 7784 (24%) |
| 1991 | 9906 (24.8 %) |
| 2001 | 8799 (17.7%) |
| 2011 | 9517 (16.2%) |

സമീപ പഞ്ചായത്തുമായി താരതമ്യപ്പെടുത്തുമ്പോൾ നഗരസഭ പരിധിയിലെ ജനസംഖ്യാ വർദ്ധനവ് കുറവാണ്.

**19912001 ലെ ജനസംഖ്യാ വർദ്ധനവ്**

| | |
|---|---|
| മലപ്പുറം | - 17.71% |
| ആനക്കയം | - 21.11% |
| കൂട്ടിലങ്ങാടി | - 19.75% |
| ഒതുക്കുങ്ങൽ | - 20.13% |
| ഊരകം | - 19.8% |
| പൂക്കോട്ടൂർ | - 26.05% |
| പൊൻമള | - 22.51% |

മലപ്പുറം ജില്ലയിലെ മറ്റ് നഗരസഭകളുമായി താരതമ്യപ്പെടുത്തുമ്പോൾ മലപ്പുറം നഗരസഭയിലെ ജനസംഖ്യവർദ്ധനവ് 3ാ മത് ആണ്.

| | |
|---|---|
| മലപ്പുറം | - 17.71% |
| മഞ്ചേരി | - 20.73% |
| പെരിന്തൽമണ്ണ | - 14.31% |
| തിരൂർ | - 8.49% |
| പൊന്നാനി | - 6.03% |

| | |
|---|---|
| നിലമ്പൂർ | - 18.01% |
| കോട്ടക്കൽ | - 16.65% |

ജനസാന്ദ്രതയുടെ കാര്യത്തിൽ മലപ്പുറം നഗരസഭ വളരെ മുന്നിലാണ്.

| | |
|---|---|
| 1971 | 952 |
| 1981 | 1184 |
| 1991 | 1479 |
| 2001 | 1741 |
| 2011 | - 2023 |

ജനസാന്ദ്രതയുടെ കാര്യത്തിൽ ജില്ലയിലെ നഗരസഭകളുടെ കാര്യത്തിൽ നമ്മുടെ നഗരസഭയ്ക്ക് 4ാം സംസ്ഥാനമാണ് ഉള്ളത്. പൊന്നാനിക്കും, തിരൂരിനുമാണ് ആദ്യസ്ഥാനങ്ങൾ. എന്നാൽ സമീപ പഞ്ചായത്തുമായി താരതമ്യപ്പെടുത്തുമ്പോൾ ജനസംഖ്യസാന്ദ്രത ഒതുക്കുങ്ങൽ പഞ്ചായത്തിനെ മാറ്റി നിർത്തിയാൽ നഗരസഭയാണ് മുന്നിൽ.

| | |
|---|---|
| മലപ്പുറം | - 741 |
| ആനക്കയം | - 945 |
| കൂട്ടിലങ്ങാടി | - 1273 |
| ഒതുക്കുങ്ങൽ | - 2614 |
| ഊരകം | - 1230 |
| പൂക്കോട്ടൂർ | - 1494 |
| പൊൻമള | - 1330 |

നഗരസഭ പരിധിയിൽ നിലവിൽ 40 ഇലക്ട്രൽ വാർഡുകൾ ഉണ്ട്. വാർഡുതലത്തിൽ പരിശോധിക്കുമ്പോൾ കോരങ്ങോട് വാർഡിലാണ് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത്. വിവിധ വാർഡിലെ ജനസംഖ്യ 3164 മുതൽ 562 വരെയുണ്ട്. (2001 സെൻസസ്)

## സ്ത്രീ പുരുഷ അനുപാതം

സ്ത്രീ പുരുഷ അനുപാതം, ഒരു പ്രദേശത്തിലെ സ്ത്രീ സമത്വത്തിന്റെ അളവുകോലാണ്. ദേശീയതലത്തിൽ സ്ത്രീപുരുഷ അനുപാതം ഏറ്റവും കൂടുതൽ കേരളത്തിലാണ്. 1081 സ്ത്രീകൾക്ക് 1000 പുരുഷൻ മലപ്പുറം ജില്ലയുടെ 2001 പ്രകാരമുള്ള അനുപാതം 1000 : 1066 ആണ്. മലപ്പുറം നഗരസഭയുടെ സ്ത്രീപുരുഷ അനുപാതം താഴെ പറയുന്ന പ്രകാരത്തിലാണ്.

| വർഷം | 1971 | 1981 | 1991 | 2001 |
|---|---|---|---|---|
| അനുപാതം | 1014 | 1004 | 1019 | 1041 |

1 മുതൽ 6 വയസ്സ് വരെയുള്ള ലിംഗാനുപാതം 2001 സെൻസസ് പ്രകാരം 962 ആണ്. എന്നാൽ മലപ്പുറം ജില്ലയുടേത് 960 ആണ്.

മലപ്പുറം നഗരസഭയുടെ ലിംഗാനുപാതം നിലമ്പൂരിനെക്കാളും, മഞ്ചേരി നഗരസഭയെക്കാളും മുന്നിലാണ്. എന്നാൽ ആനക്കയം, ഒതുക്കുങ്ങൽ, പൊൻമള തുടങ്ങിയ ഗ്രാമപഞ്ചായത്തിനെക്കാളും കുറവുമാണ്.

## നഗരസഭ തലത്തിലെ താരതമ്യം (2001 സെൻസസ്)

മലപ്പുറം - 1041

മഞ്ചേരി - 1022

പെരിന്തൽമണ്ണ- 1076

തിരൂർ - 1069

പൊന്നാനി - 1100

നിലമ്പൂർ - 1040

കോട്ടക്കൽ - 1079

## സമീപ പഞ്ചായത്തുമായുള്ള താരതമ്യം (2001 സെൻസസ്)

മലപ്പുറം - 1041

ആനക്കയം - 1052

കൂട്ടിലങ്ങാടി - 1015

ഒതുക്കുങ്ങൽ - 1074

ഊരകം - 1046

പൂക്കോട്ടൂർ - 1003

പൊൻമള - 1067

കുടുംബങ്ങളുടെ എണ്ണം

2001 സെൻസസ് പ്രകാരം നഗരസഭയിലെ കുടുംബങ്ങളുടെ എണ്ണം 10353 ആണ്. ജനസംഖ്യ - 58491. ഇപ്രകാരം ശരാശരി കുടുംബങ്ങളിലെ ജനസംഖ്യ 5.65 ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ വലുതും, ജില്ലാ ശരാശരിയേക്കാൾ ചെറുതുമാണ്. 2011 ലെ സെൻസസ് പ്രകാരം കുടുംബങ്ങളുടെ എണ്ണം 13384 ആണ്. ഇത്തരത്തിൽ ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 5 ആണ്. ശരാശരി അംഗങ്ങളുടെ എണ്ണം കുറയുന്നുവെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. കേരളത്തിൽ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്ന അണു കുടുംബങ്ങളുടെ സ്വാധീനമാണ് ഇതിന് കാരണമായി തീരുന്നത്. അച്ഛനും, അമ്മയും, മക്കളും അടങ്ങുന്ന ഒരു ചെറിയ കുടുംബം എന്നതിലുപരി, കുടുംബത്തിൽ മക്കളുടെ എണ്ണം കുറയുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. അതിലുപരി പരാശ്രയമില്ലാതെ ചെറിയ കുടുംബങ്ങളായി ഒറ്റക്ക് താമസിക്കുന്നതിനുള്ള പ്രവണതയും ഈ കണക്കുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

## എസ്.സി

പട്ടികജാതി ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 4.97% വരുന്നതാണ്. പട്ടികവർഗ്ഗക്കാർ നാമമാത്രമായി മാത്രമേ നഗരസഭയിലുള്ളൂ (41 എണ്ണം). മലപ്പുറം ജില്ലയിൽ 15.1% ജനങ്ങൾ പട്ടികജാതിക്കാരാണ്. ഇത്തരത്തിൽ പട്ടികജാതിക്കാരുടെ എണ്ണം നഗരസഭയിൽ താരതമ്യേന കുറവാണ്. നഗരസഭയിലെ ഭൂരിഭാഗം പട്ടികജാതിക്കാരും നഗരസഭയുടെ കിഴക്ക് തെക്ക്ഭാഗത്താണ് താമസിക്കുന്നത്. കർഷകതൊഴിലാളികളും കൂലിക്കാരുമാണ് പട്ടികജാതി വിഭാഗക്കാരിൽ ഭൂരിഭാഗം.

കഴിഞ്ഞകാലയളവിൽ പട്ടികജാതിക്കാരുടെ എണ്ണത്തിൽ ചെറിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വിഭാഗം | 1981 | 1991 | 2001 |
|---|---|---|---|
| എസ്.സി | 2128 | 2626 | 2907 |
| എസ്.ടി | 9 | 9 | 41 |

സാക്ഷരത ശതമാനത്തിന്റെ കാര്യത്തിൽ പട്ടികജാതിക്കാരും, വർഗ്ഗക്കാരും 90% മുകളിലാണ്.

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| എസ്.സി | 96 | 86.16 | 91.01 |
| എസ്.ടി | 95.65 | 05.71 | 91.89 |

മറ്റുവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകളുടെ കാര്യത്തിൽ സാക്ഷരതനിരക്ക് വളരെകുറവായി കാണുന്നു, പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ഇപ്പോഴും ലിംഗവ്യത്യാസം കാര്യമായി പ്രകടമാകുന്നതിന്റെ സൂചനയാണ് സാക്ഷരത നിലവാരത്തിലെ ഈ പ്രകട വ്യത്യാസം.

**അദ്ധ്യായം - 2**

# പ്രകൃതി ദുരന്തങ്ങളും അതിജീവനവും

**ആമുഖം**

കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രകതി ദുരന്തങ്ങളായിരുന്നു 2018, 2019 വർഷങ്ങളിലെ മഹാ പ്രളയങ്ങൾ, ഓഖി എന്നിവ. കൂടാതെ രണ്ടു ഘട്ടങ്ങളിലായി വന്ന കോവിഡ് മഹാമാരിയും കേരള ജനതയെ ഒട്ടൊന്നുമല്ല ദുരിതത്തിലാക്കിയത്. വളരെയേറെ ചിട്ടയോടും കൂട്ടായ്മായോടും കൂടിയ പ്രവർത്തനങ്ങളെകൊണ്ട് കേരളം ഈദുരന്തങ്ങളെയും മഹാമാരികളെയും നേരിടുകയും അതിജീവിക്കുകയും ചെയ്ത് ലോകത്തിനുതന്നെ മാതൃകയാവുകയുണ്ടായി. ജാതി, മത, വർണ്ണ, വർഗ്ഗ ഭേതമില്ലാതെ കൈകോർത്ത ആ കാലഘട്ടം ചരിത്രത്തിന്റെ തങ്കലിപികളാൽ എഴുതപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

ഒന്നാം പ്രളയത്തിൽ ഏകദേശം ............. വീടുകൾ നഷ്ടപ്പെടുകയുണ്ടായി. ............... കടകൾ നശിച്ചു. ............... ഏക്കർ കൃഷിയിടങ്ങൾ നാമവിശേഷമായി. ............ കന്നുകാലി സമ്പത്തും നശിച്ചു. നിരവധി പേർ തൊഴിൽ രഹിതരായി. തൊഴിൽ ശാലകൾ നശിച്ചു. ഏതർത്ഥതത്തിലും കേരള ജനത നരഗയാതന അനുഭവിച്ചു. കിടപ്പാടം നഷ്ടപ്പെട്ടവർ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർ കേരളം പകച്ചുനിന്ന ഈ സമയത്ത് ഇച്ഛാശക്തിയോടെ സർക്കാരും സന്നദ്ധ സംഘടനകളും, മതസംഘടനകളും, പൊതുജനങ്ങളും, ഉദ്യോഗസ്ഥരും കൈമെ മറന്ന് ഒറ്റക്കെട്ടായി നേരിട്ടു. വ്യാപാര മേഖല പാടെ സ്ഥംഭിച്ചു. ഇതിൽ നിന്നുമൊക്കെ പതുക്കെപതുക്കെ കരയറി വരുന്നു.  അന്നത്തെ കമ്മ്യൂണിറ്റി കിച്ചണുകളും മൊബൈൽ മരുന്നുവിതരണ പദ്ധികളും ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. അപ്പോഴേക്കും കേരളം മഹാമാരിയായ കോവിഡിന്റെ പിടിയിൽ അമർന്നു.

വലിയൊരു വെല്ലുവിളിയാണ് കേരള ജനതയുടെ മുന്നിലുള്ളത്. കൃഷിനശിച്ചവർക്ക് കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കണം. വ്യാപാര വ്യവസായ മേഖല പുഷ്ടിപ്പെത്തണം. പലതരം രോഗങ്ങൾക്ക് അടിമപ്പെട്ടവർക്ക് ചികിത്സാ സംവിധാനം ഒരുക്കികൊടുക്കണം. തൊഴിലും മറ്റും നഷ്ടപ്പെട്ടവർക്ക് അതിജീവനത്തിന് മാർഗ്ഗമുണ്ടാവണം. ഇതിനായി പ്രവർത്തിക്കുന്ന മിഷനുകൾ പൂർണ്ണ അർത്ഥത്തിൽ വിജയിപ്പിക്കുവാൻ നമ്മൾ പ്രതിജ്ഞാബദ്ധമാണ്.

കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി പ്രശ്നങ്ങളും നാം കണ്ടില്ലെന്ന് നടിക്കരുത്. നാല് വർഷംകൊണ്ട് നാല് ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന പദ്ധതിയും, കാർബൺ ന്യൂട്രൽ പദ്ധതിയും ഉൽപ്പാദന വർദ്ധനവിനുള്ള പദ്ധതിയും ആശക്ക് വകനൽകുന്നതാണ്. ഈ വഴിയിൽ മലപ്പുറം നഗരസഭയിൽ അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ട്. കഴിഞ്ഞ 25 വർഷത്തെ അനുഭവ സമ്പത്തിനെ ആസ്പദമാക്കി പദ്ധതികൾ ആവിഷ്ക്കരിച്ചാൽ തികച്ചും വിജയം സുനശ്ശിതമാണെന്ന് തന്നെ പറയാം.

## ദുരന്തനിവാരണ പദ്ധതികൾ

മലപ്പുറം നഗരസഭയെ സംബന്ധിച്ചെടുത്തോളം ദുരന്ത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത് കോട്ടക്കുന്ന് പ്രദേശമാണ്. കഴിഞ്ഞ പ്രളയ കാലത്ത് 3 പേർ മണ്ണിച്ചിൽ മൂലം മരണപ്പെടുകയുണ്ടായി. ഈ ഭാഗത്ത് താമസിക്കുന്നവരെയും പുഴയോരങ്ങളിൽ താമസിക്കുന്നവരെയും ഏതുസമയത്തുതം നിരീക്ഷിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺ ഹാൾ സജ്ജീകരിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കാൻ വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കോട്ടക്കുന്ന് ഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതാണ്. പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നതിന്റെ ഭാഗമായി സർവ്വേകൾ നടത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. ഇതോടൊപ്പം കാർബൺ ന്യൂട്രൽ സിറ്റിയായി നഗരസഭയെ മാറ്റുന്നതാണ്.

അദ്ധ്യായം - 3

# വികസന നയവും തന്ത്രവും

വികസനരേഖ തയ്യാറാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വികസനരേഖയിൽ ഉൾക്കൊള്ളിക്കേണ്ട വിഷയ മേഖലയും, അതിന്റെ അപഗ്രഥനവും, സമീപന ശാസ്ത്രവും ചെറുതായി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനെ ചുവടുപിടിച്ചാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്.

1970 ൽ രൂപം കൊണ്ട ഒരു നഗരസഭയുടെ ആവശ്യകതയാണ് ഇവിടെ വിവരിക്കുന്നത്. ഒരു പട്ടണമെന്നതിനേക്കാൾ ഒരു ജില്ലയുടെ ഭരണസിരാകേന്ദ്രമെന്ന നിലയിലാണ് മലപ്പുറത്തിനെ കാണേണ്ടത്. അത്തരത്തിലുള്ള ഒരു വികസനം എത്തിനോക്കാത്ത ഒരു പ്രദേശമാണ് മലപ്പുറം. ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും ചില കാരണങ്ങൾ ഇതിനുണ്ട്. മലപ്പുറം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്താണ് മലപ്പുറം പട്ടണം സ്ഥിതിചെയ്യുന്നത്. എന്നാൽ ഒരു കുന്നിനെചുറ്റിപ്പറ്റിയുള്ള ഒരു പ്രദേശമാണ് മലപ്പുറം പട്ടണമെന്നതും, ഭൂമിശാസ്ത്രപരമായ പ്രദേശത്തിന്റെ കിടപ്പും മലപ്പുറത്തിന്റെ വികസനത്തിന് ഒരു വ്യത്യസ്ത വികസന സമീപനം ആവശ്യമുള്ളതാക്കി തീർക്കുന്നു.

വികസനത്തിന്റെയും ക്ഷേമത്തിന്റെയും വിവിധ തലങ്ങളെ സ്പർശിക്കാൻ ഈ വികസനരേഖ ശ്രമിക്കുന്നുണ്ട്. വികസനമേഖലയെ പ്രധാനമായി രണ്ടായി തരം തിരിച്ചാണ് വിശകലനം ചെയ്യുന്നത്.

1. അടിസ്ഥാന ഭൗതിക വികസന പ്രശ്നങ്ങൾ
2. അടിസ്ഥാന സാമൂഹിക വികസന പ്രശ്നങ്ങൾ

അടിസ്ഥാന ഭൗതിക വികസന പ്രശ്നങ്ങളിൽ റോഡ്, വൈദ്യുതി, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവയെ വിശകലനം ചെയ്യുമ്പോൾ അടിസ്ഥാന സാമൂഹിക പ്രശ്നങ്ങളിൽ, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, അംഗൻവാടികൾ, സാമൂഹ്യസുരക്ഷ പരിപാടികൾ എന്നിവയെ വിശകലനം ചെയ്യുന്നു.

ഓരോ മേഖലയും വിശകലനം ചെയ്യുമ്പോൾ പ്രധാനമായും മൂന്ന് തലങ്ങളിലായാണ് വിശകലനം ചെയ്യുന്നത്.

1. ഇന്നത്തെ അവസ്ഥ
2. നാളെയുടെ ആവശ്യകത
3. കുറവ്/വിടവ് പരിഹരിക്കൽ

ഇന്നത്തെ അവസ്ഥയിൽ താഴെപറയുന്നവ വിശകലനം ചെയ്യുന്നു,

മ. നാം എവിടെനിന്ന് തുടങ്ങി,
യ. ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു,
ര. എത്തിനിൽക്കുന്നിടത്ത് എത്തുന്നതിന് നഗരസഭ നടത്തിയ ഇടപെടലുകൾ

ഓരോ തലത്തിലും കിട്ടാവുന്നത്ര വിവര ശേഖരണം നടത്തിയിട്ടുണ്ട്. വിവരശേഖരണത്തെ സമർത്ഥമായി വിശകലനം ചെയ്യാനും, അപഗ്രഥിക്കാനും, നിരീക്ഷണങ്ങളിലൂടെ ചില സൂചകങ്ങളിൽ എത്തിച്ചേരാനും ശ്രമിച്ചിട്ടുണ്ട്.

നാളെയുടെ ആവശ്യകതയിൽ, ഇന്ന് എത്തി നിൽക്കുന്നിടത്ത് അനുഭവപ്പെടുന്ന കുറവുകളും, ന്യൂനതകളും കണ്ടെത്തുകയും അടുത്ത അഞ്ച് വർഷത്തേക്ക് ആവശ്യമായി വരുന്ന വർദ്ധിച്ച ജനസമൂഹത്തിന്റെ വർദ്ധിത ആവശ്യകതയും കണക്കാക്കുന്നു. ഇത്തരത്തിൽ ആവശ്യമായി വരുന്ന വിടവ് നികത്തുന്നതിനാവശ്യമായ ഇടപെടലുകളെ സംബന്ധിച്ച് പരിഹാരമാർഗ്ഗങ്ങളിലൂടെ നിർദ്ദേശിക്കുന്നു.

പരിഹാരമാർഗ്ഗങ്ങളിൽ ആവശ്യകത സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. വ്യക്തമായ പദ്ധതി നിർദ്ദേശങ്ങളോ, ധനസ്രോതസ്സോ വിശകലനം ചെയ്യുന്നില്ല. ഇതിനായി പഞ്ചവത്സര പദ്ധതികളിൽ വലിയ ഇടംനൽകി പ്രത്യേകം പദ്ധതികൾ തയ്യാറാക്കുന്നതാണ്.

ദീർഘവീക്ഷണ സ്വഭാവമുള്ള ഒരു വികസനരേഖയ്ക്ക് കുറഞ്ഞത് 20 വർഷത്തെയെങ്കിലും വീക്ഷണ സ്വഭാവം ആവശ്യമാണ്. എന്നാൽ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന വികസനരേഖയ്ക്ക് ചില പരിമിതികൾ ഉണ്ട്. പ്രധാനമായും ദീർഘവീക്ഷണ സ്വഭാവം കുറച്ച്, 5 വർഷമായി പരിമിതപ്പെടുത്തുക എന്നതു തന്നെയാണ്. 5 വർഷത്തെ വികസന പരിഹാരമാർഗ്ഗങ്ങൾ കൊണ്ട് ഒരു പട്ടണത്തിന്റെ മുഖച്ഛായ മാറ്റിമറിക്കാൻ കഴിയില്ല. എന്നാൽ ഇവിടെ പ്രതിപാദിക്കുന്ന വികസനം ഒരു തുടർ പ്രക്രിയ ആയതിനാൽ വികസന മുന്നേറ്റത്തിനും, തുടർച്ചക്കും വലിയ പ്രതിസന്ധി ഉണ്ടാകില്ല.

വികസന രേഖയിൽ പൊതു വിഷയങ്ങളും, വ്യക്തിഗത വിഷയങ്ങളും പ്രതിപാദിക്കുന്നുണ്ട്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെയും, അവഗണിച്ചവരെയും മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ചില വ്യക്തിഗത സഹായങ്ങൾ വികസന പ്രക്രിയയിൽ അനിവാര്യമാണ്. അതിനാൽ വ്യക്തിഗത സഹായ പരിപാടികൾക്ക് വികസന രേഖയിൽ പ്രാധാന്യം നൽകുന്നു. ഇല്ലായ്മ അനുഭവപ്പെടുന്നവരുടെ ഇല്ലായ്മ പരിഹരിച്ച് ഉള്ളവരുടെ കൂട്ടത്തിലേക്ക് കൊണ്ട് വന്ന് ശാക്തീകരിക്കുക എന്നത് മാനുഷിക വികസനത്തിന്റെ ഏടുകളാണ്. സമഗ്ര വികസനത്തിന്റെ ഘടകങ്ങളാണ് മാനുഷിക വികസനവും പശ്ചാത്തല വികസനവും. ഈ രണ്ട് വിഷയങ്ങളെയും സമർത്ഥമായും സമഗ്രമായും കൂട്ടികുഴപ്പിച്ച്, വികസിപ്പിക്കുന്നതിന്റെ രസതന്ത്രശാസ്ത്രമാണ് ഈ വികസനരേഖ.

ഉൽപ്പാദന മേഖലയിലെ പ്രധാന പ്രശ്നം ഉൽപ്പാദന ചിലവ് കൂടുന്നു എന്നതാണ്. നെല്ല് , പച്ചക്കറി, എന്നിവക്ക് വളം കൂലിച്ചെലവ് എന്നിവ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കാർഷികവൃത്തിക്ക് തൊഴിലാളികളെ കിട്ടാത്തതും പ്രശ്നമാണ്. അയൽ സംസ്ഥാനങ്ങളിൽ സൗജന്യമായാണ് കൃഷിയിടങ്ങളിലേക്ക് വൈദ്യുതിയും മറ്റും നൽ കുന്നത് എന്നതാണ് അറിയുന്നത്. അതുവഴി ജലസേചനം സൗകര്യം സുഖമമാക്കുന്നു. നല്ലയിനം വിത്തുകളും സൗജന്യമായി നൽകി, ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കുന്നതാണ്. തരിശ് ഭൂമികൾ കണ്ടെത്തുക, കർഷക സദസ്സുകൾ സംഘടിപ്പിക്കുന്നു, മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ ശിൽപ്പ്ശാലകൾ പ്രദർശനങ്ങൾ എന്നിവയും നടത്തി നിലവിലെ ഉൽപ്പാദനം ഇരട്ടിയാക്കാൻ നഗരസഭ ലക്ഷ്യമിടുന്നു. ഇതിലേക്കായി കുടുംബശ്രീ മുഖേന മാസ ചന്തകൾ, വിപണന മേള എതന്നിവക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പാടശേഖര സമിതി തുടങ്ങിയ കാർഷിക മേഖലയിലെ എല്ലാ സമിതികളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്. ഓരോ വർഷവും പദ്ധതിയിൽ ഉൾപ്പെടുത്തി സംരംഭകത്വ സെമിനാറുകൾ നടത്തുക, അവർക്കു വേണ്ട നിർദ്ദേശങ്ങളും സഹായവും ചെയ്തുകൊണ്ട് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ നഗരസഭ ലക്ഷ്യമിടുന്നു. പദ്ധതികാലത്ത് 100 ചെറുകിട വ്യവസായങ്ങളെങ്കിലും ആരംഭിക്കുനുള്ള തയ്യാറെടുപ്പിലാണ് നഗരസഭ. ഇതിനായി സംരംഭകർ, ബാങ്ക് പ്രതിനിധികൾ, വാർഡ് കൗൺസിലർമാർ, കെ.എസ്.ഇ.ബി. കേരള വാട്ടർ അതോറിറ്റി എന്നിവുടെ പ്രാതിനിധ്യത്തോടെ വ്യവസായ ക്ലിനിക്കുകൾ നടത്താൻ ഉദ്ദേശിക്കുന്നു.

സാമൂഹ്യ മേഖലയിൽ നഗരസഭാ കഴിഞ്ഞ കാലങ്ങളിൽ വൻ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, വയോജനങ്ങൾ എന്നിവരുടെ ഉന്നമനത്തിനുവേണ്ടി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് പോഷകാഹാര കിറ്റുകൾ, വയോജനങ്ങൾക്ക് കട്ടിൽ, സായംപ്രഭ എന്നിവ ഇതിൽ ചിലത് മാത്രം. വയോജനങ്ങൾക്ക് അവരുടെ മാനസിക ശാരീരിക ഉല്ലാസത്തിന് ഉല്ലാസയാത്രകൾ സംഘടിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ആയതിന് നിലവിൽ അനുമതിയില്ല. അത് പരിഹരിക്കേണ്ടിയിരിക്കുന്നു.

മാലിന്യ സംസ്ക്കരണത്തിന് ഒട്ടേറെ പദ്ധതികൾ മലപ്പുറം നഗരസഭ നടപ്പാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നഗരസഞ്ചയം പദ്ധതയിൽ ഉൾപ്പെടുത്തി നഗരസഭയെ മാലിന്യമുക്ത നരസഭയാക്കാനും മാലിന്യത്തെ സമ്പത്താക്കി മാറ്റാനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നു. ഇതിനായി ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്. പ്ലാസ്റ്റിക്ക് വസ്തുക്കൾ ശേഖരിച്ച് പൊടിച്ച് അസംസ്കൃത വസ്തുക്കളാക്കാനുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റ് നഗരസഭയിൽ പ്രവർത്തിച്ചുവരുന്നു. വരും വർഷങ്ങളിൽ ജൈവ അജൈവ വസ്തുക്കളെ മുഴുവൻ സംസ്ക്കരിച്ച് ഉൽപ്പന്നങ്ങളായി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പൊതുജനങ്ങൾക്ക് പരമാവധി സേവം നൽകാൻ നഗരസഭ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾ, സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ സമർപ്പിക്കുന്ന രേഖകൾ എന്നിവ കാണിക്കുന്ന ബോർഡുകൾ ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. വരും കാലത്ത് ഓൺലൈനായി പണമടക്കാനും വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനുള്ള അപേക്ഷകൾ സമർപ്പിക്കാനും പരാതികൾ സമർപ്പിക്കാനുമുള്ള നഗരസഭക്ക് സ്വന്തമായുള്ള ആപ്പ് സംവിധാനം ഒരുക്കുന്നതാണ്.

## പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

വികസനരേഖ തയ്യാറാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വികസനരേഖയിൽ ഉൾക്കൊള്ളിക്കേണ്ട വിഷയ മേഖലയും, അതിന്റെ അപഗ്രഥനവും, സമീപന ശാസ്ത്രവും ചെറുതായി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനെ ചുവടുപിടിച്ചാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്.

1970 ൽ രൂപം കൊണ്ട ഒരു നഗരസഭയുടെ ആവശ്യകതയാണ് ഇവിടെ വിവരിക്കുന്നത്. ഒരു പട്ടണമെന്നതിനേക്കാൾ ഒരു ജില്ലയുടെ ഭരണസിരാകേന്ദ്രമെന്ന നിലയിലാണ് മലപ്പുറത്തിനെ കാണേണ്ടത്. അത്തരത്തിലുള്ള ഒരു വികസനം എത്തിനോക്കാത്ത ഒരു

പ്രദേശമാണ് മലപ്പുറം. ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും ചില കാരണങ്ങൾ ഇതിനുണ്ട്. മലപ്പുറം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്താണ് മലപ്പുറം പട്ടണം സ്ഥിതിചെയ്യുന്നത്. എന്നാൽ ഒരു കുന്നിനെചുറ്റിപ്പറ്റിയുള്ള ഒരു പ്രദേശമാണ് മലപ്പുറം പട്ടണമെന്നതും, ഭൂമിശാസ്ത്രപരമായ പ്രദേശത്തിന്റെ കിടപ്പും മലപ്പുറത്തിന്റെ വികസനത്തിന് ഒരു വ്യത്യസ്ത വികസന സമീപനം ആവശ്യമുള്ളതാക്കി തീർക്കുന്നു.

വികസനത്തിന്റെയും ക്ഷേമത്തിന്റെയും വിവിധ തലങ്ങളെ സ്പർശിക്കാൻ ഈ വികസനരേഖ ശ്രമിക്കുന്നുണ്ട്. വികസനമേഖലയെ പ്രധാനമായി രണ്ടായി തരം തിരിച്ചാണ് വിശകലനം ചെയ്യുന്നത്.

1. അടിസ്ഥാന ഭൗതിക വികസന പ്രശ്നങ്ങൾ
2. അടിസ്ഥാന സാമൂഹിക വികസന പ്രശ്നങ്ങൾ

അടിസ്ഥാന ഭൗതിക വികസന പ്രശ്നങ്ങളിൽ റോഡ്, വൈദ്യുതി, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവയെ വിശകലനം ചെയ്യുമ്പോൾ അടിസ്ഥാന സാമൂഹിക പ്രശ്നങ്ങളിൽ, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, അംഗൻവാടികൾ, സാമൂഹ്യസുരക്ഷ പരിപാടികൾ എന്നിവയെ വിശകലനം ചെയ്യുന്നു.

ഓരോ മേഖലയും വിശകലനം ചെയ്യുമ്പോൾ പ്രധാനമായും മൂന്ന് തലങ്ങളിലായാണ് വിശകലനം ചെയ്യുന്നത്.

1. ഇന്നത്തെ അവസ്ഥ
2. നാളെയുടെ ആവശ്യകത
3. കുറവ്/വിടവ് പരിഹരിക്കൽ

ഇന്നത്തെ അവസ്ഥയിൽ താഴെപറയുന്നവ വിശകലനം ചെയ്യുന്നു,

മ. നാം എവിടെനിന്ന് തുടങ്ങി,

യ. ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു,

ര. എത്തിനിൽക്കുന്നിടത്ത് എത്തുന്നതിന് നഗരസഭ നടത്തിയ ഇടപെടലുകൾ

ഓരോ തലത്തിലും കിട്ടാവുന്നത്ര വിവര ശേഖരണം നടത്തിയിട്ടുണ്ട്. വിവരശേഖരണത്തെ സമർത്ഥമായി വിശകലനം ചെയ്യാനും, അപഗ്രഥിക്കാനും, നിരീക്ഷണങ്ങളിലൂടെ ചില സൂചകങ്ങളിൽ എത്തിച്ചേരാനും ശ്രമിച്ചിട്ടുണ്ട്.

നാളെയുടെ ആവശ്യകതയിൽ, ഇന്ന് എത്തി നിൽക്കുന്നിടത്ത് അനുഭവപ്പെടുന്ന കുറവുകളും, ന്യൂനതകളും കണ്ടെത്തുകയും അടുത്ത അഞ്ച് വർഷത്തേക്ക് ആവശ്യമായി വരുന്ന വർദ്ധിച്ച ജനസമൂഹത്തിന്റെ വർദ്ധിത ആവശ്യകതയും കണക്കാക്കുന്നു. ഇത്തരത്തിൽ ആവശ്യമായി വരുന്ന വിടവ് നികത്തുന്നതിനാവശ്യമായ ഇടപെടലുകളെ സംബന്ധിച്ച് പരിഹാരമാർഗ്ഗങ്ങളിലൂടെ നിർദ്ദേശിക്കുന്നു.

പരിഹാരമാർഗ്ഗങ്ങളിൽ ആവശ്യകത സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. വ്യക്തമായ പദ്ധതി നിർദ്ദേശങ്ങളോ, ധനസ്രോതസ്സോ വിശകലനം ചെയ്യുന്നില്ല. ഇതിനായി പഞ്ചവത്സര പദ്ധതികളിൽ വലിയ ഇടംനൽകി പ്രത്യേകം പദ്ധതികൾ തയ്യാറാക്കുന്നതാണ്.

ദീർഘവീക്ഷണ സ്വഭാവമുള്ള ഒരു വികസനരേഖയ്ക്ക് കുറഞ്ഞത് 20 വർഷത്തെയെങ്കിലും വീക്ഷണ സ്വഭാവം ആവശ്യമാണ്. എന്നാൽ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന വികസനരേഖയ്ക്ക് ചില പരിമിതികൾ ഉണ്ട്. പ്രധാനമായും ദീർഘവീക്ഷണ സ്വഭാവം കുറച്ച്, 5 വർഷമായി പരിമിതപ്പെടുത്തുക എന്നതു തന്നെയാണ്. 5 വർഷത്തെ വികസന പരിഹാരമാർഗ്ഗങ്ങൾ കൊണ്ട് ഒരു പട്ടണത്തിന്റെ മുഖച്ഛായ മാറ്റിമറിക്കാൻ കഴിയില്ല. എന്നാൽ ഇവിടെ പ്രതിപാദിക്കുന്ന വികസനം ഒരു തുടർ പ്രക്രിയ ആയതിനാൽ വികസന മുന്നേറ്റത്തിനും, തുടർച്ചക്കും വലിയ പ്രതിസന്ധി ഉണ്ടാകില്ല.

വികസന രേഖയിൽ പൊതു വിഷയങ്ങളും, വ്യക്തിഗത വിഷയങ്ങളും പ്രതിപാദിക്കുന്നുണ്ട്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെയും, അവഗണിച്ചവരെയും മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ചില വ്യക്തിഗത സഹായങ്ങൾ വികസന പ്രക്രിയയിൽ അനിവാര്യമാണ്. അതിനാൽ വ്യക്തിഗത സഹായ പരിപാടികൾക്ക് വികസന രേഖയിൽ പ്രാധാന്യം നൽകുന്നു. ഇല്ലായ്മ അനുഭവപ്പെടുന്നവരുടെ ഇല്ലായ്മ പരിഹരിച്ച് ഉള്ളവരുടെ കൂട്ടത്തിലേക്ക് കൊണ്ട് വന്ന് ശാക്തീകരിക്കുക എന്നത് മാനുഷിക വികസനത്തിന്റെ ഏടുകളാണ്. സമഗ്ര വികസനത്തിന്റെ ഘടകങ്ങളാണ് മാനുഷിക വികസനവും പശ്ചാത്തല വികസനവും. ഈ രണ്ട് വിഷയങ്ങളെയും സമർത്ഥമായും സമഗ്രമായും കൂട്ടികുഴപ്പിച്ച്, വികസിപ്പിക്കുന്നതിന്റെ രസതന്ത്രശാസ്ത്രമാണ് ഈ വികസനരേഖ.

## ദീർഘകാല ലക്ഷ്യങ്ങൾ

ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ഓരോ പ്രവർത്തിയും രേഖപ്പെടുത്തുന്ന ഒരു സ്ഥാപനമെന്നതിനാൽ മനുഷ്യന് ആവശ്യമായ എല്ലാ സേവനങ്ങളും സമയബന്ധിതമായി, ഗുണമേന്മയോടെ നൽകുന്നതിന് നഗരസഭയുടെ ഓഫീസ് സംവിധാനം (സ്ഥാപന സംവിധാനം) ശക്തിപ്പെടണം. ആയതിന് ജീവനക്കാരുടെ മനോഭാവത്തിൽ മാറ്റം വരണം. കൂടാതെ അവരുടെ കഴിവ് വർദ്ധിപ്പിച്ച് ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യം ഒരുക്കി കൊടുക്കുകയും വേണം. ഇത്തരത്തിൽ ഒരു വലിയ മുന്നേറ്റം നടത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. റസിഡൻഷ്യൽ, ജന്മ മാറ്റം, ലൈസൻസുകൾ, നികുതി അടവ് എന്നിവക്കുള്ള സേവനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി നഗരസഭയിൽ നിലവിൽ ഒരു ഫയൽപോലും കുടിശ്ശിക ഇല്ലാത്ത **ഫയൽ രഹിത** നഗരസഭയാക്കാനും അതിലുപരി സേവനങ്ങൾ വളരെ വേഗത്തിൽ എത്തിക്കുവാനും കഴിഞ്ഞു.

ഭൗതീക, സാമൂഹിക, പശ്ചാത്തല വികസനത്തിൽ കൂടി ലക്ഷ്യമിടുന്നത് ജനങ്ങൾക്ക് എല്ലാവിധ സൗകര്യങ്ങളും ഗുണമേന്മയോടെ സാധാരണക്കാരന് പ്രാപ്യമാക്കുന്ന തരത്തിൽ എത്തിക്കുക എന്നതാണ്. താഴെ പ്രതിപാദിക്കുന്ന ഘടകങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്.

1. വായു, ജലം, മണ്ണ് (ഭൂമി) മലിനീകരണമില്ലാത്ത ഒരു പ്രകൃതിയും, ചുറ്റുപാടും.
2. 24x7 കുടിവെള്ളം
3. 24x7 ഗുണമേന്മയുള്ള വൈദ്യുതി
4. അക്രമങ്ങളോ, ഭീതിയോ ഇല്ലാത്ത സമാധാനമുള്ള ഒരു നഗരം
5. യാത്രാ പ്രതിബന്ധങ്ങളില്ലാത്ത റോഡുകൾ
6. ഗുണമേന്മയുള്ള വിദ്യാഭ്യാസവും, ചികിത്സയും നൽകുന്ന സ്ഥാപനങ്ങൾ
7. എല്ലാ കുടുംബത്തിലും ഒരാൾക്കെങ്കിലും സ്ഥിരം വരുമാനം
8. ഉല്ലാസത്തിനും, മറ്റ് ആവശ്യങ്ങൾക്കും അനുയോജ്യമായ സ്ഥാപനങ്ങൾ

അത്യാധുനിക സംവിധാനങ്ങൾ ഇല്ല എങ്കിലും, സമാധാനമായി, ആരോഗ്യത്തോടും, സുരക്ഷിതത്തോടും, ഉല്ലാസത്തോടും ജീവിക്കാൻ കഴിയുമെന്ന് ജനതയ്ക്ക് ഉറപ്പ് കൊടുക്കാൻ കഴിയുന്ന ഒരു നഗരം, ഭുമിയിലെവിടെയുമുള്ള ഒരു ജനതയ്ക്കും മലപ്പുറമെന്നൊരു ദേശത്ത് ഒരു ദിവസമെങ്കിലും താമസിച്ച് മരിക്കണമെന്ന സ്വപ്നം...

## മെട്രോ എന്നൊരു സ്വപ്നം

നഗരവാസികൾക്ക് നൽകുന്ന വിവിധ സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതോടൊപ്പം നഗരത്തിന്റെ (മുനിസിപ്പാലിറ്റിയുടെ) നിലവാരവും (ടമേൗേ/ ഴൃമറല) ഉം ഉയരേണ്ടതായിട്ടുണ്ട്. ഇതിന് പൊതുവെ മാനദണ്ഡമാക്കുന്നത് നഗരസ്വഭാവം ആർജ്ജിച്ച സ്ഥലത്തിലെ ജനസംഖ്യയാണ്. 2011 ലെ സെൻസസ് പ്രകാരം മലപ്പുറം അർബൻ അഗ്ലോമറേഷന്റെ ജനസംഖ്യ 16.98 ലക്ഷമാണ്. ഇനി ഇത്രയും വലിയ ഒരു ജനതയ്ക്ക് ആവശ്യമായ; നിലവാരമുള്ള സേവനവും അടിസ്ഥാന സൗകര്യ വികസനവുമാണ് ഇന്നിന്റെ വെല്ലുവിളി. അടുത്ത ഒരു ദശാബ്ദം കൊണ്ട് ഈ വെല്ലുവിളി ഏറ്റെടുത്ത് നിർവ്വഹിക്കാൻ കഴിയുമെന്ന് നഗരസഭ വിശ്വസിക്കുന്നു. ഇതിന് മുന്നോടിയായി നഗരത്തിന്റെ അതിർത്തികൾ പിഴുതുമാറ്റി നഗരവത്ക്കരണം നടന്നുവെന്ന് സെൻസസ് റിപ്പോർട്ടിൽ പറയുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് വലിയൊരു സ്ഥാപനമാക്കി, പ്രസ്തുത പ്രദേശത്തിന്റെ മുഴുവൻ വികസന പ്രശ്നവും ഏറ്റെടുക്കാൻ നമുക്ക് കഴിയണം. ഇതിന് ഒന്നാമതായി രാഷ്ട്രീയ ഇച്ഛാശക്തിയും, തീരുമാനവും; തുടർന്ന് മുഴുവൻ പ്രദേശത്തിന്റെ സമഗ്ര വളർച്ചയും.

അദ്ധ്യായം - 4

# വിഭവ സമാഹരണം

മലപ്പുറം നഗരസഭയെ സംബന്ധിച്ചിടത്തോളം സാമ്പത്തികനില അത്ര ശോഭനമല്ല. നിശ്ചിത തൊഴിൽ നികുതിയും,ഏതാനും കെട്ടിടങ്ങളിൽ നിന്നും കിട്ടുന്ന വരുമാനവും, വസ്തുനികുതിയും മാത്രമാണ് തനതുവരുമാനം. ഇവ ചെലവുകളുമായി പൊരുത്തപ്പെടാവുന്നതല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതവും, പ്രത്യേക ഫണ്ടുകളുമാണ് പദ്ധതി നടത്തിപ്പിനുള്ള വിഭവസ്രോതസ്സുകൾ. കൈ മാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾക്കും നല്ലൊരുതുക ചെലവഴിക്കേണ്ടിവരുന്നു.

മലപ്പുറം നഗരസഭയുടെ സമഗ്രവികസനത്തിന് ഭൂപ്രകൃതി വളരെയേറെ വിഘാതമായി നിൽക്കുന്നു. എങ്കിലും കുറ്റമറ്റ പ്ലാനിംഗിലൂടെ കുറേയൊക്കെ മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ട്.

പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് ധനത്തിന്റെ ലഭ്യത വളരെ പ്രധാനമാണ്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വർദ്ധിത തോതിലുള്ള ധനസമാഹരണം ആവശ്യമാണ്. നഗരസഭയ്ക്ക് പ്രധാനമായും താഴെപറയുന്ന മാർക്ഷങ്ങളിലൂടെയാണ് ധനം ലഭിക്കുന്നത്.

1. നികുതി വരുമാനം
2. നികുതിയേതര വരുമാനം
3. സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ
4. കേന്ദ്ര,സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ
5. കടം വാങ്ങൽ

1970 ൽ രൂപീകൃതമായ നഗരസഭയ്ക്ക് കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1960 പ്രകാരം ശുചീകരണം ഒഴികെ വലിയ പ്രവർത്തന മേഖലകളോ, സർക്കാരിൽ നിന്നുള്ള വലിയതോതിലുള്ള ഗ്രാന്റുകളോ, മറ്റ് പദ്ധതികളോ ഉണ്ടായിരുന്നില്ല. ഭരണഘടനാ ഭേദഗതിക്ക് ശേഷം, വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ വർദ്ധിത തോതിലുള്ള ഫണ്ടും, ചുമതലയും, നിർവ്വഹകരും, സ്വാതന്ത്ര്യവും (Fund, Function, Functionies, Freedom [4F]) ലഭിച്ചു. ലക്ഷകണക്കിന് രൂപയുടെ കണക്കുകൾ നോക്കിയിരുന്ന സ്ഥാപനങ്ങൾപൊടുന്നനെ കോടികളുടെ കണക്കുകൾ നോക്കുന്ന സ്ഥാപനങ്ങൾ ആയി.

ഭരണനിർവ്വഹണ ചിലവ് വർദ്ധിച്ചതും, അതിനനുസൃതമായി വരവിൽ വർദ്ധനവ് വരാതിരുന്നതും നഗരസഭകളെ ദാരിദ്രത്തിലേക്കെത്തിച്ചു. കൂടാതെ ചില കാലയളവിൽ, ജനപ്രീതിക്കായി സാമ്പത്തിക അവസ്ഥ പരിഗണിക്കാതെ പദ്ധതികൾ ഏറ്റെടുത്തതും നഗരസഭയെ കടക്കെണിയിലാക്കി. ജില്ലാ ഭരണകേന്ദ്രമെന്ന രീതിയിൽ നാളിതുവരെ വളരാത്ത ഒരു പട്ടണമാണ് മലപ്പുറം. വലിയ കെട്ടിടങ്ങൾ ഇല്ലാത്തത് നഗരസഭയുടെ മുഖ്യവരുമാന മാർഗ്ഗമാവേണ്ടിയിരുന്ന വസ്തുനികുതിയിൽ കുറവുവരുത്തിയിട്ടുണ്ട്, എന്നാൽ നിരവധി സർക്കാർ സ്ഥാപനങ്ങളും ജീവനക്കാരും ഉള്ളതിനാൽ തൊഴിൽ നികുതി ഇനത്തിൽ വലിയൊരുതുക നഗരസഭയ്ക്ക് ലഭിക്കുന്നു

**തനതു വരുമാനം**

വിവിധ നികുതി/നികുതിയേതര മേഖലകളിൽ നിന്നുള്ള കഴിഞ്ഞ 5 വർഷത്തെ വരുമാനം ചുവടെ ചേർക്കുന്നു.

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| വസ്തുനികുതി | 17440538 | 20627203 | 31333626 | 24711570 | 33615035 |
| തൊഴിൽ നികുതി | 18780253 | 19532524 | 20973162 | 20818726 | 21182732 |
| വിനോദ നികുതി | 2412989 | 639094 | 0 | 687564 | 0 |
| വാടക | 10128410 | 10974838 | 11200315 | 11977144 | 10229285 |
| ഡി&ഒ, പി.എഫ് ലൈസൻസ് | 736031 | 910445 | 1526913 | 1259356 | 1873841 |
| കെട്ടിട നിർമ്മാണം | 1767129 | 2333301 | 2222021 | 2431697 | 1811656 |
| പരസ്യ നികുതി | 171969 | 167163 | 0 | 0 | 0 |
| മറ്റുള്ളവ | 30233508 | 15435318 | 13606887 | 11106967 | 12592323 |

## *7.3.ഭരണനിർവ്വഹണ ചിലവ്*

കഴിഞ്ഞ 5 വർഷത്തെ ഭരണ നിർവ്വഹണ ചിലവ് (നോൺ പ്ലാൻ)

| ഇനം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| ശമ്പളം | 59373720 | 43598131 | 48886095 | 47112898 | 44425877 |
| പെൻഷൻ | 14052344 | 26041638 | 13984626 | 20713550 | 24159731 |
| വൈദ്യുതി | 2780218 | 2626012 | 2889732 | 2957422 | 2932176 |
| വാഹനം | 472393 | 706619 | 677044 | 743528 | 586284 |
| മറ്റ് ചിലവുകൾ | 6109131 | 11967881 | 17089904 | 11392811 | 15398984 |

**പദ്ധതി വിഹിതം**

നഗരസഭയുടെ തനതുവരുമാനംകൊണ്ട് മാത്രം ഒരിക്കലും നിത്യനിദാന ചിലവുകൾ നടത്താൻ കഴിയുകയില്ല എന്നിരിക്കെ നഗരസഭയുടെ നിർബന്ധിത ചുമതലകളായ ശുചീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ധനകാര്യ അവസ്ഥ എല്ലായ്പ്പോഴും പ്രതികൂലമാണ്. ഇത്തരുണത്തിലാണ് നഗരസഭയ്ക്ക് പദ്ധതി വിഹിതമായി ലഭിക്കുന്ന ധനകാര്യ സ്രോതസ്സിന്റെ പ്രസക്തി. 199697 കാലയളവ് മുതൽ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി നഗരസഭയ്ക്ക് ഫണ്ടുകൾ ലഭിക്കുന്നു. ഇവ പലപ്പോഴും പൂർണ്ണമായി ചിലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ 5 വർഷം നഗരസഭയ്ക്ക് പദ്ധതി വിഹിതമായി ലഭിച്ചതുകയും, ചിലവഴിച്ച തുകയും.

| 2017-18 | Receipts | Expense | Percentage |
|---|---|---|---|
| ജനറൽ | 54287141 | 38544569 | 71 |
| എസ്.സി.പി | 12769348 | 5472507 | 42.86 |

| 2018-19 | Receipts | Expense | Percentage |
|---|---|---|---|
| ജനറൽ | 63238449 | 49216684 | 77.83 |
| എസ്.സി.പി | 20383927 | 14078000 | 69.6 |

| 2019-20 | Receipts | Expense | Percentage |
|---|---|---|---|
| ജനറൽ | 72223634 | 41022516 | 56.79 |
| എസ്.സി.പി | 18832817 | 9632665 | 51.15 |

| 2020-21 | Receipts | Expense | Percentage |
|---|---|---|---|
| ജനറൽ | 102621305 | 84594000 | 82.43 |
| എസ്.സി.പി | 16708708 | 9258256 | 55.24 |

| 2021-22 | Receipts | Expense | Percentage |
|---|---|---|---|
| ജനറൽ | 109564826 | 93972525 | 85.77 |
| എസ്.സി.പി | 13322056 | 12280000 | 92.18 |
| ലോകബാങ്ക് | 0 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ | 140985003 | 32450137 | 23 |

### *സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ*

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ കഴിഞ്ഞ 25 വർഷമായി നഗരസഭയ്ക്ക് ലഭിച്ച വികസനഫണ്ട് എല്ലാ മേഖലയിലും കാര്യമായ ചലനം ഉണ്ടാക്കിയിട്ടുണ്ട്. ഗതാഗത മേഖലയിലാണ് കാര്യമായ വികസനം ഉണ്ടായത്. മൺപാതകൾ ആയിരുന്ന നിരവധി റോഡുകൾ ഇന്ന് ടാറിട്ട റോഡുകളായിമാറി. എല്ലാ മേഖലയിലും ശുദ്ധജലവും, വൈദ്യുതിയും എത്തിക്കാൻ കഴിഞ്ഞു. ഉൽപാദനമേഖലയിൽ വൻ മുന്നേറ്റം നടത്താൻ കഴിഞ്ഞു. കൂടാതെ വ്യക്തിഗത ആനുകൂല്യം നൽകിയതിലൂടെ നിരവധി ഭവനങ്ങളും, നിലവിലുള്ള ഭവനങ്ങൾ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ സമഗ്രമേഖലയിലും വ്യക്തമായ മുന്നേറ്റം നേടാൻ കഴിഞ്ഞ 25 വർഷത്തിനിടയിൽ നഗരസഭയുടെ ഇടപെടലിൽ കൂടി കഴിഞ്ഞിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണത്തിന് പുറമേ കേന്ദ്രസംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ നിരവധി വികസന മുന്നേറ്റങ്ങൾ പശ്ചാത്തല മേഖലയിലും, സേവനമേഖലയിലും നടത്താൻ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| വാംബെ (ഭവനനിർമ്മാണം) | – 1.732 കോടി |
| SJSRY (സ്വയം തൊഴിൽ സംരംഭം) | – 1.62 കോടി |
| UIDSSMT (പശ്ചാത്തല സൗകര്യം – കുടിവെള്ളം) | – 19.76 കോടി |
| IHSDP I (ചേരി പരിഷ്ക്കരണം) | – 10.54 കോടി |
| IHSDP II (ചേരി പരിഷ്ക്കരണം) | – 7.5436 കോടി |
| ILCS (കക്കൂസ് നിർമ്മാണം) | – 76 ലക്ഷം |

പ്രസ്തുത പദ്ധതികളിൽ ചിലവ പൂർണ്ണമായി നടപ്പിലാക്കാനും, മറ്റുള്ളവ നടപ്പിലാക്കിയും വരുന്നു. ഇവകൂടാതെ നടപ്പുപഞ്ചവത്സരകാലയളവിൽ വിവിധ മേഖലകളിലായി നിരവധി പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

**തനതുവരുമാന വർദ്ധനവിനുള്ള സാധ്യത**

**സമീപനം**

തനതുവരുമാനം പരമാവധി വർദ്ധിപ്പിച്ചും, ചിലവുകൾ പരമാവധി കുറച്ചും ധനകാര്യസ്ഥിതിമെച്ചപ്പെടുത്തുക എന്നതാണ് നഗരസഭയുടെ പൊതുതന്ത്രം. ഇതിനായി താഴെപറയുന്ന പ്രവർത്തന തന്ത്രം ആവിഷ്ക്കരിക്കേണ്ടതാണ്.

1. നിയമപരമായി അവകാശപ്പെട്ട എല്ലാ നികുതികളും, നികുതിയേതര വരുമാനമാർഗ്ഗങ്ങളും പിരിക്കുന്നതിനായുള്ള തീരുമാനങ്ങളും തുടർനടപടി കളും സ്വീകരിക്കുക.
2. നികുതി/നികുതിയേതര വലയത്തിലേക്ക് അർഹരായ എല്ലാവരെയും കൊണ്ടുവരുക.
3. നികുതി/നികുതിയേതര തുകകൾ കൃത്യതയോടെ നിശ്ചയിക്കുക
4. നിശ്ചയിക്കുന്ന തുകകൾ പൂർണ്ണമായും പിരിച്ചെടുക്കുക.

താഴെ പറയുന്ന നികുതികൾ/നികുതിയേതര സ്രോതസ്സുകൾ നഗരസഭ ചൂഷണം ചെയ്യുന്നില്ല.

1. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയും, അതിനായുള്ള ഫീസും.
2. പരസ്യബോർഡുകൾ സ്വകാര്യഭൂമിയിലല്ലാതെ വയ്ക്കുന്നതിന് വാങ്ങേണ്ട വാടകതുക
3. മാലിന്യം ശേഖരിക്കുന്നതിനുള്ള ഫീസ്
4. പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്ക് ഈടാക്കേണ്ട ഫീസ്.
5. തടി നികുതി
6. യാന പാത്രങ്ങൾക്കും, മൃഗങ്ങൾക്കും ഈടാക്കേണ്ട നികുതി.

നിലവിൽ നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി കാലോചിതമായി പരിഷ്ക്കരിച്ചാൽ, നികുതിയിൽ വൻ വർദ്ധനവ് വരുന്നതാണ്. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന നികുതിപരിഷ്ക്കരണം പൂർത്തീകരിക്കുമ്പോൾ ഇത് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ നിലവിൽ ഗാർഹിക കെട്ടിടങ്ങൾക്ക് ചുമത്തിയിരിക്കുന്ന കുറഞ്ഞ നിരക്ക് ചിലപ്പോൾ ഇതിന് വിഘാതമാവുമെന്ന് കരുതുന്നു.

നഗരസഭയുടെ ഉടമസ്ഥതയിൽ 385 കടമുറികൾ ഉണ്ട്. ഇവ വർഷങ്ങൾക്ക് മുമ്പ് നിലവിലെ ലൈസൻസികൾക്ക് നൽകിയതാണ്. നഗരസഭയുടെ അനുമതി കൂടാതെ പലരും ലൈസൻസിയെ മാറ്റിയതായും ശ്രദ്ധയിൽ വന്നിട്ടുണ്ട്. നിരക്കുകൾ കാലികമാക്കുന്നതിൽ കൂടിയും, അനധികൃതമായി കൈമാറ്റം ചെയ്തവ നിയമവിധേയമാക്കുന്നതുവഴിയും വലിയ ഒരു തുക നഗരസഭയ്ക്ക് ലഭിക്കുന്നതാണ്. കൂടാതെ 17 ഓളം മുറികൾ ഇനിയും വാടകയ്ക്ക് നൽകാനുണ്ട്. ഇവഫലപ്രദമായി വാടകയ്ക്ക് നൽകാൻ കഴിഞ്ഞാൽ നഗരസഭയുടെ വരുമാനം വീണ്ടും വർദ്ധിപ്പിക്കാവുന്നതാണ്. പുതിയ മാർക്കറ്റ് കെട്ടിടത്തിന് വേണ്ടി പൊളിച്ച് മാറ്റിയത് 106 മുറികൾ. പുതുക്കിപ്പണിയുന്ന മാർക്കറ്റ് കെട്ടിടത്തിൽ ആധുനിക രീതിയിലുള്ള 120 ഓളം മുറികൾ ലഭ്യമാകുന്നതാണ്.

നഗരസഭ നൽകുന്ന ചില സേവനങ്ങൾക്ക് ഉചിതമായ ഫീസ് ചുമത്തുന്നതിൽ കൂടിയും ചെറിയ രീതിയിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

പരസ്യബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ബൈലൊ നഗരസഭയ്ക്കില്ല. പ്രസ്തുത ബൈലൊ നഗരസഭ നടപ്പുസാമ്പത്തിക വർഷം പ്രാബല്യത്തിൽ കൊണ്ടുവരുന്നതാണ്. ബൈല പ്രാബല്യത്തിൽവരുന്നതോടു കൂടി, പരസ്യം സ്ഥാപിക്കുന്നതിന് ഫീസും, തുടർന്ന് സ്ഥലവാടകയും ഈടാക്കാൻ കഴിയുന്നതാണ്.

നിലവിൽ വെല്ലുവിളി ഉയർത്തിയിരിക്കുന്ന മാലിന്യം നഗരസഭയ്ക്ക് ഒരു വരുമാന സ്രോതസ്സ് ആക്കുന്നതാണ്. 2011ൽ പ്രാബല്യത്തിൽ വന്ന മുനിസിപ്പാലിറ്റീസ് ആക്ടിലെ ഭേദഗതി പ്രകാരം, ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങളെ മാറ്റിനിർത്തി, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഫീസുചുമത്തി, നഗരസഭയുടെ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള പൊതുസംവിധാനത്തിലേക്ക് മാലിന്യം സ്വീകരിക്കാവുന്ന താണ്. ഇതിനായി പ്രത്യേക ബൈല പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. കൂടാതെ 40 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക് കവറുകൾ നിശ്ചിത ഫീസ് ഈടാക്കിമാത്രമേ നൽകാൻ കഴിയുകയുള്ളൂ. ഇതിൽ 50% തുക നഗരസഭയ്ക്ക് ഈടാക്കാവുന്നതാണ്. ഇതിനായുള്ള ബൈലോകൾ ഇതിനകം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ മാലിന്യം തെരുവിലേക്ക് എറിയുന്നവരിൽ നിന്നും വലിയ തുകകൾ പിഴയായി ഈടാക്കി വരുന്നു. ഇത് ഊർജ്ജിതമാക്കുക വഴി, നഗരസഭയ്ക്ക് മറ്റൊരു സാമ്പത്തിക സ്രോതസ്സായി ഇവയെ മാറ്റാവുന്നതാണ്.

## ചിലവുകൾ ചുരുക്കുന്നതിനുള്ള സാധ്യതകൾ

നിലവിലുള്ള ചിലവുകൾ ചുരുക്കുക എന്നത് ഒരു വെല്ലുവിളിയാണ്. പുതിയ ഒരു പദ്ധതി ഏറ്റെടുത്തില്ല എങ്കിലും, സാധനങ്ങളുടേയും സേവനങ്ങളുടേയും വിലയിൽ വരുന്ന വർദ്ധനവും രൂപയുടെ മൂല്യത്തിൽ ഉണ്ടാകുന്ന കുറവും ചിലവ് വർദ്ധിപ്പിക്കാൻ കാരണമാകുന്നു. ചിലവുകളെ പൊതുവായി രണ്ടായി തരംതിരിക്കാം. നിർബന്ധിത ചിലവും, നിർബന്ധിതമല്ലാത്ത ചിലവും. നിർബന്ധിത ചിലവുകളായ ശമ്പളം, വൈദ്യുതി തുടങ്ങിയ നിത്യനിദാന ചിലവുകൾ ഒരു കാരണവശാലും കുറക്കാൻ കഴിയുന്നതല്ല. എന്നാൽ പദ്ധതി ചിലവുകളിൽ കുറവ് വരുത്തുന്നത് വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ കാര്യമായ ഒരു കുറവും ഈ മേഖലയിലും വരുത്താൻ കഴിയില്ല. ആയതിനാൽ തന്ത്രപരമായ സമീപനം ഇവിടെ സ്വീകരിക്കേണ്ടിയിരിക്കുന്നു.

പാഴ്ചെലവുകൾ പരമാവധി ഒഴിവാക്കുക. മറ്റ് ചിലവുകൾ നിയന്ത്രിക്കുക, അതിലുപരി വികനസപദ്ധതികൾക്ക് മറ്റ് ധനകാര്യസ്രോതസ്സുകൾ കണ്ടെത്തുക എന്നിവയാണ് അവലംബിക്കുന്ന തന്ത്രം. ഇന്ന് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിരവധി സാമ്പത്തിക സ്രോതസ്സുണ്ട്. ഇവയെ പൂർണ്ണമായി ചൂഷണം ചെയ്യുക എന്നതാണ് നമ്മുടെ മുന്നിലുള്ള യഥാർത്ഥവെല്ലുവിളി. സാധ്യതകളെ മുന്നിൽകണ്ട് വിശദമായ പദ്ധതിരേഖകൾ തയ്യാറാക്കി അംഗീകാരം വാങ്ങി എടുക്കുന്നതിന് മികവുറ്റ പ്രൊഫഷണലിസം നഗരസഭ കൈമുതലാക്കേണ്ട തായിട്ടുണ്ട്. ഇത് വിജയിച്ചാൽ പദ്ധതിചിലവുകൾക്ക് നഗരസഭയുടെ തനതുവരുമാന ത്തിൽ നിന്നും തുക വകമാറ്റാതെ പദ്ധതിയേതര ചിലവുകൾക്കായി മാത്രം വിനിയോഗിക്കാവുന്നതാണ്.

## ബഡ്ജറ്റുകൾ

നഗരസഭയുടെ യഥാർത്ഥ ധനകാര്യ ചിത്രം വെളിവാക്കുന്ന രേഖകളാണ് ബഡ്ജറ്റുകൾ. എന്നാൽ പലപ്പോഴും ഒരിക്കൽപോലും പ്രതീക്ഷിക്കാത്ത വരുമാനത്തെകാണിച്ച് സാങ്കൽപ്പിക പ്രഖ്യാപനങ്ങൾ നടത്തുന്ന ഉപകരണങ്ങളായി ബഡ്ജറ്റ് മാറുന്നത് ഒരു പതിവ് കാഴ്ചയാണ്. നിയമപരമായ ബാധ്യതയായതിനാൽ എല്ലാ വർഷവും കൃത്യമായി ബഡ്ജറ്റുകൾ അവതരിപ്പിച്ച് പാസാക്കുന്നുണ്ട്. എന്നാൽ യഥാർത്ഥവരവും, ചിലവും നോക്കുമ്പോൾ പൊള്ളത്തരം മനസ്സിലാക്കാവുന്നതാണ്.

എന്നിരുന്നാലും ചിലവുകളെ നിയന്ത്രിക്കുന്നതിനും, പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ബഡ്ജറ്റുകൾ ഒരു നിയന്ത്രിത രേഖയായി മാറുന്നുണ്ട്.

നഗരസഭയുടെ കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ താഴെ വിവരിക്കുന്നു.

| | വരവ് (രൂപ) | ചെലവ് (രൂപ) |
|---|---|---|
| 2017-18 | 825000027 | 508244000 |
| 2018-19 | 524623126 | 529293877 |
| 2019-20 | 1263097820 | 1135944672 |
| 2020-21 | 1548926658 | 1502412455 |
| 2021-22 | 3412704883 | 3338891775 |

### *ഡബിൾ എൻട്രി അക്കൗണ്ടിങ്ങ്*

നഗരസഭയിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്., 200809ൽ തുടങ്ങിയ പ്രസ്തുത സംവിധാനം 201011 ൽ പൂർണ്ണരീതിയിൽ നടപ്പിലാക്കി. ഇതിനായി സാംഖ്യ സോഫ്റ്റ്‌വെയർ പൂർണ്ണതോതിൽ ഉപയോഗിച്ചു. കൂടാതെ സി-ബൾബിന്റെ സേവനം നഗരസഭ പൂർണ്ണമായും ഉപയോഗിച്ചിട്ടുണ്ട്.

നിലവിൽ ചാർട്ടേണ്ട് അക്കൗണ്ടിന്റെ സഹായത്തോടെ നഗരസഭ ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ ആസ്തിബാധ്യത താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആസ്തി | - 634105266 |
| ലോണ് + അഡ്വാൻസ്+ ഡിപ്പോസിറ്റ് | - 162063439 |

പ്രസ്തുത ആസ്തി സാങ്കേതികതയുടെ തടവറയിലുള്ള ഒന്നാണ്. ആയത് മാർക്കറ്റ് നിരക്കുമായി ഒരിക്കലും പൊരുത്തപെടുന്നില്ല. നഗരസഭയ്ക്ക് കൈമാറികിട്ടിയ ആസ്തികൾക്കും, വളരെക്കാലം മുതൽ കൈവശമുണ്ടായിരുന്ന ആസ്തികൾക്കും ഒരു രൂപയാണ് നൽകിയിരിക്കുന്നത്. കൂടാതെ നഗരസഭ 201213 വരെയുള്ള ഡി.സി.ബി യും, നാളിതുവരെയുള്ള മാസാന്ത്യകണക്കുകളും തയ്യാറാക്കിയിട്ടുണ്ട്.

# വികസന മേഖല

## *സദ്ഭരണം*

### *ആമുഖം*

പൊതുജനങ്ങൾക്ക് നിശ്ചിത സമയത്ത് ഗുണമേന്മയോടെ സേവനം എത്തിക്കുക എന്നത് നഗരസഭയുടെ കടമയാണ്. ആയത് പൂർണതോതിൽ കൈവരിക്കുന്നതിന് ഈ പഞ്ചവത്സര പദ്ധതി കാലയളവിൽ ശ്രമിക്കുന്നതാണ്. പഞ്ചവത്സര പദ്ധതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകി, ആദ്യ വർഷം തന്നെ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതാണ്.

ഭരണഘടനയുടെ ആർട്ടിക്കിൾ 243 പ്രകാരം സ്ഥാപിതമായ നഗരസഭകൾക്ക് ഭരണഘടനയുടെ 12ാം പട്ടികയിൽ വിവരിക്കുന്ന 18 വിഷയങ്ങളിൽ ഭരണനിർവ്വഹണം നടത്തുന്നതിന് സംസ്ഥാന സർക്കാരുകൾ നിയമ നിർമ്മാണം നടത്തേണ്ടതാണ്. ഭരണഘടന ഭേദഗതിക്കനുസൃതമായി കേരളത്തിൽ രൂപം കൊടുത്ത കേരള മുനിസിപ്പാലിറ്റീസ് ആക്ട്, 1994 പ്രകാരം നിരവധി ചുമതലകൾ നഗരസഭകൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. കൂടാതെ മറ്റ് ചിലനിയമങ്ങൾ അനുശാസിക്കുന്ന ചില സേവനങ്ങളും നിർവ്വഹിക്കുന്നതിന് നഗരസഭ ബാധ്യസ്ഥമാണ്.

ജനങ്ങളുടെ ഏറ്റവും അടുത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്ന രീതിയിലും വിവിധങ്ങളായ സേവനങ്ങൾ നൽകേണ്ട സ്ഥാപനമെന്ന രീതിയിലും, വിപുലവും സവിശേഷവുമായ ഉത്തരവാദിത്വമുള്ള ഒരു സ്വയം ഭരണസ്ഥാപനമാണ് നഗരസഭ. ഒരു സർക്കാർസ്ഥാപനമെന്ന തനതുരീതിയിൽ നിന്നും മാറി സ്വകാര്യമേഖലയോട് കിടപിടിക്കുന്ന ഒരു പ്രഫഷണൽ സ്ഥാപനത്തിനെ പോലെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. അതിന് കഴിവും സമർപ്പണ മനോഭാവവും, ദീർഘവീക്ഷണവും, നേതൃത്വഗുണവുമുള്ള ഭരണനേതൃത്വവും, പ്രവർത്തിക്കാനാ വശ്യമായ അന്തരീക്ഷവും സാഹചര്യവും ഒരുക്കുക എന്നതാണ് നഗരസഭാതല ത്തിൽ സദഭരണംകൊണ്ട് ലക്ഷ്യമിടുന്നത്.

സദ്ഭരണമെന്നത് ബൃഹത്തായ ഒരു സങ്കൽപവും സക്രീയമായ ഒരു പ്രക്രിയയുമാണ്. Participatory, Accountability, Rule of law, Efficiency, Quality, Inclusiveness, Rational, Time bound, Equality എന്നീ ഘടകങ്ങളുടെ സംഗ്രഹമാണ് സത്ഭരണം. സേവനം നൽകുന്ന സ്ഥാപനത്തിനും അതിലേറെ ഓരോ ജീവനക്കാരിലും, അവന്റെ പ്രവർത്തനത്തിലും കൂടിയാണ് സദ്ഭരണമെന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നത്. ഇത് താഴെതട്ടിൽ അതിവേഗം എത്തിക്കുന്നതിന് ശാസ്ത്രസാങ്കേതിക നേട്ടങ്ങളെ ഉപയോഗിച്ച് ഇ-ഗവേണൻസും, തുടർന്ന് വീടുകളിൽ തന്നെ സേവനം ലഭ്യമാക്കുന്നതുമായ എം-ഗവേൺസിലേക്കും നഗരസഭ പഞ്ചവത്സര കാലയളവിൽ മാറുന്നതാണ്.

മലപ്പുറം നഗരസഭയിലുള്ള 68088 ജനങ്ങൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും സമയബന്ധിതമായി നൽകാൻ നഗരസഭ പ്രതിജ്ഞാബന്ധമാണ്.

## *നിലവിലെ അവസ്ഥ*

പരാതികൾക്ക് ഇടയിലാതെ നല്ല രീതിയിൽ സേവനം നൽകുന്നതിന് നഗരസഭയ്ക്ക് കഴിയുന്നുണ്ട്. എന്നിരുന്നാലും, സാങ്കേതിക മികവിനെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. നിലവിൽ ജീവനക്കാർക്ക് ഇതിന്റെ സാധ്യതകളെ പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനത്തിന്റെയും പരിചയത്തിന്റെയും അഭാവം ഉണ്ട്. കൂടാതെ ആവശ്യത്തിന് അനുസരിച്ചുള്ള ജീവനക്കാരുടെ കുറവും ഒരു വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. നിലവിലെ സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| സൂപ്രണ്ട് | 2 |
| എച്ച്.സി/ആർ.ഐ | 2 |
| യു.ഡി.സി | 11 |
| എൽ.ഡി.സി | 13 |
| ഡഫേദാർ | 1 |
| ഓഫീസ് അറ്റന്റന്റ് | 7 |
| മുനിസിപ്പൽ എഞ്ചിനീയർ (എ.ഇ) | 1 |
| പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് I | 1 |
| പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് II | 2 |

| | |
|---|---|
| പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് III | 4 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 2 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 2 |
| ഫീമെയിൽ അറ്റന്റർ | 1 |
| ഡ്രൈവർ | 3 |
| ടൈപ്പിസ്റ്റ് | 1 |
| ശുചീകരണ തൊഴിലാളികൾ | 34 |

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപെടേണ്ടതായിട്ടുണ്ട്. എല്ലായിടവും കമ്പ്യൂട്ടറും, നെറ്റ് വർക്കിംങ്ങും ആയിട്ടുണ്ട്. സ്ഥലത്തിന്റെ അഭാവം, അടുക്കും ചിട്ടയുമില്ലാതെ ഫയലുകൾ സൂക്ഷിക്കുന്നത്, റിക്കോർഡ്റൂമിന്റെ അഭാവം, മെച്ചപ്പെടുത്തലാ വശ്യമായ കൗൺസിൽ ഹാൾ എന്നിവ വെല്ലുവിളികൾ ആയി നിൽക്കുന്നു.

വിവരവ്യൂഹം (ഡേറ്റബാങ്ക്) ഏതൊരു ആസൂത്രണത്തിന്റെയും അടിത്തറയാണ്. ആവശ്യമായ വിവരവ്യൂഹമില്ലാത്തത് പലപ്പോഴും തെറ്റായതീരുമാനങ്ങളിലേക്കും, തൊറ്റായ നയസമീപനത്തിലേക്കും നഗരസഭയെ നയിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ 25 ആണ്ടുകൾ പിന്നിടുമ്പോൾ നിരവധി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യം നഗരസഭ നൽകിയിട്ടുണ്ട്. കൂടാതെ പശ്ചാത്തല മേഖലയിലും, സേവനമേഖലയിലും നിരവധി പ്രവർത്തനങ്ങൾ നഗരസഭയ്ക്ക് ചെയ്യാൻ കഴിഞ്ഞു. എന്നാൽ ഇന്ന് ഇതിന്റെ കൃത്യമായ വിവരങ്ങളോ മറ്റ് രേഖകളോ നഗരസഭയിൽ പൂർണ്ണരീതിയിൽ ലഭ്യമല്ല. ഇതിന് ശക്തമായ വിവരവ്യൂഹ ശേഖരണത്തിനും അതിന്റെ സൂക്ഷിപ്പിനും പ്രാധാന്യം നൽകേണ്ടതുണ്ട്.

### *പൊതുജനങ്ങൾക്ക് സ്ഥിരമായി നൽകിവരുന്ന സേവനങ്ങൾ*

വികസനത്തിന്റെ ഭാഗമായും, ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായും, നിയന്ത്രണത്തിന്റെ ഭാഗമായും നിരവധി സേവനങ്ങൾ നഗരസഭ നൽകിവരുന്നു.

### *കെട്ടിട നിർമ്മാണ അനുമതിയും അനുബന്ധനടപടിയും.*

നഗരസഭ പരിധിയിലെ എല്ലാ നിർമ്മാണത്തിനും കെട്ടിടനിർമ്മാണ അനുമതി ആവശ്യമാണ്. കഴിഞ്ഞവർഷങ്ങളിൽ നൽകിയ കെട്ടിടനിർമ്മാണ അനുമതികൾ ചുവടെ വിവരിക്കുന്നു.

നിർമ്മാണം പൂർത്തീകരിച്ചാൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട്, കെട്ടിട നിർമ്മാണ ചട്ടം എന്നിവ പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകേണ്ടതായിട്ടുണ്ട്. കഴിഞ്ഞവർഷങ്ങളിൽ നൽകിയ സർട്ടിഫിക്കറ്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കെട്ടിടങ്ങളുടെ എണ്ണം | ഒ.സി |
|---|---|---|
| 2017-18 | 689 | 650 |
| 2018-19 | 516 | 688 |
| 2019-20 | 977 | 815 |
| 2020-21 | 601 | 615 |
| 2021-22 | 411 | 420 |

നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ നൽകി നികുതി നിശ്ചയിക്കേണ്ടതായിട്ടുണ്ട്.

ഇത്തരത്തിലുള്ള ഓരോ നടപടിക്രമത്തിനും, സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി, ബന്ധപ്പെട്ട അധികാരികളുടെ ഉത്തരവ് വാങ്ങിയാണ് സേവനം നൽകുന്നത്.

### *ജനന-മരണ-വിവാഹ രജിസ്ട്രേഷൻ*

നഗരസഭ പരിധിയിൽ നടക്കുന്ന എല്ലാ ജനന-മരണ-വിവാഹങ്ങളും നിർബന്ധിതമായി ഒരു നിശ്ചിത കാലയളവിനുള്ളിൽ നഗരസഭയിൽ രജിസ്ട്രർ ചെയ്യേണ്ടതാണ്. ആവശ്യമായ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലും ചില രേഖകളുടെ അഭാവത്തിൽ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലും, രജിസ്ട്രേഷനും തുടർന്ന് സർട്ടിഫിക്കറ്റും നൽകുന്നു. ഇത്തരത്തിൽ നൽകിയ സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജനന രജിസ്ട്രേഷൻ | 1970 മുതൽ 2012 ജൂൺ വരെ | 173386 എണ്ണം |
| മരണ രജിസ്ട്രേഷൻ | 1970 മുതൽ 2012 ജൂൺ വരെ | 14086 എണ്ണം |
| വിവാഹ രജിസ്ട്രേഷൻ | 2005 മുതൽ 2012 ജൂൺ വരെ | 1023 എണ്ണം |
| പേര് ചേർക്കാനുള്ള അപേക്ഷ | 2005 മുതൽ 2012 ജൂൺ വരെ | അപേക്ഷിച്ചത് – 25618 |

### *കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്*

നിയന്ത്രണത്തിന്റെ ഭാഗമായി നഗരസഭ പരിധിയിലെ എല്ലാ കച്ചവട/ തൊഴിൽ/ വ്യവസായ സ്ഥാപനങ്ങളും നിർബന്ധമായും നഗരസഭയിൽ നിന്നും ലൈസൻസ് നേടേണ്ടതാണ്.

കഴിഞ്ഞ കാലയളവിൽ നഗരസഭയിൽ രജിസ്ട്രർ ചെയ്ത/പുതുക്കിയ കച്ചവട സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർക്കുന്നു.

| Year | D&O Trade | PFA |
|---|---|---|
| 2016-17 | 2344 | 431 |
| 2017-18 | 2508 | 401 |
| 2018-19 | 3752 | 385 |
| 2019-20 | 2700 | 376 |
| 2020-21 | 2693 | 325 |
| 2021-22 | | |

### *ശല്യങ്ങൾ ശമിപ്പിക്കൽ*

പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന വിവിധതരത്തിലുള്ള ശല്യങ്ങൾ ശമിപ്പിക്കുന്നതിനുള്ള അധികാര സ്ഥാപനം നഗരസഭയാണ്. പ്രകൃതിയാൽ ഉണ്ടാകുന്ന ശല്യങ്ങളും മറ്റുള്ളവരുടെ പ്രവർത്തനഫലമായി ഉണ്ടാകുന്ന ശല്യങ്ങളും നഗരസഭ ശമിപ്പിച്ചുവരുന്നു. ഇത്തരത്തിൽ ഓരോ വർഷവും, 200 ഓളം പരാതികൾ ലഭിക്കുന്നുണ്ട്. ഇവ സ്ഥലപരിശോധന നടത്തി ആവശ്യമാണെങ്കിൽ, എതിർകക്ഷിയുടെ ഭാഗം കേട്ടതിന് ശേഷം ഉചിതമായ തീരുമാനമെടുത്ത് ശല്യം ശമിപ്പിക്കുന്നു.

## *സുരക്ഷാപെൻഷനുകൾ*

നഗരസഭ പരിധിയിൽ താമസിക്കുന്ന വിവിധ ദുർബലജനവിഭാഗങ്ങൾക്ക് പ്രതിമാസ പെൻഷൻ നൽകിവരുന്നു. പെൻഷന് അർഹതയുള്ളവർ നഗരസഭയിൽ നിശ്ചിത മാതൃകയിൽ അപേക്ഷ നൽകിയാൽ പരിശോധിച്ച് യോഗ്യതയുള്ളവർക്ക് പെൻഷൻ നൽകുന്നു. നിലവിൽ ചുവടെ സൂചിപ്പിക്കുന്നവർക്ക് വിവിധ പെൻഷൻ നൽകിവരുന്നു.

| ക്രമ നം. | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസ തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 344 | 1600 |
| 2 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 1010 | 1600 |
| 3 | വിധവ പെൻഷൻ | 971 | 1600 |
| 4 | വികലാംഗ പെൻഷൻ | 336 | 1600 |
| 5 | അവിവാഹിത പെൻഷൻ | 34 | 1600 |
| 6 | തൊഴിൽ രഹിതവേതനം | 241 | |

## *വിവിധ പദ്ധതികൾ പ്രകാരമുള്ള വ്യക്തിഗത ആനുകൂല്യങ്ങളുടെ വിതരണം.*

നഗരസഭയുടേയും, സംസ്ഥാന-കേന്ദ്രസർക്കാരിന്റെയും വിവിധ പദ്ധതികൾ പ്രകാരം നിരവധി വ്യക്തിഗത ആനുകൂല്യങ്ങൾ നഗരസഭ വിതരണം ചെയ്യുന്നു. ഇതിനായി അപേക്ഷക്ഷണിച്ച്, ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം വിതരണം ചെയ്യുന്നു. ഇത്തരത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ വിതരണം ചെയ്ത ചില വ്യക്തിഗത ആനുകൂല്യങ്ങളുടെ വിവരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വീട് നിർമ്മാണത്തിന് ധനസഹായം | 993 |
| വീട് മെച്ചപ്പെടുത്തൽ | 1697 |
| കക്കൂസ് നിർമ്മാണം | 150 (ILCS) |
| മുട്ടക്കോഴി വിതരണം | 2062 |
| എരുമ/പശു വിതരണം | 28 |
| വ്യക്തിഗത പൈപ്പ്ലൈൻ കണക്ഷൻ | 1619 |
| ഡ്രൈവിംഗ് പരിശീലനം | 719 |
| വ്യക്തി/ഗ്രൂപ്പ്തല സ്വയംതൊഴിൽ സംരഭങ്ങൾ | 3 |

### *വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണം*

നഗരസഭ നിരവധി സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. ജനന, മരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ കൂടാതെ താഴെപറയുന്ന സർട്ടിഫിക്കറ്റുകളാണ് പ്രധാനമായും വിതരണം ചെയ്യുന്നത്.

1. ബി.പി.എൽ സർട്ടിഫിക്കറ്റ്
2. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
3. ഓക്യുപൻസി സർട്ടിഫിക്കറ്റ്
4. കാലപ്പഴക്ക സർട്ടിഫിക്കറ്റ്
5. ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

ഇവ കൂടാതെ വിവിധ രജിസ്ട്രേഷനുകളും, വിവിധ ലൈസൻസുകളും നഗരസഭ വിതരണം ചെയ്യുന്നു.

### *വിവിധ നിർമ്മാണ/മെച്ചപ്പെടുത്തൽ പ്രവർത്തികൾ*

നഗരസഭയുടെ വിവിധ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ മെച്ചപ്പെടുത്തലുകളും, ഇവയുടെ നിർമ്മാണവും നഗരസഭയുടെ ചുമതലയാണ്. കൂടാതെ കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ മെച്ചപ്പെടുത്തലും പരിപാലനവും നഗരസഭ നിർവ്വഹിച്ച് വരുന്നു.

### *ശുചീകരണം*

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ടതും, പരമവുമായ പ്രവർത്തന മേഖലയാണിത്. നഗരസഭയിലെ പൊതുസ്ഥലത്ത് ഉൽപാദിക്കപ്പെടുന്ന എല്ലാതരം മാലിന്യവും ദിവസവും ശേഖരിച്ച്, കടത്തി, സംസ്ക്കരിച്ച് വരുന്നു. ഇതിനായി 34 തൊഴിലാളികൾ ദിനംപ്രതി തൊഴിലെടുക്കുന്നു. ഇത് കൂടാതെ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം ശേഖരിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റായ ക്ലീൻ കേരള യൂണിറ്റിന്റെ 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവർക്ക് ചെറിയ ഒരു തുക നഗരസഭ ചിലവിനായി നൽകിവരുന്നു. ഇത് കൂടാതെ ഹരിതകർമ്മ സേനയിൽ 30 പേർ ജോലി ചെയ്യുന്നു.

### *തെരുവ് വിളക്കുകളുടെ പരിപാലനം*

നഗരസഭ പരിധിയിലെ തെരുവുവിളക്കുകളുടെ പരിപാലനം നഗരസഭയുടെ ചുമതലയാണ്. നഗരസഭയിൽ താഴെപറയുന്ന ശ്രേണിയിൽ വിളക്കുകൾ ഉണ്ട്.

നിലവിൽ ഇതിന്റെ പരിപാലനം പുറംകരാർ നൽകി നിർവ്വഹിച്ച് വരുകയാണ്. ഇതിനായി നഗരസഭ പ്രതിവർഷം 15 ലക്ഷം രൂപ ചിലവഴിക്കുന്നുണ്ട്.

1. ഹൈമാസ്റ്റ് 3 എണ്ണം
2. സി.എഫ്.എൽ - 36 വാട്സ് –287 എണ്ണം

   25W - 8785 എണ്ണം

   20W - 375 എണ്ണം

   22W - 4200 എണ്ണം

   72W - 200 എണ്ണം

   മിനിമാസ്റ്റ് – 19

### *പൊതുജനങ്ങൾ ആവശ്യപെടുന്ന രേഖകൾ നൽകൽ*

വിവരാവകാശ നിയമം പ്രകാരം, പൊതുജനങ്ങൾ ചോദിക്കുന്ന വിവരങ്ങൾ സമയബന്ധിതമായി നൽകേണ്ട ചുമതലയും നഗരസഭയ്ക്കുണ്ട്. ഇത് സുതാര്യമായി കാര്യങ്ങൾ ചെയ്യുന്നതിന് നഗരസഭയെ പ്രേരിപ്പിക്കുമെങ്കിലും ചിലപ്പോൾ നഗരസഭയ്ക്ക് ഒരു ഭാരമായിമാറുന്നുണ്ട്. 2005 മുതൽ നഗരസഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

### *വിവരാവകാശ നിയമം പ്രകാരമുള്ള അപേക്ഷകൾ*

| വർഷം | എണ്ണം |
|---|---|
| 2017-18 | 40 |
| 2018-19 | 50 |
| 2019-20 | 60 |
| 2020-21 | 164 |
| 2021-22 | 141 |
| Total | 455 |

### *കൈമാറികിട്ടിയ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനങ്ങൾ*

നഗരസഭയ്ക്ക് നിരവധി സ്ഥാപനങ്ങൾ ഇന്ന് കൈമാറികിട്ടിയിട്ടുണ്ട്. ഇവ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനവും നഗരസഭയുടെ ചുമതലയാണ്. ആശുപത്രികൾ,

സ്കൂളുകൾ, കൃഷിഓഫീസുകൾ, മൃഗാശുപത്രികൾ, അംഗൻവാടികൾ, പട്ടികജാതി ഓഫീസ്, വ്യവസായ വികസന ഓഫീസ് എന്നിവ നഗരസഭയുടെ കീഴിലാണ്. ടി സ്ഥാപനങ്ങൾ വഴി നിരവധി സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നൽകിവരുന്നത്.

**കൈമാറികിട്ടയ സ്ഥാപനങ്ങൾ**

| | |
|---|---|
| സ്കൂളുകൾ | - 9 |
| അംഗൻവാടികൾ | - 64 |
| കൃഷിഭവൻ | - 1 |
| ആശുപത്രികൾ | - 3 |
| മൃഗാശുപത്രി | - 1 |
| പട്ടികജാതി വികസന ഓഫീസ് | - 1 |
| വ്യവസായ വികസന ഓഫീസ് | - 1 |

### *സദ്ഭരണത്തിന്റെ വിവിധ ഉപകരണങ്ങൾ*

### *പൗരാവകാശ രേഖ*

സദ്ഭരണം യാഥാർത്ഥ്യമാക്കണമെങ്കിൽ ആത്മാർത്ഥതയും അതിനനുസരിച്ചുള്ള പ്രവർത്തനവും മാത്രംപോരാ, ചില സാങ്കേതിക വിദ്യകളെ കൂട്ടുപിടിച്ചേ ഇന്നത്തെ ലോകത്തിൽ ഭരണനിർവ്വഹണം നടത്താൻ കഴിയൂ. സദ്ഭരണത്തിന്റെ യഥാർത്ഥ ഗുണങ്ങൾ കൃതൃമായും ഗുണമേന്മയോടും ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണെമെങ്കിൽ അതിനെകുറിച്ച് ജനങ്ങൾക്ക് പൂർണ്ണബോധ്യം ഉണ്ടാവേണ്ടത് ആത്യാവശ്യമാണ്. ഇതിന് താഴെപറയുന്ന വിഷയങ്ങളെകുറിച്ച് പൊതുജനത്തിന് പൂർണ്ണ അറിവ് ആവശ്യമാണ്.

1. നഗരസഭയിൽ നിന്നും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ
2. പ്രസ്തുത സേവനങ്ങൾ ലഭ്യമാവുന്നതിന് ആവശ്യമായരേഖകൾ
3. സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ
4. സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ കുറഞ്ഞസമയം
5. സേവനം ലഭിക്കാത്ത പക്ഷം സ്വീകരിക്കേണ്ട പരാതി പരിഹാര മാർഗ്ഗങ്ങൾ

ഇത്തരം വിഷയങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രധാന ചുവടുവയ്പ്പാണ് പൗരാവകാശ രേഖ. ആയത് നഗരസഭയുടെ നിയമപരമായ ബാധ്യത കൂടിയാണ്. പ്രസ്തുത പൗരാവകാശരേഖ നടപ്പുവർഷം പ്രസിദ്ധീകരിക്കുന്നതാണ്.

### *ഇ-ഗവേണൻസ്*

സാങ്കേതിക വിദ്യയുടെ നേട്ടങ്ങളെ സ്വാംശീകരിച്ച് നഗരസഭയുടെ സേവനമേഖലയിൽ കൊണ്ട് വരേണ്ടതായിട്ടുണ്ട്. ഇതിന് കഴിഞ്ഞ് 10 വർഷങ്ങളായി നഗരസഭ ശ്രമിക്കുന്നെങ്കിലും പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ആദ്യപടിയായി കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമാക്കാൻകഴിഞ്ഞു. വിവരങ്ങളുടെ കമ്പ്യൂട്ടറിലേക്കുള്ള ശേഖരണവും 50% പൂർത്തിയാക്കൽ കഴിഞ്ഞിട്ടുണ്ട്. ഇന്റെർനെറ്റിന്റെ സാധ്യതകളെയും ചൂഷണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കൃത്യമായ വിവരങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ നൽകുന്നതിന് ഇനിയും കടമ്പകൾ ധാരാളം ഉണ്ട്. ഒരു പേപ്പർരഹിത നഗരസഭയാക്കി ഓൺലൈൻ വഴി അപേക്ഷകൾ സ്വീകരിച്ച് പൊതുജനത്തിന്റെ വീട്ടുപടിക്കൽ സേവനം നൽകുന്ന സ്ഥിതിയും ഈ പഞ്ചവത്സര കാലയളവിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്.

### *എം-ഗവേണൻസ്*

ചലിക്കുന്ന ലോകത്തിൽ, ചലിക്കുന്ന ഭരണനിർവ്വഹണമാണ് ഇന്നിന്റെ ആവശ്യം ദൈനംദിന ജീവിതത്തിൽ വളരെ തിരക്ക് പിടിച്ച പൊതുജനങ്ങൾക്ക് നഗരസഭയിൽ എത്താതെതന്നെ തനിക്ക് ലഭിക്കേണ്ട സേവനങ്ങൾ മൊബൈൽവഴിയും നെറ്റ് വഴിയും ലഭ്യമാക്കുന്ന പരിപാടിയാണ് എം-ഗവേണൻസ്. ഇതിന് നഗരസഭയിലെ എല്ലാ വിഭാഗം ജനങ്ങളുടേയും മൊബൈൽ നമ്പരും ഇ-മെയിലും ആവശ്യമാണ്. കൂടാതെ ജനങ്ങൾ നൽകിയ അപേക്ഷയുടേയും പരാതിയുടേയും ഇപ്പോഴത്തെ അവസ്ഥ വിവിധ സെക്ഷനുകളിൽ വന്ന് തിരക്കാതെ അവരുടെ അടുത്ത് എത്തിക്കുന്നതിനും, അത് വഴി ഭരണനിർവ്വഹണം സുതാര്യമാക്കുന്നതിനും മുൻഗണന നൽകേണ്ടതാണ്.

### *യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ*

നിലവിൽ നഗരസഭയിൽ 23822 കെട്ടിടങ്ങൾ ഉണ്ട്. ഓരോ പൊതുതിരഞ്ഞെടുപ്പിലും, വാർഡുകളുടെ അതിർത്തിമാറുന്നത്, നഗരസഭയിലെ കെട്ടിടങ്ങൾക്ക്, വാർഡടിസ്ഥാനത്തിൽ നമ്പർ നൽകിവരുന്ന സംവിധാനത്തെ കാലഹരണപെടുത്തുന്നു. ഈ സമ്പ്രദായം ഓരോ അഞ്ച് വർഷത്തിലും, പുതിയ കെട്ടിട നമ്പർ നൽകുന്നതിന് നഗരസഭയെ പ്രേരിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി നിലവിൽ ഓരോ കെട്ടിടങ്ങൾക്കും ഒന്നിൽ കൂടുതൽ നമ്പറുകൾ ഉണ്ട്. യഥാർത്ഥ കെട്ടിട നമ്പറുകൾ അറിയാതെ കുഴങ്ങുന്ന

പൊതുജനവും, ഇത് കാരണം അതിലേറെ കുഴങ്ങുന്ന നഗരസഭയുമാണ് ഇന്നുള്ളത്. ഇതിന് ഒരു പരിഹാരമെന്ന രീതിയിൽ യുണീക്ക് നമ്പർ സംവിധാനം ടി പഞ്ചവത്സര കാലയളവിൽ നടപ്പിലാക്കുന്നതാണ്. വാർഡ് അടിസ്ഥാനത്തിൽ അല്ലാതെ ഓരോ കെട്ടിടത്തിനും ഘടികാര ദിശയിൽ 5 അക്കങ്ങൾ അടങ്ങുന്ന നമ്പർ സ്ഥിരമായി നൽകുന്ന സംവിധാനമാണിത്. നഗരസഭയിൽ നൽകുന്ന ഓരോ അപേക്ഷയിലും പ്രസ്തുത നമ്പർ എഴുതിയാൽ കെട്ടിടത്തിനേയും, കെട്ടിടത്തിലുള്ള ആൾക്കാരുടേയും വിവരങ്ങൾ സ്ഥലത്ത് ചെന്ന് പരിശോധിക്കാതെ, പ്രസ്തുത നമ്പർ ഉപയോഗിച്ച് നേരത്തെ തയ്യാറാക്കി വച്ചിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വളരെ വേഗത്തിൽ സേവനം നൽകാൻ കഴിയുന്ന ഒരു സംവിധാനം ഇത് വഴി വികസിപ്പിക്കാൻ കഴിയുന്നതാണ്.

കൂടാതെ ജി.പി.എസ് ന്റെ സഹായത്തോടെ കൃത്യമായ സ്ഥലനിർണ്ണയവും, വിവരങ്ങളുടെ വിശകലനവും നടത്താൻ കഴിയുന്നതോടുകൂടി നഗരസഭയുടെ സേവനം വളരെ മെച്ചപ്പെട്ടതാക്കാൻ കഴിയുന്നതാണ്. ഇതിന്റെ ആദ്യഘട്ടമെന്ന രീതിയിൽ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പൈലറ്റ് പദ്ധതി ആയി 60 ലക്ഷത്തോളം രൂപ ചിലവാക്കി വിവരശേഖരണം പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുകയാണ്.

### *സോഫ്റ്റ് വെയർ*

വിവിധ സേവനങ്ങൾ ഗുണമേന്മയോടെ വേഗത്തിൽ ലഭ്യമാക്കുന്നതിന് നിരവധി സോഫ്റ്റ്‌വെയർ ഐ.കെ.എം വികസിപ്പിച്ചിട്ടുണ്ട്. ഇവയിൽ താഴെപറയുന്നവ നഗരസഭയിൽ വ്യന്യസിപ്പിച്ചിട്ടുണ്ട്.

1. സുലേഖ - നിലവിൽ
2. സാംഖ്യ - ഡബിൾ എൻട്രി
3. സേവന - സിവിൽ രജിസ്ട്രേഷൻ
4. സ്ഥാപന
5. സേവന പെൻഷൻ
6. സഞ്ചിത
7. സജിത്ര
8. സംവേദിത

കൂടാതെ താഴെപറയുന്നവ ഇനിയും വ്യന്യസിപ്പിക്കാനുള്ളവയാണ്. ഇവ നടപ്പുവർഷം തന്നെ വ്യന്യസിപ്പിക്കുന്നതാണ്.

1. സഞ്ചയ
2. സുഗമ
3. സംങ്കേതം
4. സകർമ

### *വിവരങ്ങൾ കമ്പ്യൂട്ടറിൽ ശേഖരിക്കൽ (ഡിജിറ്റലൈസേഷൻ)*

ഇ-ഗവേൺസ് നടപ്പിലാക്കുന്നതിന് ഏറ്റവും ആവശ്യമായ ഒരു മുന്നൊരുക്കമാണ് ഡിജിറ്റലൈസേഷൻ. വളരെയധികം സമയമെടുക്കുന്നതും, അതിലേറെ കൃത്യത പാലിക്കേണ്ടതുമായ ഒരു പ്രവർത്തിയാണിത്. 5 വർഷത്തിന് മുമ്പ് പ്രസ്തുത പ്രവർത്തനം തുടങ്ങി എങ്കിലും ഇപ്പോഴും പൂർണ്ണതയിൽ എത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

### *ജനന-മരണ - വിവാഹ രജിസ്ട്രേഷൻ*

നഗരസഭയിൽ സൂക്ഷിക്കുന്ന വളരെ നിയമ പ്രാധാന്യമുള്ളതും പൊതുജനങ്ങൾ സ്ഥിരമായി ഉപയോഗിക്കുന്നതുമായ രേഖകളാണ് ഇവ. 2005 മുതൽ ലഭിക്കുന്ന അപേക്ഷകൾ നഗരസഭയിൽ ഉടനടി തന്നെ കമ്പ്യൂട്ടറിൽ ശേഖരിക്കാറുണ്ട്. കൂടാതെ 1970 മുതലുള്ള വിവരങ്ങൾ നാളിതുവരെ കമ്പ്യൂട്ടറിൽ ശേഖരിച്ചിട്ടുണ്ട്.

### *കെട്ടിട നികുതി*

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നാണ് കെട്ടിട നികുതി. ഓരോ വർഷവും ശരാശരി 700 പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചു വരുന്നു. നിലവിൽ നഗരസഭയിൽ 23822 കെട്ടിടങ്ങൾ ഉണ്ട്. ഇവയിൽ 23592 എണ്ണത്തിന്റെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ശേഖരിച്ചു കഴിഞ്ഞു. നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി നഗരസഭ ശേഖരിക്കുന്ന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുക എന്ന ഒരു ഗംഭീര പ്രയത്നം നമ്മുടെ മുന്നിലുണ്ട്. ഇത് നടപ്പ് വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

### *ആസ്തികൾ*

നഗരസഭ സ്വയം ആർജ്ജിച്ചതും, കൈമാറികിട്ടിയതുമായ ധാരാളം ആസ്തികൾ നഗരസഭയ്ക്കുണ്ട്. കൂടാതെ ഓരോ വർഷവും പുതിയതായി ആർജ്ജിക്കുന്ന ആസ്തികളും, മെച്ചപ്പെടുത്തുന്ന ആസ്തികളും ഉണ്ട്. ഇത് പൂർണ്ണമായും ഇതിനകം തന്നെ ഡിജിറ്റലൈസ് ചെയ്ത് കഴിഞ്ഞു. ഡിജിറ്റലൈസ് ചെയ്ത ആസ്തികളുടെ വിവരങ്ങൾ താഴെ സൂചിപ്പിക്കുന്നു.

## മലപ്പുറം നഗരസഭയുടെ ആസ്തികൾ

1. കെട്ടിടങ്ങൾ - 188 എണ്ണം
2. പാലങ്ങൾ - 8 എണ്ണം
3. കലുങ്ക് - 19 എണ്ണം
4. ഭൂമി - 20.62 ഏക്കർ (വിട്ട്കിട്ടിയ സ്ഥാപനങ്ങൾ, കോട്ടക്കുന്ന് അമ്യൂസ്മെന്റ് പാർക്ക് എന്നിവയടക്കം)
5. റോഡുകൾ -
   - ടാറിട്ടത് - 331 എണ്ണം - 165.97കി.മീ
   - കോൺക്രീറ്റ് - 151 എണ്ണം - 20.87 കി.മീ
   - മെറ്റൽ റോഡ് - 5 എണ്ണം - 0.51 കി.മീ
   - ഗ്രാവൽ റോഡ്- 12 എണ്ണം - 2.09 കി.മീ
   - കച്ച റോഡ് - 126 എണ്ണം - 21.93 കി.മീ

     മറ്റുള്ളവ - 179

     ആകെ - 890 211.38 കി.മീ
   - നടപ്പാത - 390 83.70 കി.മീ
6. വാഹനങ്ങൾ -
   - എയ്ഷർ ലോറി - 1
   - ടാറ്റാ പിക്കപ്പ് ലോറി - 2
   - ട്രാക്റ്റർ - 1
   - ജീപ്പ് - 2
   - കാർ - 2
   - ബൈക്ക് - 3

### *പ്രശ്നപരിഹാര മാർഗ്ഗങ്ങളും പദ്ധതികളും*

1. ജീവനക്കാരുടെ കുറവ് പരിഹരിച്ച് ആവശ്യമായ പുതിയ തസ്തിക സൃഷ്ടിച്ച്, മികച്ച പരിശീലനം നൽകി മുഴുവൻ ജീവനക്കാരെയും ഒരു സർക്കാർ ജീവനക്കാരൻ എന്നതലത്തിൽ നിന്നും ഉയർത്തി ഒരു പ്രൊഫഷണൽ അപ്രോച്ച് കൊണ്ട് വരുന്നതാണ്.

2. സാങ്കേതിക നേട്ടങ്ങൾ പൂർണ്ണ തോതിൽ ഉപയോഗിക്കുന്നതാണ്.
3. ഫയൽട്രാക്കിംഗ് സംവിധാനം, ടച്ച്സ്ക്രീൻ, മൊബൈൽ ഫോൺ എന്നിവ വഴി വിവരങ്ങൾ പുറം ലോകത്തിൽ എത്തിക്കുന്നതാണ്.
4. ഇ-ഗവേൺസ്, എം-ഗവേൺസ് എന്നിവയുടെ മുഴുവൻ സാധ്യതകളും ഉപയോഗിക്കുന്നതാണ്.
5. പൗരാവകാശ രേഖ തയ്യാറാക്കി എല്ലാ വീടുകളിലും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.
6. ഓഫീസിലെ നിലവിലെ  സ്ഥലകുറവ് പരിഹരിക്കുന്നതും, പഞ്ചവത്സര കാലയളവിനുള്ളിൽ ഒരു കോർപ്പറേഷൻ ഓഫീസിന് സമാനമായ സ്ഥല ലഭ്യതയുള്ള പുതിയ ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതുമാണ്.
7. നിശ്ചിത കാലയളവിനുള്ളിൽ ഓഫീസിൽ പുതിയ ജനസേവന കേന്ദ്രം റിക്കോർഡ്റൂം, എന്നിവ നിർമ്മിക്കുന്നതാണ്.
8. കഴിഞ്ഞ 25 വർഷകാലയളവിനുള്ളിൽ നൽകിയ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ, പശ്ചാത്തല, സേവനമേഖലയിലെ വിവിധ പ്രവർത്തനങ്ങൾ എന്നിവയുടെ വിവരവ്യൂഹം പരമാവധി ശേഖരിച്ച് പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതാണ്.
9. യുണീക്ക് നമ്പർ സംവിധാനം നടപ്പിലാക്കുന്നതാണ്

## കുടിവെള്ളം

### ആമുഖം

പ്രപഞ്ചത്തിന്റെ 73% ജലത്താൽ സമൃദ്ധമാണെങ്കിലും ലോകത്തിലെ 50% ത്തിലധികം ജനത ശുദ്ധമായ വെള്ളം ലഭിക്കാത്തവരാണ് എന്ന വസ്തുത ഒരു യാദൃശ്ചികമാണ്. ഇന്ത്യയിലെ അവസ്ഥയും മറിച്ച് ഒന്നല്ല. തുറസ്സായ കിണറുകളെ കാര്യമായി ആശ്രയിക്കുന്ന ഒരു പ്രദേശമാണ് കേരളം. മലപ്പുറം നഗരസഭയിലെ ഭൂരിഭാഗം ജനങ്ങളും കിണറുകളെയും, പൈപ്പ്ലൈനിനേയുമാണ് ആശ്രയിക്കുന്നത്. KWA യുടെ മുഖ്യ ആശ്രയം കടലുണ്ടി പുഴ തന്നെയാണ്. നഗരസഭയിലെ ജനങ്ങളുടെ കുടിവെള്ളത്തിന്റെ വിവിധ സ്രോതസ്സുകൾ താഴെ പറയും പ്രകാരമാണ്.

മനുഷ്യന്റെ അനിവാര്യമായ ആവിശ്യങ്ങളിൽ ഒന്നാണ് കുടിവെള്ളം. നഗരസഭയുടെ ഭൂപ്രകൃതി അനുസരിച്ച് എല്ലായിടത്തും സുലഭമായി കുടിവെള്ളമെത്തിക്കാൻ പരിമിതികളുണ്ട്. എങ്കിലും നഗരസഭയുടെ ചുമതലയിൽ പെട്ട കാര്യമല്ലെങ്കിൽ പോലും, പൊതുജനങ്ങളുടെ പ്രധാന പ്രശ്നമെന്ന നിലയിൽ നഗരസഭ നിരന്തരം ഇടപെടലുകൾ നടത്താറുണ്ട്. കേന്ദ്രഗവൺമെന്റ് പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.ടി യിലൂടെ പ്രശ്ന പരിഹാരത്തിന് ശ്രമിച്ചെങ്കിലും പൂർണ്ണ പരിഹാരമായിട്ടില്ല. നഗരസഭാ പ്രദേശത്തെ ചുറ്റിയാണ് കടലുണ്ടിപ്പുഴ ഒഴുകുന്നതെങ്കിലും അത് പൂർണ്ണമായും ചൂഷണം ചെയ്യാൻ നമുക്ക് ആയിട്ടില്ല. ഇന്നും പല ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കേന്ദ്ര സർക്കാർ പദ്ധതിയായ യു.ഡി.എസ്.എസ്.എം.ടി പദ്ധതിയിലൂടെ 24 X 7 കുടിവെള്ളം നൽകാൻ ശ്രമിച്ചെങ്കിലും പൂർണ്ണമായി വിജയിച്ചിട്ടില്ല. ഇപ്പോൾ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ ജനസഞ്ചയം പദ്ധതിയിലൂടെ സമീപ പ്രദേശത്തെ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കടലുണ്ടിപ്പുഴയിൽ നാമ്പ്രാണിയിൽ ചെക്ക് ഡാം നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് എസ്റ്റിമേറ്റ് 21.50 കോടി രൂപയാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നൂതന പദ്ധതിയായ ജലജീവൻ മിഷന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് വാട്ടർ സപ്ലൈ സ്കീം പദ്ധതിക്കു വേണ്ടിയുള്ള സർവ്വേ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തുക 150 കോടി രൂപയാണ്.

മുൻവർഷങ്ങളിൽ നടപ്പിലാക്കി ഏതാനും പദ്ധതികൾ

| വർഷം | പദ്ധതി | തുക |
|---|---|---|
| 2010 - 11 | സമ്പൂർണ്ണ കുടിവെള്ള പദ്ധതി(യു.ഡി.എസ്.എസ്.എം.ടി) | 80 ലക്ഷം |
| 2011 - 12 | കാളന്തട്ട കുടിവെള്ള പദ്ധതിക്ക് മുനിസിപ്പൽ വിഹിതം നൽകൽ | 105000/- |
| 2012 - 13 | യു.ഐ.ഡി.എസ്.എസ്.എം.ടി | 12 ലക്ഷം |
| 2013 - 14 | യു.ഐ.ഡി.എസ്.എസ്.എം.ടി സെക്കന്റ് | 25 ലക്ഷം |

| സ്രോതസ്സ് | ജലത്തിന്റെ സ്രോതസ്സ് |
|---|---|
| പൈപ്പ്ലൈൻ | 46.67% |
| കിണർ | 46.41% |
| പൊതുകിണർ | 3.24% |
| പൊതുകുഴൽ കിണർ | 0.58% |
| നദി | 0.45% |
| സ്വകാര്യ കുളം | 0.19% |
| പൊതുകുളം | 0.52% |
| മറ്റുള്ളവ | 1.17% |

നഗരസഭ ജലവിതരണ ശൃംഖല കടലുണ്ടി നദിയിലെ 4 ശിമേസല കിണറുകളെ ആശ്രയിച്ചിരിക്കുന്നു. മണ്ണാർകുണ്ട്, നമ്പ്രാണി, ചാമക്കയം, ഹാജിയാർപള്ളി എന്നിവയാണ് ഇവ. ജലവിതരണ ശൃംഖലയുടെ വിശദവിവരം ചുവടെചേർക്കുന്നു.

| | |
|---|---|
| ഗാർഹിക ഗുണഭോക്താക്കളുടെ എണ്ണം | - 10532 |
| വാണിജ്യ ഗുണഭോക്താക്കളുടെ എണ്ണം | - 514 |
| വ്യാവസായിക ഗുണഭോക്താക്കളുടെ എണ്ണം | - 3 |
| ശുദ്ധീകരണ യൂണിറ്റുകളുടെ എണ്ണം | - 2 (4MLD) |
| സംഭരണ ടാങ്കുകളുടെ എണ്ണം | - 6 |
| പമ്പിംഗ് മെയിൻ ശൃംഖലയുടെ നീളം | - 7.8 കി.മീ |
| വിതരണ ശൃംഖലയുടെ നീളം | - 37 കി.മീ |
| നഗരസഭ പരിധിയിൽ ഒരു ദിവസം വിതരണം ചെയ്യുന്ന ശരാശരി വെള്ളത്തിന്റെ അളവ് | - 10.1 MLD |

പ്രധാനമായും കടലുണ്ടിപുഴയാണ് ജലവിതരണത്തിന്റെ സ്രോതസ്സ്. ഇവിടെ നിന്നും ശേഖരിക്കുന്ന ജലം പ്രധാനമായും 6 സംഭരണടാങ്കുകളിലാണ് ശേഖരിക്കുന്നത്.

| സ്ഥലം | കപ്പാസിറ്റി |
|---|---|
| കോട്ടക്കുന്ന് | 10 ലക്ഷം |
| ചാമക്കയം (old) | 3.5 ലക്ഷം |
| ചാമക്കയം (GL) | 2 ലക്ഷം |
| ഇത്തിൾപറമ്പ്(old) | 0.05 ലക്ഷം |
| പെരുമ്പറമ്പ് (GL) | 5.2 ലക്ഷം |
| കളക്ടറേറ്റ് | 10 ലക്ഷം |

ഇവിടെ ശേഖരിക്കുന്ന ജലം വിതരണ ശൃംഖലവഴി വീടുകളിൽ എത്തിക്കുന്നു. വിതരണത്തിനായി 250 mm AC പൈപ്പുമുതൽ 32 mm PVC വരെ ഉപയോഗിക്കുന്നു.

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഗാർഹിക കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചതായി കാണാവുന്നതാണ്.

| വർഷം | കണക്ഷൻ |
|---|---|
| 2017 | 7712 |
| 2021 | 14465 |

കഴിഞ്ഞ 5 വർഷത്തിനിടയിൽ 26 % ത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതായത് വർഷം ശരാശരി 5 % വർദ്ധനവ് ഉണ്ടാവുന്നു. പുതിയതായി നിർമ്മിക്കുന്ന ഭവനങ്ങൾ, പ്രധാനമായും പൈപ്പ് ലൈനിനെ ആശ്രയിക്കുന്നതും, നിലവിലുള്ള മറ്റ് സ്രോതസ്സുകളെ ഉപേക്ഷിച്ച് പൈപ്പ് ലൈനിനെ ആശ്രയിക്കുന്നതും, പൈപ്പ് ലൈനിനെ ആശ്രയിക്കുന്നവരുടെ എണ്ണം കൂട്ടാൻ കാരണമായി. കിണറുകളിൽ വർഷത്തിലെ എല്ലാ മാസത്തിലും ജലം ലഭ്യമല്ലാത്തതിനാൽ പലരും പുതിയതായി പൈപ്പ് ലൈനിനെ ആശ്രയിക്കുന്നു.

### *തെരുവു ടാപ്പുകൾ*

1990 കളിൽ തെരുവു ടാപ്പുകളുടെ ചുമതല നഗരസഭയ്ക്ക് നൽകുമ്പോൾ ടാപ്പുകളുടെ എണ്ണം 200 ന് താഴെയായിരുന്നു. 2008ൽ 820 ടാപ്പുകൾ ഉണ്ടായിരുന്നു. 2011 സെപ്തംബർ ഒന്നിന് തെരുവു ടാപ്പുകൾ പൂർണ്ണമായും നിർത്തൽ ചെയ്യുന്നതിന് നഗരസഭ തീരുമാനിച്ചു. ഇത് പാവപ്പെട്ട ജനങ്ങളുടെ കുടിവെള്ള വിതരണത്തിനെ സാരമായി ബാധിക്കുമെന്ന് കണ്ടതിനാൽ (37 ലക്ഷം രൂപ KWA യിൽ നഗരസഭ ഒടുക്കി) പകരം സംവിധാനം ഒരുക്കുന്നതിനായി ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വ്യക്തിഗത കണക്ഷൻ നൽകുന്നതിന് തീരുമാനിച്ചു. നിലവിൽ പ്രസ്തുത പരിപാടിയുടെ ഭാഗമായി 980 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനിയും അപേക്ഷ ലഭിക്കുന്ന മുറക്ക് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് പൂർണ്ണമായും കണക്ഷൻ നൽകുന്നതാണ്. പ്രസ്തുത നടപടി വഴി ഒരു വർഷം ഒരു ടാപ്പിന് 5256 രൂപ നിരക്കിൽ 4309920/ രൂപയുടെ ലാഭം വർഷത്തിൽ നഗരസഭയ്ക്ക് ഉണ്ടായി.

## *ജലത്തിന്റെ ക്ഷാമം*

നഗരസഭ പരിധിയിലെ ചില ഭാഗങ്ങളിൽ ഇപ്പോഴും ജലക്ഷാമം അനുഭവപ്പെടുന്നു. പഴയ നഗരസഭ വാർഡുകളായ 3,6,10, 12, 25,26, 27, 32, 34, 35, 40, 16 എന്നിവിടങ്ങളിൽ ഇപ്പോഴും ജലദൗർലഭ്യം ഉണ്ട്. എന്നിരുന്നാലും 50% ജനങ്ങൾക്ക് 24X7 രീതിയിൽ എല്ലാ സമയവും ജലം ലഭ്യമാക്കുന്നതിന് നഗരസഭയ്ക്ക് കഴിയുന്നു. ജലക്ഷാമത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജലക്ഷാമത്തിന്റെ തരം | ക്ഷാമംഅനുഭവപ്പെടുന്ന ജനങ്ങളുടെ ശതമാനം |
|---|---|
| ജലക്ഷാമം ഒട്ടും അനുഭവപ്പെടുന്നില്ല 49.61 | |
| 12 മാസം ജലക്ഷാമം അനുഭവപ്പെടുന്നു. | 20.66 |
| 23 മാസം ജലക്ഷാമം അനുഭവപ്പെടുന്നു. | 21.31 |
| 36 മാസം ജലക്ഷാമം അനുഭവപ്പെടുന്നു. | 5.38 |
| 6 മാസത്തിൽ കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നു | 2.98 |

ഭൂരിഭാഗം വീടുകൾക്കും, വീടിന്റെ പരിസരത്ത് തന്നെ വെള്ളം ലഭിക്കുന്നുണ്ട്. 99% വീടുകൾക്കും വീടിന്റെ പരിസരത്ത് ജലം ലഭ്യമാക്കുന്നുണ്ട്. ഒരാളിന്റെ ഒരു ദിവസത്തെ ശരാശരി ഉപഭോഗം 135 ലിറ്ററായി പരിഗണിച്ചാൽ 68088 ജനങ്ങൾക്ക് വേണ്ട ജലത്തിന്റെ അളവ് 9191880 ലിറ്റർ ജലം (9.2 MLD) ആവശ്യമാണ്. നിലവിലുള്ള സ്രോതസ്സുകളിൽ നിന്നും 11.5 MLD ജലം ലഭ്യമാണ്. എന്നുള്ളതും, ശുദ്ധീകരണ പ്ലാന്റിന്റെ കപ്പാസിറ്റി 9 MLD ആണ് എന്നതും, നിലവിലുള്ള എല്ലാവർക്കും ജലം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ തെളിവാണ്. ഗാർഹികേതര ജലത്തിന്റെ ഉപയോഗവും, ഗാർഹിക ആവശ്യത്തിന് എല്ലാവരും KWA ആശ്രയിക്കുന്നില്ല എന്നതും പരിഗണിക്കുമ്പോൾ നിലവിലെ അവസ്ഥ പര്യാപ്തതയുള്ളതാണ്. എന്നാൽ ഭാവിയിലെ ജനസംഖ്യ വർദ്ധനവ് കണക്കിലെടുത്തും, ജീവിത നിലവാരം ഉയരുമ്പോൾ ആവശ്യമായി വരുന്ന വർദ്ധിത ഉപഭോഗവും (135 ൽ നിന്നും 160 ലേക്ക്) ഭാവിയിലേക്കുള്ള കരുതലും, പുതിയ പദ്ധതിയുടെ ആവശ്യകതയും സൂചിപ്പിക്കുന്നു.

## *UIDSSMT*

നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ജലവിതരണം കാര്യക്ഷമമാക്കുന്നതിനും, എല്ലാവർക്കും, എല്ലായ്പ്പോഴും ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിനുമായി UIDSSMT പദ്ധതി പ്രകാരം ഒരു സമഗ്ര പദ്ധതി നടപ്പിലാക്കിവരുകയാണ്. ഇതിന്റെ ആദ്യഘട്ടമായി തയ്യാറാക്കിയ 19.26 കോടിരൂപയുടെ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിൽ പ്രധാനമായും, നിലവിലുള്ള ഗുണനിലവാരം കുറഞ്ഞ ഇടയ്ക്കിടക്ക് പൊട്ടുന്ന വിതരണ ശൃംഖലയിലുള്ള പൈപ്പുകളെ മാറ്റി പകരം ഗുണനിലവാരമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതും, കടലുണ്ടി പുഴയിൽ പുതിയ തടയണകൾ നിർമ്മിക്കുന്നതും, പുതിയ ശേഖരണ ടാങ്കുകൾ സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.

UIDSSMT പദ്ധതിയുടെ രണ്ടാംഘട്ടമായി നടപ്പിലാക്കുന്ന പദ്ധതിക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. 20 കോടി രൂപ പദ്ധതി ചിലവ് വരുന്ന പദ്ധതി, കേന്ദ്രസർക്കാരിന്റെ അന്തിമപരിഗണനയിലാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി നഗരസഭയിലെ എല്ലാ പേർക്കും എല്ലാ സമയത്തും വെള്ളം നൽകുന്നതിന് കഴിയുന്നതാണ്. ഇതുകൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 7.67 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ശുദ്ധജലലഭ്യതക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രശ്ന പരിഹാരം**

1. വാർഡുകളിൽ മിനി കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുക.
2. കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകൾ മാറ്റി കുടിവെള്ള വിതരണം സുഗമമാക്കുക.
3. കുടിവെള്ളക്ഷാമമുണ്ടാകുമ്പോൾ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിന് നഗരസഭയുടെ ഉടമസ്ഥതയിൽ ഒരു ടാങ്കർലോറി വാങ്ങുക.

### *മലിനജലം*

നിലവിലുള്ള ജലത്തിന്റെ സ്രോതസ്സിനെ മലിനമാക്കുന്നത് തടയുന്നതിന് വ്യക്തമായ പദ്ധതികൾ ആവശ്യമാണ്. എന്നാൽ നിലവിൽ ഇത്തരത്തിലുള്ള ഒരു ശാസ്ത്രീയവുമായ സംവിധാനവും ഇല്ല. നിലവിൽ റോഡിലുള്ള മഴവെള്ളത്തിനെ ശേഖരിച്ച് കടത്തിവിടുന്നതിനുള്ള ചില ഓടകൾ മാത്രമാണ് നഗരസഭയിലുള്ളത്. എന്നാൽ മനുഷ്യസഹജമായി ഉണ്ടാകുന്ന മലിനജലത്തിനെ ശുദ്ധീകരിച്ച് കടത്തിവിടുന്നതിനുള്ള സംവിധാനം നഗരസഭയിലില്ല.

### *ഡ്രൈനേജ് ശൃംഖല*

നിലവിലുള്ള ഡ്രൈനേജ് ശൃംഖല, സമഗ്രമോ, കാര്യക്ഷമമോ അല്ല. റോഡുകളിലും, അല്ലാതെയും ഉണ്ടാകുന്ന മഴവെള്ളം ശേഖരിക്കുന്നത്, റോഡിന്റെ വശങ്ങളിൽ ഉള്ള ഓടകളിലാണ്. ഇത് റോഡിന്റെ 15% ഏരിയ മാത്രമേ കവർ ചെയ്യുന്നുള്ളൂ. ഇത്തരത്തിലുള്ള ഓടകളുടെ നീളം 25.26 കിലോമീറ്റർ ഉണ്ട്. ഇത്തരത്തിലുള്ള ഓടകളിൽ നിന്നും ശേഖരിക്കുന്ന മഴവെള്ളം പ്രധാനമായും വലിയ തോടിലാണ് ഒഴുകിയെത്തുന്നത്. കൂടാതെ മറ്റ് ചില ഭാഗങ്ങളിൽ കടലുണ്ടി പുഴയിലും എത്തിച്ചേരുന്നു. നിലവിലുള്ള ഓടകൾ ശാസ്ത്രീയമായി ബന്ധിപ്പിക്കാത്തതിനാൽ, പലപ്പോഴും ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്നില്ല. ഇത് റോഡുകളുടെ ഉപരിഭാഗത്തിന് കേടുവരുന്നതിന് കാരണമാകുന്നു. എന്നാൽ സ്ഥലത്തിന്റെ കിടപ്പിലുള്ള പ്രത്യേകതകാരണം വെള്ളപ്പൊക്കം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകാൻ സാധ്യതയില്ല. ഇത്തരത്തിലുള്ള പ്രത്യേകതയാൽ ഇങ്ങനെ ശേഖരിക്കപ്പെടുന്ന മഴവെള്ളം, കടലുണ്ടി പുഴയിലോ വലിയതോടിലോ എത്തുകയാണ് ചെയ്യുന്നത്.

### *സ്വീവറേജ് സംവിധാനം*

മലപ്പുറം നഗരസഭയിൽ നിലവിൽ സ്വീവറേജ് സംവിധാനം ഇല്ല. ഇത് നിലവിലുള്ള ശുദ്ധജല സ്രോതസ്സുകളായ കിണറിനെയും കടലുണ്ടിപുഴയെയും മലിനമാക്കുന്നു. സംസ്ഥാനതലത്തിൽ നടത്തിയ ഒരു പഠന റിപ്പോർട്ട് വെളിവാക്കുന്നത് സംസ്ഥാനത്തെ 94% കിണറുകളിലെയും ജലം കോളിഫാം ബാക്ടീരിയയുടെ സാന്നിധ്യത്താൽ മലിനമാണ് എന്നാണ്. മലപ്പുറം നഗരസഭയിലെ കിണറുകളുടേയും അവസ്ഥ വിഭിന്നമല്ല.

പുഴകളും തോടുകളും, കിണറുകളും മലിനമാക്കുന്നതിന് നഗരത്തിലെ ചില വ്യാപാര സ്ഥാപനങ്ങളും കാരണമാകുന്നതിനായി കണ്ടിട്ടുണ്ട്. ആശുപത്രി ഉൾപ്പെടെയുള്ള ചില വ്യാപാര സ്ഥാപനങ്ങൾ, മഴവെള്ളം ശേഖരിക്കുന്നതിനായുള്ള ഓടയിലേക്ക് മലിനജലം ഒഴുക്കിവിടുന്നതായി കാണുന്നു. കൂടാതെ ചില ഭവനങ്ങളിലും അവിടെ ഉൽപാദിപ്പിക്കുന്ന

മലിനജലം ഇത്തരത്തിൽ ഓടകളിലേക്ക് ഒഴുക്കിവിടുന്നുണ്ട്. ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നതാണ്.

### *സ്വപ്റ്റേജ് സംവിധാനം*

നഗരസഭ പരിധിയിലെ 98% ജനങ്ങളും സെപ്റ്റിക് ടാങ്ക് ഉപയോഗിക്കുന്ന വരായി 2010 ലെ സാമൂഹിക സാമ്പത്തിക സർവ്വേ വെളിവാക്കുന്നു. അവശേഷി ക്കുന്ന 2% ജനങ്ങൾ Pit latrine ഉപയോഗിക്കുന്നു. അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന സെപ്റ്റിക് ടാങ്കുകൾവഴി, ഭൂഗർഭ ജലവും, അതുവഴി, സമീപ കിണറുകളും മലിനമാകുന്നു. ഇത് തടയുന്നതിനായി ഒരു തരത്തിലും, ചോർച്ചയില്ലാത്ത സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ച്, മനുഷ്യമലം നിറയുമ്പോൾ ഇതിനെ ശേഖരിച്ച്, ശുദ്ധീകരണ യൂണിറ്റിലേക്ക് കൊണ്ട്പോയി വളമാക്കി മാറ്റേണ്ടതായിട്ടുണ്ട്. ഇത് വഴി, കക്കൂസുകൾ മലിനമാകുന്ന ഭൂഗർഭ ജലത്തിന്റെ വ്യാപനം തടയാവുന്നതാണ്.

നിലവിലുള്ള പോരായ്മകൾ/കുറവുകൾ പരിഹരിക്കുന്നതിനായി നഗരസഭ വിശദമായ പദ്ധതികൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. ബയോവേസ്റ്റ് നിർമാർജ്ജനത്തിന് നഗരസഭ യുടെ സ്വന്തം സ്ഥലമായ ട്രെൻഞ്ചിംഗ് ഗ്രൗണ്ടിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുവ രുന്നു ഇതിനായി വേൾഡ് ബാങ്ക് 11 കോടി അനുവദിച്ചിട്ടുണ്ടു. പ്രാരംഭ പ്രവർത്തന ങ്ങൾക്കായി 1.25 കോടിയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. ഇത് വഴി Septage വിഷയം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്ന് നഗരസഭ പ്രതീക്ഷിക്കുന്നു.

### *പരിഹാരം*

മലിനജല വിഷയം പരിഹരിക്കുന്നതിനായി, വിശദമായ പദ്ധതി, ഇതിനകം തയ്യാറാക്കി UIDSSMT പ്രകാരം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് അംഗീകാരത്തിന്റെ അന്തിമഘട്ടത്തിലാണ്. നിലവിലുള്ള ഓടകൾ എല്ലാം മൂടിയ/പൈപ്പ് ലൈൻ ശൃംഖല കൊണ്ട് നിർമ്മിച്ച്, മലിനജലം ശേഖരിച്ച്, വലിയ തോടിൽ എത്തിച്ച്, അവിടെവച്ച് ശുദ്ധീകരിച്ച് പുഴയിലേക്ക് വിടുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇത് നഗരസഭ പരിധിയിലെ ഏകദേശം 30% ഏരിയയും 60% ജനത്തിന്റെയും ആവശ്യം നിറവേറ്റുന്നതാണ്. പ്രസ്തുത പദ്ധതിക്ക് 50 കോടി രൂപ ചിലവ് മതിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി, നിലവിലുള്ള മലിനജലത്തിന്റെ വിഷയങ്ങൾ ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നതാണ്.

# പൊതുമരാമത്ത്

***ആമുഖം***

വികസനത്തിന്റെ ചിത്രം എപ്പോഴും പൊതുസമൂഹം ദർശിക്കുന്നത് പൊതുമരാമത്തിലൂടെയാണ്. വിശിഷ്യാ റോഡ്, പാലം, നടപ്പാതകൾ, ഡ്രൈനേജ്, സഞ്ചാരയോഗ്യമായ റോഡുകൾ, പൊതുജനങ്ങളുടെ ഒരു സ്വപ്നം തന്നെയാണ്. ഇക്കാര്യത്തിൽ നഗരസഭ മുന്നിലാണെന്ന് പറയാം. 1970 ഏപ്രിൽ ഒന്നാം തിയ്യതിക്ക് മുമ്പുണ്ടായിരുന്ന നഗരസഭാ പ്രദേശത്തിന് ജനകീയാസൂത്രണ പദ്ധതി കൂടി വന്നപ്പോൾ ഈ മേഖലയിൽ വൻ കുതിച്ചുചാട്ടം തന്നെയുണ്ടായി. എല്ലാ വാർഡുകളിലും സഞ്ചാര യോഗ്യമായ റോഡുകൾ, റോഡുകൾകൊപ്പം സ്കൂൾ കെട്ടിടങ്ങൾ, അംഗൻവാടി കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവയിലും സമാനമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. ഇന്ന് 40 വാർഡുകളിലും സഞ്ചാര യോഗ്യമായ മനോഹരമായ റോഡുകളുണ്ട്. കഴിഞ്ഞ 25 വർഷത്തിനിടക്ക് ധാരാളം പുതിയ റോഡുകൾ നിർമ്മിക്കുകയും സഞ്ചാര യോഗ്യമല്ലാത്തവ പുനരുദ്ധാരണം നടത്തുകയും ചെയ്തു. പൊതുമരാമത്ത് പണികളെ പൊതുവായി രണ്ടായി തരംതിരിക്കാവുന്നതാണ്. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ എന്നും പരിപാലനം എന്നതും. ഇതിനുപുറമെ മെച്ചപ്പെടുത്തലുകളുമുണ്ട്. വലിയ മുതൽ മുടക്കും പുതിയ സ്ഥലം വേണ്ടിവരുന്നതുമാണ് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ. ഇവ പുതിയ ആസ്ഥി സൃഷ്ടിക്കപ്പെടുന്നു. എന്നാൽ സൃഷ്ടിച്ച ആസ്തികൾ കാലഹരണത്താലും, ഉപയോഗത്താലും , ശോഷണം സംഭവിക്കുമ്പോൾ പൂർവ്വ സ്ഥിതിയിലാക്കാൻ വേണ്ടി നടത്തുന്ന പണികളെയാണ് പരിപാലനം എന്ന് വിശേഷിപ്പിക്കുന്നത്. നിലവിലുള്ള ശേഷിയിൽ നിന്ന് ശേഷി മെച്ചപ്പെടുത്തുന്നതിനെ / വർദ്ധിപ്പിക്കുന്നതിനെ അല്ലെങ്കിൽ നൽകാൻ കഴിയുന്ന സേവനത്തിന്റെ ഗുണം വർദ്ധിപ്പിക്കാൻ കഴിയുന്ന, മറ്റൊരു സേവനം കൂടി നൽകാൻ കഴിയുന്ന പ്രവർത്തികളെ മെച്ചെപ്പെടുത്തൽ എന്ന് വിളിക്കാവുന്നതാണ്.

നഗരസഭയുടെ കീഴിലുള്ള പൊതുമരാമത്ത് പണികളിൽ മുകളിൽ സൂചിപ്പിച്ച എല്ലാ തരം പണികളും വരുന്നതാണ്. എന്നിരുന്നാലും, നഗരസഭതലത്തിൽ നടക്കുന്ന പ്രധാന പണികൾ താഴെപറയുന്നവയാണ്.

1. കെട്ടിട നിർമ്മാണം, പരിപാലനം
2. റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പരിപാലനം
3. ഓടകളുടെ നിർമ്മാണവും പരിപാലനവും
4. പാലങ്ങളുടെ നിർമ്മാണവും, പരിപാലനവും

5. പൊതുസ്ഥലങ്ങൾ, നഗരസഭ ഭൂമികൾ, കുളങ്ങൾ, തോടുകൾ, പുഴകൾ എന്നിവ സംരക്ഷിക്കുന്നതിനായി സംരക്ഷണഭിത്തി കെട്ടുക.

നിലവിൽ ധാരാളം ആസ്തികൾ (കെട്ടിടങ്ങൾ, റോഡുകൾ) സൃഷ്ടിക്കപ്പെട്ടതിനാൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വളരെവലിയ സാധ്യത നഗരസഭയിൽ ഇല്ല. എന്നിരുന്നാലും സ്ഥലലഭ്യത ഇല്ലാത്തതിന്റെ പേരിൽ സൃഷ്ടിക്കപ്പെടാതിരിക്കുന്ന ചില കെട്ടിടങ്ങൾ ഇനിയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്കും, സ്കൂളുകൾക്കും സ്വന്തം സ്ഥലവും കെട്ടിടവും ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുകയാണ്. സ്ഥലത്തിന്റെ അഭാവവും, സ്ഥലം ലഭ്യമാക്കുന്നതിന് ചിലവഴിക്കേണ്ടി വരുന്ന തുകയുമാണ് സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള വെല്ലുവിളി.

നഗരസഭയുടെ വരുമാനത്തിന്റെ ഏകദേശം 40% ത്തോളം തുക ചിലവഴിക്കുന്നത് പൊതുമരാമത്ത് മേഖലയിലാണ്. അടിയന്തിര സ്വഭാവമുള്ള പുതിയ സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങളും, അറ്റകുറ്റ പണികളും നിർവ്വഹിക്കുക എന്നത് ചിലപ്പോൾ ബഡ്ജറ്റിനെ തന്നെ തകിടം മറിക്കാറുണ്ട്. ഇത്രയും വലിയ തുക ഈ മേഖലയിൽ ചിലവഴിക്കുമ്പോൾ തന്നെ, നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥ സംവിധാനം പരിമിതമാണ് എന്നുള്ളത് ഒരു പ്രശ്നമായി നിൽക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥ സംവിധാനമാണ് നമുക്കുള്ളത്.

| | |
|---|---|
| AE | 1 |
| PWO I | 1 |
| PWO II | 2 |
| PWO III | 4 |

അസിസ്റ്റന്റ് എശ്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലെങ്കിലും ഉള്ള ഒരു ഉദ്യോഗസ്ഥന്റെ അഭാവം ഭരണപരമായും, സാങ്കേതികമായും ധാരാളം തടസ്സങ്ങൾ നിലവിൽ സൃഷ്ടിക്കുന്നു. പലപ്പോഴും ബ്ലോക്കിലുള്ള ഉദ്യോഗസ്ഥന്റെ സേവനം തേടേണ്ടിവരുന്നത് നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്.

ഗതാഗത മേഖല :-

6.43% സ്ഥലം ഗതാഗതത്തിനായി ഉപയോഗിക്കുന്നു. നഗരസഭാ പരിധിയിൽ 211.38 കി.മി. നീളം റോഡുകളുണ്ട്. റോഡിന്റെ സാന്ദ്രത 4.87 $km^2/sq.km$ ആണ്. ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചതു മുതൽ നഗരസഭാ പ്രദേശത്ത് പശ്ചാത്തല മേഖലയിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നത് നിഷ്തർക്കമാണ്. നിലവിൽ ഈ മേഖലയിൽ ഉള്ള സ്ഥിതി താഴെ കാണിക്കുന്നു.

**കഴിഞ്ഞ വർഷങ്ങളിലെ ഏതാനും പദ്ധതികൾ താഴെ കാണിക്കുന്നു:-**

| ക്രമനം. | പദ്ധതി | എണ്ണം | കിലോമീറ്റർ | വർഷം |
|---|---|---|---|---|
| 1 | ടാറിട്ട റോഡ് | 331 | 165.97 കി.മി | 2021 വരെ |
| 2 | കോൺക്രീറ്റ് റോഡ് | 151 | 20.87 കി.മി | |
| 3 | മെറ്റൽറോഡ് | 5 | 0.51കി.മി | |
| 4 | ഗ്രാവൽ റോഡ് | 12 | 2.09കി.മി | |
| 5 | കച്ച റോഡ് | 126 | 21.93 കി.മി | |
| 6 | മറ്റുള്ളവ | 179 | | |
| **ആകെ** | | **804** | **211.38കി.മി** | |

7 നടപ്പാത 390 83.70കി.മി

8 പാലങ്ങൾ(കടലുിപ്പുഴക്ക് കുറുകെ)

| | കോൺക്രീറ്റ് | റബ്ൾ മാഷ്നറി | സ്റ്റീൽ | വുഡ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| എണ്ണം | 7 | | 1 | 0 | 1 | 9 |
| നീളം | 234.20 | | 78 | | 10.70 | 322.90 |

9 ഓവുപാലം

| | കോൺക്രീറ്റ് | റബ്ൾ മാഷ്നറി | സ്റ്റീൽ | വുഡ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| എണ്ണം | 18 | 7 | | 2 | 1 | 28 |
| നീളം | 103.20 | 38.30 | | 7.70 | 5 | 154.20 |

**ആകെ എണ്ണം** **37**

**ആകെ നീളം** **477.10**

10 വലിയതോട് 1

11 പഴയതോട് 1

12 ബസ്റ്റാന്റ് 1

13 ഓഡിറ്റോറിയം 2

14 വൈറ്റിംഗ് ഷെഡ് 53

15 ബഡ്സ് സ്കൂൾ 1

16 അംഗൻവാടികൾ 35

17 ഹോമിയോആശുപത്രി 1

18 ആയുർവേദ ആശുപത്രി 1

| | | |
|---|---|---|
| 19 | താലൂക്ക് ആശുപത്രി | 1 |
| 20 | മിനി വ്യവസായ കേന്ദ്രം | 1 |
| 21 | ഹാജിയാർപള്ളികുടിവെള്ളം | 1 |
| 22 | സ്ട്രീറ്റ് ലൈറ്റുകൾ | 8000 |
| 23 | കുളിക്കടവുകൾ(കടലുണ്ടി) | 26 |
| 24 | കുളിക്കടവ്(വലിയതോട്) | 1 |

**പുതുതായി വിഭാവനം ചെയ്യുന്ന പദ്ധതികൾ :-**

* കോട്ടപ്പടിയിൽ നിന്നും താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ആശുപത്രി -വാറങ്കോട് ബൈപ്പാസ് നിർമ്മാണം .
* കുന്നുമ്മൽ ജംഗ്ഷൻ നവീകരിച്ച് റൗണ്ട് എബൗട്ട് സ്ഥാപിച്ച് സൗന്ദര്യ വത്കരണം നടത്തുക.
* ടൗണ് ഹാൾ പരിസരത്ത് ഗാന്ധിപ്രതിമ നിർമ്മാണം.
* ഹാജിയാർപള്ളി ഗ്രൗണ്ടിനോടനുബന്ധിച്ച് മലപ്പുറം-പരപ്പനങ്ങാടി റോഡിനഭിമുഖമായി മിനി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
* കടലുണ്ടിപ്പുഴക്ക് സംരക്ഷണഭിത്തി നിർമ്മിക്കുക.
* നഗരസഭക്ക് കടലുണ്ടിപ്പുഴയുടെ തീരത്തിലൂടെ എക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ റോഡുകൾ നിർമ്മിക്കുക.
* ഹാജിയാർ പള്ളി മുതൽ ചാമക്കയം വരെ പുഴയോര റോഡ് നിർമ്മിക്കുക.
* കുന്നുമ്മൽ ടൗണിനോടനുബന്ധിച്ച് ക്ലോക്ക് ടവർ സ്ഥാപിക്കുക.
* ഡി.ആർ.ഡി.എക്ക് സമീപം ടെയ്ക്ക് എ ബ്രെക്ക് നിർമ്മിക്കുക.
* കുന്നുമ്മൽ കോട്ടപ്പടി റോഡുകൾ (എ.കെ റോഡ്,പോലീസ് സ്റ്റേഷൻ റോഡ്) കർശനമായി വൺവേ നടപ്പിലാക്കുക.
* ബസ്റ്റാന്റ് റോഡ് വീതി കൂട്ടി ഡിവൈഡർ സ്ഥാപിക്കുക.
* നിലവിലുള്ള ബസ്റ്റാന്റ് നവീകരിച്ച് ആധുനിക രീതിയിലുള്ള ബസ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
* നിലവിലുള്ള ടൗൺഹാൾ സമുച്ചയം നവീകരിച്ച് പാർക്കിംഗ് സൗകര്യമടക്കമുള്ള ആധുനിക സംവിധാനത്തോട് കൂടിയള്ള ഷോപ്പിംഗ് കോംപ്ലക്സ് കം എസി ഓഡിറ്റോറിയവും ഡിജിറ്റൽ ലൈബ്രറിയും സ്ഥാപിക്കുക.
* ഡലീഷ്യ ഹോട്ടലിന് സമീപത്ത് നിന്നും സ്റ്റാന്റിലേക്കുള്ള റോഡ് സ്ഥലം അക്വയർ ചെയ്ത് വീതി കൂട്ടുക.
* ചെത്തുപാലം(പണിക്കർ തോട് ) വീതികൂട്ടുക
* എ,കെ റോഡിന് ഇരു വശത്തും ഫുട്പാത്തും കൈവരികളും നിർമ്മിക്കുക.

* മഞ്ചേരി റോഡ്, പെരിന്തൽമണ്ണ റോഡ് എന്നിവ വീതി കൂട്ടി ഡിവൈഡറുകൾ നിർമ്മിച്ച് ചെടിക്ളും ലൈറ്റുകളും സ്ഥാപിച്ച് സൗന്ദര്യവത്കരണം നടത്തുക.
* ചെത്തുപാലം-താലൂക്ക് ആശുപത്രി റോഡ് ബന്ധിപ്പിച്ച് സഞ്ചാര യോഗ്യമാക്കുക.

| വർഷം | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| 2012–13 | ജി.എം.യു.പി.എസ് മേൽമുറി കെട്ടിടം | | 6 ലക്ഷം |

***കെട്ടിടങ്ങൾ***

റോഡിതര മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ വർഷം തോറും ഒരു കോടിയിലധികം തുക നൽകാറുണ്ടെങ്കിലും ഓരോ വർഷവും കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സ്കീമുകളിലൂടെ പുതിയ പദ്ധതികൾ ഏറ്റെടുക്കാറുണ്ട്. ഇവയിൽ പൊതുജനങ്ങൾ നേരിട്ട് ആശ്രയിക്കുന്ന ആശുപത്രികൾ, ബസ്റ്റാന്റ്, ഓഡിറ്റോറിയം. കൂടാതെ സർക്കാർ സ്കൂളുകൾ, അംഗൻവാടികൾ എന്നിവയുടെയും സുഗമമായ നടത്തിപ്പിനും പ്രവർത്തനത്തിനും പരിപാലനത്തിനും ഭീമമായ തുക തന്നെ വേണ്ടി വരുന്നുണ്ട്. നഗരസഭയുടെ അധീനതയിലുള്ള പഴയ ഷോപ്പിംഗ് കോംപ്ലക്സുകളടക്കമുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ധാരാളം തുക ആവിശ്യമായി വരുന്നു.

ആരോഗ്യം - ആശുപത്രി കെട്ടിടങ്ങൾ

വിദ്യാഭ്യാസം - സ്കൂൾ കെട്ടിടങ്ങൾ

സാമൂഹ്യക്ഷേമം - അംഗൻവാടി കെട്ടിടങ്ങൾ

ഇവയുടെ പരിപാലനത്തിനായി സർക്കാർ റോഡിതര പരിപാലനത്തിനായി പ്രത്യേകം തുക നഗരസഭയ്ക്ക് നൽകുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഇത്തരത്തിൽ കിട്ടിയ തുകയും ചിലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക | ചിലവഴിച്ച തുക |
|---|---|---|
| 2017-18 | 15970960 | 6032558 |
| 2018-19 | 19692084 | 13450818 |
| 2019-20 | 19003000 | 5703621 |
| 2020-21 | 21575960 | 15347017 |
| 2021-22 | 22397770 | 17803643 |

നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആശുപത്രി കെട്ടിടങ്ങൾ | 6 |
| സ്കൂൾ കെട്ടിടങ്ങൾ | 14 |
| അംഗൻവാടികൾ | 64 |
| നഗരസഭ ഓഫീസ് കെട്ടിടം | 2 |
| ടൗൺഹാൾ | 1 |
| ബസ് സ്റ്റാന്റ്, ഓാഡിറ്റോറിയം | 1 |
| ഷോപ്പിംഗ് കോംപ്ലസുകൾ | 8 |
| മറ്റുള്ളവ | 10 |

നിലവിലുള്ള കെട്ടിടങ്ങൾ പരിപാലിക്കുന്നതിന് വലിയ തുക എല്ലാ വർഷവും വേണ്ടിവരുന്നു. പ്രധാനമായും, ധാരാളം പൊതുജനങ്ങൾ പ്രവേശിക്കുന്ന ആശുപത്രി, ബസ് സ്റ്റാന്റ്, ആഡിറ്റോറിയം, കുട്ടികൾ ധാരാളം ഉള്ള സ്കൂളുകൾ, അംഗനവാടികൾ എന്നിവയ്ക്ക് സാധാരണഗതിയിൽ കൂടുതലായ പരിപാലന ചിലവ് ആവശ്യമായി വരുന്നുണ്ട്. നിലവിലുള്ള കെട്ടിടങ്ങളുടെ പരിപാലനത്തിന് പുറമെ, പുതിയ കെട്ടിടങ്ങളും നിർമ്മാണവും വലിയ വെല്ലുവിളിയാണ്. പഴകിയതും, അപകടം വിളിച്ചുവരുത്തുന്നതുമായ സ്കൂൾ കെട്ടിടങ്ങൾ, സ്ഥലസൗകര്യകുറവ് കൊണ്ട് വീർപ്പ് മുട്ടുന്ന ആശുപത്രി കെട്ടിടങ്ങൾ, എന്നിവ പുതിയ കെട്ടിടങ്ങളുടെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. ഇവ കൂടാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി കെട്ടിടങ്ങൾക്ക് സ്വന്തം കെട്ടിടം എന്ന സ്വപ്നവും.

### *ഊർജ്ജം*

മനുഷ്യജീവന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന ഇന്ധനമാണ് ഊർജ്ജം. യാതൊരു പ്രവർത്തനത്തിനും ഊർജ്ജമില്ലാതെ മുന്നോട്ടുപോകുക അസാധ്യം. വിവിധ തരത്തിലുള്ള ഊർജ്ജ സ്രോതസ്സുകൾ ഉണ്ടെങ്കിലും നാം എല്ലാതരം പ്രവർത്തികൾക്കും ആശ്രയിക്കുന്നത് വൈദ്യുതിയെയാണ്. ആയതിനാൽ ഊർജ്ജമേഖലയിൽ പ്രധാനമായും ചർച്ചചെയ്യുന്നത്, വൈദ്യുതിയെ സംബന്ധിച്ചാണ്.

വൈദ്യുതി എന്ന വിഷയം, നഗരസഭയുടെ വിഷയ പട്ടികയിൽ വരുന്ന ഒന്നല്ല. നഗരസഭകൾക്ക് ഭരണ നിർവ്വഹണം നടത്തുന്നതിനായി ഉണ്ടാക്കിയ ഭരണഘടന ഭേദഗതിയാൽ സൃഷ്ടിച്ച 12ാം പട്ടികയിൽ, 17ാമത്തെ ഗണമായി, തെരുവ് വിളക്കുകളുടെ

പരിപാലനം നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിനനുസൃതമായി, കേരളത്തിൽ രൂപംകൊടുത്ത കേരള മുനിസിപ്പാലിറ്റീസ് ആക്ടും, ചില അധികാരങ്ങൾ നഗരസഭക്ക് നൽകുന്നു. 316ാം വകുപ്പ് പ്രകാരം, വിളക്കുവെക്കുന്നതിനുള്ള അധികാരവും, 316അ പ്രകാരം ഉപഭോക്താക്കൾക്ക്, വൈദ്യുതി വിതരണം ചെയ്യുന്നതിന് വൈദ്യുതിബോർഡുമായി കരാർ ഉണ്ടാക്കി, വിതരണം ചെയ്യുന്നതിനുള്ള അധികാരവും. ഇത്തരത്തിൽ കേരളത്തിൽ തൃശൂർ നഗരസഭ മാത്രമേ ഈ മേഖലയിലേക്ക് കടന്നിട്ടുള്ളൂ. എന്നിരുന്നാലും, ജനങ്ങളുടെ ക്ഷേമവും, സൗകര്യവും ഒരുക്കുന്ന ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ കാര്യമായ ഇടപെടലുകൾ നഗരസഭ നടത്തിയിട്ടുണ്ട്.

നഗരസഭ പരിധിയിലെ എല്ലാവർക്കും വൈദ്യുതി എത്തിക്കുക എന്നതായിരുന്നു 10 ാം പദ്ധതി കാലയളവിൽ നഗരസഭയുടെ പ്രധാനലക്ഷ്യം. 11ാം പദ്ധതി കാലയളവ് പൂർത്തിയായപ്പോൾ ഇത് പ്രാവർത്തികമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിൽ നഗരസഭയിൽ .................. വൈദ്യുതി ഉപഭോക്താക്കൾ ഉണ്ട്.

| വിഭാഗം | 2019 | 2020 | 2021 |
|---|---|---|---|
| ഗാർഹികം | 15150 | 15208 | 15360 |
| വാണിജ്യം | 5357 | 5463 | 5535 |
| കൃഷി | 541 | 551 | 555 |
| വ്യവസായം | 241 | 244 | 265 |
| **ആകെ** | **20699** | **21466** | **21715** |

ഗാർഹിക മേഖലയിലാണ് വൈദ്യുതി ബന്ധത്തിന്റെ സിംഹ ഭാഗവും ഉള്ളത്. എല്ലാ മേഖലയിലും എല്ലാ വർഷവും കണക്ഷനുകളുടെ കാര്യത്തിൽ സ്ഥിരമായ വർദ്ധനവ് ഉണ്ടാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

### *വൈദ്യുതി ഉപഭോഗം*

| വിഭാഗം | 2019 | 2020 | 2021 |
|---|---|---|---|
| ഗാർഹികം | 1920318 | 2250784 | 2529792 |
| വാണിജ്യം | 252332 | 260148 | 266464 |
| കാർഷികം | 28487 | 32178 | 35606 |
| വ്യവസായം | 105469 | 106782 | 273516 |
| **ആകെ** | **2306606** | **2649892** | **3105378** |

നഗരസഭ പരിധിയിലെ വിവിധ ലൈനുകളുടെ നീളം

| | |
|---|---|
| HT ലൈനിന്റെ നീളം | – 68.16 കി.മീ |
| LT ലൈനിന്റെ നീളം | – 285 കി.മീ |
| ട്രാൻസ്ഫോർമറിന്റെ എണ്ണം | – 126 |

മലപ്പുറം നഗരസഭ പരിധിയിലെ വിവിധ കെ.എസ്.ഇ.ബി ഓഫീസുകൾ, മഞ്ചേരി, ഇലക്ട്രിക് സർക്കിളിന്റെ കീഴിലാണ് വരുന്നത്. നഗരസഭാ പരിധിയിൽ താഴെപറയുന്ന കെ.എസ്.ഇ.ബി ഓഫീസുകൾ ഉണ്ട്.

**വിതരണ വിഭാഗം**

ഇലക്ട്രിക് സെക്ഷൻ ഓഫീസ്

1. മലപ്പുറം ഈസ്റ്റ്
2. മലപ്പുറം വെസ്റ്റ്

ഇലക്ട്രിക് സബ് ഡിവിഷൻ, മലപ്പുറം

**പ്രസരണ വിഭാഗം**

110 കെ.വി സബ്സ്റ്റേഷൻ, മുണ്ടുപറമ്പ്

ഉൽപാദന വിഭാഗത്തിൽ നഗരസഭ പരിധിയിലോ, മലപ്പുറം ജില്ലാ പരിധിയിലോ, സ്രോതസ്സുകളോ, ഓഫീസുകളോ ഇല്ല. മലപ്പുറം ജില്ല അയൽജില്ലക്കാരെ ആശ്രയിച്ചാണ് വൈദ്യുതി ഉപയോഗിച്ച് വരുന്നത്.

## *തെരുവ് വിളക്കുകൾ*

തെരുവ് വിളക്കുകൾ പരിപാലിക്കുക എന്നത് നഗരസഭയുടെ ഒരു നിർബന്ധിത ചുമതലയാണ്. നഗരസഭ പരിധിയിൽ താഴെ പറയുന്ന വിളക്കുകൾ പരിപാലിച്ചു വരുന്നു.

| **വിഭാഗം** | **എണ്ണം** |
|---|---|
| സി.എഫ്.എൽ | 4400 |
| എൽ.ഇ.ഡി | 400 |
| ഹൈമാസ്റ്റ് | 3 |
| എസ്.വി.എൽ | 90 |

ഇവയുടെ പരിപാലനം നഗരസഭയാണ് നടത്തി വരുന്നത്. പരിപാലനത്തിന്റെ ഭാഗമായി വൈദ്യുതി ചിലവും, സ്പെയർ പാർട്സും നഗരസഭ വഹിക്കുന്നു/വാങ്ങുന്നു. ആദ്യകാലഘട്ടത്തിൽ വൈദ്യുതിബോർഡ് ആയിരുന്നു, ഇതിന്റെ അറ്റകുറ്റപണികൾ നടത്തിവന്നിരുന്നത്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ നഗരസഭ പുറംകരാറുകാരെതേടി, അറ്റകുറ്റപണി സ്വകാര്യവ്യക്തികളെ ഏൽപ്പിച്ചു. ഇവരുടെ പ്രവർത്തനവും മാതൃകാപരമല്ല. കഴിഞ്ഞ വർഷങ്ങളിൽ തെരുവുവിളക്ക് പരിപാലനത്തിനും, തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജിനത്തിലും ചിലവായ തുക എന്നിവ ചുവടെ വിവരിക്കുന്നു. കരാറുകാർക്ക് അറ്റകുറ്റപണിക്കായി (എ.എം.സി) നൽകിയ തുക.

| | |
|---|---|
| 2019 -20 | **Rs.1447550** |
| 2020-21 - | **Rs.1613750** |
| 2021-22 - | **Rs.1723200** |

നഗരസഭയിൽ വൈദ്യുതിപോലുള്ള പരമ്പരാഗത മാർഗ്ഗങ്ങളിൽ നിന്നു മാത്രമാണ് ഊർജ്ജം ഉപയോഗിച്ച് വരുന്നത്. ഇപ്പോൾ ചെറിയ രീതിയിൽ സൂര്യതാപത്തിൽ നിന്നും, ഊർജ്ജം ശേഖരിക്കുന്നതിനുള്ള ചില നീക്കങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്. ചില പ്രത്യേക തരം കെട്ടിടങ്ങൾക്ക്, സോളാർ പാനൽ നിർബന്ധിതമാക്കിയത്, ഈ മേഖലയിൽ വരും നാളുകളിൽ കുതിച്ച് കയറ്റം ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റൊരു മേഖലയായ ഗോബർ ഗ്യാസ്, മാലിന്യത്തിൽ നിന്നുള്ള (ബയോഗ്യാസ് പ്ലാന്റ്) വാതകം എന്നിവയുടെ ഉൽപാദനം ചെറിയ രീതിയിൽ കണ്ട് വരുന്നു. 12ാം പദ്ധതി കാലയളവിൽ ഈ മേഖലയിൽ നിന്നും പാചകവാതക മേഖലയിൽ 20% സംഭാവന എങ്കിലും നൽകാൻ കഴിയുമെന്ന് നഗരസഭ പ്രതീക്ഷിക്കുന്നു. ഇതിനായി അനർട്ടുമായി ചേർന്ന് 100 പേർക്ക് ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനുള്ള പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് കൂടാതെ സമ്പൂർണ്ണ മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ഏകദേശം 3000 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ നഗരസഭ ഉദ്ദേശിക്കുന്നു. ഇത് 2014 ൽ പൂർത്തീകരിക്കുന്നതാണ്.

നിലവിൽ 70% വീടുകളിലും പാചകത്തിനായി എൽ.പി.ജി ആണ് ഉപയോഗിക്കുന്നത്. മലപ്പുറം നഗരസഭയിൽ ഒരു എൽ.പി.ജി ഗോഡൗൺ ഉണ്ട്. മറ്റൊരു ഊർജ്ജമേഖലയായ

പെട്രോളിയം, ഡീസൽ എന്നിവയുടെ വിതരണകേന്ദ്രം നഗരസഭയിലുണ്ട്. നിലവിൽ 5 പെട്രോൾ പമ്പുകൾ നഗരസഭയിൽ പ്രവർത്തിക്കുന്നു.

### *റോഡുകൾ*

മലപ്പുറം നഗരസഭയിൽ സുശക്തമായ റോഡ് ശൃംഖല ഉണ്ട്. ഇതിൽ ദേശീയ പാതയും, സംസ്ഥാന പാതയും, ജില്ലാ റോഡുകളും, മുനിസിപ്പൽ റോഡുകളും ഉൾപ്പെടുന്നു. മലപ്പുറം നഗരസഭ പ്രദേശം, മലപ്പുറം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്ത് ആയതിനാൽ എല്ലാ ഭാഗത്തേക്കും നയിക്കുന്ന റോഡ് ശൃംഖല ശക്തമാണ്. ദേശീയപാത ആയ പാലക്കാട്-കോഴിക്കോട് (എൻ.എച്ച213), നഗരത്തിന്റെ മദ്ധ്യഭാഗത്ത് കൂടി കടന്നു പോകുന്നു. സംസ്ഥാനപാതകളായ തിരൂർ-മഞ്ചേരി റോഡും, പരപ്പനങ്ങാടി-മലപ്പുറം റോഡും, നഗരത്തിന്റെ മധ്യഭാഗത്തുകൂടിയാണ് പോകുന്നത്. ഇത്തരത്തിൽ കിഴക്ക്-പടിഞ്ഞാറ് ശൃംഖലയും, വടക്ക്-തെക്ക് ശൃംഖലയും നഗരത്തിനെ ബന്ധിപ്പിക്കുന്നു. മറ്റ് പ്രധാനപ്പെട്ട റോഡുകൾ ചുവടെചേർക്കുന്നു.

1. ഹാജിയാർപള്ളി-ഇടയിപ്പാലം റോഡ്
2. കോണോംപാറ-കാരാത്തോട് റോഡ്
3. എ.കെ.റോഡ്
4. മേൽമുറി എം.എസ്.പി ക്യാമ്പ് റോഡ്
5. ജൂബിലി റോഡ്

ഇത് കൂടാതെ 2 ബൈപ്പാസ് റോഡുകളും നഗരസഭ പരിധിയിൽ ഉണ്ട്.

1. മച്ചിങ്ങൽ - മുണ്ടുപറമ്പ് റോഡ്
2. മുണ്ടുപറമ്പ് - കാവുങ്ങൽ റോഡ്

### *റോഡുകളുടെ നീളം*

| വിഭാഗം | നീളം (കി.മീ) |
|---|---|
| എൻ.എച്ച് | 10.52 |
| എസ്.എച്ച് | 17.30 |
| എം.ഡി.ആർ | 12.52 |
| മുനിസിപ്പൽ | 157 |

മുനിസിപ്പൽ റോഡുകളെ ഉപരിതലനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ വിവിധ തരങ്ങളായി വിഭജിച്ചിരിക്കുന്നു.

| | |
|---|---|
| ടാർ | 132 |
| കോൺക്രീറ്റ് | 14.30 |
| മൺ | 10.60 |

നഗരസഭാ പരിധിയിലുള്ള റോഡുകളിൽ ഭൂരിഭാഗവും 3 മീറ്റർ മുതൽ 4 മീറ്റർ വരെ വീതിയുള്ളവയാണ്. നഗരസഭയിലെ റോഡിന്റെ സാന്ദ്രത 4.87 കി.മീ/sq.km ആണ്. ഇത് സംസ്ഥാനത്തെ മറ്റ് നഗരങ്ങളുടെ ശരാശരിയുമായി പൊരുത്തപ്പെടുന്നവയാണ്.

### *റോഡുകളുടെ വിനിയോഗം*

ഓരോ റോഡിനും ഉൾകൊള്ളാവുന്ന വാഹനങ്ങളുടെ എണ്ണം ശാസ്ത്രീയമായി നിശ്ചിയിച്ചിട്ടുണ്ട്. ഇതിനെ ശാസ്ത്രീയമായി കണ്ടെത്തുന്നത് വ്യാപ്തിയെ കപ്പാസിറ്റി കൊണ്ട് ഹരിക്കുമ്പോഴാണ് (V/C Ratio) നാട്പാക്ക് നടത്തിയ പഠനത്തിൽ നഗരത്തിലെ 12 റോഡുകൾ ഉൾക്കൊള്ളാവുന്നതിലും കൂടുതൽ വാഹനങ്ങളെ ഉൾക്കൊള്ളുന്നതായി മനസ്സിലാക്കുന്നു. പോലീസ് സ്റ്റേഷൻ-കുന്നുമ്മൽ റോഡാണ് ഏറ്റവും കൂടുതൽ വാഹനങ്ങളെ കപ്പാസിറ്റിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉൾക്കൊള്ളുന്നത്.

നഗരത്തിലെ പ്രധാന റോഡുകളിലെ വാഹനചലനത്തിനെ കുറിച്ച് സർവ്വേ നടത്തിയതിൽ കോട്ടപ്പടിയിലും, പോലീസ് സ്റ്റേഷനും സമീപമാണ് വാഹനങ്ങളെ കൂടുതലായി കാണാൻ കഴിഞ്ഞത്. കോട്ടപ്പടിയിലും, പോലീസ് സ്റ്റേഷനിലും യഥാക്രമം 4071 ഉം, 4177 ഉം വാഹനങ്ങളെ തിരക്കേറിയ സമയത്ത് ഒരു മണിക്കൂറിനുള്ളിൽ കാണാനായി.

വാഹനങ്ങൾക്ക് പുറമേ, കാൽനടയെ ആശ്രയിക്കുന്നവരുടെ എണ്ണവും, നഗരത്തിലെ പ്രധാന തെരുവുകളിൽ വളരെ കൂടുതലാണ്. നാട്പാക്ക് നടത്തിയ സർവ്വേയിൽ തിരക്കേറിയ ഒരു മണിക്കൂറിൽ (8.45 Am to 9.45 Am) താലൂക്ക് ആശുപത്രിക്ക് മുമ്പിലായി 1235 പേരെയും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനു മുമ്പിലായി (5.00pm to 6.00pm) ഒരു മണിക്കൂറിൽ 1295 പേരെയും കാണാനായി.

ഗതാഗതത്തിനായി പൊതുജനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളെകുറിച്ച് 2010 ൽ വിശദമായ ഒരു സർവ്വേ നടത്തിയിരുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് ഇപ്പോഴും, പൊതുഗതാഗത സംവിധാനത്തിനെ ഉപയോഗിക്കുന്നവർ ധാരാളം പേർ ഉണ്ട് എന്നാണ്. ഗതാഗതത്തിന് വിവിധ വാഹനങ്ങളെ ഉപയോഗിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബസ് | 36% |
| കാർ/ജീപ്പ് | 31% |
| ഇരുചക്ര വാഹനം | 2% |
| ഓട്ടോ | 18% |
| മിനിബസ് | 3% |

### *റോഡിതര ഗതാഗത സംവിധാനങ്ങൾ*

ചെറിയ ദൂരംഗതാഗതത്തിനായി തിരഞ്ഞെടുക്കുന്നത് റോഡിനെയാണ്. എന്നാൽ ദീർഘദൂര ഗതാഗതത്തിനും, ലഭ്യമാണ് എങ്കിൽ; പട്ടണങ്ങൾ തമ്മിലുള്ള ഗതാഗതത്തിനും, മറ്റ് മാർഗ്ഗങ്ങളെ ഉപയോഗിക്കാറുണ്ട്. മലപ്പുറം നഗരസഭയിൽ റെയിൽ ശൃംഖല ഇല്ല. എന്നാൽ 15 കി.മീ മാറി അങ്ങാടിപ്പുറത്തും, 26 കി.മീ മാറി തിരൂരിലും റെയിൽവേ സ്റ്റേഷനുകൾ ഉണ്ട്. ഇത് കൂടാതെ 25 കി.മീ മാറി, എയർപോർട്ടും ഉണ്ട്. എന്നാൽ ജലഗതാഗതമാർഗ്ഗങ്ങൾ ഒന്നും തന്നെ നഗരസഭയിൽ ഇല്ല.

### *നഗരസഭയുടെ ഇടപെടലുകൾ*

നഗരസഭയുടെ ഉടമസ്ഥതയിൽ 157 കി.മീ റോഡുകൾ ഉണ്ട്. ഇവയുടെ മെച്ചപ്പെടുത്തലും, പരിപാലനവും നഗരസഭയുടെ ഉത്തരവാദിത്വമാണ്. വീതികുറഞ്ഞ ചെറിയ റോഡുകളാണ് ഇവയിൽ ഭൂരിഭാഗവും എന്നതാണ് പ്രധാനവെല്ലുവിളി. വസ്തു ഏറ്റെടുത്ത് വീതികൂട്ടുക എന്ന ലക്ഷ്യം കൈവരിക്കാൻ സാമ്പത്തിക അവസ്ഥ അനുവദിക്കുന്നില്ല. ആയതിനാൽ നിലവിലുള്ള റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്തി ആവശ്യമായ ഓടകൾ നിർമ്മിച്ച്, മഴക്കാലത്ത് വെള്ളം കെട്ടിനിന്ന്, റോഡ് ചീത്തയായി പോകുന്നത് തടയുക, എന്നിവയാണ് പരിപാലനത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന് പ്രധാനമായും റോഡ് പരിപാലന ഫണ്ടിനെയാണ് നഗരസഭ ആശ്രയിക്കുന്നത്. കഴിഞ്ഞ 5 വർഷങ്ങളിൽ ഈ ഇനത്തിൽ ലഭിച്ച തുകയും ചിലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക | ചിലവഴിച്ച തുക |
|---|---|---|
| 2017-18 | 170473609 | 158661705 |
| 2018-19 | 20936000 | 16034359 |
| 2019-20 | 22749150 | 4336824 |
| 2020-21 | 28769000 | 20125551 |
| 2021-22 | 17207108 | 16543526 |

ഇതു കൂടാതെ റോഡിന്റെ മെച്ചപ്പെടുത്തലിനും, പരിപാലനത്തിനുമായി വികസന ഫണ്ടിൽ നിന്നും, നഗരസഭയുടെ സ്വന്തം ഫണ്ടിൽ നിന്നും വലിയ ഒരു തുക റോഡുകളുടെ മെച്ചപ്പെടുത്തലിനായി ഉപയോഗിക്കുന്നു.

ഇവ കൂടാതെ എം.പി, എം.എൽ.എ എന്നിവരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും, സംസ്ഥാന സർക്കാരിന്റെ പ്രകൃതിക്ഷോഭ ഫണ്ടിൽ നിന്നും തുകകൾ റോഡ് മെച്ചപ്പെടുത്തുന്നതിനായി ചിലവഴിച്ചിട്ടുണ്ട്. ഇവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **എം.എൽ.എ** | **എം.പി** | **പ്രകൃതിക്ഷോഭം** |
|---|---|---|---|
| 2016-17 | 65000 | - | - |
| 2017-18 | 250000 | 2850000 | - |
| 2018-19 | 600000 | 1775000 | - |
| 2019-20 | 300000 | 1300000 | - |
| 2020-21 | 1900000 | 1250000 | 600000 |
| 2021-22 | 300000 | 600000 | 979727 |

ഇത്തരത്തിൽ വലിയ ഒരു തുക റോഡ് വികസനത്തിനും പരിപാലനത്തിനുമായി നഗരസഭ കഴിഞ്ഞ വർഷങ്ങളിൽ ചിലവഴിച്ചിട്ടുണ്ട്. മറ്റ് നഗരസഭകളുമായി താരതമ്യം ചെയ്യുമ്പോൾ മലപ്പുറം നഗരത്തിലെ റോഡുകളുടെ അവസ്ഥ പൊതുവെ മെച്ചപ്പെട്ടതാണ്.

### *പാർക്കിംഗ് സ്ഥലങ്ങൾ, ബസ് സ്റ്റേഷനുകൾ*

നഗരത്തിൽ പ്രധാനമായും രണ്ട് ബസ് സ്റ്റേഷനുകൾ ഉണ്ട്. കെ.എസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ളതും, നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും. കെഎസ്.ആർ.ടി.സി യുടെ ഉടമസ്ഥതയിലുള്ളവ, പൂർണ്ണമായും കെ.എസ്.ആർ.ടി.സി ബസുകളുടെ ഇടത്താവളത്തിനും, പ്രസ്തുത വണ്ടികളുടെ പരിപാലനത്തിനും, ഓഫീസ് ആവശ്യത്തിനുമായി ഉപയോഗിക്കുന്നു. ഇവിടെ നിന്നും അന്തർസംസ്ഥാന, അന്തർജില്ലാ, ജില്ലക്കകത്തുള്ള സർവ്വീസുകൾ എന്നിവ നടത്തുന്നു. ഈ ബസ് സ്റ്റാന്റ് കുന്നുമ്മൽ സ്ഥിതിചെയ്യുന്നു. ഇവിടെ പുതിയ ഷോപ്പിംഗ് കം ഓഫീസ് കം ബസ്റ്റാന്റ് പണിയുന്നതിന് കെ.എസ്.ആർ.ടി.സി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നഗരത്തിന്റെയും, പ്രത്യേകിച്ച് കുന്നുമ്മൽ പ്രദേശത്തിന്റെ വികസനത്തിനും ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

കോട്ടപ്പടിയിൽ എ.കെ റോഡിന് സമീപത്ത് മുനിസിപ്പൽ ഓഫീസിന് അടുത്തായി നഗരസഭ ഉടമസ്ഥതയിൽ സ്വകാര്യ ബസ്സ്റ്റാന്റ് ഉണ്ട്. ഇവിടെ നിന്നും സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നു.

എടുത്തു പറയത്തക്ക ശാസ്ത്രീയവും വിസ്തൃതിയുമുള്ള വണ്ടിതാവളങ്ങൾ നഗരസഭ പരിധിയിൽ ഇല്ല. എന്നിരുന്നാലും ചെറിയ തരത്തിലുള്ള 3 വണ്ടിതാവളങ്ങൾ നഗരസഭ പരിധിയിൽ ഉണ്ട് (ടാക്സി സ്റ്റാന്റ്). മുനിസിപ്പൽ ബസ് സ്റ്റാന്റിന് എതിരായി, കുന്നുമ്മലിലും, കോട്ടപ്പടിയിലും കൂടാതെ കിഴക്കേത്തലയിലും 3 ചെറിയ ടാക്സി സ്റ്റാന്റ് നഗരസഭ പരിധിയിൽ ഉണ്ട്. ഇതുകൂടാതെ ധാരാളം ഓട്ടോ സ്റ്റാൻുകൾ നഗരസഭ പരിധിയിൽ ഉണ്ട്. ഇവ ചുവടെചേർക്കുന്നു.

കലക്ട്രേറ്റ് ബംഗ്ലാവ് ജംഗ്ഷൻ

കുന്നുമ്മൽ ജംഗ്ഷൻ

മുനിസിപ്പൽ ബസ്സ്റ്റാന്റ് ജംഗ്ഷൻ

കോട്ടപ്പടി

കിഴക്കേത്തല ജംഗ്ഷൻ

വാറംങ്കോട് ജംഗ്ഷൻ

ആലത്തൂർപടി

27ാം മൈൽ

മുണ്ടുപറമ്പ് ബൈപ്പാസ് ജംഗ്ഷൻ

മുണ്ടുപറമ്പ് കോളേജ് ജംഗ്ഷൻ

ചെന്നത്ത് റോഡ്

ഹാജിയാർപള്ളി

മൈലപ്പുറം

ഒതുക്കുങ്ങൽ റോഡിൽ പാണക്കാട്

പരപ്പനങ്ങാടി റോഡിൽ പാണക്കാട്

ശാസ്ത്രീയവും വിസ്തൃതിയുമുള്ള പാർക്കിങ്ങ് സ്ഥലങ്ങളുടെ അഭാവം, റോഡിന്റെ വശങ്ങളിൽ വണ്ടികളുടെ പാർക്കിംഗിന് കാരണമാകുന്നു. ഇത് കാൽനടയാത്രക്കാർക്കും, മറ്റു വണ്ടികൾക്കും ഗതാഗതതടസ്സം സൃഷ്ടിക്കുന്നു. കൂടാതെ കച്ചവട സ്ഥാപനങ്ങളിൽ പലതിനും ആവശ്യത്തിന് പാർക്കിംഗ് ഇല്ലാത്തത്, ഇവിടെ എത്തുന്ന ഉപഭോക്താക്കളെ

റോഡിൽ വണ്ടി പാർക്ക് ചെയ്യുന്നതിന് നിർബന്ധിപ്പിക്കുന്നു. ഇത്തരത്തിൽ വീതി കുറഞ്ഞ റോഡുകൾക്ക് പാർക്കിംഗ് വീണ്ടും ശാപമായി മാറുന്നു.

### *ജംഗ്ഷനുകൾ*

മലപ്പുറം നഗരസഭയിലെ പ്രധാന ജംഗ്ഷനുകൾ ചുവടെ ചേർക്കുന്നു.

കോണോംപാറ ജംഗ്ഷൻ

മച്ചിങ്ങൽ ജംഗ്ഷൻ

കിഴക്കേത്തല ജംഗ്ഷൻ

കോട്ടപ്പടി ജംഗ്ഷൻ

പോലീസ് സ്റ്റേഷൻ ജംഗ്ഷൻ

കുന്നുമ്മൽ ജംഗ്ഷൻ

കലക്ട്രേറ്റ് ജംഗ്ഷൻ

മൂന്നാംപടി ജംഗ്ഷൻ

കാവുങ്ങൽ ജംഗ്ഷൻ

ഹാജിയാർപള്ളി ജംഗ്ഷൻ

മുകളിൽ സൂചിപ്പിച്ച ജംഗ്ഷനുകൾ ഒന്നും തന്നെ ശാസ്ത്രീയമായി വികസിപ്പിച്ച അല്ലാത്തതിനാൽ പലപ്പോഴും, ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ബസ് സ്റ്റാന്റിന്റെ സാമീപ്യവും ആശുപത്രി, സ്കൂളുകൾ എന്നിവയുടെ സാമീപ്യവും ചില ജംഗ്ഷനുകളെ മിക്കസമയത്തും തിരക്കുള്ളതും ചില സമയങ്ങളിൽ ഭയാനകരമായ ഗതാഗത തടസ്സത്തിനും കാരണമാക്കുന്നു.

# ദാരിദ്ര്യ ലഘൂകരണം

## *ആമുഖം*

ദാരിദ്രം ഒരു പ്രാപഞ്ചിക സത്യവും, ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ളതുമാണ്. 680 കോടി വരുന്ന ലോകജനസംഖ്യയിൽ 925 മില്ല്യൺ ആൾക്കാർക്ക് ആവശ്യമായ ഭക്ഷണം ദിവസവും ലഭിക്കുന്നില്ല എന്ന വസ്തുത ലോകത്തെ നാണം കെടുത്തുന്നതാണ്. ഇത്തരത്തിൽ വിശക്കുന്നവരുടെ മൂന്നിൽ രണ്ടുപേരും 6 രാജ്യങ്ങളിലാണ് താമസിക്കുന്നുവെന്നത് വളരെ ആശങ്കയുണർത്തു ന്നതാണ്. ഇതിൽ 60% ത്തോളം വനിതകളാണ്. വിശപ്പിന്റെ പ്രധാന കാരണം ദാരിദ്ര്യമാണ്. ഭക്ഷിക്കുന്നതിനും അന്തസ്സായി ജീവിക്കുന്നതിനും ഉള്ള സൗകര്യവും സാഹചര്യവും ഇല്ലാത്ത ഒരവസ്ഥയാണ് ദാരിദ്ര്യം.

കഴിഞ്ഞ വർഷങ്ങളിൽ ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ടുകൊണ്ട് ഒട്ടനവധി പദ്ധതി കൾ നരസഭ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ ആശ്രയ അന്ത്യോദ യം, കുടുംബശ്രീ, എന്നീ പദ്ധതികളിലൂടെ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്ക് ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ദേശീയ നഗര ഉപജീവനമിഷന്റെ ഭാഗമായി (എം.യു.എൽ.എം) വനിതകൾക്ക് സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകു കയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അതിദാരിദ്ര്യത്തിന്റെ ഗുണഭോക്താക്കളെ കണ്ടെത്തി പട്ടിക തയ്യാറാക്കി അംഗീകാരത്തിനയച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്തെ ദരിദ്രരെ കണ്ടെത്തി അവർക്ക് വേണ്ട എല്ലാ വിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിന് നഗരസഭാ പ്രതി ജ്ഞാബദ്ധമാണ്. ഇതിലേക്കായി നഗരസഭ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

## *ഭാരതത്തിന്റെ അവസ്ഥ*

ലോകത്തിൽ ദരിദ്രരെ സമാനിക്കുന്നതിൽ മുന്നിൽ നിൽക്കുന്ന ഒരു രാജ്യമാണ് ഭാരതം. 130 കോടിയോളം ജനങ്ങളിൽ 37%പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് എന്ന് തെൻഡുൽക്കൽ കമ്മിറ്റി റിപ്പോർട്ട് സൂചിപ്പിക്കുന്നു. UNDP യുടെ 2010 ലെ റിപ്പോർട്ട് പ്രകാരം 37.2% പേർ, ദരിദ്രരാണ്. ഭാരതത്തിലെ ദാരിദ്ര്യത്തിന് പ്രധാനമായും താഴെപറയുന്ന കാരണങ്ങളാണ് ഉള്ളത്.

1. ഭാരതത്തിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥ
2. പ്രാകൃതമായ കൃഷിരീതികൾ.
3. ഗ്രാമീണമേഖലയിൽ കൃഷിക്കുള്ള സ്വാധീനവും ഇപ്പോഴും മഴയെമാത്രം, കൃഷിക്കായി ആശ്രയിക്കുന്നതും.
4. വർദ്ധിച്ച രീതിയിലുള്ള ജനസംഖ്യാ വർദ്ധനവ്.

5. നിരക്ഷരത

6. നഗരഗ്രാമ വ്യത്യാസങ്ങൾ

7. സമ്പത്തിന്റെ അസന്തുലിതമായ കൈവശം

8. സാമൂഹിക അസമത്ത്വവും, അവഗണനയും.

## *കേരളത്തിന്റെ അവസ്ഥ*

ഭാരതത്തിന്റെ പൊതുഅവസ്ഥയിൽ നിന്നും വളരെ വിഭിന്നമാണ് കേരളത്തിന്റെ ദാരിദ്രത്തിന്റെ അവസ്ഥ. അതിനാൽ തന്നെ ദാരിദ്രത്തിനെ അളക്കുന്നതിന് പുതിയൊരു അളവുകോൽ കേരളത്തിന് ആവശ്യമാണ്. കേരളത്തിലെ ഉന്നതമായ സാമൂഹിക നിലവാരവും ഉയർന്ന സാക്ഷരതയും ദാരിദ്രത്തെ അകറ്റുന്നതിന് ഒരുപടിവരെ നമ്മെ സഹായിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ ദാരിദ്രലഘൂകരണത്തിൽ കേരളത്തിന്റെ അനുഭാവത്തിൽ നിന്നും താഴെപറയുന്ന പാഠങ്ങൾ പഠിക്കാവുന്നതാണ്.

1. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലും, രാഷ്ട്രീയത്തിൽ ദാരിദ്രത്തിന് നൽകുന്ന വലിയ സ്ഥാനവും.
2. സമൂഹത്തിൽ വനിതകളുടെ ഇടപെടലും, കുടുംബഘടകത്തിലെ സ്വാധീനവും.
3. കേരളത്തിന്റെ സാമ്പത്തിക വളർച്ചയും ദാരിദ്രത്തിന്റെ അളവും ബന്ധപ്പെടാതിരിക്കുന്നത്.

## *മലപ്പുറത്തിന്റെ അവസ്ഥ*

68088 പേർ തിങ്ങി താമസിക്കുന്ന മലപ്പുറം നഗരസഭയിൽ 2004 ലെ കണക്ക് പ്രകാരം 6212 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയായിരുന്നു. എന്നാൽ 2009 ലെ കണക്ക് പ്രകാരം 4719 കുടുംബങ്ങൾ മാത്രമേ ദാരിദ്രരേഖയ്ക്ക് താഴെയുള്ളൂ എന്നത് നമുക്ക് അഭിമാനിക്കാവുന്ന ഒന്നാണ്. 5 വർഷത്തിനിടയിൽ ദരിദ്ര കുടുംബങ്ങളുടെ എണ്ണം 24% കുറക്കാൻ കഴിയുക എന്നത് നഗരസഭയുടെ ശക്തമായ ഇടപെടൽ കൂടിയാണ്. ഇതിന് സംസ്ഥാന കേന്ദ്രസർക്കാരുകളുടെ വിവിധ പദ്ധതികൾ ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീയുടെ പ്രവർത്തനവും ഇവിടെ എടുത്ത് പറയേണ്ടതാണ്. കേരള സർക്കാരിന്റെ അതിദാരിദ്ര്യ സർവ്വേ പ്രകാരം മലപ്പുറം മുനിസിപ്പാലിറ്റി പരിധിയിൽ 191 പേർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്

## സർക്കാരുകളുടെ ഇടപെടലുകൾ

ദാരിദ്രം നീക്കുന്നതിന് ശക്തമായ നടപടികൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ദാരിദ്രത്തിന്റെ അളവ് 70% ത്തിൽ നിന്നും 37%ത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ഇത് കേരളത്തിൽ 20% താഴെ എത്തിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

## കുടുംബശ്രീ

1995 ൽ നഗരസഭയിൽ കുടുംബശ്രീ പ്രസ്ഥാനം നിലവിൽ വന്നു. ദാരിദ്ര്യം ലഘൂകരിക്കുന്നതിന് ശക്തമായ ഇടപെടലാണ് കുടുംബശ്രീ നടത്തിയിട്ടുള്ളത്. നിലവിലെ അവസ്ഥ താഴെപറയുന്ന പ്രകാരമാണ്.

സി.ഡി.എസ് - 2

എ.ഡി.എസ് - 40

അയൽകൂട്ടങ്ങൾ - 317

അയൽകൂട്ട അംഗങ്ങൾ - 6340

ബി.പി.എൽ അംഗങ്ങൾ - 4719

വ്യക്തിഗത സംരഭങ്ങൾ - 323

സബ്സിഡി നൽകിയ തുക - 2820000 രൂപ

ഗ്രൂപ്പ് സംരംഭങ്ങൾ - 40

ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയ തുക - 6000000 രൂപ

ജെ.എൽ.ജി ഗ്രൂപ്പുകൾ (കൃഷി) - 26

ബാലസഭ - 317

ദാരിദ്ര ലഘൂകരണത്തിന്റെ ഭാഗമായി കുടുംബശ്രീ വഴി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. NSDP
2. SJSRY
3. IHSDP
4. Vambay
5. ILCS

### *ദേശീയചേരി വികസന പദ്ധതി (NSDP)*

ദാരിദ്രർ തിങ്ങിപാർക്കുന്ന ചേരിയുടെ സമഗ്ര വികസനമാണ് ടി പദ്ധതി മുഖാന്തിരം ലക്ഷ്യമിട്ടത്. 199899 ൽ തുടങ്ങിയ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 10619994 രൂപയാണ്. വീടുനിർമ്മാണത്തിനും, ചേരികളുടെ അടിസ്ഥാന വികസനത്തിനും ഉതകുന്ന പൊതുമരാമത്ത് പണികൾക്കുമാണ് പ്രസ്തുത പദ്ധതി തുക ഉപയോഗിച്ചത്.

പ്രസ്തുത പരിപാടി, ഒരു പരിധിവരെ ചേരികളുടെ ഉന്നമനത്തിനും, അതുവഴി ചേരിയിൽ താമസിക്കുന്ന ദരിദ്രരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

### *എസ്.ജെ.എസ്.ആർ.വൈ*

199798 കാലയളവിൽ തുടങ്ങിയ പ്രസ്തുത പദ്ധതി ദാരിദ്ര്യം തുടച്ചുനീക്കുന്നതിന് ദരിദ്രരെ വരുമാനദായക അംഗങ്ങളാക്കുക എന്ന സിദ്ധാന്തത്തിനെ ചുവടുപിടിച്ചാണ് തയ്യാറാക്കിയത്. സ്വയം വരുമാനത്തിനായി, തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യവും കഴിവും ഉണ്ടാക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ സമീപന തന്ത്രം. 1997 മുതൽ 2010 വരെ നഗരസഭയ്ക്ക് 16194381 രൂപ ടി പദ്ധതി പ്രകാരം ലഭിച്ചു. ഇതിൽ 15308645 രൂപ ചിലവഴിച്ചു. പ്രസ്തുത പദ്ധതി പ്രകാരം നിരവധി സ്വയം തൊഴിൽ സംരംഭങ്ങളും, തൊഴിലവസരങ്ങളും വനിതകളുടെ കൂട്ടായ്മയും ഉണ്ടാക്കാൻ കഴിഞ്ഞു. ദാരിദ്രലഘൂകരണത്തിന് SJSRY പദ്ധതി വളരെ സഹായകരമായ ഒരു പദ്ധതി ആയിരുന്നു.

### *വാംബെ*

ദരിദ്രർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ടി പദ്ധതിയുടെ അടങ്കൽ 17320000 ആയിരുന്നു. ഇത് വഴി 427 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. ദാരിദ്ര്യം അനുഭവിക്കുന്നവർക്ക് സ്വന്തമായി ഒരു ഭവനം എന്നത് യാഥാർത്ഥ്യമാക്കുന്നതിന് ഒരു പരിധിവരെ ടി പദ്ധതി സഹായിച്ചു. ഇതിന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും, നടത്തിപ്പിലും കുടുംബശ്രീയുടെ സംഭാവന വളരെ നിസ്തുലമാണ്.

### *ഐ.എച്ച്.എസ്.ഡി.പി*

NSDPയും, വാംബെയും സംയോജിപ്പിച്ച് 11ാം പദ്ധതി കാലയളവിൽ കേന്ദ്രസർക്കാർ തയ്യാറാക്കിയ പദ്ധതിയാണ്. നഗരവത്ക്കരണത്തിന്റ ഉൽപന്നങ്ങളായ ചേരികൾ, ഇന്ന് നഗരങ്ങൾ നേരിടുന്ന വെല്ലുവിളിയാണ്. ചേരികളിലെ 80% നിവാസികളും ദരിദ്രർ ആണെന്നത് ദാരിദ്രലഘൂകരണ പദ്ധതികളെ ചേരിയിലേക്ക് നയിക്കാൻ സർക്കാരിനെ

പ്രേരിപ്പിച്ചു. ഇത്തരുണത്തിൽ സമഗ്ര ഭവനചേരി പരിഷക്കരണ പദ്ധതി ദാരിദ്രം തുടച്ചു നീക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതി ആയിട്ടാണ് നഗരസഭ കാണുന്നത്. നഗരസഭയിലെ തിരഞ്ഞെടുക്കപ്പെട്ട 18 ചേരികളുടെ അടിസ്ഥാന സൗകര്യം ലക്ഷ്യമാക്കി നഗരസഭ തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ തുക 10.45 കോടി രൂപയാണ്. ഇത് വഴി 638 ഭവനങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനും 407 ഭവനങ്ങളുടെ പുനരുദ്ധാരണവും നടത്താൻ കഴിഞ്ഞു, കൂടാതെ ഭൂമിയും, ഭവനവുമില്ലാത്ത 184 പേർക്ക് പാമ്പാട് എന്ന സ്ഥലത്ത് ഭവന സമുച്ചയം പൂർത്തിയായിവരുന്നു.

അടിസ്ഥാന സൗകര്യമേഖലകളായ, ഭവനം, വെള്ളം, വൈദ്യുതി, ശുചീകരണം, പരിതസ്ഥിതി എന്നിവയ്ക്ക് പ്രാധാന്യം നൽകി കോളനികളിൽ നടപ്പിലാക്കിയ പദ്ധതി, ദാരിദ്ര്യത്തെ ചേരികളിൽ നിന്നും തുടച്ചുനീക്കുന്നതിന് ഒരു പരിധിവരെ സാധിച്ചു.

### *ഐ.എൽ.സി.എസ്*

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് ടോയ്‌ലറ്റ് സൗകര്യം ഉണ്ടാക്കുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിപ്രകാരം 70 ലക്ഷം രൂപയുടെ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി വരുന്നു. ഇതുവഴി 775 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നു. ദരിദ്രരെ മാലിന്യം വഴി പകരുന്ന ശല്യങ്ങളിൽ നിന്നും, മറ്റ് മഹാമാരികളിൽ നിന്നും മാറ്റി നിർത്തി മെച്ചപ്പെട്ട ആരോഗ്യപരമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കുന്നതിന് ടി പദ്ധതി സാഹചര്യം ഒരുക്കുന്നതാണ്. ടി പദ്ധതി വിജയിപ്പിക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് വളരെവലുതാണ്.

### *സ്വയം തൊഴിൽ പദ്ധതികൾ*

ദാരിദ്ര്യം തുടച്ചു നീക്കുന്നതിന് സ്ത്രീകളുടെ ഉന്നമനമാണ് ലക്ഷ്യംവക്കേണ്ടത് എന്ന അടിസ്ഥാനത്തിൽ നിരവധി സ്വയം തൊഴിൽ പദ്ധതികൾക്ക് കുടുംബശ്രീ വഴി രൂപം നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ 29 സ്വയംതൊഴിൽ ഗ്രൂപ്പ് യൂണിറ്റുകൾക്ക് നഗരസഭ രൂപം നൽകി. ഓരോ യൂണിറ്റിന്റെയും പദ്ധതി തുക 2.50 ലക്ഷം രൂപയാണ്. ഇതിനായി നഗരസഭ 72.50 ലക്ഷം രൂപ ചിലവഴിച്ചു. ഇതിൽ 9 യൂണിറ്റുകൾ പല കാരണങ്ങളാൽ അടച്ചുപൂട്ടേണ്ടി വന്നു. ഇതുകൂടാതെ GWSP പദ്ധതി പ്രകാരം 10 യൂണിറ്റുകൾ നഗരസഭയിൽ പ്രവർത്തിക്കുന്നു. ഇതിനായി 69.50 ലക്ഷം രൂപ നഗരസഭ ചിലവഴിച്ചിട്ടുണ്ട്. SLHP പ്രകാരം നഗരസഭയിൽ 8 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിന്റെ അടങ്കൽ തുക 8609039 രൂപയാണ്.

ഇത്തരം സ്വയംതൊഴിൽ പദ്ധതികൾ വഴി 920 സ്ത്രീകളും അത് വഴി 42 കുടുംബങ്ങളും ഉപജീവനം നടത്തിവരുന്നു.

സ്വയം തൊഴിൽ സംരഭങ്ങൾ ഇന്ന് കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. ഇതിന് നിരവധി കാരണങ്ങൾ ഉണ്ട്.

1. സംഘടനാ സംവിധാനത്തിന്റെയും, സഹായക സംവിധാനത്തിന്റെയും പോരായ്മ
2. സ്വകാര്യ സംരഭകരുമായുള്ള കടുത്ത മത്സരം.
3. മത്സരക്ഷമത കാഴ്ചവയ്ക്കുന്നതിനുള്ള അടിസ്ഥാന സൗകര്യത്തിന്റെയും മാനുഷിക വിഭാവത്തിന്റെയും കുറവ്.
4. കൂടുതൽ മുതൽ മുടക്കുന്നതിനും, പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. ഉടമസ്ഥബോധം ഇല്ലായ്മ
6. വിപണിയിൽ പിടിച്ചു നിൽക്കുന്നതിനുള്ള കാര്യശേഷിയുടേയും, ഗുണമേന്മയുടേയും അഭാവം.

ഇത്തരത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിലും നഗരസഭയിൽ ഇപ്പോഴും നല്ല രീതിയിൽ നിരവധി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീയുടെ പ്രവർത്തനം ധാരാളം സ്ത്രീകളെ സ്വയം വരുമാന ദായകമാക്കിയിട്ടുണ്ട്. ഇത് വഴി ദാരിദ്ര്യത്തെ ഒരു പരിധിവരെ തുടച്ചുനീക്കാൻ കഴിഞ്ഞു.

### *നഗരസഭയുടെ തനതുപദ്ധതികൾ*

കഴിഞ്ഞ വർഷങ്ങളിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി നിരവധി പദ്ധതികൾ, ജനകീയ ആസൂത്രണ പദ്ധതി പ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ചിലവാക്കിയ തുകയുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

| | | |
|---|---|---|
| 2017-18 | - | Rs.1579924 |
| 2018-19 | - | Rs.3411845 |
| 2019-20 | - | Rs.5072537 |
| 2020-21 | - | Rs.5718270 |
| 2021-22 | - | Rs.451122 |

ദാരിദ്ര്യം പൂർണ്ണമായി തുടച്ചുനീക്കുന്നതിന് ഇനിയും നഗരസഭയ്ക്ക് മുന്നേറേണ്ടതായിട്ടുണ്ട്. ഇതിനായി നിരവധി പദ്ധതികൾ നടപ്പുവർഷത്തെ പദ്ധതിയിലും, പഞ്ചവത്സരപദ്ധതിയിലും ആവിഷ്ക്കരിച്ചിട്ടുണ്ട്. വിശപ്പില്ലാത്ത നഗരം പദ്ധതി എന്ന സ്വപ്ന പദ്ധതി ഇതിന്റെ ഭാഗമായി നടപ്പുവർഷം നടപ്പിലാക്കുന്നതാണ്. ഇതിനായി സംസ്ഥാന സുരക്ഷാമിഷനുമായി ചേർന്ന് 50 ലക്ഷം രൂപയുടെ പദ്ധതിയാണ് നഗരസഭ ആവിഷ്ക്കരിക്കുന്നത്.

ദാരിദ്ര്യം പൂർണ്ണമായും തുടച്ചുനീക്കാനായില്ല എങ്കിലും ദാരിദ്രത്തിന്റെ അളവും കാഠിന്യവും കുറക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനായി നഗരസഭ വിവിധ മേഖലകളിൽ നിന്നുള്ള സമന്വയത്തിന്റെ തന്ത്രം ആവിഷ്ക്കരിക്കുന്നതാണ്.



## സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

ഒരു സ്ത്രീ നന്നായാൽ ഒരു കുടുംബം നന്നായി എന്നും, സ്ത്രീ കുടുംബത്തിന്റെ കെടാവിളക്കാണ് എന്നും ചൊല്ലുണ്ട്. സ്ത്രീ നന്നാകുന്നത് വഴി കുടുംബവും, കുടുംബം നന്നാവുകവഴി സമൂഹവും, സമൂഹം നന്നാവുക വഴി രാഷ്ട്രവും നന്നാകുമെന്ന കാഴ്ചപ്പാട് സ്ത്രീകളുടെ ഉന്നമനത്തിന് നിരവധി പദ്ധതികൾ ആവിഷ്ക്കരിപ്പിക്കുന്നതിന് നഗരസഭയെയും, അതിലുപരി കേന്ദ്ര-സംസ്ഥാന സർക്കാരുകളെയും ഉൽപ്രേര ണയായിട്ടുണ്ട്. മലപ്പുറം നഗരസഭയിൽ 2001ലെ സെൻസസ് പ്രകാരം 29836 സ്ത്രീകളുണ്ടായിരുന്നു. എന്നാൽ 2011 ലെ സെൻസസ് പ്രകാരം 35112 സ്ത്രീകൾ നഗരസഭയിലുണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 52% ആണ്. ചരിത്രപരമായി പിന്നോക്കം പോയ ഒരു പ്രദേശമായ മലപ്പുറം നരസഭയിലെ ജനങ്ങളിൽ സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യവും വളരെ ശോചനീയമായിരുന്നു. ഭൂരിഭാഗം സ്ത്രീകളും സ്കൂൾപഠനം ലഭിക്കാത്തവരായിരുന്നു. ആദ്യകാലത്ത് അറബി മലയാളത്തിലായിരുന്നു എഴുതിയിരുന്നത്. അക്കാലത്ത് മദ്രസ്സാപഠനംകൊണ്ട് അവരുടെ വിദ്യാഭ്യാസ കാലഘട്ടവും അവസാനി പ്പിക്കുകയായിരുന്നു. തന്നിമിത്തം തങ്ങളുടെ കുട്ടികൾക്കുണ്ടാവുന്ന നേരിയ സംശയങ്ങൾ പോലും ദൂരീകരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്തിന് പറയുന്നു, തന്റെ ഭർത്താവയക്കുന്ന കത്ത് വായിക്കാനോ, മറുപടി അയക്കാനോ പരാശ്രയമില്ലാതെ കഴിഞ്ഞിരുന്നില്ല. അക്കാലത്ത് സ്റ്റേജിൽ അരങ്ങേറിയ സുപ്രസിദ്ധ നാടകകൃത്ത് കെ.ടി.മുഹമ്മദിന്റെ ഭദൂരം അരികെ എന്ന നാടകം പലരെയും ഇരുത്തി ചിന്തിപ്പിക്കുന്നതായിരുന്നു.

പ്രദേശത്തെ പലരും ഭാഗ്യാന്വേഷികളായി ഗൾഫിലേക്ക് ചേക്കേറുകയും, വിവിധ രാജ്യക്കാരുമായുള്ള സമ്പർക്കത്തിന്റെയും, വിദ്യാഭ്യാസത്തിന്റെയും കുറവുകൊണ്ട് നഷ്ടപ്പെടുത്തിയ നല്ല ജോലിയും അവരെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടി. ആ മാറ്റം തന്റെ കുടുംബത്തിലും, അയൽക്കാരിലും, സമൂഹത്തിലും പ്രതിഫലിച്ചു. അങ്ങനെ ഭദൂരം അരികെ നിന്നും കത്തുപാട്ടുകളിൽ നിന്നും മോചനം നേടി.

തന്റെ കുട്ടികളെ നന്നായി വളർത്തണമെന്നും, നല്ല വിദ്യാഭ്യാസം നൽകണമെന്നും അവരാഗ്രഹിച്ചു, അതിനായി പ്രവർത്തിച്ചു. സമ്പൂർണ്ണ സാക്ഷരതാ യജ്ഞവും, കുടുംബശ്രീയും മലപ്പുറത്ത് വിജയം കൊയ്തു. കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി ലോകമാധ്യമങ്ങളെ സാക്ഷിനിർത്തി "ചോലക്കാടൻ ആയിഷ" പ്രഖ്യാപിച്ചത് ചരിത്രത്തിന്റെ തങ്കലിപികളിൽ എഴുതപ്പെട്ടതും ആവേശം മുണർത്തി.

കുടുംബശ്രീയുടെ ഉദ്ഘാടനം നടത്തിയത് മുൻ പ്രധാനമന്ത്രി ശ്രീ.അടൽബിഹാരി വാജ്പേയി ആയിരുന്നു. ഈ സുന്ദരനിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചത് നമ്മുടെ കോട്ടക്കുന്ന് ആയിരുന്നു എന്നത് ചരിത്ര നിയോഗമാവാം. അവിടന്നങ്ങോട്ടുള്ള പ്രയാണം വളരെ ദ്രുത വേഗത്തിലായിരുന്നു.

സാക്ഷരതാ യജ്ഞത്തിലൂടെയും, 1995 ൽ സി.ഡി.എസ് നിലവിൽ വന്ന അയൽ കൂട്ടങ്ങളിലൂടെയും നേടിയെടുത്ത അറിവ് സ്ത്രീകളെ വളരെ വേഗം മുഖ്യധാര യിലേക്കെത്തിച്ചു. കുടുംബശ്രീ പ്രവർത്തനത്തിലൂടെ മുഖ്യധാരയിലെത്തി നഗരസഭയുടെ അദ്ധ്യക്ഷപദം വരെ അലങ്കരിക്കാൻ നമ്മുടെ കുടുംബശ്രീ പ്രവർത്തികർക്കായിട്ടുണ്ട്. എന്നത്, കുടുംബശ്രീ പ്രവർത്തനം സ്ത്രീകളുടെ സാമൂഹിക മുന്നേറ്റത്തിൽ വരുത്തിയ മാറ്റത്തിന്റെ ഉത്തര ഉദാഹരണമാണ്. ഇന്ന് വനിത കൂട്ടായ്മയായ സി.ഡി.എസിന് കീഴിൽ നഗരസഭയിൽ 317 അയൽകൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ ആകെ 6340 അംഗങ്ങൾ ഉണ്ട്. ആകെ 323 വ്യക്തിഗത സംരഭങ്ങളും 40 ഗ്രൂപ്പ് സംരഭങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ 26 ജെ.എൽ.ജി ഗ്രൂപ്പുകളും (കൃഷി) 317 ബാലസഭകളും പ്രവർത്തിക്കുന്നു.

നഗരസഭയുടെ വനിത സംരംഭമായ ക്ലീൻകേരള 20ം ഗ്രൂപ്പ് 2008ൽ ജില്ലാതല മികച്ച ക്ലീൻകേരള ഗ്രൂപ്പ് അവാർഡ് നേടി. മൈക്രോ എന്റർ പ്രൈസസ് ഗ്രൂപ്പ് യൂണിറ്റായ Techno world computer unit, Kerashree unit എന്നിവ ജില്ലാതല അവാർഡുകൾ നേടുകയുണ്ടായി. സംസ്ഥാനത്ത് ആദ്യമായി സ്പെഷ്യൽ ലൈവ്ലിഹുഡ് പ്രോജക്ട് ആരംഭിച്ചതും മലപ്പുറം നഗരസഭ സി.ഡി.എസ് ആയിരുന്നു. 201112 Nature fresh പദ്ധതിയും ആരംഭിച്ചു. കൂടാതെ 201011, 201112 വർഷങ്ങളിൽ കേരളത്തിലെ മികച്ച കുടുംബശ്രീ യൂണിറ്റായി നമ്മുടെ കുടുംബശ്രീയെ തിരഞ്ഞെടുത്തിട്ടുണ്ട്.

കുടുംബശ്രീ വഴി നിരവധി ആയ തൊഴിൽ സംരഭങ്ങൾ നമുക്ക് സൃഷ്ടിക്കാൻ ആയി. ഇത് വഴി നിരവധിപേർക്ക് സ്വയം വരുമാന ദായകർ ആവാൻ കഴിഞ്ഞു. നിലവിൽ താഴെസൂചിപ്പിക്കുന്ന യൂണിറ്റുകൾ നഗരസഭയിൽ പ്രവർത്തിക്കുന്നു.

### *മലപ്പുറം നഗരസഭയുടെ കീഴിലുള്ള DWCUA Units*

| | DWCUA UNITS | Project cost |
|---|---|---|
| 1. | Kairali Rexin bag | 250000/- |
| 2. | Amrutha Canteen | 250000/- |
| 3. | Anaswara Vanitha Canteen | 250000/- |

| | | |
|---|---|---|
| 4. | Techno World computer | 250000/- |
| 5. | Soubhagya vanitha canteen | 250000/- |
| 6. | Aiswarya Kerashree unit | 200000/- |
| 7. | Malabar paper plate | 250000/- |
| 8. | Super laundary unit | 200000/- |
| 9. | Clean Kerala unit I | 250000/- |
| 10. | Clean Kerala unit II | 250000/- |
| 11. | Clean Kerala unit III | 250000/- |
| 12. | Clean Kerala unit IV | 250000/- |
| 13. | Priyadarsini Book keeping | 250000/- |
| 14. | Rahmath paper cup | 250000/- |
| 15. | Aurora dress unit | 250000/- |
| 16. | Eastern paper plate | 250000/- |
| 17. | Ruby tailoring | 250000/- |
| 18. | Sree lakshmi vanitha canteen | 250000/- |
| 19. | Fida ladies tailoring | 250000/- |
| 20. | Cattle rearing | 250000/- |

***UWSP***

| | | |
|---|---|---|
| 1. | Harisree Dance collections | 700000//- |
| 2. | Evershine sari designing | 600000/- |
| 3. | Bismi ladies tailoring | 400000/- |
| 4. | Direct marketing | 1500000/- |
| 5. | Almarjan Jewellery works | 400000/- |
| 6. | Hira ladies tailoring | 250000/- |

| | | | |
|---|---|---|---|
| 7. | Shifa driving school | | 1000000/- |
| 8. | Chilld fish | I | 1600000/- |
| 9. | Chilld fish | II | 1600000/- |
| 10. | Chilld fish | III | 1600000/- |

## *Special Lively hood Programme (SLP)*

| | |
|---|---|
| Nature fresh I | |
| Nature fresh II | 2537200/- |
| Nature fresh III | |
| Curry power, House keeping, | 6071745/- |
| packing unit, Santhwanam | |
| green house, Homenurising | |
| pickle unit, Fnishing school | |

ധാരാളം വെല്ലുവിളികൾ, സ്ത്രീകൾ നടത്തുന്ന യൂണിറ്റുകൾ ഇന്ന് നേരിടുന്നു. മത്സരാധിഷ്ഠിത ലോകത്തിൽ, വെല്ലുവിളികളെ നേരിട്ട്മുന്നോട്ടു പോകാൻ കഴിയാത്തതും, കൂട്ടുസംരഭമായതിനാൽ ഉടമസ്ഥാവകാശബോധ മില്ലാത്തതും ചില യൂണിറ്റുകൾ പരാജയപ്പെടാൻ ഇടയായിട്ടുണ്ട്. ഇത്തരത്തിൽ നഗരസഭയിൽ 9 യൂണിറ്റുകൾ പരാജയപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| 1. | Yathrashree Vanitha canteen | 250000/- |
| 2. | Saranya Notebook | 250000/- |
| 3. | Sonikka umbrella | 250000/- |
| 4. | Anaswara soap unit | 250000/- |
| 5. | I tech systems | 250000/- |
| 6. | Rahmath paper cup | 250000/- |
| 7. | Avani vanitha unit | 200000/- |
| 8. | Al-Ameen paper bag | 250000/- |
| 9. | Ladies trend | 250000/- |

കഴിഞ്ഞ 5 വർഷങ്ങളിൽ ജനകീയാസൂത്രണ വാർഷിക പദ്ധതിയുടെ ഭാഗമായി വനിതകൾക്ക് മാത്രമായി 35 പ്രോജക്ടുകളിൽ കൂടി 26626135 രൂപ ചെലവഴിക്കുകയുണ്ടായി, ഇവയിൽ കൃഷി, സ്വയം തൊഴിൽ, ദാരിദ്രനിർമ്മാർജ്ജനം പദ്ധതികൾ വിജയകരമായിരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിൽ നഗരസഭ നടപ്പാക്കിയ വനിത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **വകയിരുത്തിയ തുക** |
|---|---|
| 2017-18 | 1537500 |
| 2018-19 | 3822091 |
| 2019-20 | 10423156 |
| 2020-21 | 3835188 |
| 2021-22 | 7008200 |

202122 വർഷത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി മുട്ടക്കോഴി വിതരണം, ആട് വളർത്തൽ, ത്രീവീലർ - ഫോർവീലർ, ഡ്രൈവിംഗ് പരിശീലനം എന്നീ പദ്ധതികളും, ദാരിദ്ര നിർമ്മാർജ്ജനത്തിൽ വീട് റിപ്പയർ, ഷിഹാബ് തങ്ങൾ ഭവനപദ്ധതി എന്നീ പ്രോജക്ടുകളും വിഭാവനം ചെയ്തിട്ടുണ്ട്.

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇറങ്ങിചെല്ലാൻ അറച്ചു നിന്ന ഒരു സമൂഹത്തെ, സാക്ഷരതായജ്ഞം, കുടുംബശ്രീ, ജാഗ്രതാസമിതി മുതലായ പ്രസ്ഥാനങ്ങളുടെ ചിട്ടയോടെയും സൂക്ഷ്മതയോടെയുമുള്ള പ്രവർത്തനങ്ങൾ കൊണ്ടും, കഴിഞ്ഞ കാലത്ത് നഗരസഭ ആവിഷ്ക്കരിച്ച പദ്ധതികളിലൂടെയും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും, സംസ്ഥാനത്തിന് തന്നെ മാതൃകയേകുന്ന സംഘടനകളുടെ ചുക്കാൻ പിടിക്കാനും, അദ്ധ്യക്ഷപദം അലങ്കരിക്കാനും, സാമൂഹ്യ-സാംസ്കാരിക-ഭരണ നേതൃത്വങ്ങളിൽ പാടവംതെളിയിക്കാനും, വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉൾക്കൊണ്ട് തന്റെയും, കുടുംബത്തിലേയും പെൺകുട്ടികളുടേയും വിജയത്തിന് കളമൊരുക്കാനും നമ്മുടെ നഗരത്തിലെ സ്ത്രീകൾക്ക് സാധിച്ചു എന്നത് ആരെയും വിസ്മയിപ്പിക്കുന്നതും, വരും തലമുറയ്ക്ക് പ്രചോദനം നൽകുന്നതുമാണ്.

ഈ രംഗത്ത് സാമൂഹ്യനന്മ കാംക്ഷിച്ച് നഗരസഭയിലെ മുഴുവൻ ജനങ്ങളെയും, വിശിഷ്യാ സ്ത്രീകളുടെ ഉന്നമനത്തെയും ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്ക്കരിക്കാനും, നടപ്പിലാക്കാനും അതുവഴി മാറ്റത്തിന്റെ ശംഖൊലി മുഴക്കാനും മലപ്പുറം നഗരസഭ പ്രതിജ്ഞാബന്ധമാണ്.

നിലവിൽ കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ വളരെ മുന്നിലാണ്. സാമൂഹികമായി, സ്ത്രീകൾ പുരുഷന്മാരോടൊപ്പവും, വിദ്യാഭ്യാസപരമായി പുരുഷന്മാരേക്കാളും ഒരുപടി മുന്നിലുമാണ്, കേരളത്തിൽ സ്ത്രീകളുടെ അവസ്ഥ നഗരസഭയുടെ ഭരണതലത്തിൽ ഇന്ന് സ്ത്രീകൾ പുരുഷന്മാരേക്കാളും മുന്നിലാണ്. 50% സംവരണം പൊതുതിരഞ്ഞെടുപ്പിൽ വാർഡുകളിൽ കൊണ്ട് വന്നതും, ചെയർമാൻ സ്ഥാനവും, മറ്റ് ഭാരവാഹിത്വവും 50% സംവരണത്തിന്റെ പരിധിയിൽ വരുകവഴി, പദ്ധതിയിൽ കൂടി നഗരസഭ ചെയർമാൻമാർ ഇന്ന് വനിതകളായി മാറിയിരിക്കുകയാണ്. നഗരസഭയിലെ 40 കൗൺസിലർമാരിൽ പകുതിയോളം പേർ വനിതകൾ ആണെന്നത് സ്ത്രീശക്തിയെ വിളിച്ചോതുന്നത് തന്നെയാണ്.

നഗരസഭ പരിധിയിൽ സ്ത്രീകൾക്കെതിരായി അനീതിയോ അസമത്വമേ ഇല്ല എന്നതും, എല്ലാ പെൺകുട്ടികളെയും, ആൺകുട്ടികളെ പോലെ വിദ്യാഭ്യാസത്തിനും, മറ്റ് തൊഴിലിനും അയക്കുന്നതും ന്യൂനപക്ഷ വിഭാഗം വളരെയധികം താമസിക്കുന്ന മലപ്പുറത്തിനെ സംബന്ധിച്ച് എടുത്ത് പറയാവുന്ന ഒന്നാണ്. എന്നാൽ സ്വയംതൊഴിൽ, സർക്കാർ തലത്തിലെ തൊഴിൽ, വിദേശരാജ്യങ്ങളിലെ തൊഴിൽ എന്നിവയിൽ സ്ത്രീകളുടെ സാന്നിധ്യത്തിന് മുന്നേറ്റമുണ്ടെങ്കിലും പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിറകിലാണ്.

### *കുട്ടികൾ*

മലപ്പുറം നഗരസഭയിൽ 202021 ലെ കാനേഷുമായി പ്രകാരം 06 പ്രായത്തിലുള്ള 9272 കുട്ടികൾ ഉണ്ട്. അവരിൽ 4761 ആൺകുട്ടികളും. 4511 പെൺകുട്ടികളുമാണ്. ഒരു രാജ്യത്തിന്റെ ആമൂല്യസമ്പത്താണ് യുവജനത. ആരോഗ്യമുള്ള കുട്ടികളുടെ സംഭാവനയാണ് ആരോഗ്യമുള്ള യുവതലമുറ ലോകത്ത് ഈ അമൂല്യസമ്പത്തിന്റെ ഒന്നാം സ്ഥാനത്ത് ഇന്ത്യയാണ്. അത്കൊണ്ട് തന്നെ ലോകരാഷ്ട്രങ്ങൾ ഇന്ത്യയുടെ ഈ അമൂല്യസമ്പത്തിനെ ഭയപ്പെടുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികൾ നാളത്തെ ഭരണാധികാരികളും, അദ്ധ്യാപകരും, ഭിഷംഗരഭാരും, ശാസ്ത്രജ്ഞരും, നീതിപാലകരും, രാജ്യത്തിന്റെ കാവൽക്കാരുമാവേണ്ടവരാണ് നല്ല സമൂഹത്തിന് വിദ്യാഭ്യാസവും, ആരോഗ്യവുമുള്ള ജനത അനിവാര്യമാണ്. അതിലേക്കുള്ള നമ്മുടെ പ്രയത്നത്തിന്റെ ആദ്യപടിയാണ് നാടിനും, നാട്ടാർക്കും ഉതകുന്നവിധം ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കൽ. കുട്ടികളുടെ ശാരീരിക-മാനസിക വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്.

1970ൽ നിലവിൽ വന്ന നമ്മുടെ നഗരസഭയുടെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് 64 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 1955 പെൺകുട്ടികളും 2090 ആൺകുട്ടികളുമടക്കം ആകെ 4045 കുട്ടികൾ പഠനം നടത്തുന്നു. ആദ്യകാലങ്ങളിൽ ബാലവാടികളിൽ ചേർക്കാൻ അമ്മമാർ വിമുഖത കാട്ടിയിരുന്നു, സാമൂഹ്യ പ്രവർത്തകരുടെ ഇടപെടൽ മൂലം ഇവരുടെ അംഗബലം കൂടി. എന്നാൽ തഴച്ചുവളരുന്ന ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകൾ ഇവരുടെ എണ്ണത്തിൽ കുറവുവരുത്തി. വാർഷിക പദ്ധതിയിൽ ഉൽപ്പെടുത്തി 64 അംഗൻവാടി കളിൽ 26 എണ്ണത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. സ്ഥലപരിമിതിയാണ്, സ്വന്തമായ കെട്ടിടം എന്ന മറ്റ് അംഗൻവാടികളുടെ സ്വപ്നത്തിന് വിഘാതമായി നിൽക്കുന്നത് എങ്കിലും നഗരസഭ കഴിഞ്ഞ പദ്ധതികാലത്ത് കെട്ടിട നിർമ്മാണത്തിന് മാത്രമായി 3700000 രൂപ ചെലവഴിച്ചി ട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പോഷകാഹാര വിതരണത്തിനായി 21000000 രൂപയും ചെലവഴിക്കുകയുണ്ടായി കുട്ടികളുടെ മാനസികവും - കലാപരവുമായ വളർച്ചയെ ലക്ഷ്യമാക്കി ബാലസഭകൾ നടത്തിവരുന്നു. നഗരസഭയിൽ ആകെ 247 ബാലസഭകൾ ഉണ്ട്. കഴിഞ്ഞകാലങ്ങളിൽ അംഗൻവാടികൾക്കായി കളിപ്പാട്ടങ്ങൾ, പാത്രങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവയും വിതരണം ചെയ്യുകയുണ്ടായിട്ടുണ്ട്. ആയതിന് 2300000 രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. വികലാംഗരായ കുട്ടികളെ പരിശോധിച്ച് അവർക്കാവശ്യമുള്ള ഉപകരണങ്ങൾ നഗരസഭ വഴി വിതരണം ചെയ്തുവരുന്നു. ഇത്തരത്തിലുള്ള ഒരു സ്പെഷ്യൽ സ്കൂളിന്റെ അഭാവം നഗരസഭയെ അലട്ടുന്നുണ്ട്.

ഭൗതിക സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വന്തമായി കെട്ടിടമുള്ള മുഴുവൻ അംഗൻവാടികൾക്കും കുടിവെള്ള സംഭരണിയും, ഗ്യാസ് സ്റ്റൗവ് എന്നിവ വിതരണം ചെയ്യുകയും വൈദ്യുതീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി കാലത്ത് മുഴുവൻ അംഗൻവാടികളും വൈദ്യുതീകരിക്കാനും, മുഴുവൻ അംഗൻവാടികൾക്കും കെട്ടിടമുണ്ടാക്കാനും ലക്ഷ്യമിടുന്നു. സർക്കാർ നടപ്പിലാക്കിവരുന്ന പോളിയോ നിർമ്മാർജ്ജന കുത്തിവെപ്പുകൾ നഗരസഭയിലെ 64 അംഗൻവാടികൾ മുഖേന നടത്തിവരുന്നു.

നാളെയുടെ വാഗ്ദാനങ്ങളായ നഗരസഭയിലെ മുഴുവൻ കുട്ടികളുടേയും ആരോഗ്യ-വിദ്യാഭ്യാസ-മാനസിക-ശാരീരിക വളർച്ചക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച്, ആരോഗ്യമുള്ള വിദ്യാഭ്യാസമുള്ള യുവതയെ വാർത്തെടുത്ത് നാടിന് സംഭാവനചെയ്യാൻ വരുന്ന 5 വർഷത്തിനകത്ത് പദ്ധതികൾ ആവിഷ്ക്കരിച്ച്, സമൂഹത്തിന്റെ മുഴുവൻ പിന്തുണയോട്കൂടി നടപ്പിലാക്കാൻകഴിയുമെന്ന് നഗരസഭയ്ക്ക് ഉത്തമ വിശ്വാസമുണ്ട്.

# ആരോഗ്യം

ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത്. കേരളം ആരോഗ്യത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിലാണ്. ലോകാരോഗ്യ സംഘടനകളുടെ കണക്കനുസരിച്ച് കേരളത്തിലെ ജനങ്ങളുടെ ആയുർദൈർഘ്യം യൂറോപ്യൻ രാജ്യങ്ങൾക്ക് സമാനമാണ്. വ്യക്തിശുചിത്വത്തിൽ നാം മുന്നിലാണെങ്കിലും സാമൂഹ്യ ശുചിത്വത്തിൽ നാം പിറകിലാണെന്നത് ഖേദകരമത്രേ. സർക്കാർ മേഖലയിൽ മലപ്പുറം ജില്ലയിൽ ആശുപത്രികൾ കുറവാണ്. ഏക മെഡിക്കൽ കോളേജിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്നത് ശുഭോദർക്കമാണ്.

7000 പോപ്പുലേഷന് ഒരു ഹെൽത്ത് സെന്റർ എന്നാണ് ലിഖിത നിയമമെങ്കിലും മലപ്പുറത്ത് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. നഗരസഭയിലെ മൊത്തം ജനസംഖ്യയായ 68088 പേർക്ക് ആകെയുള്ള ഒരത്താണിയാകട്ടെ, ആദ്യം സർക്കാർ ആശുപത്രിയും, പിന്നീട് സി.എച്ച്.സി ആയി റിവർട്ട് ചെയ്യുകയും ചെയ്ത്, ഇപ്പോൾ ജില്ലാ ആസ്ഥാനത്തെ താലൂക്ക് ആശുപത്രിയാണ്.

മഹാനായ അന്തരിച്ച ശ്രീ.സി.എച്ച്.മുഹമ്മദ്കോയ സാഹിബ്, കേരള വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ആദ്ധ്യാപന പരിശീലന കേന്ദ്രത്തിന് വേണ്ടി പഴയ ഹോസ്റ്റൽ തൊടുവിൽ നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടമാണ് പിൽക്കാലത്ത് മലപ്പുറത്തെ ഏക സർക്കാർ ആശുപത്രിയായി അറിയപ്പെട്ടത്. ഇപ്പോഴും നമ്മുടെ ബ്ലോക്കാശുപത്രിക്ക് അർഹമായ മാറ്റം വന്നിട്ടില്ല. നഗരസഭയുടേയും, ജനപ്രതിനിധികളുടേയും നിരന്തരമായ ഇടപെടൽ നിമിത്തം ഒട്ടൊക്കെ പരിഷ്ക്കാരങ്ങൾ നിലവിൽ വിന്നിട്ടുണ്ട്. കഴിഞ്ഞ 5 വർഷകാലയളവിൽ നഗരസഭ മരുന്നിനും, ഒ.പി നവീകരണത്തിനും, കാലാകാലങ്ങളിലുള്ള അറ്റകുറ്റ പണികൾക്കു മായി ഏകദേശം 3000000 രൂപയോളം ചെലവഴിച്ചിട്ടുണ്ട്. നഗരസഭയുടെ ശ്രമഫലമായി ഇപ്പോൾ പുതിയ കാഷ്യാലിറ്റി ബ്ലോക്കും പ്രവർത്തിച്ചുവരുന്നു.

സ്ഥലം എം.എൽ.എ യുടെ നേതൃത്വത്തിൽ മലപ്പുറം നഗരസഭയിലെ ഏക സർക്കാർ അലോപ്പതി ആശുപത്രിയായ താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തി കർമ്മപദ്ധതി തയ്യാറാക്കി വരുന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷത്തിന്റെ പൂർത്തീകരമാണ്. എം.എൽ.എയുടെ പ്രാദേശിക വികസന പദ്ധ തിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പുതിയ ഒ.പി. ബ്ലോക്ക് ഒരളവ് വരെ ഈ ആതുരാലയ ത്തിന്റെ സുഖമമായ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യ്ക സഹായമായി 10 കോടിരൂപ കൂടി ലഭിക്കുന്നതോടെ താലൂക്ക് ആശുപത്രിയുടെ

മുഖഛായ മാറുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ലാ ആസ്ഥാനമെന്ന നിലയിൽ ഈ ആതുരാലയത്തെ ജനറൽ ആശുപത്രിയായി ഉയർത്തേണ്ടത് ജനങ്ങളുടെ ആവശ്യമായി വന്നിട്ടുണ്ട്.

നഗരസഭ അടുത്ത 5 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സർക്കാരിന്റെയും, മറ്റു സന്നദ്ധസംഘടനകളു ടേയും വ്യക്തികളുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ലഭ്യമായാൽ നഗരസഭ ലക്ഷ്യംവെച്ച പദ്ധതികൾ പൂർത്തീകരിക്കാനും കഴിയുമെന്ന് നഗരസഭയ്ക്ക് ശുഭാപ്തി വിശ്വാസമുണ്ട്.

ആയ്യൂർവ്വേദ വിഭാഗം മാമ്പറമ്പിൽ നഗരസഭയുടെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഇവിടെ ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ദിനം പ്രതി 30 മുതൽ 40 വരെ രോഗികൾ വരാറുണ്ട്. ഈ വർഷവും 500000 രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് തനത് വർഷം 7.50 കോടിരൂപ പുതിയ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു.

ഹോമിയോ വിഭാഗത്തിൽ മുണ്ടുപറമ്പിൽ ജില്ലാ പഞ്ചായത്തിന്റെ ജില്ലാ ഹോമിയോ ആശുപത്രിയും പട്ടർകടവിൽ നഗരസഭയുടെ ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. വരുന്ന 5 വർഷത്തിനിടയിൽ മലപ്പുറത്തെ ആയൂർവ്വേദ, ഹോമിയോ ആശുപത്രികളും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ പരിഷ്ക്കരിച്ച് പ്രവർത്തനസജ്ജമാ കുന്നതാണ്.ഹോമിയോ ആശുപത്രിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

ദീർഘകാല ചികിത്സ വേണ്ടിവരുന്ന രോഗികളാണ് പൊതുവെ ആയ്യൂർവ്വേദ ചികിത്സയ്ക്ക് വരുന്നത്. ഒന്നോ, രണ്ടോ ഒ.പി രീൗെഹമേശീ കൊണ്ടു ഭേദമാകുന്ന മരൗലേ രോഗങ്ങളെക്കാളും രവ്യീശര ആയ രോഗികളാണ് ഇവിടെ വരുന്നത്. (ഉദാ - രക്തവാതം, വാതരോഗം, ത്വക്ക് രോഗങ്ങൾ, ആസ്ത്മ പോലുള്ള ദീർഘകാലാനുബന്ധിയായ രോഗങ്ങൾ) വരുന്ന രോഗികൾ ഭൂരിപക്ഷവും വൃദ്ധന്മാരും സ്ത്രീകളും കുട്ടികളുമാണ്.

മലപ്പുറം നഗരസഭയിൽ 3 സർക്കാർ ആശുപത്രിയും 13 സ്വകാര്യ ആശുപത്രിയും, ഒരു കോ-ഓപ്പറേറ്റീവ് ആശുപത്രിയും ഉണ്ട്. കോട്ടപ്പടിയിലുള്ള താലൂക്കാശുപത്രി, മലപ്പുറത്തെ പോലീസ് ആശുപത്രി, ഇ.എസ്.ഐ ആശുപത്രി എന്നിവയാണ് സർക്കാർ ആശുപത്രികൾ. ജില്ലാ ആശുപത്രി നിലവാരമുള്ള ഒരാശുപത്രി മഞ്ചേരിയിലാണ് സ്ഥിതി

ചെയ്യുന്നത്. നഗരസഭ പരിധിയിലെ അലോപതി, ഹോമിയോ, ആയ്യുർവ്വേദ ആശുപത്രിയുടെ വിവരങ്ങൽ ചുവടെചേർക്കുന്നു.

| | |
|---|---|
| അലോപതി ആശുപത്രി | 17 |
| ആയുർവ്വേദ ആശുപത്രി | 5 |
| ഹോമിയോ ആശുപത്രി | 6 |

***താലൂക്കാശുപത്രി***

100 കിടക്കകളുമായി 14.10.1982 ൽ തുടങ്ങിയ ആശുപത്രിക്ക് നിലവിൽ 116 കിടക്കകൾ ഉണ്ട്.

ആശുപത്രിയിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൂപ്രണ്ട് | - 1 |
| ഡോക്ടേഴ്സ് | - 9 |
| വിവിധ ശ്രേണിയിലുള്ള നേഴ്സുമാർ | - 16 |
| നേഴ്സിംങ് അസിസ്റ്റന്റ് | - 10 |
| അറ്റന്റർ | - 7 |
| സ്വീപ്പർ | - 2 |
| ഫാർമസിസ്റ്റ് | - 2 |
| ഒപ്റ്റോമെട്രിസ്റ്റ് | - 1 |
| ഓഫീസ് സ്റ്റാഫ് | - 6 |
| ഹെൽത്ത് ഇൻസ്പെക്ടർ | - 3 |
| ലാബ് ടെക്നീഷ്യൻ | - 2 |
| എക്സ് റേ ടെക്നീഷ്യൻ | - 1 |

ആശുപത്രിയിൽ ചികിത്സക്ക് എത്തുന്ന രോഗികളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവനക്കാരുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ട്. കഴിഞ്ഞവർഷങ്ങളിലെ ഛജ/കജ എന്നിവയുടെ കണക്ക് ചുവടെചേർക്കുന്നു.

| വർഷം | OP | IP |
|---|---|---|
| 2017 | 107544 | 4021 |
| 2018 | 138522 | 3585 |
| 2019 | 191817 | 3681 |
| 2020 | 202966 | 3972 |
| 2021 | 131606 | 4953 |

കഴിഞ്ഞ 5 വർഷം സൗജന്യമായി വിതരണം ചെയ്ത മരുന്നിന്റെ വിവരം

| വർഷം | മരുന്നിന്റെ വില |
|---|---|
| 2017-18 | 1137117 |
| 2018-19 | 1673007 |
| 2019-20 | 1832722 |
| 2020-21 | 3429412 |
| 2021-22 | 4360831 |

കഴിഞ്ഞ 5 വർഷങ്ങളിൽ സൗജന്യമായി വിതരണം ചെയ്യുന്ന മരുന്നിന്റെ അളവ് നാല് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ നഗരസഭയും സർക്കാരും ഇടപെടുന്നതിന്റെ സൂചനയാണ് ഇതിൽ നിന്നും വ്യക്തമാക്കുന്നത്.

### *ആയുർവ്വേദ ആശുപത്രി*

16.03.1974 ൽ തുടങ്ങിയ നഗരസഭയുടെ ആശുപത്രി ഇന്ന് ജനങ്ങൾക്ക് ഒരു ആശ്രയകേന്ദ്രമാണ്. 10 കിടക്കകളുള്ള ആശുപത്രിയിൽ 9 ജീവനക്കാർ ജോലിചെയ്യുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ OP/IP കളുടെ എണ്ണം നഗരസഭയും, സർക്കാരും മുടക്കിയ തുകകൾ എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | OP | IP | സർക്കാർ | നഗരസഭ |
|---|---|---|---|---|
| 2017-18 | 20400 | 80 | 40000 | 64000 |
| 2018-19 | 21600 | 75 | 60000 | 70000 |
| 2019-20 | 18660 | 80 | 100000 | 130000 |
| 2020-21 | 22800 | 60 | - | 90000 |
| 2021-22 | 34600 | 96 | 30000 | 100000 |

നഗരസഭ പരിധിയിലെ വിവിധ അലോപതി ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിയവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | OP | IP |
|---|---|---|
| 2018 | 588118 | 60441 |
| 2019 | 623655 | 57193 |
| 2020 | 624619 | 66259 |

മുകളിൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്താവുന്നതാണ്.

1. നഗരസഭ പരിധിയിലെ ജനങ്ങളിൽ 10% ആൾക്കാർ വിവിധ ചികിത്സകൾക്കായി ആശുപത്രിയെ സമീപിക്കുന്നു.
2. 1% ആൾക്കാർ ഒരു വർഷത്തിൽ ഒരിക്കൽ എങ്കിലും ആശുപത്രിയിൽ കിടന്ന് ചികിത്സിക്കുന്നു.
3. മുകളിൽ സൂചിപ്പിച്ച കണക്കുകളിൽ 3 വർഷത്തിനിടയിൽ കാര്യമായ ഏറ്റകുറച്ചിലുകൾ കാണുന്നില്ല.

കുറിപ്പ് :- ആശുപത്രിയിൽ എത്തുന്നവരിൽ നഗരസഭ പരിധിക്ക് പുറമെയുള്ള പ്രദേശങ്ങളിൽ നിന്നും ഉള്ളവരും ഉണ്ട്.

നഗരസഭയിലെ ആശുപത്രികളിൽ ഭൂരിഭാഗവും, നഗരമധ്യം കേന്ദ്രീകരിച്ചാണ് സ്ഥിതിചെയ്യുന്നത്. ഇതിൽ മഹാഭൂരിപക്ഷവും, പ്രധാന റോഡുകളുടെ അരികിലാണ്. ആയത് ഗതാഗതത്തെ സുഗമമാക്കുന്നു. എന്നാൽ നഗരസഭ ആയുർവ്വേദ ആശുപത്രി നഗരകേന്ദ്രത്തിൽ നിന്നും മാറി, കുന്നിൻപുറമായ മാംമ്പറമ്പ് എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്.

അംഗീകൃത മാനദണ്ഡപ്രകാരം 11 ലക്ഷം ജനങ്ങൾക്ക് ഒരു ജില്ലാ ആശുപത്രി ആവശ്യമാണ്. അത്തരത്തിൽ നോക്കിയാൽ മലപ്പുറം ജില്ലയിൽ 4 ജില്ലാ ആശുപത്രി ആവശ്യമാണ്. ഇങ്ങനെ വിലയിരുത്തുമ്പോൾ ജില്ലാ ഭരണസിരാകേന്ദ്രമെന്ന രീതിയിൽ മലപ്പുറത്തിന് അവകാശപ്പെട്ടതായ, നിലവിലെ താലൂക്കാശുപത്രിയെ ജില്ലാ നിലവാരത്തിലേക്ക് ഉയർത്തുകയുമാണ് വേണ്ടത്. ഇതിന് ധാരാളം വെല്ലുവിളികൾ ഉണ്ട്. പ്രധാനമായും സ്ഥലത്തിന്റെ ലഭ്യത തന്നെയാണ്. നഗരസഭ പരിധിയിൽ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികൾ ഒന്നും ഇല്ല എന്നത് ഒരു കുറവായി കാണാവുന്നതാണ്.

## വിദ്യാഭ്യാസം

പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിനു വേണ്ടി 1969 ൽ ആണ് മലപ്പുറം ജില്ല നിലവിൽ വന്നത്. അക്കാലത്ത് വിദ്യാഭ്യാസ പരമായി നഗരസഭയിലെ ജനങ്ങൾ വളരെ പിന്നിലായിരുന്നു.

1921ലെ മലബാർ കലാപത്തിനു ശേഷം മുസ്ലിങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി ബ്രിട്ടിഷുകാർ സ്ഥാപിച്ചതാണ് മലപ്പുറം മുസ്ലിം സ്കൂൾ. പിൽക്കാലത്ത് ഇത് മലബാറിലെ അലിഗഡ് എന്നറിയപ്പെട്ടു. അക്കാലത്ത് മലബാറിലെ ഏക ഹൈസ്കൂൾ ആയിരുന്നു ഈസരസ്വതി ക്ഷേത്രം.

സമുഹത്തിൽ വളരെ ഉന്നതിയിലെത്തിയ വ്യക്തിത്വങ്ങൾ ഈ സ്ഥാപനത്തിലെ അദ്ധ്യാപകരായിരുന്നു. ശ്രി.കുഞ്ഞിപ്പക്കി സാഹിബ്, ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് ഖാലിദ്, ഉർദു കവിയായിരുന്ന എസ്.എം.സർവർ സാഹിബ്, ശ്രീ.കരുവള്ളി മുഹമ്മദ് മൗലവി എന്നീ പ്രഗൽഭർ ഇവരിൽ ചിലരാണ്, ഇടക്കാലത്ത് ഈ സ്ഥാപനം വളരെയേറെ ശോചനീയാവസ്ഥയിലേക്ക് വഴുതി വീണു. എസ്.എസ്.എൽ.സി വിജയം 16% വരെയെത്തി. മലപ്പുറം നഗരസഭയുടെ കീഴിൽ അന്നത്തെ ചെയർമാന്റെ നേതൃത്വത്തിൽ ഒരു വികസന കമ്മിറ്റി ഉണ്ടാക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്തിന്റെ വിജയഭേരിയും, കാലാകാലങ്ങളിൽ നഗരസഭ ആവിഷ്കരിച്ച പഠനനിലവാരമുയർത്തൽ എന്ന പദ്ധതിയും വിജയം കണ്ടു. കേവലം 25% ൽ നിന്നും വിജയശതമാനം 98% ലേക്കുയർന്നു

2003ൽ ഈ സ്ഥാപനം ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, ഗവ.ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ എന്നീ രണ്ട് സ്ഥാപനങ്ങളായി ബൈഫർക്കേറ്റ് ചെയ്തു.

മലപ്പുറം നഗരസഭ വലിയൊരു തുക കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ സ്ഥാപനങ്ങളുടെ വികസനത്തിനും, ഭൗതികസാഹചര്യമൊരുക്കലിനും അറ്റക്കുറ്റപ്പണിക്കുമായി ചെലവഴിച്ചിട്ടുണ്ട്.

വരുന്ന അഞ്ചു വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഏഏഒടടട ഉം ഏആഒടടട ഉം മാതൃകാ സ്കൂളുകളാക്കി മാറ്റുന്നതിന് നഗരസഭ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെ ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക കോച്ചിംഗ് കൊടുത്തുകൊണ്ട് സ്മാർട്ട് ക്ലാസ്സ് റൂം സംവിധാനം എർപ്പെടുത്താനും നഗരസഭ ഉദ്ദേശിക്കുന്നു

സി.എച്ച്.മുഹമ്മദ് കോയ വിദ്യാഭ്യാസ സമുച്ചയം എന്തു കൊണ്ടും കേരളം അറിയപ്പെടുന്ന വിദ്യാഭ്യാസ സമുച്ചയമാക്കി മാറ്റാൻ നഗരസഭ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

നഗരസഭയിൽ ആകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| **LP School** | Govt.- Aided – Unaided<br>5+ 7 + 8 = 20 |
| **UP School** | Govt.- Aided – Unaided<br>1+ 2 + - = 3 |
| **High School** | Govt.- Aided – Unaided<br>2+ 2 + 4 = 8 |
| **Higher Secondary school** | Govt.- Aided – Unaided<br>2+ 2 + 3 = 7 |

| | **Govt.** | **Aided** | **Un aided** | **Total** |
|---|---|---|---|---|
| BED Centre | Nil | 2 | NIL | 2 |
| TTI | 1 | 2 | NIL | 3 |
| Arts College | 1 | NIL | 6 | 7 |
| Nursery school | NIL | NIL | 3 | 3 |
| K.G. School | 1 | 2+1=3 | 6 | 10 |
| Technical School | NIL | NIL | 1 | 1 |

## *സാക്ഷരത*

വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടേയും കാര്യത്തിൽ കേരളം, ഭാരതത്തിനും, ലോകത്തിനും മാതൃകയാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കേരളം വളരെയധികം മുന്നിലാണ്. അക്ഷരങ്ങളെ തിരിച്ചറിഞ്ഞ് വായിക്കാനും, എഴുതാനുമുള്ള കഴിവിനെയാണ് സാക്ഷരതകൊണ്ട് അർത്ഥമാക്കുന്നത്. 1990 ൽ നടന്ന സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലും, മലപ്പുറം നഗരത്തിലും നിരക്ഷരത ഒരു പരിധിവരെ തുടച്ചുനീക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി തുടങ്ങിയ സാക്ഷരതാ കേന്ദ്രങ്ങൾ ഈ പ്രവർത്തനത്തിൽ വലിയ സംഭാവനകൾ നൽകി. സമ്പൂർണ്ണ സാക്ഷരതയായതിന് ശേഷം, തുടർ സാക്ഷരതയജ്ഞത്തിന്റെ ആവശ്യത്തിലേക്ക് തുടങ്ങിയ പരിപാടികൾ ആദ്യഘട്ടത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കിയെങ്കിലും തുടർന്നുള്ള, പ്രത്യേകിച്ച് 11ാം പഞ്ചവത്സര കാലയളവിൽ മന്ദീഭവിക്കുകയാണുണ്ടായത്. ഇന്ന് നഗരപരിധിയിൽ ഒരു തുടർ സാക്ഷരതാ കേന്ദ്രംപോലും ഇല്ല എന്നത് ഇതിന്റെ തെളിവാണ്. കൂടാതെ നഗരസഭയിൽ ഒരു സാക്ഷരതാ പ്രേരക്കും ഇല്ല എന്നതും ടി വിഷയത്തിലെ താൽപര്യക്കുറവിന്റെ പ്രശ്നമായി കാണാവുന്നതാണ്.

സംസ്ഥാന ശരാശരിയെക്കാളും പുറകിലാണ് നമ്മുടെ ജില്ലയുടെ സാക്ഷരതാ ശതമാനം. എന്നാൽ നഗരസഭയുടെ സാക്ഷരതാ ശതമാനം ജില്ലയെക്കാളും വളരെ മുന്നിലാണ്.

### *സാക്ഷരത (2007) (% ത്തിൽ)*

| | സ്ത്രീ | പുരുഷൻ |
|---|---|---|
| കേരളം | 85 | 90 |
| മലപ്പുറം ജില്ല | 86 | 89.4 |
| മലപ്പുറം നഗരസഭ | 92 | 94.2 |

കഴിഞ്ഞ 40 വർഷങ്ങളിൽ സാക്ഷരതയിൽ വലിയ മുന്നേറ്റം നേടാൻ നഗരസഭയ്ക്കായിട്ടുണ്ട്.

**സാക്ഷതര - മലപ്പുറം നഗരസഭ (% ത്തിൽ)**

| | 1971 | 81 | 91 | 2001 |
|---|---|---|---|---|
| പുരുഷൻ | 66 | 73.64 | 95.98 | 96.48 |
| സ്ത്രീ | | | | 92 |
| ആകെ | 59.91 | 69.33 | 93.35 | 94.15 |

മലപ്പുറം ജില്ലയിലെ മറ്റ് നഗരസഭകളുമായി താരതമ്യം ചെയ്യുമ്പോൾ മലപ്പുറം നഗരസഭ സാക്ഷരതയിൽ വളരെ മുന്നിലാണ്. (2001 സെൻസസ്)

മലപ്പുറം - 94.15%

മഞ്ചേരി - 93.46%

പെരിന്തൽമണ്ണ - 93.16%

തിരൂർ - 92.02%

പൊന്നാനി - 84.59%

നിലമ്പൂർ - 89.13%

കോട്ടക്കൽ - 88.12%

സമീപ പഞ്ചായത്തുമായി താരതമ്യം ചെയ്യുമ്പോൾ കൂട്ടിലങ്ങാടി പഞ്ചായത്തിനെ മാറ്റി നിർത്തിയാൽ മലപ്പുറം നഗരസഭ ഒന്നാം സ്ഥാനത്ത് തന്നെയാണ്. (2001 സെൻസസ്)

മലപ്പുറം - 94.15%

ആനക്കയം - 93.23%

കൂട്ടിലങ്ങാടി - 94.52%

ഒതുക്കുങ്ങൽ - 91.47%

ഊരകം - 89.52%

പൂക്കോട്ടൂർ - 91.40%

പൊൻമല - 89.98%

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മലപ്പുറം ജില്ല ഒരു കാലത്ത് വളരെ പിറകിലായിരുന്നു. എന്നാൽ കഴിഞ്ഞ 10 വർഷങ്ങളിൽ ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇന്ന് മലപ്പുറം നിരവധി യൂണിവേഴ്സിറ്റികളുടേയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആസ്ഥാനമാണ്. മലപ്പുറം ജില്ലയിലെ സാക്ഷരതാ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ മലപ്പുറം നഗരസഭയിലെ സാക്ഷരത നിരക്ക് വളരെ മുന്നിലാണ്. മലപ്പുറം നഗരസഭ പരിധിയിലെ ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിരക്ഷരത | 8.24% |
| പ്രാഥമിക വിദ്യാഭ്യാസം | 28.79% |
| ഹൈസ്കൂൾ വിദ്യാഭ്യാസം | 38.25% |
| ഹയർസെക്കന്ററി/പ്രീഡിഗ്രി | 13.09% |
| ബിരുദം | 7.36% |
| ബിരുദാനന്തര ബിരുദം | 1.42% |
| സാങ്കേതിക വിദ്യാഭ്യാസം | 0.57% |
| പ്രഫഷണൽ വിദ്യാഭ്യാസം | 1.48% |
| മറ്റുള്ളവ | 0.84% |

### *ലൈബ്രറികൾ*

വിദ്യാഭ്യാസ മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന ഒരു സ്ഥാപനമാണ് ലൈബ്രറികൾ. 1960 കളിൽ ഉടലെടുത്ത ലൈബ്രറി പ്രസ്ഥാനം മലപ്പുറത്തും സജീവമായിരുന്നു, നിലവിൽ നഗരസഭയിൽ 4 പൊതു ലൈബ്രറികൾ ഉണ്ട്.

1. ജില്ലാ സെൻട്രൽ ലൈബ്രറി, ഡൗൺഹിൽ
2. കിങ്ങ് എസ്വേർഡ് & റീക്രിയേഷൻ ക്ലബ്, കുന്നുമ്മൽ
3. നഗരസഭ ലൈബ്രറി, കുന്നുമ്മൽ
4. എം.എസ്.പി ലൈബ്രറി, കുന്നുമ്മൽ

പുസ്തകങ്ങളുടെ എണ്ണം

ജില്ലാ ലൈബ്രറി - 9635

| | | |
|---|---|---|
| മുനി.ലൈബ്രറി | - | 2380 |
| എം.എസ്.പി ലൈബ്രറി | - | 260 |
| കിങ്ങ് എസ്‌വേർഡ് | - | 2795 |

നഗരസഭയുടെ കീഴിലുള്ള പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ലൈബ്രറിയിൽ തുടർ വിദ്യാ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇവിടുത്തെ പഠിതാക്കൾക്ക് ആവശ്യമായ പുസ്കങ്ങൾക്കും ഫീസിനും വേണ്ട തുക നഗരസഭ വർഷാർഷം വകയിരുത്തി വരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പിനുകീഴിൽ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി സൗജന്യ പി.എസ്.സി കോച്ചിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നു.

### *സ്കൂളുകൾ*

മലപ്പുറം നഗരസഭയിൽ 31 സ്കൂളുകൾ നിലവിലുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | എണ്ണം |
|---|---|
| പ്രൈമറി | 1 |
| എൽ.പി | 14 |
| യു.പി | 4 |
| എച്ച്.എസ് | 6 |
| എച്ച്.എസ്.എസ് | 6 |

2020 ലെ കണക്ക് പ്രകാരം ഈ 31 സ്കൂളുകളിലും കൂടി 23097 കുട്ടികളും 786 അദ്ധ്യാപകരും ഉണ്ട്. നഗരസഭയിലെ സ്കൂളുകളിൽ കൂടുതലും എയിഡഡ് സ്കൂളുകൾ ആണ്. വിവിധ വിഭാഗങ്ങളിലുള്ള സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | ആകെ |
|---|---|---|---|---|
| എൽ.പി | 5 | 9 | 0 | 14 |
| യു.പി | 1 | 3 | 0 | 4 |
| എച്ച്.എസ് | 0 | 0 | 6 | 6 |
| എച്ച്.എസ്.എസ് | 3 | 2 | 1 | 6 |
| ആകെ | 9 | 14 | 7 | 30 |

**വിവിധ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം**

| | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | ആകെ |
|---|---|---|---|---|
| എൽ.പി | 861 | 1985 | 0 | 2846 |
| യു.പി | 689 | 278 | 0 | 3470 |
| എച്ച്.എസ് | 0 | 0 | 7238 | 7238 |
| എച്ച്.എസ്.എസ് | 4577 | 3999 | 967 | 9543 |

**വിവിധ തരം സ്കുളുകളിൽ പഠിക്കുന്ന കുട്ടികളുടെ ശതമാനം**

| | |
|---|---|
| സർക്കാർ സ്കൂൾ | 26.53% |
| എയ്ഡഡ് | 37.95% |
| അൺ എയ്ഡഡ് | 35.52% |

**വിവിധ തരം സ്കുളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ എണ്ണം**

| | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | ആകെ |
|---|---|---|---|---|
| എൽ.പി | 35 | 69 | 0 | 104 |
| യു.പി | 25 | 78 | 0 | 103 |
| എച്ച്.എസ് | 0 | 0 | 131 | 131 |
| എച്ച്.എസ്.എസ് | 120 | 138 | 45 | 303 |

### *സ്കൂളുകളിലെ പശ്ചാത്തല സൗകര്യം*

നഗരസഭ പരിധിയിലുള്ള എല്ലാ സ്കൂളുകളിലും, വിദ്യാർത്ഥി, അദ്ധ്യാപക അനുപാതം മാനദണ്ഡങ്ങൾക്ക് അനുസൃതമാണ്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ സ്ഥാനം, നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ വിദ്യാർത്ഥികളുടെ കേന്ദ്രീകരണത്തിന് അനുസൃതവുമാണ്. ഇത് നഗരസഭയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കൂളിൽ സൗകര്യപ്രദമായി എത്തുന്നതിന് സഹായിക്കുന്നു. നിലവിലുള്ള എല്ലാ സ്കൂളുകളിലും ആവശ്യത്തിനുള്ള പശ്ചാത്തല സൗകര്യം ലഭ്യമാണ്. എല്ലാ സ്കൂളിലും ആൺ, പെൺകുട്ടികൾക്ക് പ്രത്യേകം ശൗചാലയങ്ങൾ ലഭ്യമാണ്, കൂടാതെ എല്ലാ സ്കൂളുകളിലും, കമ്പ്യൂട്ടർ ലാബ്, ഇന്റർനെറ്റ് സൗകര്യം, ജലലഭ്യത എന്നിവ ഉണ്ട്. എന്നാൽ ജി.ജി.എച്ച്.എസ്.എസ് ഡൗൺഹില്ലിലും, ജി.ബി.എച്ച്.എസ്.എസ് ഡൗൺഹില്ലിലും, 9 എൽ.പി സ്കുളുകളിലും കളിസ്ഥലത്തിന്റെ അഭാവം ഉണ്ട്. കൂടാതെ മേൽമുറിയിലെ യു.പി സ്കൂളിനും, കളിസ്ഥലം ഇല്ല. 3 സ്കൂൾ ഒഴികെ എല്ലാ സ്കൂളും ഇലക്ട്രിഫൈ ചെയ്തിട്ടുണ്ട്.

ജി.എം.എൽ.പി.എസ് കോൽമണ്ണ, ജി.എം.എൽ.പി.എസ്, മേൽമുറി എ.എം.എൽ.പി.എസ്, പുതിയ മാളിയേക്കൽ എന്നിവയാണ് ഇലക്ട്രിഫൈ ചെയ്യാത്ത സ്കൂളുകൾ. 2 സ്കൂൾ ഒഴികെ ബാക്കി എല്ലാ സ്കൂളുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ 2 സ്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവ രണ്ടും ഇലക്ട്രിഫൈ ചെയ്യാത്തവയാണ്.

### *വിജയശതമാനം*

10ാം ക്ലാസിലെ പഠനനിലവാരം, നഗരസഭയിലെ സ്കൂളുകളിൽ മികച്ചതാണ്. 2010 ൽ 97.23% മാണ് വിജയശതമാനം. കഴിഞ്ഞ വർഷങ്ങളിലെ വിജയ ശതമാനം താഴെ നൽകുന്നു.

| | |
|---|---|
| 2008 | 94.27 |
| 2009 | 95.21 |
| 2010 | 97.23 |

**10ാം ക്ലാസിലെ വിജയ നിലവാരം (സർക്കാർ/എയ്ഡഡ്)**

| വർഷം | ഗവ.ബോയ്സ് | ഗവ.ഗേൾസ് | M.S.P | സെന്റ് ജമ്മാസ് | D.U.H.S പാണക്കാട് | M.M.E.T |
|---|---|---|---|---|---|---|
| 2018 | 71 | 89 | 93 | 100 | 90 | 99.7 |
| 2019 | 72 | 93 | 94 | 100 | 94 | 99.1 |
| 2020 | 83 | 97 | 98 | 100 | 94 | 99.3 |
| | | | | | | |

### *സ്വകാര്യ സ്കൂളുകൾ*

| വർഷം | ഇസ്ലാഹിയ | I.E.H.M.H.S കോട്ടുമല | സെൻട്രൽ സ്കൂൾ | M.S.P ഇംഗ്ലീഷ് മീഡിയം |
|---|---|---|---|---|
| 2018 | 100 | 100 | 100 | 100 |
| 2019 | 100 | 100 | 100 | 100 |
| 2020 | 100 | 100 | 100 | 100 |

*ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ*

മലപ്പുറം നഗരസഭയിൽ സർക്കാർ മേഖലയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് പ്രവർത്തിക്കുന്നു. ഇവിടെ ബിരുദ ബിരുദാനന്തര കോഴ്സുകൾ, ബി.എ, ബി.എസ്.സി, ബി.കോം എന്നീ ബിരുദ കോഴ്സുകൾ ലഭ്യമാണ്. ഏകദേശം 700 ഓളം കുട്ടികൾ അദ്ധ്യായനം നടത്തുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ ഒരു ടി.ടി.ഐ യും, രണ്ട് ടി.ടി.സി കളും ഉണ്ട്. കൂടാതെ 17 മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും നഗരസഭയിലുണ്ട്. ഇവയിൽ സ്വകാര്യമേഖലയിലെ 2 പോളി ടെക്നിക്കുകളും ഉൾപ്പെടുന്നു. ഈ സ്ഥാപനങ്ങൾ പുതിയ തലമുറക്കും, നൂതന കാലഘട്ടത്തിനും അനുസൃതമായ കോഴ്സുകളും, സാങ്കേതിക വിദ്യ പകർന്നുനൽകുന്ന കോഴ്സുകളും, ഭാഷ, ശാസ്ത്ര, സാഹിത്യ രംഗങ്ങളെ പരിപോഷിപ്പിക്കുന്ന കോഴ്സുകളും നൽകി വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ എം.സി.ടി ലോകോളേജും പ്രവർത്തിച്ചുവരുന്നു.

# പാർപ്പിടം

***ആമുഖം***

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പാർപ്പിടം. ഭക്ഷണവും, വസ്ത്രവും, ആത്മാഭിമാനവും കഴിഞ്ഞാൽ മനുഷ്യൻ കരഗതമാക്കാൻ ശ്രമിക്കുന്ന ഒരു അടിസ്ഥാന ആവശ്യമാണ് പാർപ്പിടം.

മലപ്പുറം നഗരസഭയിൽ നിലവിൽ 23649 കെട്ടിടങ്ങൾ ഉണ്ട്. ഇവയിൽ 15620 കെട്ടിടങ്ങൾ താമസ ആവശ്യത്തിന് ഉപയോഗിക്കുന്നവയാണ്. കഴിഞ്ഞ 5 വർഷത്തിനിടയിൽ മലപ്പുറം നഗരസഭയിൽ നിർമ്മിച്ച മൊത്തം കെട്ടിടങ്ങളുടെ എണ്ണം ചുവടെചേർക്കുന്നു.

| വർഷം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 201718 | 977 |
| 201819 | 601 |
| 201920 | 411 |
| 202021 | 665 |
| 202122 | 663 |

നിലവിൽ നഗരസഭയിലെ 13384 കുടുംബങ്ങളിൽ 90% പേർക്കും വാസയോഗ്യമായ ഭവനങ്ങൾ ഉണ്ട്. കൂടാതെ 6% മുതൽ 8% വരെ കുടുംബങ്ങൾക്ക് ഭവനം ഉണ്ടെങ്കിലും കാലപ്പഴക്കംകൊണ്ടും അല്ലാതേയും വാസയോഗ്യമല്ലാത്ത ഭവനങ്ങൾ ആണ് നിലവിൽ ഉള്ളത്. കുടാതെ 5% ഭവനങ്ങൾ താമസക്കാരില്ലാതെ വെറുതെകിടക്കുന്നു. ചുരുക്കത്തിൽ ഭവനം വളരെ അത്യാവശ്യമായി വേണ്ടവർ 100 കുടുംബത്തിന് താഴെപേർ മാത്രമേ ഉള്ളൂ. 2011 സെൻസസ് പ്രകാരം ഭവനരഹിതരായ കുടുംബങ്ങളുടെ എണ്ണം വെറും 20 മാത്രമാണ്.

***നഗരസഭയുടെ ഇടപെടലുകൾ***

ജനങ്ങളുടെ പാർപ്പിട ആവശ്യം പരിഹരിക്കുന്നതിനായി വിവിധ പദ്ധതികൾ നഗരസഭയും, കേന്ദ്രസംസ്ഥാന സർക്കാരുകളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

*വാംബെ*

200203 ത്തിൽ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഭവനപദ്ധതിയാണിത്. നഗരപ്രദേശങ്ങളിലെ ദരിദ്രർക്ക് ഭവനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുക യായിരുന്നു ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. 30 ചതുരശ്രമീറ്റർ വരെയുള്ള ഭവനം നിർമ്മിക്കുന്നതിന് 40000 രൂപവരെ ധനസഹായം ഈ പദ്ധതിയിൽ പ്രകാരംനൽകിയിരുന്നു. മലപ്പുറം നഗരസഭയിൽ ഈപദ്ധതി പ്രകാരം 427 വീടുകൾ നിർമ്മിച്ചു. സംസ്ഥാനത്ത് ഒട്ടാകെ വിവിധ നഗരസഭകളിൽ നടപ്പിലാക്കിയ വാംബെ ഭവനപദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ മലപ്പുറം നഗരസഭയിൽ ഇത് ഒരു വിജയമായിരുന്നു.

വേണ്ടത്ര അവബോധം ജനങ്ങളിലേക്ക് എത്തിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞതും, പ്രസ്തുത പദ്ധതിക്ക് പ്രാധാന്യം നൽകുന്നതിലുണ്ടായ വിജയവുമാണ് വലിയ ഒരു ജനങ്ങളിൽ ഈ പദ്ധതി ഏറ്റെടുത്തത്.

## *8.8.2.2.IHSDP പദ്ധതി*

നഗരസഭയിലെ ചേരികളുടെ സമ്പൂർണ്ണമായ വികസനത്തിന് കേന്ദ്രസർക്കാർ 200512 കാലഘട്ടത്തിൽ ആവിഷ്ക്കരിച്ച പദ്ധതിയാണ് സമ്പൂർണ്ണ ഭവനചേരിവികസന പദ്ധതി. 2007 ൽ ഒന്നാംഘട്ടമായി 10.45 കോടി രൂപക്കുള്ള പദ്ധതിയും 2009 ൽ രണ്ടാംഘട്ടമായി 7.54 കോടി രൂപക്കുള്ള പദ്ധതിയും കേന്ദ്രസർക്കാർ അനുമതി നൽകി. ഒന്നാംഘട്ട പദ്ധതിയിൽ 37 ചേരിയും രണ്ടാം ഘട്ടപദ്ധതിയിൽ 19 ചേരിയും ടി പദ്ധതി പ്രകാരം തിരഞ്ഞെടുത്തു.

| | IHSDP ഒന്നാം ഘട്ടം | IHSDP ര ാം ഘട്ടം |
|---|---|---|
| പദ്ധതി തുക | 10450000 | 7540000 |
| പുതിയ വീടുകൾ | 638 എണ്ണം | 272 എണ്ണം |
| വീടു പുനരുദ്ധാരണം | 407 എണ്ണം | 456 എണ്ണം |
| മറ്റ് വികസന പദ്ധതികൾ | 32694000 | 2186860 |
| വീട് നിർമ്മാണത്തിന് ധനസഹായം | 51040000 | 35360000 |
| വീട് പുനരുദ്ധാരണത്തിന് നൽകിയ ധനസഹായം | 6105000 | 11160000 |
| റീ ലൊക്കേഷൻ | 184 എണ്ണം | 272 എണ്ണം |

| ഒന്നാംഘട്ടം | കരാർവച്ചത് | പൂർത്തിയാക്കിയത് |
|---|---|---|
| വീട് നിർമ്മാണം | 638 | 620 |
| വീട് പുനരുദ്ധാരണം | 407 | 397 |
| ര ാ ം ഘ ട്ട ം | | |
| വീട് നിർമ്മാണം | 197 | 78 |
| വീട് പുനരുദ്ധാരണം | 456 | 393 |

വ്യക്തിഗത ഗുണഭോക്താക്കൾക്ക് അവരുടെ സ്വന്തം ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പുറമെ ഭൂരഹിത ഭവനരഹിതർക്കായി പാമ്പാട് എന്ന സ്ഥലത്ത് 184 യൂണിറ്റുകളുള്ള ഒരു ഭവന സമുച്ചയം നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

മറ്റ്പദ്ധതികളുമായി താരതമ്യപ്പെടുമ്പോൾ ഈ പദ്ധതി വൻ വിജയമാണ് നഗരസഭ സംവിധാനം ടി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി പൂർണ്ണതോതിൽ സജ്ജമാക്കിയതും, താഴെതട്ടിലുള്ള സംഘടന സംവിധാനവും ധനസഹായത്തിന്റെ ഉയർന്ന നിരക്കും പദ്ധതി വൻവിജയമാക്കുന്നതിന് സഹായിച്ചു, ടി പദ്ധതി ഒരു പരിധിവരെ ചേരികളിലെ പാർപ്പിട പ്രശ്നത്തിന് ഒരുപരിഹാരമായി.

### *നഗരസഭയുടെ തനതുപദ്ധതികൾ*

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നഗരസഭയ്ക്ക് ലഭിച്ച വികസനഫണ്ടുപയോഗിച്ച് കാര്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നഗരസഭയ്ക്കായില്ല. വികസനപദ്ധതിയിൽ പാർപ്പിടമേഖലയ്ക്ക് വലിയ പ്രാധാന്യം നൽകുന്നില്ല എന്നതിന്റെ ഒരു തെളിവാണിത്. എന്നാൽ ഭവന പുനരുദ്ധാരണത്തിന് വലിയ മുൻഗണന വികസനപദ്ധതിയിൽ നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷകാലയളവിൽ 866 ഭവനങ്ങൾക്ക് പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

### *ഇ.എം.എസ് ഭവന പദ്ധതി*

നഗരസഭയുടെ വികസനഫണ്ടുപയോഗിച്ചും തനതുഫണ്ടിന്റെ അഭാവത്തിൽ, കടമെടുത്തും നടപ്പിലാക്കിയ സമ്പൂർണ്ണ ഭവനപദ്ധതിയാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി. 25 മുതൽ 60 ചതുരശ്ര മീറ്റർ വരെ ചതുരശ്ര വിസ്തീർണ്ണത്തിൽ നിർമ്മിക്കാവുന്ന പ്രസ്തുത ഭവനത്തിന് ആദ്യഘട്ടത്തിൽ 75000 ധനസഹായം നൽകി. എന്നാൽ 11/2011 മുതൽ ധനസഹായം 2 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

**ഇ.എം.എസ് ഭവനപദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | **ജനറൽ** | **എസ്.സി** |
|---|---|---|
| അപേക്ഷകൾ | 500 | 100 |
| അർഹതയുള്ളവരായി കണ്ടെത്തിയവർ | 338 | 70 |
| കരാർവെച്ചവർ | 61 | 12 |
| പൂർത്തീകരിച്ചവർ | 13 | 1 |
| **നാളിതുവരെ ചിലവഴിച്ച തുക** | **3435000** | **770000** |

പ്രസ്തുത പദ്ധതിയെ കാര്യമായി നഗരസഭ ഏറ്റെടുക്കാത്തതും, ധനസഹായ തുക ആദ്യഘട്ടത്തിൽ പരിമിതമായതും, സങ്കീർണ്ണ നടപടിക്രമങ്ങളും പദ്ധതിയുടെ വിജയത്തെ ബാധിച്ചു.

## *പട്ടികജാതി വികസനവകുപ്പ്*

നഗരസഭ നേരിട്ടു നടത്തുന്ന വിവിധ ഭവനപദ്ധതികൾക്ക് പുറമേ, പട്ടികജാതി വികസനവകുപ്പ്, നഗരസഭയിലെ പട്ടികജാതിക്കാർക്കായി ഭവനനിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു. 2012 മുതൽ 2022 വരെ 50 പേർക്ക് വീടും, 19 പേർക്ക് ഭൂമിയും നൽകിയിട്ടുണ്ട്.

## *വെല്ലുവിളികൾ*

ഇത്തരത്തിൽ നിരവധി പദ്ധതികൾ നഗരസഭ നടപ്പിലാക്കി എങ്കിലും എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് എത്താൻ കഴിഞ്ഞിട്ടില്ല. ഇതിന് പ്രധാനമായും താഴെപറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതാണ്.

1. വളരെ പാവപ്പെട്ടവർക്ക് സർക്കാർ/നഗരസഭ നൽകുന്ന ധനസഹായം കൊണ്ട് ഭവനം നിർമ്മിക്കാൻ കഴിയുന്നില്ല.
2. ഭവന നിർമ്മാണത്തിൽ കൂടി, താഴ്ന്ന വരുമാനക്കാരായ ധാരാളം പേർ കടക്കാരായി മാറുന്നു.
3. അർഹരായ പലർക്കും ആവശ്യമായ രേഖകളും, ഭൂമി ഇല്ല.
4. താമസയോഗ്യമായിരുന്ന പല കാലപ്പഴക്കംചെന്ന കെട്ടിടങ്ങളും വർഷങ്ങൾ കഴിയുമ്പോൾ താമസയോഗ്യമല്ലാതായി തീരുന്നു.

5. ന്യൂനപക്ഷങ്ങൾ തിങ്ങിതാമസിക്കുന്ന ഒരു നഗരസഭ ആയതിനാലും ഒരു ഭവനത്തിൽ നിരവധി കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്നതിനാലും, ഭാവിയിൽ ഇവരിൽ പലരും ഭവനരഹിത കുടുംബമായിമാറുന്നു.
6. വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളായ പലരും ദാരിദ്രം കൊണ്ടും, നഗരസഭയിൽ നിന്നും വീണ്ടും ആനുകൂല്യം പറ്റുന്നതിനുമായി വീണ്ടും ഭവനരഹിതരായി മാറുന്നു.

### *പരിഹാരം*

അടുത്ത പഞ്ചവത്സര കാലയളവിൽ 700 ഭവനങ്ങൾ പുതിയതായി നിർമ്മിക്കേണ്ടിവരുമെന്ന് നഗരസഭ കണക്കാക്കുന്നു. ഈ വെല്ലുവിളി ഏറ്റെടുക്കുന്നതിന് നഗരസഭ പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

### *തങ്ങൾ ഭവനപദ്ധതി*

നഗരസഭയിൽ എല്ലാവർക്കും പാർപ്പിടമെന്ന ലക്ഷ്യത്തോടെ നഗരസഭ ആവിഷ്ക്കരിച്ച ഭവനപദ്ധതിയാണിത്. നിലവിലുള്ള സർക്കാർ സ്കീമുകളിലെ മാർഗ്ഗരേഖക്ക് അനുസൃതമായി തയ്യാറാക്കി, നഗരസഭ കൗൺസിൽ അംഗീകരിച്ച മാർഗ്ഗരേഖക്ക് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

14 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന തങ്ങൾ ഭവനപദ്ധതി, നിലവിലുള്ള വരുടെ ആവശ്യവും, ഭാവിയിൽ ഉയർന്നുവരാവുന്നവയുടെ ആവശ്യവും പരിഗണിച്ച് 700 പേർക്കുള്ള പദ്ധതിആയിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. നഗരസഭവികസനഫണ്ടും, തനതുഫണ്ടും സർക്കാരിന്റെ വിവിധമേഖലയിൽ നിന്നുള്ള ഫണ്ടും സ്വരൂപിച്ചാണ് 12ാം പഞ്ചവത്സര കാലയളവിൽ ടി പദ്ധതി നടപ്പിലാക്കുന്നത്.

### *നിലവിലെ അവസ്ഥ*

2011 സെൻസസ് പ്രകാരം 10353 കുടുംബങ്ങൾ മലപ്പുറം നഗരസഭയിൽ ഉണ്ട്. 2020 ലെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം, 12665 ഭവനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. (നഗരസഭയുടെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം, 15620 താമസ ആവശ്യ കെട്ടിടങ്ങൾ ഉണ്ട്). ശരാശരി ഭവനങ്ങളുടെ വിസ്തീർണ്ണം 75150 ചതുരശ്രമീറ്ററാണ്.

| വിസ്തീർണ്ണം(ചതുരശ്ര മീറ്റർ) | എണ്ണം (%) |
|---|---|
| 20 വരെ | 1.55 |
| 20-50 | 16.52 |
| 50-75 | 36.33 |
| 75-150 | 37.76 |
| 150-250 | 6.61 |
| 250 മുകളിൽ | 1.23 |

2010 ൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി 2010 ൽ നടത്തിയ പഠനം വെളിവാക്കുന്നത് 1.75% വീടുകൾ, വളരെ മോശപ്പെട്ട അവസ്ഥയിലാണ്(കച്ച). ഇത് ഏകദേശം 221 എണ്ണം വരുന്നതാണ്. നഗരസഭ പരിധിയിലെ കുടുംബങ്ങളുടെ എണ്ണവും, ഭവനങ്ങളുടെ എണ്ണവും തമ്മിൽ 2728 ന്റെ വ്യത്യാസം ഉണ്ട്. അതായത് പുതിയതായി 2728 ഭവനങ്ങൾ നിർമ്മിച്ചാൽ ഒരു കുടുംബത്തിന് ഒരു വീട് എന്ന കണക്കിൽ ആകുന്നതാണ്. എന്നാൽ ഇതിൽ ഭൂരിഭാഗവും നിലവിലെ അവസ്ഥ തുടരാൻ ആഗ്രഹിക്കുന്നവരാണ്.

നിലവിലുള്ള ഭൂരിഭാഗം വീടുകളും നല്ല നിലവാരം പുലർത്തുന്നവയാണ് (പക്ക) അടിയന്തിരമായി പുതുക്കി നിർമ്മിക്കേണ്ട (കച്ച) വീടുകളുടെ എണ്ണം 221 മാത്രമേയുള്ളൂ.

| വീടിന്റെ അവസ്ഥ | ശതമാനം |
|---|---|
| മികച്ചത് (പക്ക) | 56.67 |
| ഇടത്തരം | 41.58 |
| വളരെ മോശപ്പെട്ടത് (കച്ച) | 1.75 |

വീടുകളുടെ മേൽക്കൂരയെ പരിഗണിച്ചാണ് വീടുകളുടെ അവസ്ഥയെ തരംതിരിച്ചിരിക്കുന്നത്. മേൽക്കൂര മാത്രം പരിഗണിച്ച്, വീടിന്റെ പൊതുവായ അവസ്ഥ പരിഗണിക്കാനാവില്ല എന്നതിനാൽ മുകളിലത്തെ കണക്കിൽ ചെറിയ മാറ്റം ഉണ്ടാകാവുന്നതാണ്.

സ്വന്തമായി ഭൂമി ഉള്ളവരാണ് നഗരസഭയിലെ, ഭൂരിഭാഗവും. വീട് വച്ചിരിക്കുന്ന സ്ഥലം 91% പേർക്കും സ്വന്തമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സ്വഭാവം.

സ്വന്തം - 91.19

വാടക - 0.52

മറ്റുള്ളവ - 7.77

റവന്യൂ ഭൂമി, തർക്കഭൂമി, സ്വന്തമായി പട്ടയമില്ലാത്ത ഭൂമി, ബന്ധുക്കളുടെ പേരിലുള്ള ഭൂമി, പാരമ്പര്യമായി ഉള്ളതും, എന്നാൽ സ്വന്തം പേരിൽ അല്ലാത്തതുമായ ഭൂമി എന്നിവയാണ് മറ്റുള്ളവയിൽ വരുന്നത്. അത്തരത്തിൽ നോക്കുമ്പോൾ സ്വന്തമായി ഭവനത്തിന് ഭൂമി ഇല്ലാത്തവരായി 2% താഴെ മാത്രമേ ഉണ്ടാവുകയുള്ളൂ.

# കൃഷി

## *ഇന്നത്തെ അവസ്ഥ*

1970ൽ മലപ്പുറം നഗരസഭ രൂപീകൃതമാവുമ്പോൾ ഏതാണ്ട് 70 ശതമാനത്തോളം ജനങ്ങളും കാർഷിക പ്രവൃത്തിയുമായി കഴിഞ്ഞുവരുന്നവരായിരുന്നു. പ്രസിദ്ധമായ കടലുണ്ടി പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മലപ്പുറം നഗരസഭാ പ്രദേശം എല്ലാംകൊണ്ടും ഒരു ഫലപുഷ്ടമായ പ്രദേശമാണ്. നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ, സുഗന്ധവിളകൾ മുതലായവ കൃഷി ചെയ്തുവന്നിരുന്നു. കുന്നും, മലകളും, പുഴയും ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമായതിനാൽ തെങ്ങാണ് ഈ പ്രദേശത്തെ പ്രധാനവിളയായി മാറിയത്. എന്നാൽ 20 വർഷങ്ങൾക്ക് മുമ്പ് തദ്ദേശീയരായ ചിലർ ഗൾഫ് നാടുകളിലേക്ക് ജോലി തേടിപോവുകയും അവിടെ നിന്നുള്ള വരുമാനം ഗണ്യമായി ഉയരുകയും ചെയ്തതിന്റെ ഫലമായി പരമ്പരാഗതമായി കൃഷി ഒരു ഉപജീവന മാർഗമായി കൊണ്ടു നടന്ന പല കർഷക കുടുംബങ്ങളും കൃഷിയിൽ നിന്നും ക്രമേണ പിൻവാങ്ങുകയും മലപ്പുറം നഗരസഭ പ്രദേശം ഒരു ഉപഭോക്തൃ പ്രദേശമായി മാറുകയും ചെയ്തു.

## *നിലനിൽക്കുന്ന പ്രശ്നങ്ങൾ, അവയുടെ രൂക്ഷത, അവയ്ക്കുള്ള കാരണം*

മലപ്പുറം നഗരസഭ പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുത്ത ഗൾഫ് വരുമാനത്തിന്റെ ആധിപത്യം വർഷങ്ങളോളം കൃഷി ചെയ്തിരുന്ന കൃഷി ഭൂമികൾ തരിശ് ഇടുകയും, കർഷക തൊഴിലാളികൾ മറ്റു നിർമ്മാണ പ്രവൃത്തികളിലേക്ക് ശ്രദ്ധ മാറുകയും അവരുടെ വരുമാനം ഗണ്യമായി ഉയരുകയും ചെയ്തതോടെ കൃഷിപണികൾക്ക് സമയാസമയങ്ങളിൽ തൊഴിലാളികളെ ലഭിക്കാതെ വന്നതിനാൽ കൃഷി ഭൂമികൾ ഭൂമാഫിയകൾ തുച്ഛമായ വില നൽകി വാങ്ങികൂട്ടുകയും, അവിടങ്ങളിൽ വൻ കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുകയും ചെയ്തതോടെ മലപ്പുറം നഗരസഭ പ്രദേശത്തിന്റെ കാർഷിക മേഖലയെ കാർന്നുതിന്നുന്ന അവസ്ഥയായി മാറി. എന്നാൽ ഇതിനൊരു നിയന്ത്രണം എന്ന നിലയിൽ 2008 ൽ കൊണ്ടുവന്ന നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം നിലവിലുള്ള കൃഷിഭൂമി സംരക്ഷിക്കാൻ പര്യാപ്തമാണ്.

## *പ്രശ്ന പരിഹാരങ്ങളും, ജനങ്ങളുടെ ആവശ്യങ്ങളും*

മലപ്പുറം നഗരസഭ പ്രദേശത്ത് ഇന്ന് 300 ഏക്കറോളം കൃഷി ഭൂമി നിലവിലുള്ളതായി കാണുന്നുണ്ട്. കൃഷി ലാഭകരമായ രീതിയിൽ ആക്കി മാറ്റുവാൻ പരമ്പരാഗത

കർഷകരേയും, യുവാക്കളേയും, സന്നദ്ധ സംഘടനകളേയും ഉൾപ്പെടുത്തി ചർച്ചകളും, അതുവഴി കൃഷിചെയ്യുവാൻ താൽപര്യമുള്ളവർക്ക് അടിസ്ഥാന സൗകര്യങ്ങളും, ധനകാര്യ സൗകര്യങ്ങളും, സബ്സിഡിപോലുള്ള പ്രോത്സാഹനവും കൂടാതെ കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കുവാനും കർഷകർക്ക് അപ്പോൾ തന്നെ ഉൽപന്നങ്ങൾക്ക് ന്യയമായ വില ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

### *പദ്ധതികാലയളവിലും മുൻവർഷവും, നടത്തിയ പ്രവർത്തനവും, നേട്ടവും കോട്ടവും*

പദ്ധതി കാലയളവിൽ നഗരസഭ പല നല്ല പദ്ധതികളും നടപ്പിലാക്കിയെങ്കിലും, സമയാ സമയങ്ങളിൽ അവ കർഷകർക്ക് ഗുണകരമായ വിധത്തിൽ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിന്റെ മുഖ്യകാരണം പല പദ്ധതികൾക്കും അധികൃതരുടെ അംഗീകാരം ലഭിച്ചു വരുമ്പോഴേക്കും കൃഷിയുടെ സമയം കഴിഞ്ഞിരിക്കും. അതിനാൽ ഉദ്ദേശിച്ച ഫലം കിട്ടാതെ പരാജയപ്പെടുകയാണ് പതിവ്. ഇത് പരിഹരിക്കുന്നതിനായി ഉന്നതാധികാരികളുടെ അംഗീകാരം കാലതാമസം വരുത്താതെ ലഭിക്കാൻ വേണ്ട നടപടി എടുക്കേണ്ടതാണ്.

### *പദ്ധതി കാലയളവിൽ മറ്റ് വകുപ്പുകൾ / ഏജൻസികൾ / സ്ഥാപനങ്ങൾ നടത്തിയ പദ്ധതികളും അവയുടെ നേട്ടവും കോട്ടവും*

പദ്ധതി കാലയളവിൽ കൃഷി വകുപ്പുമുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി അവയിൽ തരിശു ഭൂമിയിൽ നെൽകൃഷി, കേരകർഷകർക്കായി കേരശ്രീ പദ്ധതി, പച്ചക്കറി കൃഷി ചെയ്തു വരുന്നവർക്കായി സമഗ്ര പച്ചക്കറി വികസനപദ്ധതി, തെങ്ങിൻതോപ്പിൽ ഇടവിള കൃഷി ചെയ്യുന്നവർക്ക് പദ്ധതി, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മുഖേന വാഴകൃഷി, കമുക് കൃഷി, സുഗന്ധ വിളകളായ ഇഞ്ചി, മഞ്ഞൾ കൃഷി വികസനം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കൂൺകൃഷി, ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി, കരനെൽ കൃഷി, പമ്പുസെറ്റ് വിതരണം മുതലായ പദ്ധതികൾ നടപ്പാക്കുകയും നിരവധി കർഷകർക്ക് അതിന്റെ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുവാനും സാധിച്ചു.

### *വികസന സാദ്ധ്യതകൾ*

1. വിവിധ കൃഷികൾ ചെയ്തുവരുന്ന കർഷകരിൽ നിന്ന് അവരുടെ ഉൽപന്നങ്ങൾ ന്യായമായ വില നൽകി ഏറ്റെടുക്കുന്നതിനുള്ള സംവിധാനം നഗരസഭവഴി ലഭ്യമാക്കുക.

2. നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് പരിശീലനവും, വായ്പ സൗകര്യങ്ങളും സബ്സിഡിയും നൽകി പ്രോത്സാഹിപ്പിക്കുക.

3. കർഷക തൊഴിലാളികളെ നഗരസഭ വഴി രജിസ്റ്റർ ചെയ്ത് പരമാവധി തൊഴിലവസരങ്ങൾ ഉറപ്പ് നൽകി അനിയന്ത്രിതമായ കൂലി നിയന്ത്രിക്കാൻ വേണ്ട നടപടി നഗരസഭയിൽ നിർബന്ധമാക്കുകയും ആവശ്യമുള്ളപ്പോൾ കർഷക ഉടമകൾക്ക് തൊഴിലാളികളെ ലഭ്യമാക്കാൻ വേണ്ട സംവിധാനം നഗരസഭ ഉറപ്പാക്കുക.

### *ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ*

1. നഗരസഭ പ്രദേശത്ത് കർഷകർക്ക് കൃത്യസമയത്ത് വിനിയോഗിക്കുന്നതിനായി ട്രാക്ടർ മുതലായ യന്ത്രോപകരണങ്ങൾ ന്യായമായ വാടകയ്ക്ക് കർഷകർക്ക് നൽകേണ്ട സംവിധാനം ഉണ്ടാക്കുക.

ജലസേചന സൗകര്യം ഒരുക്കികൊടുക്കുക. വേനൽ കാലങ്ങളിൽ ജലസേചനത്തിന് കർഷകർക്ക് മണ്ണെണ്ണ മുതലായവ ന്യായമായ വിലയിൽ ലഭിക്കുവാൻ വേണ്ട പ്രത്യേക സംവിധാനം ഉണ്ടാക്കുക.

നഗരസഭ പ്രദേശത്തുള്ള കനാൽ, തോട് മുതലായവ ജലസേചനത്തിന് ഉപയോഗ്യമായ വിധത്തിൽ നന്നാക്കിയെടുക്കുക.

തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് നൽകി കാർഷിക പ്രവർത്തിയിലേക്ക് വിനിയോഗിക്കുക.

കർഷകരുടെ ഉൽപന്നങ്ങൾ വിപണനത്തിന് സ്ഥിരം സംവിധാനം ഉണ്ടാക്കുക.

### *ഭൂമിയുടെ വിനിയോഗം*

കാർഷിക ആവശ്യത്തിനായി നഗരസഭ പരിധിയിലെ 42% ഭൂമി ഉപയോഗിക്കുന്നു. ഇത് ഒരു ശരാശരി നഗരസഭയെ സംബന്ധിച്ച് വളരെ വലുതാണ്. നഗരസഭയിലെ പ്രധാന കൃഷി തെങ്ങ് ആണ്. നഗരസഭയുടെ മൊത്തം ഏരിയയുടെ 15.89% ഭൂമിയിൽ തെങ്ങ് കൃഷി ചെയ്യുന്നു. തെങ്ങ്, നെല്ല്, കമുക്, റബ്ബർ, കശുമാവ്, വാഴ മറ്റ് പച്ചക്കറികൾ എന്നിവയാണ്. നഗരസഭയിലെ പ്രധാന കൃഷികൾ. കഴിഞ്ഞ 3 വർഷത്തെ കാർഷിക മേഖല പരിശോധിച്ചാൽ കാര്യമായ മാറ്റം കാർഷിക മേഖലയിൽ കാണാൻ കഴിയില്ല. എന്നിരുന്നാലും നെല്ലുൽപാദനത്തിൽ കാര്യമായ വർദ്ധനവ് 2010 ൽ ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

കൃഷിഭൂമി നഗരത്തിന്റെ പടിഞ്ഞാറ് ഭാഗത്തും വടക്ക് - കിഴക്കായും വ്യാപിച്ചു കിടക്കുന്നു. ഇവ പ്രധാനമായും പഴയ വാർഡുകളായ 1,2,3,26,29,35 ആണ് കേന്ദ്രീകരിച്ചിരിക്കുന്നത്. നെൽപാടങ്ങൾ നഗരസഭയുടെ 3.71% ഏരിയയിൽ വ്യാപിച്ചുകിടക്കുന്നു. ഇവ പ്രധാനമായും എൻ.എച്ച്-213 ന്റെ വശത്തിലാണ് സ്ഥിതിചെയ്യുന്നത്.

### *ജലസേചനം*

മഴയെയും, പുഴയെയും ആശ്രയിച്ചുള്ള കൃഷിയാണ് നഗരസഭയിൽ പ്രധാനമായുള്ളത്. കൃത്രിമമായ ജലസേചന മാർഗ്ഗങ്ങൾ വളരെ കുറവാണ്. എന്നിരുന്നാലും ജലസേചന സൗകര്യമുള്ള ഭൂമിയുടെ അളവ് കഴിഞ്ഞകാലങ്ങളിൽ കൂടിയിട്ടുണ്ട്. ജലസേചന ഭൂമിയുടെ അളവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | 2017 | 2018 | 2019 |
|---|---|---|---|
| ജലസേചന സൗകര്യമുള്ള ഭൂമി | 50 | 80 | 160 |
| കൃഷിഭൂമി | 1601 | 1594 | 1603 |
| നനവുള്ള ഭൂമി | 34 | 35 | 50 |
| നനവില്ലാത്ത ഭൂമി | 1567 | 1559 | 1553 |
| ജലസേചന സൗകര്യമുള്ള ഭൂമിയുടെ ശതമാനം | 3.12 | 5.02 | 9.98 |

നഗരസഭ പരിധിയിൽ രാസവളം വിൽക്കുന്ന ഒരു ഷോപ്പ് മാത്രമേ ഉള്ളൂ. എന്നാൽ കാർഷികവൃദ്ധിക്കാവശ്യമായ പണി ആയുധങ്ങൾ വിൽക്കുന്ന ഒരു കട പോലും (റയിസ്കോ ഒഴികെ) നഗരസഭ പരിധിയിൽ ഇല്ല. കൂടാതെ കാർഷിക വിഭവങ്ങൾ ശേഖരിച്ച് വിൽക്കുന്ന സംഘടിതമായ ശേഖരണ വിൽപനശാല നഗരസഭ പരിധിയിൽ ഇല്ല. നഗരത്തിലെ ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറിയും, മറ്റ് ആഹാര സാധനങ്ങളും നമുക്ക് ഉൽപാദിപ്പിക്കാൻ കഴിയുന്നില്ല. ഇതിനായി പലപ്പോഴും അയൽ ജില്ലകളെയും, സംസ്ഥാനങ്ങളെയും ആശ്രയിക്കുകയാണ് പതിവ്. കൂടാതെ നഗരസഭ പരിധിയിൽ വാഴപ്പഴം ഒഴികെ കാര്യമായ ഒരു പഴവർഗ്ഗങ്ങളും കൃഷി ചെയ്യുന്നില്ല.

### *മത്സ്യ മേഖല*

നഗരത്തിന് കടൽ തീരത്തിന്റെ അഭാവം ഉള്ളതിനാൽ കാര്യമായ ഉൽപാദനം മത്സ്യമേഖലയില്ല. കൂടാതെ ആരും തന്നെ മത്സ്യമേഖലയെ ആശ്രയിച്ചു ജീവിക്കുന്നില്ല. നഗരസഭയെ ചുറ്റിപറ്റി 18 കി.മി നീളം കടലുണ്ടിപുഴ ഉണ്ടെങ്കിലും, മത്സ്യ സമ്പത്തിന്റെ

കാര്യത്തിൽ പുഴ വളരെ ദാരിദ്ര്യസ്വഭാവമാണ് കാണിക്കുന്നത്. ജലത്തിന്റെ ഒഴുക്കും, ചില കാലഘട്ടങ്ങളിലെ ജല ദൗർലഭ്യവും ഇതിനു കാരണമാകുന്നു, കുടിവെള്ള പദ്ധതിക്കായി ഇപ്പോൾ നിർമ്മിച്ച ചാമക്കയം ബണ്ടിന്റെ പ്രവർത്തനം ജലലഭ്യത ഉറപ്പാക്കുമെന്നതിനാൽ ഭാവിയിൽ മത്സ്യസമ്പത്ത് നദിയിൽ വർദ്ധിക്കുമെന്ന് കരുതാവുന്നതാണ്.

ആഭ്യന്തര മത്സ്യഉൽപാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യവകുപ്പ് ആരംഭിച്ചിട്ടുള്ള മത്സ്യകേരളം പദ്ധതിയിൽ വലിയ പ്രതീക്ഷ നഗരസഭ അർപ്പിക്കുന്നില്ല. വലിയ ജലാശയങ്ങളും, കുളങ്ങളും നഗരസഭ പരിധിയിൽ ഇല്ലാത്തതുതന്നെയാണ് ഇതിന് കാരണം. ഈ പദ്ധതി പ്രകാരം, 98 കുളങ്ങളും, 10 ക്വാറി കുളങ്ങളും, മീൻ വളർത്തലിനായി രജിസ്ട്രർ ചെയ്തിട്ടുണ്ട്. മത്സ്യ ഉപഭോഗത്തിൽ കാര്യമായ വർദ്ധനവ് ഉള്ള ഒരു നഗരമാണ് മലപ്പുറം. ഈ കാര്യത്തിൽ ഒരു സ്വയം പര്യാപ്തത ഒരിക്കലും ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

നഗരസഭ പരിധിയിൽ കൃഷിചെയ്യുന്ന പ്രധാനവിളകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തെങ്ങ് | 271250 |
| കമുക് | 180000 |
| വാഴ | 75000 |
| കുരുമുളക് | 50000 |
| റബർ | 500 |
| കശുമാവ് | 8000 |

ജനകീയ ആസൂത്രണ പദ്ധതിയിൽ കൂടി വലിയ ഒരു ഇടപെടൽ കാർഷിക മേഖലയിൽ നടത്തിയിട്ടുണ്ട്. വിവിധ വർഷങ്ങളിൽ നഗരസഭ നടത്തിയ ഇടപെടലുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതികളുടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|
| 2017-18 | 4 | 619200 |
| 2018-19 | 4 | 640000 |
| 2019-20 | 7 | 570395 |
| 2020-21 | 7 | 669651 |
| 2021-22 | 5 | 550243 |

ജനകീയാസൂത്രണ പദ്ധതികളിൽ പ്രധാനമായും താഴെപറയുന്ന പദ്ധതികൾക്കാണ് കഴിഞ്ഞ പദ്ധതി കാലയളവിൽ സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്.

1. വേനൽകാല പച്ചക്കറി കൃഷി
2. നെൽകൃഷി വികസനപദ്ധതി
3. അടുക്കളത്തോട്ടം പദ്ധതി
4. ജൈവവള വിതരണം
5. വിവിധ കൃഷികൾക്ക് കീടനാശിനി, രാസവള വിതരണം
6. ജലസേചന പമ്പ്സെറ്റ് വിതരണം

പ്രസ്തുത പദ്ധതികളിൽ ചിലതിന് പൂർണ്ണമായ ധനസഹായവും, മറ്റുള്ളവക്ക് സംസ്ഥാനസർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി, ഭാഗികമായി ധനസഹായവും നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം ബി.പി.എൽ അല്ലാത്ത ചെറുകിട കർഷകർക്കും ലഭ്യമാക്കുന്നു എന്നത് പരിപാടികളുടെ വിജയത്തിന് കാരണമായിതീരുന്നു.

ജനകീയാസൂത്രണ പദ്ധതിക്ക് പുറമേ കൃഷിവകുപ്പ്, തനതായി, സംസ്ഥാന, കേന്ദ്രസർക്കാരുകളുടെ ധനസഹായത്തോടെ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞവർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതികളുടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|
| 2017-18 | 11 | 66464 |
| 2018-19 | 37 | 4701552 |
| 2019-20 | 28 | 886687 |
| 2020-21 | 35 | 817787 |
| 2021-22 | 25 | 727041 |

കൃഷിവകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

നേന്ത്ര വാഴകൃഷി

തരിശുഭൂമിയിൽ നെൽകൃഷി പദ്ധതി

മണ്ണിര കംമ്പോസ്റ്റ് നിർമ്മാണം

ജലസേചന പമ്പ്സെറ്റ് വിതരണം

നേന്ത്ര വാഴകൃഷി ഏരിയ വികസനം

ജൈവവാഴകൃഷി

കുരുമുളക്, ഇഞ്ചി, കശുമാവ് കൃഷിവ്യാപനം

പ്രകൃതിക്ഷോഭ ധനസഹായം

കമുക് കൃഷി വികസനം

കൂൺകൃഷി വികസനം

***ജലസേചന വൈദ്യുതി ധനസഹായം***

ഇതു കൂടാതെ കൃഷിഭവൻ വഴി, ഹോട്ടികൾച്ചർ മിഷനുമായി സഹകരിച്ച്, സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നു. കൂടാതെ, സൗജന്യമായി മണ്ണ് പരിശോധന നടത്തിവരുന്നു.

ഇത്തരത്തിൽ നിരവധി സേവനങ്ങൾ കൃഷിവകുപ്പ് കർഷകർക്ക് നൽകിവരുന്നു. എന്നാൽ കർഷകരിൽ ഇതിനെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിൽ പരാജയപ്പെടുന്നതായി പദ്ധതി നടത്തിപ്പ് പരിശോധിക്കുമ്പോൾ കാണാവുന്നതാണ്.

## സാമൂഹ്യ ക്ഷേമം

മലപ്പുറം അർബൺ ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിൽ മലപ്പുറം മുനിസിപ്പാലിറ്റി ഏരിയയിൽ 64 അംഗനവാടികൾ പ്രവർത്തിച്ചു വരുന്നു. 2011 അടിസ്ഥാനപ്പെടുത്തി നടത്തിയ സർവ്വേപ്രകാരം മുനിസിപ്പാലിറ്റി ഏരിയയിലെ ആകെ ജനസംഖ്യ 68088 ആണ്. ഇതിൽ 6 മാസം മുതൽ 3 വയസ്സുവരെ പ്രായത്തിലുള്ള കുട്ടികൾ 4037 ഉം, 3 വയസ്സുമുതൽ 6 വയസ്സുവരെ പ്രായത്തിലുള്ള കുട്ടികൾ 3990 ഉം, ഗർഭിണികൾ 654 ഉം, പാലൂട്ടുന്ന അമ്മമാർ 748 ഉം, കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾ 4619 ഉം ആണ്.

മേൽ സൂചിപ്പിച്ചവരിൽ 602 പേർ വിവിധതരം വൈകല്യമുള്ള വ്യക്തികളാണ്. കൂടാതെ 41 കുട്ടികൾ പോഷണകുറവും അമിതവണ്ണവും ഉള്ള കുട്ടികളാണ്.

കണക്കുകളുടെ അടിസ്ഥാനത്തിൽ 6 മാസം മുതൽ 3 വയസ്സുവരെ പ്രായത്തിലുള്ള എല്ലാ കുട്ടികൾക്കും (ബഹു.സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ) കുടുംബശ്രീ മുഖേന തയ്യാറാക്കുന്ന അമൃതം ന്യൂട്രിമിക്സ് നൽകേണ്ടതുണ്ട്. കൂടാതെ കൗമാര പ്രായക്കാരായ പെൺകുട്ടികളിൽ സ്കൂളിൽ നിന്ന് പൊഴിഞ്ഞ് പോയവർ, 14 മുതൽ 18 വരെ പ്രായത്തിലുള്ള എല്ലാ കുട്ടികൾക്കും പ്രത്യേക പ്രോജക്ട് തയ്യാറാക്കി പോഷകാഹാരം നൽകണമെന്ന നിർദ്ദേശവും ഉണ്ട്.

അംഗൻവാടി കെട്ടിടങ്ങളുടെ പ്രവർത്തികൾ സാമ്പത്തിക വർഷത്തിന്റെ അവസാനഭാഗം കൊണ്ടു തുടങ്ങിയതിനാലും പര്യാപ്തമായ ഫണ്ട് നീക്കി വയ്ക്കാത്തതിനാലും കഴിഞ്ഞവർഷം തന്നെ പ്രവർത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

അംഗൻവാടി കെട്ടിടങ്ങളുടെ റിപ്പയർ യഥാസമയം നിർവ്വഹിക്കാത്തതിനാൽ ചില അംഗൻവാടികളുടെ തറ, മേൽക്കൂര, ജനൽപാളികൾ എന്നിവയ്ക്ക് കേടുപാടുകൾ തീർക്കുവാനായിട്ടില്ല. മുനിസിപ്പൽ ഏരിയയിൽ സ്വന്തമായി കെട്ടിടമുള്ള എല്ലാ അംഗൻവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്. അംഗൻവാടികളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ് എന്നിവ മുനിസിപ്പാലിറ്റി വഹിച്ചുവരുന്നുണ്ട്.

ഇനിയും 37 അംഗൻവാടികൾക്കുകൂടി സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കാനുണ്ട്. ആയത് വരും വർഷങ്ങളിൽ ലഭ്യമാക്കുന്നതാണ്. അംഗൻവാടികൾ കൈമാറിനൽകിയ സ്ഥാപനമെന്ന നിലയിൽ. കൂടാതെ പ്രീ-സ്കൂൾ കുട്ടികൾക്ക് അകത്തും, പുറത്തും കളിക്കുവാനുള്ള കളിയുപകരണങ്ങൾ, അംഗൻവാടികൾക്കാവശ്യമായ അലമാര, പാത്രങ്ങൾ എന്നിവയും ലഭ്യമാക്കേണ്ടതുണ്ട്.

## മലപ്പുറം മുനിസിപ്പാലിറ്റി Ist സെക്ടറിലെ അംഗനവാടികളിലെ ഗുണഭോക്താക്കളുടെ എണ്ണം

| Sl.No. | Name of centre | Registered | | | | |
|---|---|---|---|---|---|---|
| | | 6-3 | 3-6 | PW | NM | AG |
| 33 | ആലിക്കൽ | 25 | 18 | 2 | 3 | 10 |
| 34 | പടിഞ്ഞാറെമുക്ക് | 45 | 25 | 4 | 1 | 15 |
| 35 | ചോലക്കൽപ്പാറ | 22 | 27 | 3 | 2 | 10 |
| 36 | പൊടിയാട് | 20 | 20 | 8 | 9 | 15 |
| 37 | വടക്കേപ്പുറം | 10 | 10 | 2 | 3 | 20 |
| 38 | നൂറേങ്ങൽമുക്ക് | 15 | 25 | 5 | 5 | 15 |
| 39 | ചെറുപറമ്പ് | 20 | 20 | 3 | 3 | 15 |
| 40 | പൊട്ടിപ്പാറ | 20 | 20 | 3 | 3 | 15 |
| 41 | തട്ടാരമ്മൽ | 15 | 15 | 3 | 2 | 15 |
| 42 | ചീരങ്ങൽമുക്ക് | 25 | 30 | 5 | 5 | 15 |
| 43 | മുട്ടിപ്പടി | 20 | 18 | | | 15 |
| 44 | കള്ളാടിമുക്ക് | 20 | 22 | 3 | 2 | 15 |
| 45 | പുളിക്കൽ | 20 | 15 | 3 | 3 | 15 |
| 46 | പറപ്പൂർകളം | 25 | 16 | 4 | 3 | 15 |
| 47 | നടക്കാവ് | 25 | 21 | 2 | | 15 |
| 48 | അധികാരതൊടി | 15 | 18 | 5 | 3 | 15 |
| 49 | ചുങ്കം | 25 | 3 | 3 | 3 | 15 |
| 50 | ഇത്തിൾപറമ്പ് | 15 | 15 | 6 | 2 | 15 |
| 51 | പൈത്തിനിപറമ്പ് സ്കൂൾപടി | 20 | 25 | 5 | 3 | 15 |
| 52 | പൈത്തിനിപറമ്പ് | 46 | 34 | 6 | 3 | 15 |
| 53 | മച്ചിങ്ങൽ | 25 | 20 | 4 | 4 | 15 |
| 54 | വാറങ്കോട് | 25 | 16 | 3 | | 15 |
| 55 | കിഴക്കേത്തല | 18 | 17 | 2 | 2 | 15 |
| 56 | ചെറാട്ടുകുഴി | 15 | 18 | 1 | 1 | 15 |
| 57 | കോട്ടക്കുന്ന് | 15 | 12 | | 1 | 13 |
| 58 | മൂന്നാംപടി | 18 | 17 | 2 | 2 | 15 |
| 59 | ഇരിയക്കളം | 15 | 15 | 3 | 51 | 4 |

| | | | | | | |
|---|---|---|---|---|---|---|
| 60 | മുണ്ടുപറമ്പ് | 33 | 20 | 3 | 3 | 15 |
| 61 | ചന്നത്ത് | 15 | 14 | 3 | 2 | 15 |
| 62 | കാട്ടുങ്ങൽ | 28 | 12 | 4 | 3 | 15 |
| 63 | മുണ്ടുപറമ്പ് കോളേജ് | 20 | 15 | 3 | 3 | 20 |
| 64 | പെരുപറമ്പ് | 25 | 25 | 3 | 3 | 15 |

**മലപ്പുറം മുനിസിപ്പാലിറ്റി IInd സെക്ടറിലെ അംഗനവാടികളിലെ ഗുണഭോക്താക്കളുടെ എണ്ണം**

| Sl.No. | Name of centre | Registered | | | | |
|---|---|---|---|---|---|---|
| | | 6-3 | 3-6 | PW | NM | AG |
| 1 | ചേരിയിൽ | 48 | 25 | 5 | 6 | 15 |
| 2 | കല്ലുവളപ്പിൽ | 18 | 18 | 2 | 2 | 15 |
| 3 | ശാന്തി നഗർ | 13 | 14 | 3 | 3 | 15 |
| 4 | കടന്നകുഴി | 10 | 10 | 3 | 2 | 10 |
| 5 | നെച്ചിക്കുറ്റി | 10 | 15 | 2 | 2 | 11 |
| 6 | കൂട്ടമണ്ണ | 25 | 18 | 1 | 2 | 12 |
| 7 | ഗസ്റ്റ് ഹൗസ് | 11 | 18 | 1 | 1 | 10 |
| 8 | കാളമ്പാടി | 20 | 21 | 2 | 4 | 10 |
| 9 | മണ്ണാരുകുണ്ട് | 13 | 13 | 2 | 1 | 10 |
| 10 | കിഴക്കേത്തല | 10 | 13 | 1 | 1 | 10 |
| 11 | എ.എ.എൽ.പി. കുന്നുമ്മൽ | 13 | 16 | 2 | 2 | 10 |
| 12 | ചെമ്മങ്കടവ് | 25 | 15 | 3 | 2 | 10 |
| 13 | കണ്ണത്തുംപാറ | 20 | 34 | 3 | 2 | 15 |
| 14 | മൈലപ്പുറം | 20 | 13 | 2 | 2 | 10 |
| 15 | കോലാർ | 10 | 10 | 2 | 2 | 10 |
| 16 | കാളന്തട്ട | 20 | 19 | 2 | | 10 |
| 17 | വലിയവരമ്പ് | 15 | 13 | 2 | 2 | 15 |
| 18 | വലിയങ്ങാടി | 15 | 16 | 7 | 3 | 10 |
| 19 | കൈനോട് | 18 | 23 | 4 | 3 | 15 |
| 20 | മുതുവത്ത് പറമ്പ് | 30 | 22 | 4 | 2 | 2 |
| 21 | സ്പിന്നിംഗ് മിൽ | 25 | 25 | 4 | 4 | 15 |

| | | | | | | |
|---|---|---|---|---|---|---|
| 22 | വട്ടിപ്പറമ്പ് | 20 | 20 | 5 | 2 | 15 |
| 23 | പട്ടർകടവ് | 15 | 22 | 1 | 4 | 15 |
| 24 | പട്ടർകടവ് പാറമ്മൽ | 25 | 15 | 3 | 2 | 15 |
| 25 | പാണക്കാട് | 18 | 25 | 4 | 4 | 25 |
| 26 | പാണക്കാട് കുന്നുമ്മൽ | 20 | 20 | 4 | 3 | 15 |
| 27 | കാരത്തോട് | 30 | 18 | 1 | 1 | 15 |
| 28 | കോൽമണ്ണ | 17 | 20 | 4 | 2 | 15 |
| 29 | അണ്ണുണ്ണി പറമ്പ് | 23 | 16 | 2 | | 15 |
| 30 | മറ്റത്തൂർ പാണക്കാട് | 15 | 12 | 2 | 5 | 15 |
| 31 | ഹാജിയാർപള്ളി | 30 | 22 | 3 | 2 | 15 |
| 32 | അപ്പക്കാട് | 20 | 20 | 3 | 2 | 15 |

**മലപ്പുറം മുനിസിപ്പാലിറ്റിഏരിയായിലെ 64 അംഗനവാടികളിൽ ഭക്ഷണ വിതരണം നടത്തുന്ന പട്ടികജാതി ഗുണഭോക്താക്കളുടെ വിവരം**

| 6-3 years | 3-6years | ഗർഭിണികൾ | പാലൂട്ടുന്ന അമ്മമാർ | കൗമാരപ്രായക്കാർ |
|---|---|---|---|---|
| 51 | 42 | 9 | 7 | 44 |

# ചെറുകിട വ്യവസായം

### *വ്യാവസായിക മേഖല*

വ്യാവസായിക മേഖലയിൽ കാര്യമായ യാതൊരു മുന്നേറ്റമോ, മുതൽ മുടക്കോ നടക്കാത്ത ഒരു നഗരപ്രദേശമാണ് മലപ്പുറം. എന്നാൽ വ്യാവസായിക മേഖലയിൽ കാര്യമായ വികസനവും, മുതൽ മുടക്കും നടക്കുന്നതിന് ഏറെ സാധ്യത മലപ്പുറത്തിനുണ്ട്. പാണക്കാട് വില്ലേജിൽ ഏകദേശം 250 ഏക്കർ സ്ഥലം വ്യാവസായ വകുപ്പിന്റെ കീഴിൽ വ്യവസായത്തിനായി നീക്കിവെച്ചിട്ടുള്ളതിനാ ലാണിത്. വ്യവസായത്തിന് കേരളത്തിൽ ഏറെ തടസ്സം നിൽക്കുന്നത് സ്ഥലമില്ലായ്മയാണ്. ഇത്തരത്തിൽ നോക്കുമ്പോൾ മലപ്പുറത്തിന്റെ സാധ്യത വളരെ ശോഭനമാണ്.

നിലവിൽ നഗരസഭയിലെ മൊത്തം സ്ഥലത്തിന്റെ 3.78% ഭൂമി, വ്യവസായത്തിനായി ഉപയോഗിക്കുന്നു/കരുതി വച്ചിരിക്കുന്നു. മലപ്പുറം നഗരസഭയിലെ പ്രധാന വ്യവസായ സംരഭങ്ങൾ ചുവടെ ചേർക്കുന്നു.

a. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ്മിൽ

b. സായി അന്നപൂർണ്ണ ബയോപ്രോട്ടീൻ Pvt.Ltd

c. ടാർ മിക്സിങ്ങ് യൂണിറ്റ്

ഇവ കൂടാതെ 216 ചെറുകിട വ്യവസായ യൂണിറ്റുകളും നഗരസഭയിലുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ ദശാബ്ദത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വർഷം | രജിസ്റ്റർ ചെയ്ത യൂണിറ്റിന്റെ എണ്ണം |
|---|---|
| 2010 | 114 |
| 2015 | 164 |
| 2020 | 216 |

ചെറുകിട വ്യവസായങ്ങളെ പ്രധാനമായും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടേയും, ഉൽപാദിപ്പിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളെയും പരിഗണിച്ച് തരം തിരിക്കാവുന്നതാണ്. ഇവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| മേഖല | എണ്ണം |
|---|---|
| കാർഷിക വിഭാഗങ്ങൾ | 34 |
| റബറദിഷ്ടിതം | 7 |
| ആട്ടോമൊബൈൽ | 21 |
| ലെഥർ അധിഷ്ടിതം | 2 |
| തടി | 21 |
| ഇലട്രിക്കൽ | 12 |
| ജ്യൂവലറി . | 11 |
| കെമിക്കൽ | 1 |
| എഞ്ചിനീയറിംഗ് | 20 |
| ഇലക്ട്രോണിക്സ് | 30 |
| ഗാർമെന്റ്സ് | 17 |
| പ്രിന്റിംഗ്/ ഫോട്ടോസ്റ്റാറ്റ് | 20 |
| നിർമ്മാണ സാധനങ്ങൾ | 5 |
| മറ്റുള്ളവ | 15 |

നിലവിലുള്ള അവസ്ഥയിൽ ചെറുകിട വ്യവസായത്തിന് കാര്യമായ സാധ്യതയില്ല. അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർ തൊഴിലിനായി പുറം രാജ്യങ്ങളിൽ ചേക്കേറുന്നത് നിലവിൽ നഗരസഭ പരിധിയിൽ വ്യവസായ സംരംഭംകൊണ്ട് വരുന്നതിന് തടസ്സമാകുന്നുണ്ട്.

### *വാണിജ്യമേഖല*

ഒരു നഗരത്തിന് അനുയോജ്യമായ രീതിയിൽ നമ്മുടെ നഗരസഭയിൽ ഒരു വാണിജ്യശൃംഖലയോ, വാണിജ്യകേന്ദ്രമോ ഇല്ല. നിലവിലുള്ള വാണിജ്യ സംവിധാനമെല്ലാം പ്രധാന തെരുവുകൾക്ക് വശങ്ങളിലായി സ്ഥിതിചെയ്യുന്നു. ഇവ പ്രധാനമായും, കുന്നുമ്മൽ, കോട്ടപ്പടി, കിഴക്കേത്തല എന്നിവിടങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. നിലവിലുള്ള ഒരു വാണിജ്യകേന്ദ്രം, കോട്ടപ്പടിയിലുള്ള നഗരസഭയുടെ അധീനതയിലുള്ള ദിവസചന്തയും, അതിനോടുള്ള ചെറിയ സ്റ്റാളുകളുമാണ്. ഇവിടെ പച്ചക്കറി, ഇറച്ചി, മത്സ്യം എന്നിവ സുലഭമായി ലഭ്യമാണ്.

മലപ്പുറം നഗരസഭ പരിധിയിൽ വലിയ ഒരു വാണിജ്യസ്ഥാപനമോ മാളുകളോ ഇല്ല എന്നത് ഈ മേഖലയിലെ പിന്നോക്കം വ്യക്തമാക്കുന്നതാണ്.

### *തൊഴിൽ മേഖല*

ഒരു പ്രദേശത്തിലെ നഗരവത്ക്കരണത്തിനെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് തൊഴിൽ മേഖല. നഗരങ്ങളുടെ വ്യാഖ്യാനത്തിലെ ഒരു ഘടകമാണ് പുരുഷൻമാരുടെ തൊഴിൽ മേഖല എന്നത്. പുരുഷൻമാരുടെ വരുമാനത്തിന്റെ 75% വും കാർഷികേതര മേഖലയിൽ നിന്നാവണം എന്നത് ഒരു പ്രദേശത്തിന്റെ നഗരവത്ക്കരണത്തെ സൂചിപ്പിക്കുന്ന ഘടകമാണ്. കാർഷികേതര തൊഴിലിലേർപ്പെടുന്നവരുടെ എണ്ണം കേരളത്തിൽ പൊതുവെ വർദ്ധിക്കുകയാണ്. എന്നാൽ മലപ്പുറത്തെ വലിയ ഒരു ജനത പുറം നാട്ടിൽ ജോലി തേടി പോകുന്നു. 2001 സെൻസസ് പ്രകാരം നഗരസഭയിൽ 14148 തൊഴിലാളികൾ ഉണ്ട്. തൊഴിലാളികളെ മുഖ്യ/സ്ഥിര തൊഴിലാളികൾ എന്നും, താൽക്കാലിക/ഭാഗിക തൊഴിലാളികൾ എന്നും പ്രധാനമായി രണ്ടായി തരം തിരിച്ചിരിക്കുന്നു. 2001 സെൻസസ് പ്രകാരം തൊഴിലാളികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥിരം തൊഴിലാളികൾ | 21.50% |
| ഭാഗിക തൊഴിലാളികൾ | 2.68% |
| പണി എടുക്കാത്തവർ | 75.81% |

പണി എടുക്കുന്നവരുടെ എണ്ണം, ജനസംഖ്യ വർദ്ധനവിനനുസരിച്ച് നഗരസഭ പരിധിയിൽ വർദ്ധിക്കുന്നില്ല. മലപ്പുറം നഗരത്തിലെ അസംഘടിത തൊഴിൽ മേഖല പരിശോധിച്ചാൽ ധാരാളം അന്യസംസ്ഥാന തൊഴിലാളികളെ കാണാവുന്നതാണ്. കൃത്യമായ സ്ഥിതിവിവര കണക്കുകൾ ഇല്ല എങ്കിൽപോലും തൊഴിലെടുക്കുന്നവരിൽ 20 30%വരെ ആൾക്കാർ അന്യസംസ്ഥാന തൊഴിലാളികൾ ആണ്. തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കഴിഞ്ഞ 30 വർഷങ്ങളിലെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിലാളികൾ | പ്രധാന തൊഴിലാളികൾ |
|---|---|---|
| 1991 | 9603 | 8599 |
| 2001 | 11149 | 10480 |
| 2011 | 14148 | 12578 |

തൊഴിൽ മേഖലയിൽ പണി എടുക്കുന്നവരിൽ ഭൂരിഭാഗവും പുരുഷന്മാരാണ്. 2001 സെൻസസ് പ്രകാരം തൊഴിലെടുക്കുന്നവരിൽ 85.72% പേരും പുരുഷൻമാരാണ്.

തൊഴിലെടുക്കുന്ന മേഖലയെ പരിഗണിച്ച് പണി എടുക്കുന്നവരെ പ്രധാനമായും 4 ആയി തരം തിരിക്കാവുന്നതാണ്. കൃഷിക്കാർ, കാർഷിക തൊഴിലാളികൾ, വീടുകളിൽ വ്യാവസായിക പണി എടുക്കുന്നവർ, മറ്റുള്ളവർ. മറ്റുള്ളവരിൽ പ്രധാനമായും, അസംഘടിക മേഖലയിൽ പണി എടുക്കുന്നവരും, നിർമ്മാണ തൊഴിലാളികൾ, വണ്ടി ഓടിക്കുന്നവർ, ഇലക്ട്രിക്കൽ/പ്ലംബർ പണി ചെയ്യുന്നവർ എന്നിവർ ഉൾപ്പെടുന്നതാണ്. ഓരോ മേഖലയിലും പണി എടുക്കുന്നവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **കർഷകർ** | **കാർഷിക തൊഴിലാളികൾ** | **വ്യാവസായിക തൊഴിലാളികൾ** | **മറ്റുള്ളവർ** |
|---|---|---|---|---|
| 1991 | 523 | 796 | 127 | 7153 |
| 2001 | 855 | 2194 | 114 | 7317 |
| 2011 | 411 | 792 | 138 | 12807 |

തൊഴിലെടുക്കുന്ന മേഖല പരിഗണിച്ച് സാമ്പത്തിക ശാസ്ത്രത്തിലെ 3 മേഖലകളായി തൊഴിൽ മേഖലയെയും തരംതിരിക്കാവുന്നതാണ്. പ്രാഥമികം, ദ്വിതീയം, തൃദീയം. കാർഷിക മേഖലയുടെ തളർച്ചയോടുകൂടി, പ്രാഥമിക മേഖലയിൽ പണി എടുക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. ഇവർ പ്രധാനമായും, തൃദീയ മേഖലയിലേക്ക് (സേവന മേഖല) മാറിയിട്ടുണ്ട്. വിവിധ മേഖലകളിൽ പണി എടുക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാഥമികം | 8.5% |
| ദ്വിഥീയം | 0.98% |
| സേവനം | 90.52% |

കർഷകരും കാർഷിക തൊഴിലാളികളും ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്നത് വടക്ക്, കിഴക്ക് മേഖലയിലും വടക്ക്, പടിഞ്ഞാറ് മേഖലയിലുമാണ്. ഈ മേഖലകളിലാണ് കൃഷി ഭൂമിയും കാര്യമായി ഉള്ളത്.

***ഇന്നത്തെ അവസ്ഥ***

മലപ്പുറം നഗരസഭാ പ്രദേശത്ത് കൂടുതലായും ജനറൽ എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, വസ്ത്രനിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, മരാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയാണ് കണ്ട് വരുന്നത്. കഴിഞ്ഞ മൂന്ന് നാല് വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ മലപ്പുറം നഗരസഭ പ്രദേശത്ത് ശരാശരി 30 പുതിയ സംരഭങ്ങൾ തുടങ്ങിയിട്ടുണ്ട്.

### *നിലനിൽക്കുന്ന പ്രശ്നങ്ങൾ*

നഗരസഭാ പ്രദേശത്ത് ജനങ്ങൾ തിങ്ങിപാർക്കുന്നതിനാൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സ്ഥലപരിമിതി ഒരു പ്രശ്നമാണ്. നഗരസഭ പ്രദേശത്തെ ഒരു പ്രധാന വ്യവസായമായ മരാധിഷ്ഠിത വ്യവസായത്തിൽ നിലവിൽ ഫോറസ്റ്റ് എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള കാലതാമസം കാരണം ഈ രംഗത്തേയ്ക്ക് പുതിയ സംരഭകർ വരാൻ മടിയ്ക്കുകയാണ്. മറ്റു വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിനുള്ള കാലതാമസവും വ്യവസായവത്ക്കരണം മന്ദഗതിയിലാക്കുവാനുള്ള ഒരു കാരണമാണ്.

### *പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും*

നഗരസഭാ പ്രദേശത്ത് വ്യവസായം തുടങ്ങുന്നതിനായി അടിസ്ഥാന സൗകര്യം ഒരുങ്ങുക. ഇതിനായി പുതിയ വ്യവസായികൾക്കും സ്ഥലം ലഭ്യമാകുംവിധം വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുക. വ്യവസായ രംഗത്തേക്ക് പുതിയ സംരംഭകർ കടന്ന് വരുന്നതിനായി അവർക്ക് നഗരസഭാ തലത്തിൽ അവബോധം നൽകുക.

കഴിഞ്ഞ രണ്ട് മൂന്ന് സാമ്പത്തികവർഷങ്ങളിൽ നഗരസഭയുടെ ജനകീയാസൂത്രണം പദ്ധതി മുഖേന തുടർച്ചയായി ഡ്രൈവിംഗ്പരിശീലനം നൽകുകയുണ്ടായി. ഇത് നഗരസഭാപ്രദേശത്തെ ബി.പി.എൽ വിഭാഗത്തിൽപെട്ട ഒരുപാട് വ്യക്തികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. ഇത് മുഖേന പലർക്കും ഉപജീവനത്തിനുള്ള മാർഗ്ഗം തുറന്ന് കൊടുക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും മറ്റ് ചില പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

### *വികസന സാധ്യതകൾ*

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സാധനസാമഗ്രികൾക്ക് ആവശ്യക്കാർ ഏറെയുള്ള ഒരു മേഖലയാണ് മലപ്പുറം നഗരസഭാ പ്രദേശം. അതുകൊണ്ട് തന്നെ ജനറൽ എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് സാധ്യത ഏറെയാണ്. കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ഒരു മേഖലയായതിനാൽ ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കും സാധ്യതയേറെയാണ്. ഇത് കൂടാതെ ഭക്ഷ്യസംസ്ക്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് വൻ സാധ്യതയാണ്.

### *ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ*

1. വ്യവസായത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കുക :- മുനിസിപ്പൽ പ്രദേശത്തെ തരിശായിക്കിടക്കുന്നതും വ്യവസായവൽക്കരണത്തിന് അനുയോജ്യവുമായ ഭൂമി കണ്ടെത്തി. മുനിസിപ്പാലിറ്റി വിലയ്ക്കെടുത്ത വികസിപ്പിച്ച് സംരംഭകർക്കായി വ്യവസ്ഥ പ്രകാരം നൽകി. വ്യവസായവൽക്കരിക്കുക.

2. വ്യവസായ സംരഭകർക്ക് സാങ്കേതികവും നടത്തിപ്പ്പരവുമായ പരിശീലനം നൽകുക.

a. സാങ്കേതികവും സാമ്പത്തികവുമായി വിജയസാധ്യതയുള്ള മേഖലകളിൽ സംരംഭം ആരംഭിക്കുവാനും അല്ലെങ്കിൽ തൊഴിൽ ചെയ്യാനും പ്രാപ്തരാക്കും വിധം തെരഞ്ഞെടുക്കപ്പെട്ട സംരംഭകർക്ക് തൊഴിൽ പരിശീലനം നൽകുക. (3 മാസം)

b. സംരംഭകർക്ക്/യുവതി യുവാക്കൾക്ക് സംരംഭങ്ങൾ നടത്താനുള്ള മാനേജ്മെന്റ് പരിശീലനം നൽകുക.(ദ്വൈവാര EPD)

3. പൊതുജനങ്ങൾക്ക് വ്യവസായ ബോധവത്ക്കരണം നൽകുക

മുനിസിപ്പൽ തലത്തിൽ പൊതുജനങ്ങളെ വിളിച്ച്കൂട്ടി വിദഗ്ധരെ പങ്കെടുപ്പിച്ച്കൊണ്ട് വ്യവസായ രംഗത്തേക്ക് ആകർഷിക്കാൻ ഉതകും വിധം ഏകദിന ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുക.

4. നിലവിലുള്ള വ്യവസായികളിൽ മാതൃകാപരമായി പ്രവർത്തിക്കുന്നവരെ തെരഞ്ഞെടുത്ത് ആദരിക്കൽ

മാതൃകാപരമായി വ്യവസായ സംരംഭങ്ങൾ നടത്തുന്നവരെ വിദഗ്ധ സമിതി പരിശോധിച്ച് തെരഞ്ഞെടുത്ത് പ്രോത്സാഹന അവാർഡുകളും അംഗീകാരങ്ങളും നൽകുക.

# പട്ടികജാതി – വികസനം

*ആമുഖം*

ഇന്ത്യൻ ഭരണഘടനയുടെ 341,342 ഖണ്ഡികളിൽ ഉൽപ്പെടുത്തിയിട്ടുള്ള സമുദായങ്ങൾ യഥാക്രമം പട്ടികജാതിക്കാരെന്നും, പട്ടികവർഗ്ഗക്കാരെന്നും അറിയിപ്പെടുന്നു. സാമ്പത്തികവും, സാമൂഹികവും വിദ്യാഭ്യാസ പരവുമായി സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന ഈ വിഭാഗങ്ങളുടെ പരിരക്ഷയ്ക്ക് കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും പ്രാധാന്യം നൽകി, ബഹുമുഖ വികസന പരിപാടികൾ നടപ്പാക്കി വരുന്നു. പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി പട്ടികജാതി വികസനവകുപ്പും, പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുവേണ്ടി പട്ടികവർഗ്ഗ വികസനവകുപ്പും നിലകൊള്ളുന്നു.

പട്ടികജാതി വികസനവകുപ്പ് ഒട്ടേറെ ക്ഷേമവികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. മറ്റ് പിന്നോക്ക സമുദായങ്ങളും സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന മുന്നോക്ക സമുദായങ്ങളും പട്ടികജാതി വികസന വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികളുടെ ഗുണഭോക്താക്കളാണെന്നത് പൊതുസമൂഹം പലപ്പോഴും മനസ്സിലാക്കാതെ പോകുന്നു. പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗങ്ങളിൽ ഉൾപ്പെടുത്താം.

1. വിദ്യാഭ്യാസ പരിപാടികൾ
2. സാമ്പത്തിക വികസനപരിപാടികൾ
3. സാമൂഹ്യക്ഷേമ പരിപാടികൾ
4. സാംസ്കാരിക പരിപാടികൾ
5. നിയമാധിഷ്ഠിത സേവനങ്ങൾ

മലപ്പുറം നഗസഭയിൽ 21 കോളനികളാണ് നിലവിലുള്ളത്. കോളനികളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 335. ഒറ്റപ്പെട്ട കുടുംബങ്ങളുടെ എണ്ണം 257.

| കോളനിയുടെ പേര് | വാർഡ് |
|---|---|
| 1. പുല്ലാട്ടുകോളനി | 3 |
| 2. ചെറുപറമ്പ് | 3 |
| 3. ചെനക്കൽ | 3 |
| 4. മൂച്ചിക്കുണ്ട് | 1 |

| | |
|---|---|
| 5. വീട്ടിക്കാട്ടുപറമ്പ് | 2 |
| 6. ചോലക്കണ്ടി കോളനി | 6 |
| 7. അക്കരപുരയ്ക്കൽ | 19 |
| 8. പൂവ്വോട്ട്കുണ്ട് | 19 |
| 9. കോട്ടക്കുന്ന് കിഴക്കേചെരിവ് | 16 |
| 10. ചെറാട്ടുകുഴി | 17 |
| 11. കോരങ്ങോട് കോട്ടക്കുന്ന് | 16 |
| 12. കാവുങ്ങൽ | 12 |
| 13. കടന്നകുഴി | 12 |
| 14. വിളക്കുപറമ്പ് | 12 |
| 15. ആല്യപറമ്പ് | 5 |
| 16. കാളന്തട്ട | 23 |
| 17. താഴെപൈത്തിനിപറമ്പ് | 26 |
| 18. പൈത്തിനിപറമ്പ് | 27 |
| 19. ഭൂതാനംകോളനി | 38 |
| 20. കൂത്രാട്ട് | 29 |
| 21. പെരുമ്പറമ്പ് | 40 |

മലപ്പുറം നഗരസഭയിൽ 13ാം പഞ്ചവത്സര പദ്ധതി പ്രകാരം 2017 മുതൽ 2022 വരെ 5 വർഷ കാലയളവിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉന്നമനത്തിനായി ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നഗരസഭ നടപ്പിലാക്കുകയുണ്ടായി.

ഭവന നിർമ്മാണം, വീട് വെയ്ക്കുന്നതിന് വേണ്ടി ഭൂമി, വീട് റിപ്പയർ (ജനറൽ, വനിത) വൃദ്ധർക്കും വികലാംഗർക്കും ഉപകരണങ്ങൾ, ഡ്രൈവിംഗ് പരിശീലനം, കാളന്തട്ട കോളനി അമ്പല സംരക്ഷണകെട്ട്, ശ്മശാന ചുറ്റുമതിൽ, ചെറുപറമ്പ് കോളനി കുടിവെള്ള പദ്ധതിക്കായി പമ്പ്സെറ്റ് മാറ്റിവെയ്ക്കൽ, കമ്പ്യൂട്ടർ പരിശീലനം, എടക്കുന്ന് ശ്മശാനത്തിലേക്കുള്ള 3 പാലം നിർമ്മിച്ച് നൽകി, കോട്ടക്കുന്ന് കിഴക്കേചെരിവ് റോഡ് പുനരുദ്ധാരണം ചെയ്തു.

മലപ്പുറം നഗരസഭയിൽ ജനകീയാസൂത്രണം 202122 ഡ്രൈവിംഗ് പരിശീലനത്തിൽ 33 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകി. വീട് റിപ്പയർ വനിത 65 പേർക്ക് അപേക്ഷ ക്ഷണിച്ചു. അതിൽ അർഹരായ 20 പേർക്ക് 10000 വീതം നൽകി ബാക്കി വരുന്ന അപേക്ഷകർക്ക് ഓണർഷിപ്പ് സ്വന്തം പേരിൽ അല്ലാത്തതിനാൽ ധനസഹായം നൽകാൻ സാധിച്ചില്ല. ബാക്കി വന്നതുക ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി പ്രകാരം 10 പേർക്ക് വീടും 8 പേർക്ക് ഭൂമിയും നൽകി. കൂടാതെ പട്ടികജാതി വികസനവകുപ്പിൽ നിന്നും ഈ 5 വർഷ കാലയളവിൽ 25 വീടുകൾ നൽകുകയും, ഭൂരഹിതരായവർക്ക് ഭൂമി നൽകുകയും ചെയ്തു. ഉയർന്ന പഠനനിലവാരമുള്ള കുട്ടികൾക്ക് അയ്യങ്കാളി സ്കോളർഷിപ്പ് നൽകുകയുണ്ടായി. 8-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യായാത്രയുടെ ഭാഗമായി സൈക്കിൾ വിതരണം ചെയ്തു. എസ്.എസ്.എൽ.സി, പ്ലസ്ടു എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ കുട്ടികൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡും നൽകിവരുന്നു.

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വർഷംതോറും കൊടുത്തുവരുന്ന ലംപ്സംഗ്രാന്റ് വർദ്ധിപ്പിച്ചു.

1 മുതൽ 4 വരെ - 250 രൂപ

5 മുതൽ 7 വരെ - 500 രൂപ

8 മുതൽ 10 വരെ - 750 രൂപ

പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായ മായി 20000 രൂപ നൽകിവരുന്നു.

ബ്ലോക്ക്തലത്തിൽ മലപ്പുറം നഗരസഭയിലെ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് 2002 മുതൽ 2012 വരെ നൽകിയ വീടിന്റെയും ഭൂമിയുടേയും എണ്ണം

വീട് - 50

ഭൂമി - 19

### *പട്ടികജാതി വികസനം*

നഗരസഭയിലെ ഏകദേശം എല്ലാ വാർഡുകളിലും പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. എന്നാൽ 20,22,23,31,32 എന്നീ വാർഡുകളിൽ പട്ടികജാതിക്കാർ താമസിക്കുന്നില്ല. ഇവിടെ പട്ടികജാതി സങ്കേതങ്ങളുമില്ല. ഇവ കൂടാതെ ഒറ്റക്കായും നഗരസഭ പരിധിയിൽ 2765 പേർ താമസിക്കുന്നു. ഇവരിൽ 1424 പേർ പുരുഷൻമാരും 1341 പേർ സ്ത്രീകളുമാണ്. സങ്കേതങ്ങളിൽ 1572 പേരും ഒറ്റപ്പെട്ട് 1193 പേരും താമസിക്കുന്നു. ഇവയുടെ വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | സങ്കേതങ്ങൾ | സങ്കേതത്തിൽ താമസിക്കുന്നവർ | | | |
|---|---|---|---|---|---|
| | | കുടുംബങ്ങൾ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | പുലാട്ട് | 30 | 76 | 76 | 152 |
| 2 | അക്കരപുരയ്ക്കൽ | 9 | 17 | 23 | 40 |
| 3 | പുവോട്ട്കുണ്ട് | 11 | 25 | 23 | 48 |
| 4 | കോട്ടക്കുന്ന കിഴക്കേചെരിവ് | 11 | 19 | 32 | 51 |
| 5 | ചെറാട്ടുകുഴി | 9 | 22 | 21 | 43 |
| 6 | കോരങ്ങാട് കോട്ടക്കുന്ന് 6 | 13 | 14 | | 27 |
| 7 | കാവുങ്ങൽ | 15 | 34 | 34 | 68 |
| 8 | കടന്നകുഴി | 10 | 19 | 22 | 41 |
| 9 | വിളക്കുപറമ്പ് | 5 | 17 | 17 | 34 |
| 10 | ചോലക്കണ്ടി | 52 | 118 | 123 | 241 |
| 11 | ആലിയപറമ്പ് | 8 | 22 | 18 | 40 |
| 12 | ചെറുപറമ്പ് | 38 | 81 | 86 | 167 |
| 13 | കാളന്തട്ട | 27 | 67 | 65 | 132 |
| 14 | പൈത്തിനിപറമ്പ് | 30 | 70 | 86 | 156 |
| 15 | താഴെപൈത്തിനിപറമ്പ് | 14 | 33 | 29 | 62 |
| 16 | ഭൂതാനം | 8 | 14 | 17 | 31 |
| 17 | കൂത്രാട്ട് | 6 | 13 | 17 | 30 |
| 18 | പെരുമ്പറമ്പ് | 8 | 18 | 23 | 41 |
| 19 | ചെനയ്ക്കൽ | 5 | 11 | 11 | 22 |
| 20 | വീട്ടിക്കാട്ടുപറമ്പ് | 15 | 30 | 30 | 60 |
| 21 | മൂച്ചിക്കുണ്ട് | 18 | 51 | 35 | 86 |
| | **ആകെ** | **335** | **770** | **802** | **1572** |

| ക്രമ നം. | സങ്കേതങ്ങൾ | സങ്കേതത്തിൽ താമസിക്കുന്നവർ | | | |
|---|---|---|---|---|---|
| | | കുടുംബങ്ങൾ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | വാർഡ് – 1 | 8 | 32 | 13 | 45 |
| 2 | വാർഡ് – 2 | 6 | 17 | 9 | 26 |
| 3 | വാർഡ് – 3 | 1 | 3 | 2 | 5 |
| 4 | വാർഡ് – 4 | 17 | 52 | 46 | 98 |
| 5 | വാർഡ് – 5 | 3 | 8 | 11 | 19 |
| 6 | വാർഡ് – 6 | 7 | 14 | 12 | 26 |
| 7 | വാർഡ് – 7 | 13 | 33 | 27 | 60 |
| 8 | വാർഡ് – 8 | 43 | 97 | 81 | 178 |
| 9 | വാർഡ് – 9 | 15 | 39 | 33 | 72 |
| 10 | വാർഡ് – 10 | 8 | 23 | 21 | 44 |
| 11 | വാർഡ് – 11 | 10 | 19 | 16 | 35 |
| 12 | വാർഡ് – 12 | 5 | 17 | 10 | 27 |
| 13 | വാർഡ് – 13 | 12 | 25 | 26 | 51 |
| 14 | വാർഡ് – 14 | 5 | 10 | 5 | 15 |
| 15 | വാർഡ് – 15 | 6 | 17 | 13 | 30 |
| 16 | വാർഡ് – 16 | 14 | 34 | 31 | 65 |
| 17 | വാർഡ് – 17 | 5 | 11 | 9 | 20 |
| 18 | വാർഡ് – 18 | 13 | 20 | 32 | 52 |
| 19 | വാർഡ് – 19 | 3 | 12 | 8 | 20 |
| 20 | വാർഡ് – 21 | 3 | 3 | 8 | 11 |
| 21 | വാർഡ് – 24 | 14 | 33 | 31 | 64 |
| 22 | വാർഡ് – 25 | 6 | 16 | 11 | 27 |
| 23 | വാർഡ് – 26 | 1 | 4 | 1 | 5 |
| 24 | വാർഡ് – 27 | 5 | 20 | 14 | 34 |
| 25 | വാർഡ് – 28 | 2 | 6 | 3 | 9 |
| 26 | വാർഡ് – 29 | 12 | 32 | 24 | 56 |

| | | | | | |
|---|---|---|---|---|---|
| 27 | വാർഡ് – 30 | 5 | 15 | 9 | 24 |
| 28 | വാർഡ് – 33 | 3 | 6 | 3 | 9 |
| 29 | വാർഡ് – 34 | 3 | 6 | 5 | 11 |
| 30 | വാർഡ് – 35 | 3 | 2 | 12 | 14 |
| 31 | വാർഡ് – 36 | 2 | 9 | 4 | 13 |
| 32 | വാർഡ് – 37 | 4 | 19 | 9 | 28 |
| | **ആകെ** | **257** | **654** | **539** | **1193** |

പട്ടികജാതി സമൂഹം, നിരവധി സമുദായത്തിൽപ്പെട്ടവരാണ്. നിലവിൽ നഗരസഭ പരിധിയിൽ 11 സമുദായങ്ങൾ ഉണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പട്ടികജാതി വിഭാഗം | കുടുംബ ങ്ങൾ | ജനസംഖ്യ | | |
|---|---|---|---|---|---|
| | | | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| 1 | ആദി ദ്രാവിഡ | 1 | 5 | 6 | 11 |
| 2 | അയ്യനവർ | 1 | 1 | 2 | 3 |
| 3 | ചക്കിലിയൻ | 10 | 25 | 21 | 46 |
| 4 | ചെറുമൻ | 59 | 155 | 139 | 294 |
| 5 | കനാടി | 24 | 88 | 66 | 154 |
| 6 | കണക്കൻ, പടന്ന, പടന്നൻ | 353 | 800 | 808 | 1608 |
| 7 | മലയൻ | 1 | 3 | 0 | 3 |
| 8 | മണ്ണാൻ, പതിയാൻ, വേലൻ പെരുവണ്ണാൻ, വണ്ണാൻ, | 117 | 289 | 252 | 541 |
| 9 | പാണൻ | 7 | 16 | 12 | 28 |
| 10 | പറൈയൻ, പറയൻ, പറയർ സാംബവർ, പറയ, പറൈയ, | 14 | 26 | 23 | 49 |
| 11 | പുലയൻ, ചേരമർ, പുലയ, പുലയർ, ചേരമ, ചേരമൻ, വയനാട് പുലയൻ, വയനാടൻ പുലയൻ, മാത, മാതപുലയൻ | 5 | 16 | 12 | 28 |
| | **ആകെ** | **592** | **1424** | **1341** | **2765** |

ഇതിൽ കണക്കൻ, പട്ടണ, പട്ടണൻ ഉൾപ്പെടുന്ന വിഭാഗമാണ് നഗരസഭയിലെ ഭൂരിപക്ഷ സമുദായം. ഈ സമുദായത്തിൽ 353 കുടുംബങ്ങളിലായി 1608 പേർ ഉണ്ട്.

പട്ടികജാതിക്കാരിൽ മദ്ധ്യവയസ്ക്കരാണ് (3044) ധാരാളം ഉള്ളത്. കൂടാതെ 0 -5 നും ഇടയിലുള്ള കുട്ടികളുടെ എണ്ണം 225 ആണ്. എന്നാൽ 65 വയസ്സിന് മുകളിലുള്ളവരായി 189 പേർ ഉണ്ട്. വിശദ വിവരങ്ങൽ ചുവടെ ചേർക്കുന്നു.

| | 0-5 | 6-14 | 15-17 | 18-21 | 22-25 | 26-29 | 30-44 | 45-59 |
|---|---|---|---|---|---|---|---|---|
| സ്ത്രീ | 96 | 153 | 53 | 94 | 92 | 110 | 353 | 216 |
| പുരു. | 129 | 250 | 90 | 103 | 97 | 70 | 329 | 225 |
| **ആകെ** | **225** | **433** | **143** | **197** | **189** | **180** | **682** | **441** |

| | 60-64 | Above 65 | ആകെ |
|---|---|---|---|
| സ്ത്രീ | 49 | 125 | 1341 |
| പുരു. | 37 | 64 | 1424 |
| **ആകെ** | **86** | **189** | **2765** |

പട്ടികജാതി സങ്കേതങ്ങളിലേക്ക് പ്രവേശിക്കാൻ ഏറിയ സങ്കേതങ്ങൾക്കും, മെച്ചപ്പെട്ട വഴി സൗകര്യം ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വഴിയുടെ ഇനം | സങ്കേതങ്ങളുടെ എണ്ണം |
|---|---|
| നടപ്പാത | 2 |
| നടവരമ്പ്/ബണ്ട് | 1 |
| വാഹനസഞ്ചാരയോഗ്യമായ റോഡ് | 14 |
| വാഹനസഞ്ചാരയോഗ്യമല്ലാത്ത റോഡ് | 14 |
| **ആകെ** | **31** |

സങ്കേതങ്ങളിൽ ഭൂരിഭാഗവും നിരപ്പായ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രദേശം | എണ്ണം |
|---|---|
| കുന്നിൻപുറം | 8 |
| നിരപ്പായ പ്രദേശം | 10 |
| വെള്ളക്കെട്ട് | 1 |
| മറ്റുള്ളവ | 2 |
| **ആകെ** | **21** |

21 സങ്കേതങ്ങളിൽ 20 ഉം, താമസിക്കാൻ യോജ്യമായ ശുചിത്വമുള്ള പ്രദേശത്തിലാണ് സ്ഥിതിചെയ്യുന്നത്. കൂടാതെ എല്ലാ സങ്കേതങ്ങളുടെയും 5 കി.മി പരിധിയിൽ എല്ലാവിധ സൗകര്യങ്ങളും ലഭ്യമാണ്. ഇത്തരത്തിൽ നോക്കുമ്പോൾ മലപ്പുറം നഗരസഭയിലെ പട്ടികജാതി സങ്കേതങ്ങൾ മികച്ച നിലവാരം പുലർത്തുന്നതായി കാണാവുന്നതാണ്. ഇതിൽ നഗരസഭയുടെ ഇടപെടലും, ജനകീയാസൂത്രണ പദ്ധതികളുടെയും പങ്ക് വളരെ ശ്രദ്ധേയമാണ്.

നഗരസഭയിലുള്ള 592 പട്ടികജാതി കുടുംബങ്ങൾക്ക് മൊത്തമായി 3505 സെന്റ് ഭൂമി ഉണ്ട്. ഇതിൽ 10 കുടുംബങ്ങൾക്ക് യാതൊരു ഭൂമിയും ഇല്ല. പ്രസ്തുത 10 കുടുംബവും ഒറ്റപ്പെട്ട് താമസിക്കുന്നവരാണ്.

### *കുടുംബങ്ങളുടെ കൈവശ ഭൂമി സമുദായടിസ്ഥാനത്തിൽ*

| ക്രമ നം. | പട്ടികജാതി വിഭാഗം | കുടുംബങ്ങൾ | കൈവശഭൂമി (സെന്റ്) |
|---|---|---|---|
| 1 | ആദി ദ്രാവിഡ | 1 | 16 |
| 2 | അയ്യനവർ | 1 | 0 |
| 3 | ചക്കിലിയൻ | 10 | 41 |
| 4 | ചെറുമൻ | 59 | 311 |
| 5 | കള്ളാടി | 24 | 47 |
| 6 | കണക്കൻ, പടന്ന, പടന്നൻ | 353 | 2250 |
| 7 | മലയൻ | 1 | 0 |
| 8 | മണ്ണാൻ, പതിയാൻ, പെരുവണ്ണാൻ, വണ്ണാൻ, വേലൻ | 117 | 706 |

| | | | |
|---|---|---|---|
| 9 | പാണൻ | 7 | 23 |
| 10 | പറൈയൻ, പറയൻ, സാംബവർ, പറയ, പറൈയ, പറയർ | 14 | 93 |
| 11 | പുലയൻ, ചേരമർ, പുലയ, പുലയർ, ചേരമ, ചേരമൻ, വയനാട് പുലയൻ, വയനാടൻ പുലയൻ, മാത, മാതപുലയൻ | 5 | 17 |
| | **ആകെ** | **592** | **3505** |

നഗരസഭ പരിധിയിൽ താമസിക്കുന്ന ഭൂരിപക്ഷം പേർക്കും വാസയോഗ്യമായ വീടുകൾ ഉണ്ട്. പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്ന 335 കുടുംബങ്ങളിൽ 288 പേർക്കും വാസയോഗ്യമായ വീടുകൾ ഉണ്ട്. ഒറ്റപ്പെട്ട് താമസിക്കുന്ന 257 പേരിൽ 230 പേർക്കും വാസയോഗ്യമായ ഭവനം ഉണ്ട്. ഇവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | **സങ്കേതത്തിൽ താമസിക്കുന്നവർ** | | |
|---|---|---|---|---|
| **ക്രമ നം.** | **സങ്കേതങ്ങൾ** | **കുടുംബങ്ങൾ** | **പൂർത്തീകരിച്ച ഗുണനിലവാരമുള്ള സ്വന്തം വീടുകളുള്ള കുടുംബങ്ങൾ** | **പൂർത്തീകരിക്കാത്തതോ, പൂർത്തീകരിച്ചെങ്കിലും ഗുണനിലവാരമില്ലാത്തതോ ആയോ സ്വന്തം വീടുകൾ ഉള്ള കുടുംബങ്ങൾ** |
| 1 | പുലാട്ട് | 30 | 27 | 2 |
| 2 | അക്കരപുരയ്ക്കൽ | 9 | 8 | 1 |
| 3 | പുവോട്ട്കു് | 11 | 9 | 2 |
| 4 | കോട്ടക്കുന്ന കിഴക്കേചെരിവ് | 11 | 11 | 0 |
| 5 | ചെറാട്ടുകുഴി | 9 | 9 | 0 |
| 6 | കോരങ്ങാട് കോട്ടക്കുന്ന് | 6 | 3 | 3 |
| 7 | കാവുങ്ങൽ | 15 | 7 | 8 |
| 8 | കടന്നകുഴി | 10 | 7 | 3 |

| | | | | |
|---|---|---|---|---|
| 9 | വിളക്കുപറമ്പ് | 5 | 4 | 1 |
| 10 | ചോലക്കണ്ടി | 52 | 45 | 7 |
| 11 | ആലിയപറമ്പ് | 8 | 8 | 0 |
| 12 | ചെറുപറമ്പ് | 38 | 34 | 4 |
| 13 | കാളന്തട്ട | 27 | 25 | 2 |
| 14 | പൈത്തിനിപറമ്പ് | 30 | 27 | 3 |
| 15 | താഴെപൈത്തിനിപറമ്പ് | 14 | 14 | 0 |
| 16 | ഭൂതാനം | 8 | 8 | 0 |
| 17 | കൂത്രാട്ട് | 6 | 2 | 4 |
| 18 | പെരുമ്പറമ്പ് | 8 | 5 | 3 |
| 19 | ചെനയ്ക്കൽ | 5 | 3 | 2 |
| 20 | വീട്ടിക്കാട്ടുപറമ്പ് | 15 | 14 | 1 |
| 21 | മൂച്ചിക്കുണ്ട് | 18 | 18 | 0 |
| | **ആകെ** | **335** | **288** | **46** |
| | **വാർഡുകൾ** | | | |
| 1 | വാർഡ് – 1 | 8 | 8 | 0 |
| 2 | വാർഡ് – 2 | 6 | 6 | 0 |
| 3 | വാർഡ് – 3 | 1 | 1 | 0 |
| 4 | വാർഡ് – 4 | 17 | 15 | 2 |
| 5 | വാർഡ് – 5 | 3 | 3 | 0 |
| 6 | വാർഡ് – 6 | 7 | 7 | 0 |
| 7 | വാർഡ് – 7 | 13 | 12 | 1 |
| 8 | വാർഡ് – 8 | 43 | 40 | 3 |
| 9 | വാർഡ് – 9 | 15 | 14 | 1 |

| | | | | |
|---|---|---|---|---|
| 10 | വാർഡ് – 10 | 8 | 7 | 1 |
| 11 | വാർഡ് – 11 | 10 | 10 | 0 |
| 12 | വാർഡ് – 12 | 5 | 5 | 0 |
| 13 | വാർഡ് – 13 | 12 | 5 | 6 |
| 14 | വാർഡ് – 14 | 5 | 4 | 1 |
| 15 | വാർഡ് – 15 | 6 | 6 | 0 |
| 16 | വാർഡ് – 16 | 14 | 12 | 2 |
| 17 | വാർഡ് – 17 | 5 | 3 | 2 |
| 18 | വാർഡ് – 18 | 13 | 12 | 1 |
| 19 | വാർഡ് – 19 | 3 | 3 | 0 |
| 20 | വാർഡ് – 21 | 3 | 3 | 0 |
| 21 | വാർഡ് – 24 | 14 | 11 | 3 |
| 22 | വാർഡ് – 25 | 6 | 6 | 0 |
| 23 | വാർഡ് – 26 | 1 | 1 | 0 |
| 24 | വാർഡ് – 27 | 5 | 5 | 0 |
| 25 | വാർഡ് – 28 | 2 | 2 | 0 |
| 26 | വാർഡ് – 29 | 12 | 11 | 1 |
| 27 | വാർഡ് – 30 | 5 | 4 | 1 |
| 28 | വാർഡ് – 33 | 3 | 3 | 0 |
| 29 | വാർഡ് – 34 | 3 | 3 | 0 |
| 30 | വാർഡ് – 35 | 3 | 3 | 0 |
| 31 | വാർഡ് – 36 | 2 | 1 | 1 |
| 32 | വാർഡ് – 37 | 4 | 4 | 0 |
| | **ആകെ** | **257** | **230** | **26** |

പട്ടികജാതിക്കാർ താമസിക്കുന്ന 590 വീടുകളിൽ 25 ന് താഴെ വിസ്തീർണ്ണമുള്ള 2 കുടുംബങ്ങൾ മാത്രമേ ഉള്ളൂ. ഇവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| തറവിസ്തീർണ്ണം | വീടിന്റെ വിസ്തീർണ്ണം |
|---|---|
| 10-24 | 2 |
| 25-39 | 234 |
| 40-59 | 261 |
| 60-79 | 60 |
| 80-99 | 26 |
| 100-149 | 7 |
| **ആകെ** | **590** |

ഇതിൽ പ്രത്യേകം മുറികൾ ഇല്ലാത്ത 11 വീടുകളും ഒരുമുറിയുള്ള 383 വീടുകളും, ഒന്നിൽ കൂടുതൽ മുറികൾ ഉള്ള 36 വീടും ഉണ്ട്. ഒന്നിലധികം നിലയുള്ള 2 വീടുകൾ ഉണ്ട്.

***ശുചിത്വം***

നഗരസഭയിലെ മറ്റ് സമുദായങ്ങളെ പോലെ ശുചിത്വകാര്യത്തിലും, പട്ടിക സമുദായ അംഗങ്ങളും വളരെ മുന്നിലാണ്. 592 കുടുംബങ്ങളിൽ 545 പേർക്കും ഉപയോഗ്യമായ കക്കൂസ് ഉണ്ട്. നിലവിലുള്ള കക്കൂസിന്റെ അവസ്ഥ താഴെ സൂചിപ്പിക്കുന്നു.

| | |
|---|---|
| ഉപയോഗ്യമായ കക്കൂസ് ഉള്ള കുടുംബം | 545 |
| ഉപയോഗ്യമല്ലാത്ത കക്കൂസ് ഉള്ള കുടുംബം | 23 |
| കക്കൂസ് സൗകര്യം ഇല്ലാത്ത കുടുംബം | 23 |
| കക്കൂസ് നിർമ്മിക്കാൻ സ്ഥലം ഉള്ള കുടുംബം | 1 |
| കക്കൂസ് നിർമ്മിക്കാൻ സ്ഥലം ഇല്ലാത്ത കുടുംബം | 22 |
| പൊതു കക്കൂസ് | 0 |

### *കുടിവെള്ളം*

കുടിവെള്ള ലഭ്യതയുടെ കാര്യത്തിലും, നഗരസഭ പരിധിയിലെ പട്ടികജാതിക്കാർ വളരെ മുന്നിലാണ് കടുത്ത ജലക്ഷാമം നേരിടുന്ന 2 കുടുംബങ്ങൾ മാത്രമേ നഗരസഭ പരിധിയിലുള്ളൂ. 199 ഓളം പേർക്ക് സ്വന്തമായി കിണർ ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | കുടുംബങ്ങൾ | യഥേഷ്ടം | 6 മാസത്തിൽ കൂടുതൽ ജലലഭ്യത | 6 മാസത്തിൽ കുറവ്ജലലഭ്യത | ജലക്ഷാമം നേരിടുന്നു |
|---|---|---|---|---|---|
| പൊതു കിണർ | 132 | 15 | 106 | 11 | 0 |
| പൊതു കുഴൽ കിണർ | 6 | 0 | 6 | 0 | 0 |
| സ്വന്തം കിണർ/ കുഴൽ കിണർ | 199 | 19 | 166 | 13 | 1 |
| സ്വകാര്യ കിണർ | 93 | 1 | 80 | 11 | 1 |
| പൈപ്പ്ലൈൻ | 158 | 21 | 131 | 6 | 0 |
| പുഴ/തോട്/കുളം | 4 | 0 | 4 | 0 | 0 |
| **ആകെ** | **592** | **56** | **493** | **41** | **2** |

### *വൈദ്യുതി*

വൈദ്യുതിലഭ്യമാക്കുന്ന കാര്യത്തിലും, നഗരസഭ വളരെ മുന്നിലാണ്. സാങ്കേതങ്ങളിലുള്ള 309 വീടുകളിൽ 26 എണ്ണം ഒഴികെ ബാക്കി എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാണ്. എന്നാൽ ഒറ്റക്കുള്ള 245 വീടുകളിൽ 12 എണ്ണത്തിൽ ഇനിയും വൈദ്യുതി എത്താനുണ്ട്. ഇത്തരത്തിൽ 592 വീടുകളിൽ 554 വീടുകളിൽ വൈദ്യുതി ലഭ്യമാണ്. കൂടാതെ പട്ടികജാതി സങ്കേതങ്ങളിൽ ധാരാളം പൊതു ആസ്തികളും ഉണ്ട്. നിലവിൽ, സങ്കേതങ്ങളിൽ ഒരു കമ്മ്യൂണിറ്റിഹാളും 3 അംഗൻവാടിയും, 1 ജലവിതരണ പദ്ധതിയും ഉണ്ട്.

### *തൊഴിൽ*

പട്ടികജാതിക്കാരിൽ സ്വയം വരുമാനമുള്ളവരുടെ എണ്ണം 25% മാത്രമാണുള്ളത്. ഇതിൽ 161 പേർ സർക്കാർ മേഖലയിൽ തൊഴിലുള്ളവരാണ്. പട്ടികജാതിക്കാർ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

**15-59 വയസ്സ് പ്രായമുള്ളവരുടെ തൊഴിൽ**

| ക്രമ നം. | തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | സ്ഥിരം തൊഴിൽ – സർക്കാർ | 101 | 60 | 161 |
| 2 | സ്ഥിരം തൊഴിൽ അർദ്ധസർക്കാർ സ്ഥാപനത്തിൽ | 5 | 0 | 5 |
| 3 | സ്ഥിരം തൊഴിൽ സ്വാകാര്യസ്ഥാപനത്തിൽ | 8 | 3 | 11 |
| 4 | സ്ഥിരം തൊഴിൽ സഹകരണ മേഖല | 3 | 1 | 4 |
| 5 | താൽക്കാലിക തൊഴിൽ – സർക്കാർ | 4 | 6 | 10 |
| 6 | താൽക്കാലിക തൊഴിൽ അർദ്ധ സർക്കാർ സ്ഥാപനത്തിൽ | 3 | 6 | 9 |
| 7 | താൽക്കാലിക തൊഴിൽ സ്വകാര്യ സ്ഥാപനത്തിൽ | 38 | 27 | 65 |
| 8 | മറ്റ് സ്വയംതൊഴിൽ | 63 | 5 | 68 |
| 9 | കൂലിപ്പണി – കാർഷികേതര മേഖല | 211 | 54 | 265 |
| 10 | കൂലിപ്പണി – കൃഷിയും അനുബന്ധ മേഖലയും | 80 | 25 | 105 |
| 11 | തൊഴിലാളി കെട്ടിടനിർമ്മാണ മേഖല | 26 | 5 | 31 |
| | **ആകെ തൊഴിൽ ചെയ്യുന്നവർ** | **542** | **192** | **734** |

### *വിദ്യാഭ്യാസം*

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പട്ടികജാതിക്കാർ ശരാശരി മികവ് പുലർത്തുന്നുണ്ട്. മെഡിക്കൽ ബിരുദമുള്ള 2 പേരും, എഞ്ചിനീയറിംഗ് ബിരുദമുള്ള 2 പേരും നഗരസഭ പരിധിയിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിരുദം | 114 |
| ബിരുദാനന്തര ബിരുദം | 37 |
| എഞ്ചിനീയറിംഗ് ഡിപ്ലോമ | 4 |
| മറ്റു പ്രഫഷണൽ ഡിപ്ലോമ | 19 |
| എഞ്ചിനീയറിംഗ് ബിരുദം | 2 |
| മെഡിക്കൽ ബിരുദം | 2 |
| മറ്റ് പ്രഫഷണൽ ബിരുദം | 20 |

## *ശാരീരിക മാനസിക വെല്ലുവിളി*

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു ന്യൂനപക്ഷം പട്ടികജാതി വിഭാഗത്തിലുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 23 പേരും മാനസിക വെല്ലുവിള നേരിടുന്ന 8 പേരും നഗരസഭ പരിധിയിലുണ്ട്. കൂടാതെ മാരക രോഗം ബാധിച്ചവരായി 41 പേർ നഗരസഭയിൽ ഉണ്ട്. ഇവരിൽ 4 പേർക്ക് ക്യാൻസറും, 2 പേർക്ക് ക്ഷയവും, 6 പേർക്ക് ഹൃദ്രോഗവും ഉള്ളവരാണ്.

## *സാമൂഹിക സുരക്ഷിതത്വം*

സാമൂഹിക സുരക്ഷവലയത്തിന്റെ കാര്യത്തിൽ മറ്റ് സമുദായങ്ങളെപ്പോലെ പട്ടികജാതിക്കാരും ഉൾപ്പെട്ടിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പൊതുവിതരണ സംവിധാനത്തിലും കാര്യമായ മുന്നേറ്റം നടത്താൻ പട്ടികജാതിക്കാർക്ക് കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| റേഷൻ കാർഡുള്ള കുടുംബങ്ങൾ | 498 |
| റേഷൻ കാർഡില്ലാത്തവർ | 94 |
| എ.പി.എൽ കാർഡുള്ളവർ | 223 |
| ബി.പി.എൽ കാർഡുള്ളവർ | 275 |
| അന്ത്യോദയ, അന്നയോജന ഗുണഭോക്താക്കൾ | 144 |

സാമൂഹികസുരക്ഷ പെൻഷൻ നേടിയെടുക്കുന്ന കാര്യത്തിൽ പട്ടികജാതിക്കാരും, ലഭ്യമാക്കുന്ന കാര്യത്തിൽ നഗരസഭയും വളരെയേറെ ശ്രദ്ധിക്കുന്നുണ്ട്. നഗരസഭയിൽ നിന്നും വിവിധസുരക്ഷ പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വിധവ പെൻഷൻ | 66 |
| കർഷക തൊഴിലാളി പെൻഷൻ | 20 |
| വാർദ്ധക്യകാല പെൻഷൻ | 43 |
| വികലാംഗ | 6 |
| തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ | 0 |
| സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ | 76 |
| സൈനീക പെൻഷൻ ലഭിക്കുന്നവർ | 8 |
| മറ്റു പെൻഷൻ ലഭിക്കുന്നവർ | 2 |
| **ആകെ** | **221** |

പൊതുവെ സാമൂഹിക പ്രശ്നങ്ങൾ നേരിടുന്നവരുടെ എണ്ണം പട്ടികജാതിക്കാരുടെ ഇടയിൽ തുലോം കുറവാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അവിവാഹിത അമ്മമാർ | 0 |
| വിധവകൾ | 207 |
| വിവാഹബന്ധം വേർപ്പെടുത്തിയവർ | 9 |
| സാമൂഹികമായ വിവേചനം നേരിടുന്ന കുടുംബങ്ങൾ | 1 |
| അനാഥകുട്ടികൾ ഉള്ള കുടുംബം | 0 |
| നിരാലംബരായവർ ഉള്ള കുടുംബം | 0 |

സ്ത്രീശക്തിയിലൂടെ സ്ത്രീശാക്തീകരണവും, ഭവനങ്ങളിലെ സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തനത്തിലും പട്ടികജാതിക്കാർ ഒട്ടും പുറകിൽ അല്ല. പട്ടികജാതിക്കാർ മാത്രമായി 5 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

**കുടുംബശ്രീ അയൽകൂട്ടങ്ങളുടെ വിവരങ്ങൾ**

| | |
|---|---|
| പട്ടികജാതിക്കാർ മാത്രം അംഗങ്ങളായിട്ടുള്ളവ | 5 |
| മറ്റു വിഭാഗങ്ങളുമായി ചേർന്നുള്ളവ | 21 |
| കുടുംബശ്രീയിൽ അംഗമാകാത്ത പട്ടികജാതി കുടുംബങ്ങൾ | 30 |
| കുടുംബശ്രീ അയൽകൂട്ടങ്ങൾ പ്രവർത്തിക്കാത്ത സങ്കേതങ്ങൾ | 2 |

# മൃഗസംരക്ഷണം

***ആമുഖം***

മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽ നഗരസഭയുടെ പ്രധാനപ്പെട്ട ഒരു ചുമതലയാണ് മൃഗസംരക്ഷണം. നിലവിൽ നഗരസഭയുടെ കീഴിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മൃഗാശുപത്രിക്കാവശ്യമായ മരുന്നുകൾ, ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ നഗരസഭ ഒരുക്കി കൊടുക്കുന്നു. ഇതു കൂടാതെ ജില്ലാ മൃഗസംരക്ഷണ ആശുപത്രിയും നഗരസഭ പരിധിയിലാണ്.

നഗരസഭ പരിധിയിലെ പ്രധാന ലൈവ്സ്റ്റോക്കുകൾ, പശു, എരുമ, ആട്, കോഴി, താറാവ് എന്നിവയാണ്. ഇവയുടെ എണ്ണത്തിൽ കാര്യമായ പുരോഗതി നഗരസഭയിൽ ഇല്ല.

| | 2010 | 2013 | 2017 |
|---|---|---|---|
| പശു | 1095 | 1463 | 753 |
| എരുമ | 134 | 131 | 134 |
| ആട് | 1746 | 1163 | 1485 |
| കോഴി | 13144 | 15811 | 15337 |
| താറാവ് | 271 | 355 | 394 |

പശുവിന്റെ കാര്യത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ മറ്റ് വിഭാഗങ്ങളിൽ കാര്യമായ മാറ്റം ഇല്ലാതെ തുടരുകയാണ്.

***പാൽ***

നഗരസഭ പരിധിയിൽ ഒരു ഡയറിഫാം മാത്രമേ ഉള്ളൂ. ആയത് മുണ്ടുപറമ്പിലാണ്. ഇവിടെ 8 പശുക്കൾ ഉണ്ട്. കൂടാതെ നഗരസഭയിലെ ഏക ക്ഷീരസൊസൈറ്റി മഠത്തിൽ ക്ഷീരസംഘമാണ്. ഇത് കൂടാതെ മിൽമയുടെ ഔട്ട്ലെറ്റുകൾ, കുന്നുമ്മൽ, കോട്ടപ്പടി, കലക്ട്രേറ്റ് ബംഗ്ലാവ് എന്നിവിടങ്ങളിൽ ഉണ്ട്. പാലിന്റെ ഉപയോഗം നിരന്തരം വർദ്ധിച്ച്കൊണ്ടിരിക്കുകയാണ്. എന്നാൽ പാലിന്റെ ആഭ്യന്തര ഉൽപാദനത്തിൽ കാര്യമായ മാറ്റം കാണാനില്ല.

നിലവിൽ നഗരസഭ പരിധിയിലെ പാലിന്റെ ലഭ്യതയും ഉപഭോഗവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാലിന്റെ ഉപഭോഗം (മാസം) | 116539 |
| പാലിന്റെ ഉൽപാദനം (മാസം) | 81980 ലിറ്റർ |
| വിടവ് | 34553 |

പാലിന്റെ ഈ ലഭ്യതകുറവ്, മിൽമ, മറ്റ് സ്ഥലങ്ങളിൽ നിന്നുള്ള പാലുകൾ എന്നിവകൊണ്ട് പരിഹരിക്കുന്നു.

### *ഇറച്ചി/മുട്ട/പാൽ*

മനുഷ്യരുടെ ഭക്ഷണക്രമത്തിൽ വന്ന കാതലായമാറ്റം ഇറച്ചിയുടേയും മുട്ടയുടേയും ആവശ്യകത വർദ്ധിപ്പിച്ചു. എന്നാൽ ഈ കാര്യത്തിൽ ആഭ്യന്തര ഉൽപാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. മലപ്പുറം നഗരസഭയിലെ ഇറച്ചി, മുട്ടയുടെ ആഭ്യന്തര ഉപഭോഗം ചുവടെ ചേർക്കുന്നു.

| ഉൽപന്നം | മാസത്തിലെ ഉപഭോഗം |
|---|---|
| പാൽ | 116539 ലിറ്റർ |
| മുട്ട | 377520 എണ്ണം |
| ഇറച്ചി | 32660 കി.ഗ്രാം |

ഇറച്ചിയുടെ വൻ ഉപഭോഗം നഗരസഭയിൽ ഉണ്ടെങ്കിലും, ഒരു അംഗീകൃത അറവുശാല ഇല്ല എന്നത് എടുത്ത് പറയേണ്ട ഒരു ന്യൂനത തന്നെയാണ്. ഒരു അറവുശാലയ്ക്ക് നഗരസഭ രൂപം നൽകി എങ്കിലും, അത് പൂർത്തീകരിക്കാൻ നഗരസഭയ്ക്ക് നാളിതുവരെ കഴിഞ്ഞിട്ടില്ല. നിലവിൽ അംഗീകാരമില്ലാത്ത അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നഗരസഭ പരിധിയിൽ മഠത്തിൽപടി ക്ഷീര സഹകരണ സംഘം എന്ന പേരിൽ ഒരു മിൽക്ക് സൊസൈറ്റി പ്രവർത്തിക്കുന്നു.

#### 8.13.3 പ്രധാന പ്രശ്നങ്ങൾ

മൃഗസംരക്ഷണ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കന്നുകാലി വളർത്തലിനാവശ്യമായ സ്ഥലത്തിന്റെ അപര്യാപ്തത മുനിസിപ്പാലിറ്റി വേർതിരിച്ചു കൊണ്ടിരിക്കുന്നു ജനസാന്ദ്രത നിലവിലുള്ള മേച്ചിൽ പുറങ്ങളുടെ ലഭ്യത കുറക്കുന്നു.

2. വർദ്ധിച്ച ഉത്പാദന ചെലവ് - വിപണിയിൽ ലഭ്യമാകുന്ന സമീകൃത ആഹാരങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നതിനാൽ ഉദ്പ്പാദന ചെലവ് അനിയന്ത്രിതമായി കൂടുന്നു.

3. പുതിയ തലമുറക്കുള്ള താൽപര്യക്കുറവ് - മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പുതിയ തലമുറ പൊതുവേ താൽപര്യം പ്രകടിപ്പിക്കുന്നില്ല.

4. ചികിത്സാ ചെലവുകൾ - മരുന്നുകൾ വാങ്ങുന്ന ചെലവുകൾ കർഷകർക്ക് താങ്ങാനാവുന്നില്ല.

### *പ്രശ്ന പരിഹാരങ്ങളും ആവശ്യങ്ങളും*

1. സബ്സിഡി നിരക്കിൽ തീറ്റ ലഭ്യമാക്കുക
2. തീറ്റപുൽ കൃഷി വ്യാപകമാക്കുക.
3. പുതിയ തലമുറയിൽ താൽപര്യമുള്ളവർക്ക് ട്രെയിനിംഗ് നൽകുക.
4. ചികിത്സക്ക് വരുന്ന മരുന്നുകൾ ആവശ്യത്തിന് മൃഗാശുപത്രിയിൽ ലഭ്യമാക്കുക.
5. തൊഴുത്തു നിർമ്മാണം തുടങ്ങിയവയ്ക്ക് സഹായം നൽകുക.

# പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ

### *ആമുഖം*

13ാം പദ്ധതികാലയളവ് പൂർത്തീകരിച്ച്, 14ാം പദ്ധതി കാലയളവിലേക്ക് കടക്കുമ്പോൾ ലോകക്രമത്തിലും, ജനങ്ങളുടെ ജീവിത നിലവാരത്തിലും, ആസ്വാദനിലവാരത്തിലും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. അതിനനുസരിച്ചുള്ള നിലവാരത്തിലും, അളവിലും, ആവശ്യമായ സൗകര്യം അടുത്ത പദ്ധതികാലയളവിൽ ഒരുക്കികൊടുക്കുക എന്നതാണ് നഗരസഭയുടെ മുന്നിലെ വെല്ലുവിളി. നഗരസഭ നിർബന്ധിതമായി ഒരുക്കി കൊടുക്കേണ്ട പൊതു സൗകര്യങ്ങളും ഇല്ലായ്മമൂലം കഷ്ടത അനുഭവിക്കുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ട് വരുക എന്നതും നഗരസഭയുടെ ഉത്തരവാദിത്വമാണ്. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ സേവനമേഖലകളിലെയും പശ്ചാത്തല മേഖലകളിലെയും നിലവിലുള്ള വിടവും, ഭാവിയുടെ ആവശ്യവും പരിഗണിച്ച് കൃത്യമായ മുതൽ മുടക്കും, നിർവ്വഹണവും പരിപാലനവും നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

### *പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ, ഭൗതിക ലക്ഷ്യങ്ങൾ*

14ാം പദ്ധതി കാലയളവ് പൂർത്തീകരിക്കുന്ന 2027 ൽ ലോകക്രമവും, മനുഷ്യന്റെ ജീവിതനിലവാരവും എങ്ങനെ ആയിരിക്കുമെന്ന് പ്രവചിക്കുക അസാധ്യമാണ്. ശാസ്ത്രം നയിക്കുന്ന ഒരു ലോകത്ത്, മനുഷ്യന്റെ ആവശ്യങ്ങളെയും, താൽപര്യങ്ങളെയും, രുചിഭേദങ്ങളെയും, മാറ്റിമറിക്കുന്ന ഒരു ലോകത്ത്; ഒരു ടാർജറ്റ് നിശ്ചയിച്ച് മുന്നേറുക പ്രയാസകരമാണ്. എന്നിരുന്നാലും, അടിസ്ഥാന, പശ്ചാത്തല സൗകര്യ വിഷയങ്ങളിൽ ഇവയൊന്നും തന്നെ കണക്കുകൂട്ടലുകളെ തെറ്റിക്കാനിടയില്ല. ഈ പശ്ചാത്തല വികസന മേഖലയിൽ തന്നെയാണ് ഈ വികസനരേഖ മുഖ്യമായും ലക്ഷ്യമിടുന്നത്. ഇവ

പ്രധാനമായും ചുവടെ ചേർക്കുന്ന മേഖലകളായി വികസനരേഖയുടെ ഫലപ്രാപ്തിക്കായി ചുരുക്കുന്നു.

1. വ്യക്തിഗത സൗകര്യം
2. പൊതുസൗകര്യങ്ങൾ

### *1. വ്യക്തിഗത സൗകര്യങ്ങൾ*

ഓരോ വ്യക്തിയും അവന്റെ കുറവുകൾക്കും, ഇല്ലായ്മകൾക്കും ശമനം വരുത്തി സമൂഹത്തിലെ മറ്റുള്ളവർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ കരസ്ഥമാക്കി മുഖ്യധാരയിലേക്ക് എത്തുക എന്നത് ഓരോ വ്യക്തിയുടെയും ആഗ്രഹവും ആവശ്യമെന്നതുപോലെ, നഗരസഭയുടെയും ആവശ്യമാണ്. ഇതിനെ വികസനരേഖയുടെ ആവശ്യത്തിലേക്ക് ചിലഘടകങ്ങളാക്കി മാറ്റുന്നു.

1. ഭക്ഷണം
2. ഭവനം
3. കുടിവെള്ളം
4. വൈദ്യുതി
5. ആരോഗ്യം
6. വിദ്യാഭ്യാസം
7. തൊഴിൽ

### *2. പൊതുസൗകര്യങ്ങൾ*

ഓരോ വ്യക്തിയും സ്വയം അല്ലെങ്കിൽ സമൂഹത്തിന്റെ ഇടപെടലുകളിൽ കൂടി ഇല്ലായ്മകളും, കുറവുകളും പരിഹരിച്ച് സ്വയം പര്യാപ്തതയിൽ എത്തുമ്പോൾ പൊതുസൗകര്യങ്ങളെകുറിച്ച് കൂടുതൽ ബോധവാൻമാരാകുന്നു. ചിലപ്പോൾ ഇല്ലായ്മയുടെ പിടിയിലായിരിക്കുമ്പോഴും പൊതു സൗകര്യം വിനിയോഗിക്കാം. ഇവ ഒരു വ്യക്തിയെ ലക്ഷ്യം വക്കാതെ സമൂഹത്തിലെ എല്ലാ വ്യക്തികളെയും പൊതുവായികണ്ട് ഒരുക്കുന്നവയാണ്. വികസനരേഖയുടെ ആവശ്യത്തിലേക്കായി പൊതുസൗകര്യങ്ങളെ താഴെ പറയുന്ന ചില മേഖലയിലേക്ക് മാത്രമായി ചുരുക്കുന്നു.

1. പൊതു ഗതാഗതം - റോഡ്
2. നഗരസഭ നൽകുന്ന സേവനങ്ങൾ
3. ശുദ്ധജല വിതരണം

4. വൈദ്യുതി

5. പൊതുജന ആരോഗ്യം

6. പൊതു വിദ്യാഭ്യാസം

7. ക്ഷേമ പ്രവർത്തനങ്ങൾ

8. കാർഷിക/വ്യവസായ/തൊഴിൽ മേഖലകൾ

9. മറ്റുള്ളവ

മുകളിൽ സൂചിപ്പിച്ച ഘടകങ്ങളെ/മേഖലകളെ ഇതിന്റെ നിലവിലെ വിടവും/കുറവും, അടുത്ത 5 വർഷത്തേക്ക് ആവശ്യമായ വർദ്ധനവും പരിഗണിച്ച് കണക്കിന്റെ ഭാഷയിൽ ആവശ്യകത (ടാർജറ്റ്)നിശ്ചയിക്കാവുന്നതാണ്. ആവശ്യകത നിശ്ചയിക്കുമ്പോൾ, അതിന്റെ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുക പ്രധാനമാണ്. ഇത്തരത്തിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുമ്പോൾ പ്രധാനമായും രണ്ടായി തരം തിരിക്കേണ്ടതാണ്.

1. വ്യക്തിഗത കുറവ്/ഇല്ലായ്മ പരിഹരിക്കേണ്ടവർ

2. പൊതു സൗകര്യത്തിന്റെ ഗുണഭോക്താക്കൾ

## *വ്യക്തിഗത കുറവ്/ഇല്ലായ്മ പരിഹരിക്കേണ്ടവർ*

ഇവിടെ പ്രധാനമായും വ്യക്തിഗത ഗുണഭോക്താക്കളെയാണ് ലക്ഷ്യമിടുന്നത്. ചിലരെ സംബന്ധിച്ച് കുറവ് ഒരു മേഖലയിൽ മാത്രമായിരിക്കാം, എന്നാൽ ചിലരുടെ കാര്യത്തിൽ കുറവുകൾ ബഹുതലമായിരിക്കാം. ഉദാഹരണത്തിന് സ്വന്തമായി ഭൂമിയുള്ളവന് നിരവധി കുറവുകൾ ഉണ്ടാകാം. ഭവനം, ജലം, വൈദ്യുതി, സ്ഥിരവരുമാനമില്ലായ്മ. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങൾ ഈ മേഖലയെ വിചിന്തനത്തിന് വിധേയമാക്കുമ്പോൾ കടന്നുവരാം. എന്നിരുന്നാലും വികസനരേഖയുടെ ആവശ്യത്തിലേക്ക് ഇത്തരത്തിലുള്ള സങ്കീർണ്ണതകളിൽ കടക്കാതെ പ്രധാനമായ കുറവുകൾ പരിഹരിക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.

## *ഭൂരഹിത ഭവനരഹിതർ*

ഭൂരഹിത ഭവനരഹിതരുടെ വിവിധ കണക്കുകളാണ് വിവിധ സർവ്വെകളിലായി നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളത്. 2020 ൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി നടത്തിയ സാമൂഹിക സാമ്പത്തിക സർവ്വെയിൽ 92% പേർക്ക് സ്വന്തം പേരിൽ ഭൂമിയും ഭവനവും ഉണ്ട്. അതായത് 8% കുടുംബങ്ങൾക്ക് സ്വന്തം പേരിൽ ഭൂമിയില്ല. ഇതിൽ ബഹുഭൂരിപക്ഷം പേർക്കും പരമ്പരാഗതമായി കിട്ടാവുന്ന ഭൂമി ഉള്ളവരാണ്. സാങ്കേതികത്വത്തിന്റെ പേരിൽ

മാത്രം ഭൂമി ഇല്ലാത്തവരാണ്. അത്തരത്തിൽ പരിഗണിക്കുമ്പോൾ, എങ്ങനെ വലിച്ച് നീട്ടിയാലും 20 കുടുംബങ്ങൾക്ക് താഴെ മാത്രമേ ഭൂമി ഇല്ലാത്തവരായി കാണുകയുള്ളൂ.

2011 ലെ സെൻസസ് പ്രകാരം ഭവനമില്ലാത്ത കുടുംബങ്ങളുടെ എണ്ണം 20 മാത്രമാണ്. കൂടാതെ 2010 ൽ നടത്തിയ പട്ടികജാതി സങ്കേതങ്ങളുടെയും, കുടുംബങ്ങളുടെയും അടിസ്ഥാന വിവര ശേഖരണ പ്രകാരം ഭൂമിഇല്ലാത്ത പട്ടികജാതി കുടുംബം ഒന്നുപോലും ഇല്ല.

ഇത്തരത്തിലുള്ള വിവിധ സർവ്വെകൾ വച്ച് വിശകലനം ചെയ്യുമ്പോൾ പരമാവധി 20 കുടുംബത്തിൽ താഴെമാത്രം കുടുംബമേ ഭൂമി ഇല്ലാത്തവരായി ഉള്ളൂ.

അടുത്ത 5 വർഷത്തെ ആവശ്യകത കൂടി പരിഗണിച്ചാൽ വീണ്ടും 50 പേരെ കൂടി ഈ ഗണത്തിൽപെടുത്താവുന്നതാണ്. ഇത്തരത്തിൽ അടുത്ത പദ്ധതികാലയളവിൽ ഭൂമി ആവശ്യമായ ഭൂരഹിത ഭവന രഹിതരുടെ എണ്ണം 50 ആയി നിജപ്പെടുത്താവുന്നതാണ്.

### *ഭവന രഹിതർ*

2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഭവനരഹിതരുടെ എണ്ണം 20 ആകുന്നു.. 2010 ലെ സാമൂഹിക സാമ്പത്തിക സർവ്വേ പ്രകാരം നഗരസഭ പരിധിയിൽ മൊത്തം കുടുംബങ്ങളുടെ എണ്ണം 15172 ആണ്. എന്നാൽ ഭവനങ്ങളുടെ എണ്ണം 12665. അത്തരത്തിൽ 2507 ഭവനങ്ങൾ കൂടി നിർമ്മിച്ചാൽ ഒരു കുടുംബത്തിന് ഒരു ഭവനം എന്ന കണക്കിൽ ആകുന്നതാണ്. ഒരു വീട്ടിൽ തന്നെ കൂട്ടുകുടുംബം താമസിക്കുന്ന ഒരു സംസ്കാരം നിലനിൽക്കുന്ന ഒരു പ്രദേശമാണ് മലപ്പുറം. അതിനാൽ വീടില്ലാത്തവരുടെ എണ്ണം ഇതിൽ നിന്നും കണ്ടെത്താൻ കഴിയില്ല. എന്നാൽ 221 വീടുകൾ അപകടാവസ്ഥയിലോ, താമസിക്കുന്നതിന് യോഗ്യമല്ലാത്തതോ ആണ് എന്നാണ് സർവ്വേവെളിപ്പെടുത്തു ന്നത്. അത്തരത്തിൽ 221 വീടുകൾ പുതിയതായി ആവശ്യമാണ്. 2010 ൽ നടത്തിയ എസ്.സി സർവ്വേയിൽ ഭവനരഹിതരായി 2 പേരും, താമസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരായി 10 പേരെയും കണ്ടെത്തി. ഇത്തരത്തിൽ ഭവനരഹിതരും താമസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവരുമായി ഏകദേശം 241 പേർ ഉണ്ടാകുമെന്ന് കണക്കാക്കാവുന്നതാണ്.

അടുത്ത 5 വർഷ കാലയളവിൽ 100 പേർ പുതിയതായി ഭവനരഹിതർ ആകുമെന്നും, 150 ഓളം വീടുകൾ വാസയോഗ്യമല്ല എന്നും കണക്കാക്കിയാൽ പുതിയതായി നഗരസഭയുടെ ഇടപെടലിൽ കൂടി ആവശ്യമുള്ള ഭവനങ്ങളുടെ എണ്ണം 250

### *കുടിവെള്ളം*

നിലവിൽ 49.9% പേർക്കും 24:7 രീതിയിൽ വെള്ളം ലഭിക്കുന്നുണ്ട്. 2.98% പേർക്ക് മാത്രമാണ് ഒരു വർഷത്തിൽ 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുന്നത്. നഗരസഭ പരിധിയിൽ നിലവിൽ 10532 പൈപ്പ്ലൈൻ ബന്ധം ഉണ്ട്. 0.26% പേരുടെ കുടിവെള്ളത്തിന്റെ സ്രോതസ്സ് 500 മീറ്ററിന് അകലെയാണ്. പട്ടികജാതി സർവ്വേ പ്രകാരം ജലക്ഷാമം നേരിടുന്ന 2 പേർ മാത്രമാണ് ഉള്ളത്. ഇത്തരത്തിൽ നിലവിൽ 360 കുടുംബങ്ങൾക്ക് മാസത്തിൽ 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുകയും 30 കുടുംബങ്ങൾക്ക് ജലം സ്രോതസ്സ് 500 മീറ്ററിന് അകലെയാണ്. പട്ടികജാതി സർവ്വേ പ്രകാരം ജലക്ഷാമം നേരിടുന്ന 2 പേർ മാത്രമാണ് ഉള്ളത്. ഇത്തരത്തിൽ നിലവിൽ 360 കുടുംബങ്ങൾക്ക് മാസത്തിൽ 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുകയും 30 കുടുംബങ്ങൾക്ക് ജലസ്രോതസ്സ് 500 മീറ്ററിൽ കൂടുതലായി കാണാവുന്നതുമാണ്. അടുത്ത 5 വർഷത്തിനിടയിൽ ഉണ്ടാകാവുന്ന ആവശ്യവും പരിഗണിച്ചാൽ (100 എണ്ണം) 500 ഓളം കുടുംബങ്ങ ൾക്ക് ജലക്ഷാമം നേരിടുന്നതായി കാണാവുന്നതാണ്.

### *വൈദ്യുതി*

2021 ലെ കണക്കുപ്രകാരം 15360 ഗാർഹിക വൈദ്യുതി കണക്ഷൻ ഉണ്ട്. എന്നാൽ മൊത്തം ഭവനങ്ങളുടെ എണ്ണം 15172 ആണ്. ഈ വിവരങ്ങൾ പ്രകാരം ചില വീടുകളിൽ ഒന്നിൽ കൂടുതൽ വൈദ്യുതി ബന്ധം ഉള്ളതായി കാണാം. 2011 ൽ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ച ഒരു നിയോജക മണ്ഡലത്തിലെ പ്രദേശമാണ് മലപ്പുറം നഗരസഭ. 2010 ൽ നടത്തിയ പട്ടികജാതി സർവ്വെ പ്രകാരം 38 ഭവനങ്ങളിൽ വൈദ്യുതി ലഭ്യമല്ല. എന്നാൽ ടി മേഖലയിൽ 2011 ൽ ഒരു പ്രത്യേകയജ്ഞം നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ വൈദ്യുതി ഇല്ലാത്ത ഭവനങ്ങളായി 20 താഴെ കുടുംബങ്ങൾ മാത്രമേ ഉള്ളൂ എന്ന് അനുമാനിക്കാവുന്നതാണ്. പുതിയതായി പണിയുന്ന ഭവനങ്ങളിൽ വൈദ്യുതി

ബന്ധത്തിനുള്ള സാധ്യത ശോഭനമായതിനാൽ ഭാവിയിലേക്കുള്ള ആവശ്യകത ഉണ്ടാവാനിടയില്ല. ആയതിനാൽ ലക്ഷ്യം 25 ആയി നിജപ്പെടുത്താവുന്നതാണ്.

### *കക്കൂസ്*

ILCS പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ കക്കൂസ് ഇല്ലാത്തവരായും, ഉപയോഗ ശൂന്യമായ കക്കൂസ് ഉള്ളവരായും മോശമായ ടാങ്കുകൾ ഉള്ളവരായും 780 പേർ ഉള്ളവരായി കണ്ടു. ഇവർക്ക് എല്ലാവർക്കും കക്കൂസ് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ 125 കക്കൂസുകൾ പണിതു. ആവശ്യത്തിനുള്ള സ്ഥലമില്ലായ്മ ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. 2010 ൽ നടത്തിയ പട്ടികജാതി സർവ്വേയിൽ 4 ഭവനങ്ങൾക്ക് കക്കൂസ് ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ നിലവിൽ 200 പേർക്ക് കക്കൂസ് (ഉപയോഗ ശൂന്യമായതും, നല്ല സെപ്ടിക്ക് ടാങ്കുകൾ ഇല്ലാത്തവയും ഉൾപ്പെടെ) പുതിയതായി നിർമ്മിക്കേണ്ടിവരുന്നതാണ്.

### *വരുമാനം / തൊഴിൽ*

2011 ലെ സെൻസസ് പ്രകാരം 8.07% ആളുകൾ ദാരിദ്രരേഖയ്ക്ക് താഴെയാണ്. നഗരസഭയുടെ കണക്ക് പ്രകാരം 4719 കുടുംബങ്ങൾ ദാരിദ്രരേഖ യ്ക്ക് താഴെയാണ്. സർക്കാരിന്റെ പ്രത്യേക പദ്ധതിയായ അതിദരിദ്രരെ കണ്ടെത്തൽ എന്ന പദ്ധതിയിൽ 192 പേർ നഗരസഭാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്ക് വേണ്ട മൈക്രൊ പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുന്നതാണ്. 2001 ലെ സെൻസസ് പ്രകാരം 14148 പേർ വിവിധ മേഖലകളിൽ (സർക്കാരിതര) പണി എടുക്കുന്നു. പട്ടികജാതി സർവ്വെ പ്രകാരം 1559 വയസ്സിനിടയിലുള്ള 1832 ൽ 1098 പേർക്കും സ്ഥിരമായ തൊഴിലില്ലാത്ത വരാണ്. നഗരസഭയിലെ 1559 വയസ്സിനിടയിലുള്ള പുരുഷന്മാരിൽ ധാരാളം പേർ വിദേശരാജ്യങ്ങളിൽ തൊഴിൽ എടുക്കുന്നവരാണ്. പക്ഷേ ഇവരുടെ വിശദമായ ഒരു സ്ഥിതി വിവരക്കണക്ക് നഗരസഭയിലില്ല. സ്വയംതൊഴിൽ സംരംഭങ്ങളായ ചെറുകിടവ്യവസായങ്ങളായി 216 എണ്ണം നഗരസഭ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി 37 തൊഴിൽ സംരംഭങ്ങളും നഗരസഭയിൽ ഉണ്ട്. നഗരസഭ പരിധിയിൽ തൊഴിൽ രഹിത വേതനം പറ്റുന്നവരായി 241 പേരുണ്ട്. നഗരസഭ പരിധിയിൽ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമായി കരുതാനാവില്ല. മറിച്ച്  തൊഴിൽ ചെയ്യാൻ ആളില്ലാത്ത ഒരവസ്ഥയാണ് ഇന്നുള്ളത്. അസംഘടിക മേഖലയിലും വിദേശരാജ്യങ്ങളിലും തൊഴിലെടുക്കുന്നവരുടെ കൃത്യമായ സ്ഥിതിവിവരകണക്ക് ഇല്ലാത്തതിനാൽ തൊഴിൽ രഹിതരുടെ എണ്ണം വ്യക്തമല്ല.

എന്നിരുന്നാലും 4719 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഇവരെ ദാരിദ്രരേഖക്ക് മുകളിൽ എത്തിക്കുകയാണ് ലക്ഷ്യം.

### *പൊതു സൗകര്യങ്ങളുടെ അപര്യാപ്തത*

### *റോഡ്*

നഗരസഭ പരിധിയിൽ 197 കി.മീ റോഡ് നിലവിൽ ഉണ്ട്. ഇതിൽ 157 കി.മീ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതാണ്. നഗരസഭയുടെ റോഡ് സാന്ദ്രത 4.87 കി.മീതുല്യ sq.Km ആണ്. കൂടാതെ ഭൂപ്രദേശത്തിന്റെ 6.18% റോഡിനും അനുബന്ധ ഗതാഗത സംവിധാനത്തിനുമായി നിലവിൽ ഉപയോഗിക്കുന്നു. സാന്ദ്രതയും, സ്ഥലത്തിന്റെ ഉപയോഗവും ദേശീയ നിലവാരത്തിനോട് കിടപിടിക്കുന്നതാണ്. ആയതിനാൽ നിലവിൽ റോഡ് ശൃംഖലയുടെ നീളം ഇനിയും വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല.

നിലവിലുള്ള റോഡുകൾ എല്ലാം തന്നെ ഇടുങ്ങിയതും വളവുകൾ ഏറെ ഉള്ളതുമാണ്. നഗരസഭ പരിധിയിൽ 4 ലൈൻ വീതിയുള്ള ഒരു റോഡും ഇല്ല. കൂടാതെ ദേശീയപാത ഉണ്ടെങ്കിലും ഒന്നിനും ദേശീയപാതയുടെ വീതിയോ, നിലവാരമോ ഇല്ല. നഗരസഭ റോഡുകളുടെ ഉപരിതല സംരക്ഷണവും മികച്ച നിലവാരമുള്ളതല്ല. കൂടാതെ നിലവിലുള്ള റോഡുകളിൽ 30 കി.മീ മാത്രമേ ഓടകൾ നിർമ്മിച്ചിട്ടുള്ളൂ. കൂടാതെ റോഡ് ഫർണ്ണിച്ചർ സംവിധാനവും, റോഡ് സൗന്ദര്യവർദ്ധക സംവിധാനവും നിലവാരത്തിനടുത്ത് പോലും എത്തിയിട്ടില്ല. റോഡുകളുടെ വീതികൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കുക എന്നതാണ് നിലവിലെ ഏറ്റവും വലിയ വെല്ലുവിളി.

1. **നിലവിലുള്ള റോഡുകളുടെ വീതികൂട്ടുക, പ്രധാന റോഡുകൾ എല്ലാം കുറഞ്ഞ പക്ഷം 4 വരി ആക്കുക. പ്രധാന മുനിസിപ്പൽ റോഡുകൾ 3.5 മീറ്റർ വീതിയുള്ളവ ആക്കുക.**
2. **100 കി.മീ ഓടകൾ നിർമ്മിക്കുക.**
3. **ഉപരിതല സംരക്ഷണം, റോഡ് ഫർണിച്ചർ, റോഡ് സൗന്ദര്യം വർദ്ധിപ്പിക്കൽ എന്നിവയിൽ നിലവാരം പുലർത്തുക.**

### *കുടിവെള്ളം*

2011 ലെ സെൻസസ് പ്രകാരം 68088 ജനങ്ങൾ നഗരസഭ പരിധിയിൽ ഉണ്ട്. ദേശീയനിലവാരമനുസരിച്ച് ഒരാളിന് ഒരു ദിവസം 135 ലിറ്റർ എന്ന കണക്കിൽ ജലം ആവശ്യമുണ്ടെങ്കിൽ 9191880 (9.2 MLD) ലിറ്റർ ജലം ആവശ്യമാണ്. നിലവിൽ 10.1 MLD

ലിറ്റർ ജലം ശേഖരിച്ച്, ശുദ്ധീകരിച്ച് പമ്പ് ചെയ്യാനുള്ള സംവിധാനം നഗരസഭയിൽ ഉണ്ട്. ഇത്തരത്തിൽ 0.9 MLD ജലം അധികമാണ്. കിണറിനെ ആശ്രയിക്കുന്നവർ 46.411 ഉണ്ട്. കൂടാതെ പൈപ്പ് ജലത്തിന്റെ 10532 (ഗാർഹിക) കണക്ഷനുകൾ ഉണ്ട്. ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ നിലവിൽ ജലത്തിന്റെ കുറവ് അനുഭവപ്പെടുന്നില്ല നിലവിലുള്ള പഴകിയ, പൊട്ടിയ വിതരണ ശൃംഖല മാറ്റേണ്ടതായിട്ടുണ്ട്. കൂടാതെ കടലുണ്ടിപുഴയിൽ നിന്നുമുള്ള സ്രോതസ്സിന്റെ അളവ് വർദ്ധിപ്പിക്കേണ്ടതും, സംഭരണ, ശുചീകരണ സംവിധാനത്തിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കേണ്ടതുമുണ്ട്. നിലവിലുള്ള ജലത്തിന്റെ സ്രോതസ്സ് മതിയാകുന്നതാണ്. എന്നാൽ ഇവ കൃത്യമായി ഭവനങ്ങളിൽ എത്തിക്കുക എന്നതാണ് ഭാവിയിലെ വെല്ലുവിളി.

202627 ആകുമ്പോൾ ജനസംഖ്യ 75000 ആയി മാറുന്നതാണ്. ഇത്തരുണത്തിൽ 945000 ലിറ്റർ ജലം അധികമായി ആവശ്യമാണ്.

1. ഒരു ലക്ഷം ലിറ്റർ ജലം അധികമായി സംഭരിച്ച്, വിതരണം ചെയ്യുക
2. 24X7 രീതിയിൽ ജലം വിതരണം ചെയ്യുന്നതിനായി നിലവിലുള്ള കേടായ വിതരണ ശൃംഖലമാറ്റി സ്ഥാപിക്കുക
3. കടലുണ്ടിപുഴയിൽ നിന്നുള്ള ജല സ്രോതസ്സ് എല്ലാ കാലത്തും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കുക
4. സംഭരണ, ശുചീകരണ സംവിധാനത്തിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

### *വൈദ്യുതി*

നിലവിൽ നഗരസഭയുടെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വൈദ്യുതി എത്താത്ത മേഖലകൾ നഗരസഭയിൽ ഇല്ല. എന്നാൽ ആവശ്യത്തിനുള്ള വൈദ്യുതി ഇല്ലാത്തത് ഗുണമേഭയെ ബാധിക്കുന്നു. ഉൽപാദനത്തിന് സംവിധാനമില്ലാത്തതിനാലും അതിനുള്ള സാധ്യത ഇല്ലാത്തതിനാലും ഈ ദിശയിലേക്ക് പുതിയ കാൽവെപ്പിനുള്ള സാധ്യത ഇല്ലാത്തതാകുന്നു. എന്നാൽ നിലവിലുള്ള വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് 10 ട്രാൻസ്ഫോമറും 15 ദൂരം ഹൈവോൾട്ടേജ് ലൈനും ആവശ്യമാണ്. കൂടാതെ നിലവിലുള്ള ഉപരിതല ലൈനുകളെ മാറ്റി ഭൂഗർഭലൈനുകളാക്കേണ്ടതായിട്ടുണ്ട്.

### *തെരുവ് വിളക്ക്*

നിലവിൽ 4400 തെരുവുവിളക്കുകൾ ഉണ്ട്. നടപ്പുവർഷം ഈ മേഖലയിൽ വലിയ ഒരു വിപ്ലവം നടത്തിയിട്ടുണ്ട്. എം.പി ഫണ്ട് വഴിയായും, ഇ.എം.സി യുടെ സഹായത്തോടെയും, വികസന ഫണ്ട്, ഐ.എച്ച്.എസ്.ഡി.പി ഫണ്ടും ഉപയോഗിച്ച് 1610 വിളക്കുകൾ പുതിയതായി സ്ഥാപിച്ചു. ഇതിനുപരിയായി 1000 തെരുവുവിളക്കുകൾ കൂടി സ്ഥാപിക്കുകവഴി, നഗരസഭയുടെ തെരുവുവിളക്ക് സമ്പ്രദായം പൂർണ്ണതയിൽ എത്തുന്നതാണ്.

## *ഖരമാലിന്യ സംസ്കരണം*

നിലവിൽ ഉള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ കപ്പാസിറ്റി 5 ടൺ ആണ്. ഇത് ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ 50% സംസ്കരിക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ. ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം മുഴുവൻ ശേഖരിക്കപ്പെടുക യാണെങ്കിൽ 20 ടൺ മാലിന്യം നമുക്ക് സംസ്കരിക്കേണ്ടിവരുന്നതാണ്. ആയതിന് അനുസൃതമായി ഒരു ബൃഹത്തായതും, വിശദവുമായ 21 കോടി രൂപയുടെ പദ്ധതി സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**ടാർജറ്റ് – 20 ടൺ മാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ള പ്ലാന്റ്.**

## *മലിനജല സംസ്കരണ യൂണിറ്റ്*

നഗരത്തിൽ നിലവിൽ മലിനജലം ശേഖരിക്കുന്നതിനും സംസ്കരിക്കുന്ന തിനും യാതൊരു ശാസ്ത്രീയ സംവിധാനവുമില്ല. ഇവ പരിഹരിക്കുന്നതിനായി വിശദമായ 50 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി അന്തിമ ഘട്ടത്തിലാണ്.

ടാർജറ്റ് – 8 MLD മലിനജലം സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റും, ശേഖരണസംവി ധാനവും.

## *സെപ്റ്റേജ് സംസ്കരണ യൂണിറ്റ്*

നിലവിൽ നഗരസഭയിലെ ഭൂഗർഭ ജലം വിവിധ കാരണങ്ങളാൽ മലിനമാണ്. ഇതിന് പ്രധാന കാരണം മനുഷ്യ മാലിന്യം കക്കൂസ് വഴി ഭൂഗർഭ ജലത്തിൽ എത്തുന്നതാണ്. ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയമായ സെപ്റ്റിക് ടാങ്കുകൾ എല്ലാ സാനിറ്ററി യൂണിറ്റിനും ഉണ്ടാവേണ്ടതും, ഇവ ശേഖരിച്ച് സംസ്ക്കരിക്കുന്നതിന് യൂണിറ്റ് ഉണ്ടാവേണ്ടതുമാണ്. ഇതിനായി വിശദമായ പദ്ധതി തയ്യാറാക്കി ലോകബാങ്കിന് നൽകിയിട്ടുണ്ട്.

1. 2000 സാനിറ്ററി യൂണിറ്റുകൾക്ക് ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക്.

2. ശേഖരിച്ച് കടത്തുന്നതിനും സംസ്കരിക്കുന്നതിനുള്ള യൂണിറ്റ്.

മേൽകാണിച്ച സമസ്ത മേഖലകളുടെയും വികസനം ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുവാനും ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി ഇച്ഛാശക്തിയോടെ പ്രവർത്തിച്ച് അടുത്ത അഞ്ച് വർഷം കഴിഞ്ഞ് 2027 ആകുമ്പോൾ നമ്മുടെ വിഭവ സ്രോതസ്സിന് എത്രത്തോളം വിനിയോഗിച്ച വികസന പാതയൊരുക്കി എന്നത് രേഖപ്പെടുത്തുമ്പോൾ മനസ്സിന്റെ അളവിനെയും രേഖപ്പെടുത്താം.

ലോകത്തോടൊപ്പം ഭാരത നഗരങ്ങളും കുതിച്ചോടുമ്പോൾ മലപ്പുറം എന്ന പട്ടണവും അതിനുപുറകെ ഓടേണ്ടിയിരിക്കുന്നു. ഏതൊരു പട്ടണവും ഒരു പ്രത്യേക ഇടപെടലില്ലാതെ സാധാരണ വളർച്ച രേഖപ്പെടുത്താറുണ്ട്. അതിന് ഒരു സംവിധാനത്തിന്റെ ആവശ്യമില്ല. എന്നാൽ തയ്യാറാക്കിയ തിരക്കഥപോലെ മുന്നേറുന്നതിന് പ്രത്യേക ഇടപെടലും മാറ്റങ്ങൾ ഉൾകൊള്ളുവാനും പ്രത്യേക ഇടപെടലും ഒരു സ്ഥാപനവും സിസ്റ്റവും ആവശ്യമാണ്. ഈ കടമ മലപ്പുറം നരസഭയും ഏറ്റെടുക്കുകയാണ്. ഈ വികസന രേഖയിൽ പ്രതിബാതിച്ചിരിക്കുന്ന ആശയങ്ങളും തന്ത്രങ്ങളും ബൃഹത്തായതും വിപുലവുമാണ്. ഇവക്ക് പ്രത്യേകം പ്രത്യേകം വിശദ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നതാണ് നഗരസഭയുടം മുൻപിലുള്ള ലക്ഷ്യം. സമയത്തിനെ വേഗം കൊണ്ടും, തടസ്സങ്ങളെ ഇച്ഛാശക്തികൊണ്ടും തന്ത്രങ്ങൾകൊണ്ടും തോൽപ്പിച്ച് നഗരസഭയിലെ മുഴുവൻ ജനവിഭാഗത്തിന്റെയും സ്വപ്നങ്ങൾ പൂവണിയാൻ നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം....

## 2022-23 വാർഷിക പദ്ധതി പ്രൊജക്ട് ആശയങ്ങൾ

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷമെന്ന നിലയിൽ പോയവർഷങ്ങളിലെ അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ട് തനത് വർഷത്തിൽ വിവിധയിനം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവയുടെ പ്രധാന്യവും ആശയവും താഴെ വിവരിക്കുന്നു.

### *ആരോഗ്യം*

മലപ്പുറം നഗരസഭയിലും സമീപ പ്രദേശത്തെ പഞ്ചായത്തുകളിലെയും സാധാരണക്കാരായ ജനങ്ങളുടെ ഏക ആശ്രയമാണ് മലപ്പുറം താലൂക്ക് ആശുപത്രി. ദിനേന ഇവിടെ നൂറുകണക്കിന് രോഗികളാണ് ഇവിടെ വന്നുപോകുന്നത്. ഇതിനൊക്കെയുള്ള മുഖ്യമായ സൗകര്യങ്ങൾ ഇവിടെയില്ല. നഗരസഭയുടെ പ്രത്യേക ഇടപെടൽ മൂലം ജീവനക്കാരുടെ സഹകരണത്തോടെ ഇപ്പോൾ സായാഹ്ന ഒ.പി. നടന്നുവരുന്നു. ഇതിലേക്കാവശ്യമായ ഫണ്ട് അനുവദിച്ചുവരുന്നു.

### രോഗപ്രതിരോധ പ്രവർത്തനം (ഫീൽഡ്)

മഴക്കാല രോഗങ്ങൾ, വൈറൽ ഫീവർ, മറ്റു സാംക്രമിക രോഗങ്ങൾ, പടരാൻ സാധ്യതയുള്ളതുകൊണ്ട് നഗരസഭാ പ്രദേശത്തെ മുഴുവൻ വാർഡുകളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ളതാണ് മേൽ പദ്ധതി.

### കിഡ്നിരോഗികൾക്ക് സഹായം

പാവപ്പെട്ട കിഡ്നി രോഗികളെ കണ്ടെത്തി അവർക്ക് സർക്കാർ നിശ്ചയിച്ച തുക നൽകി സാമ്പത്തികമായ സഹായം നൽകുന്നതിനാണ് ഈ പദ്ധതി. ഇത്തരം പാവപ്പെട്ട കിഡ്നി രോഗികൾക്ക് ഒരു ഡയാലിസിസിന് തന്നെ 4000 രൂപയോളം ചിലവ് വരുന്നതായി കണക്കാക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ ഇത്തരം രോഗബാധിതർ ഉള്ളവരുള്ളതായി നഗരസഭ കണ്ടെത്തിയിട്ടുണ്ട്. ഇത്തരക്കാർക്ക് സാമ്പത്തികമായ പ്രയാസങ്ങൾക്ക് തൽക്കാലം സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോടെ നഗരസഭ ആവിഷ്ക്കരിച്ചതാണ് ഈ പദ്ധതി.

### പരിരക്ഷ

ശയ്യാവലംബരായ ധാരാളം രോഗികൾ നഗരസഭാ പ്രദേശത്തുള്ളതായി നഗരസഭ കണ്ടെത്തിയിട്ടുണ്ട്. അവരിൽ ഭൂരിഭാഗവും സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവരാണ്. സഹായികളായി ഉറ്റവരും കുറവുള്ളവരും, പണം കൊടുത്ത് സഹായികളെ നിർത്താൻ കഴിയാത്തവരുമായവരെ വീടുകളിൽ ചെന്ന് പരിചരിക്കുന്നതാണ് പരിരക്ഷാ പദ്ധതി.

## വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ ശേഖരിക്കുക

ഒരു നഗരത്തിന്റെ മുഖച്ഛായതന്നെ വികൃതമാക്കുന്നതും, മനോഹരമാക്കുന്നതും അവിടുത്തെ മാലിന്യസംസ്ക്കരണത്തിന്റെ രീതിയനുസരിച്ചാണ്. ഈ വഴിയിൽ നഗരസഭ വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. 40 വാർഡുകളിലും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ അവിടെ ശേഖരിക്കുകയും അവിടെ നിന്ന് ഹരിതകർമ്മ സേന മുഖേന പ്രോസസ്സിംഗ് സെന്ററിൽ എത്തിക്കുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരികുന്നത്. ഇപ്പോൾ നരസഭയയിൽ ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം നടന്നുവരുന്നു.

## ABC പദ്ധതി

വഴിയാത്രക്കാർ, വിദ്യാർത്ഥികൾ, സാധാരണക്കാർ എന്നിവർക്ക് തെരുവ്നായ്ക്കളെ കൊണ്ട് വലിയ ബുദ്ധിമുട്ടാണ് അനുഭവപ്പെടുന്നത്. പേപ്പട്ടികളും ഇക്കൂട്ടത്തിലുണ്ടാവാം എന്നതിനാൽ വർദ്ധിച്ചുവരുന്ന തെരുവിനായശല്യം കുറക്കാനുള്ള പദ്ധതിയാണ് .... പദ്ധതി

# വിദ്യാഭ്യാസം

നമ്മുടെ സംസ്ഥാനത്തെ ആളോഹരി വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് ഗൾഫ് പണമാണ്. അതിൽ മലപ്പുറത്തുകാരുടെ പങ്ക് ചെറുതല്ല. മുൻകാലത്ത് നമ്മുടെ നാട്ടിൽ നിന്നും പോയി വിദേശത്ത് ജോലി ലഭിച്ചവരിൽ മിക്കവരും അൺസ്കിൽഡ് തൊഴിലാളികളാണ്. അതിന്റെ പ്രധാന കാരണം വിദ്യാഭ്യാസം തന്നെയാണ്. വിദേശ ഭാഷകളായ ഇംഗ്ലീഷ്, അറബി, ഫ്രഞ്ച് മുതലായ ഭാഷകളിൽ പരിജ്ഞാനമുള്ളവർക്ക് നല്ല ജോലി ലഭിക്കാൻ സാധ്യതയേറെയാണ്. വിദ്യാർത്ഥികളാകുമ്പോൾ തന്നെ വിദേശഭാഷകളിൽ പ്രാവീണ്യം നേടാൻ സഹായിക്കുന്നതിനാണ് ഈ പദ്ധതി

## മിഷൻ 1000

കഴിഞ്ഞ വർഷവും വളരെയേറെ വിജയിച്ച പദ്ധതിയാണിത്. ഇന്ത്യയിലെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്നതിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്നതാണ് ഈ പദ്ധതി.

## വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

ആധുനിക കാലഘട്ടത്തിൽ വളരെയേറെ പ്രാധാന്യമുള്ള പദ്ധതിയാണിത്. നമ്മുടെ കളിയും കുളിയുമെല്ലാം യാന്ത്രികമായിട്ടാണ് ഇപ്പോൾ നടക്കുന്നത്. ആയതിനാൽ നീന്തൽ പഠിക്കുവാനൊന്നും നമുക്കവസരവുമില്ല, സൗകര്യവുമില്ല. ആവശ്യം വരുമ്പോൾ നമ്മൾ നിസ്സഹായരാവുന്ന അവസ്ഥയിലാകുന്ന പല ഘട്ടങ്ങളും വന്നുചേരാറുണ്ട്. അത്തരത്തിലുള്ള അവസ്ഥകളിൽ നിന്ന് രക്ഷ നേടാനും ശാരീരിക വ്യായാമത്തിനും ഉതകുന്നതാണ് നീന്തൽ പരിശീലനം.

## നഗരസഭാ പ്രദേശത്തെ സ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി പാസ്സായ കുട്ടികൾക്കും രക്ഷിതാക്കൾക്കും കരിയർ ഗൈഡൻസ്

സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഒരു വഴിത്തിരിവാണ് എസ്.എസ്.എൽ.സി. അവിടെനിന്നും എങ്ങോട്ട് പോകണം, ഇനി എങ്ങനെ മുന്നോട്ടുപോകണം എന്നതിനെകുറിച്ച് വിശദീകരിക്കാനും കുട്ടിയുടെ അഭിരുചികൂടി കണക്കിലെടുത്ത് മുന്നോട്ടുള്ള പ്രയാണത്തിനുതകുന്ന വേണ്ട നിർദ്ദേശങ്ങൾ സഹായങ്ങൾ എന്നിവ നൽകുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിക്കുള്ളത്.

## സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

മാലിന്യത്തെ ഉൽപ്പന്നമാക്കുക എന്ന നഗരസഭയുടെ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തതാണ് ഈ പദ്ധതി. നഗരസഭാ തലത്തിൽ സ്കൂളുകളിലെ മാലിന്യങ്ങൾ ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നതോടൊപ്പം ദ്വിമുഖ പ്രവർത്തനമാണ് നടക്കുന്നത്. മാലിന്യസംസ്ക്കരണവും, ഭക്ഷണം പാകം ചെയ്യാനുള്ള ബയോഗ്യാസും ഉൽപ്പാദിപ്പിക്കപ്പെടുന്നു.

## അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്

യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക എന്നഉദ്ദേശത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണിത്. ഇതിലൂടെ ആരോഗ്യമുള്ള യുവതയെ നാടിന് സംഭാവന ചെയ്യാൻ സാധിക്കും

# ഊർജ്ജം

## വൈദ്യുത ലൈൻ നീട്ടൽ

ആധുനിക കാലഘട്ടത്തിലും മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ കഴിയുന്ന പ്രദേശങ്ങളെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കാനും ഘട്ടംഘട്ടമായി ഇത്തരം പ്രദേശങ്ങളെ കണ്ടെത്തി സമ്പൂർണ്ണ വൈദ്യുതീകരണം നടത്താനും നഗരസഭാ ലക്ഷ്യമിടുന്നു.

## നഗരസഭാ കെട്ടിടങ്ങളിൽ സൗരോർജ്ജം സ്ഥാപിക്കുക - 1000000

എനർജി സേവിംഗിന്റെ ഭാഗമായി ആദ്യചുവടുവെപ്പ് എന്ന നിലയിലാണ് നഗരസഭാ പൈലറ്റ് പ്രൊജക്ടായി നരസഭാ ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

## സാമൂഹ്യം

### വയോജനങ്ങൾക്ക് പോഷകാഹാരം

60 വയസ്സിനുമുകളിൽ പ്രായമുള്ളതും പോഷകാഹാരകുറവുള്ളതുമായ വയോജന ങ്ങൾക്ക് പോഷകാഹാരകിറ്റ് നൽകി തങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന തിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പോയ വർഷത്തിൽ 5678 പേർക്ക് കിറ്റ് നൽകുകയുണ്ടായി.

### ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കലാകായിക മത്സരം

ഭിന്നശേഷിക്കാരായ കുട്ടികളുടെ മാനസികവും ശാശാരീരികവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ പൊതുസമൂഹ വുമായി ബന്ധപ്പെടാനുള്ള അവസരങ്ങളാണ് സംജാതമാകുന്നത്.

### അങ്കണവാടി കുട്ടികൾക്ക് കലാകായിക പരിശീലനം

കുഞ്ഞുനാളിലെ കുട്ടികളിലെ കലാ-കായിക വാസനകളെ പ്രോത്സാഹിപ്പിച്ച് ആരോ ഗ്യമുള്ള തലമുറയെ വാർത്തെടുക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. (65000/-)

### ബഡ്സ് വിനോദയാത്ര

കലാകായിക മത്സരങ്ങളൊടൊപ്പം പ്രദേശത്തെ അറിയുക, നാടിനെ അറിയുക അറിവു നേടുക എന്ന ഉദ്ദേശത്തോടൊപ്പം മാനസിക ഉല്ലാസവും ലഭ്യമിടുന്നു. (50000/-)

### മുച്ചക്ര വാഹനം

ഒരുമനുഷ്യന്റെ പ്രധാന സ്വാതന്ത്ര്യമാണ് സഞ്ചാര സ്വാതന്ത്ര്യം ആയതിന് ഭിന്നശേ ഷിക്കാരായ വ്യക്തികളെ കൂടി സഹായിക്കാൻ പ്രാപ്തരാക്കുക, സഹായമൊരുക്കുക എന്ന താണ് നരസഭ ഉദ്ദേശിക്കുന്നത്.

### ബാലസഭകൾക്ക് ധനസഹായം

കുടുംബശ്രീയുടെ കീഴിലുള്ള ...................... പ്രായമുള്ള കുട്ടികളുടെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണിത്.

### എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക അവരുടെ ഉന്നമനം ഉറപ്പുവരുത്തുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

# മൃഗസംരക്ഷണം

## അടുക്കളമുറ്റത്തെ  കോഴിവളർത്തൽ

കോഴിയിറച്ചിക്കും മുട്ടകൾക്കും നാം ആശ്രയിക്കുന്നത് അയൽ സംസ്ഥാനങ്ങളെയാണ്. ഇതിനൊരുമാറ്റം വരുത്തുന്നതിനോടൊപ്പം മായമില്ലാത്ത ദഹന പതാർത്ഥങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

# വ്യവസായം

## വ്യവസായ യൂണിറ്റുകൾക്ക് സബ്സിഡി

4 വർഷംകൊണ്ട് 40 ലക്ഷം പേർക്ക് തൊഴിൽ എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്ന തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി പരിഷ്ക്കരിച്ച് വ്യവസായ നയത്തിന് ചുവടുപിടിച്ചാണ് ഈ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

## ഭവനം

ഭവന നിർമ്മാണത്തിൽ നഗസഭ മറ്റു നഗരസഭകളെക്കാളും മുന്നിലാണ്. വിവിധ പദ്ധതികളിലൂടെ സമ്പൂർണ്ണ ഭവന നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. കിടപ്പാടമില്ലാത്തവർക്ക് കിടപ്പാടമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ നഗരസഭ പ്രതിജ്ഞാബദ്ധമാണ്. തനത് വർഷത്തിൽ ജനറൽ വിഭാഗത്തിൽ ...................... രൂപയും എസ്.സി വിഭാഗത്തിൽ 2456000 രൂപയും വകയിരുത്തിയിട്ടുണ്ട്.

## കൃഷി

സർക്കാരിന്റെ പ്രഖ്യാപിത നയമനുസരിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തരിശുഭൂമികൾ കണ്ടെത്തി അവിടെ കൃഷി നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാനും അതുവഴി കാർഷികവൃത്തിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനും നഗരസഭ ലക്ഷ്യമിടുന്നു.

## മോണിട്ടറിംഗ് സംവിധാനവും തദ്ദേശസ്ഥാപനത്തിന്റെ കാഴ്ച്ചപ്പാടും

ഏതൊരു പദ്ധതിയുടെയും വിജയത്തിന് അത്യന്താപേക്ഷിതമാണ് മോണിട്ടറിംഗ് സമിതികൾ. പദ്ധതി ആസൂത്രണം, വാർഡ് സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണ സമിതി യോഗങ്ങൾ ഇവയുടെ പ്രവർത്തനങ്ങളൊക്കെതന്നെ മോണിട്ടറിംഗ് സമതികൾ വിലയിരുത്തേണ്ടതായിട്ടുണ്ട്. ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ, അതിന്റെ സുതാര്യത എന്നിവ മോണിട്ടറിംഗിന് വിധേയമാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിലും വിവിധ ഘട്ടങ്ങളിൽ വലിയ പങ്കാണ് മോണിട്ടറിഗ് സമിതികൾക്കുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ, സാധനസാമഗ്രികൾ വാങ്ങൽ, മറ്റു ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവയുടെ വിതരണം, ഏജൻസികളെ തെരഞ്ഞെടുക്കൽ തുടങ്ങിയവലൊക്കെത്തന്നെ മോണിട്ടറിംഗ് സമതിയുടെ പ്രവർത്തനം കാര്യക്ഷമമായാൽ നമ്മുടെ പദ്ധതികളും ലക്ഷ്യങ്ങളും കുറ്റമറ്റതാകും എന്ന് നിസ്സംശയം പറയാം.

ഓരോ മേഖലയിൽ നിന്നും നഗരസഭാ തലത്തിൽ പ്രത്യേകം പ്രത്യേകം മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ വിവരം താഴെ ചേർക്കുന്നു.

### മോണിറ്ററിംഗ് സമിതി

**1. *നീർത്തട പരിപാലനം*** (പരിസ്ഥിതി- കൃഷി- ജലസേചനം- മൃഗസംരക്ഷണം- ക്ഷീര വികസനം - മത്സ്യബന്ധനം - എന്നിവയും ബന്ധപ്പെ മേഖലയും ഉൾപ്പടെ)

| | | |
|---|---|---|
| 1. | മുജീബ് കാടേരി | ചെയർമാൻ |
| 2. | ഒ. സഹദേവൻ | വൈസ്. ചെയർമാൻ |
| 3. | ഇസ്ഹാക് പട്ടർകടവൻ | കൺവീനർ |
| 4. | | മെമ്പർ |

***2. പ്രാദേശിക സാമ്പത്തിക വികസനം***

(കൃഷി, വ്യവസായങ്ങൾ, നിക്ഷേപകരുടെ പ്രോത്സാഹനം തുടങ്ങിയവ)

| | | |
|---|---|---|
| 1. | ബിനുരവികുമാർ | ചെയർപേഴ്സൺ |
| 2. | ജയശ്രീ രാജീവ് | കൺവീനർ |
| 3. | പരി ഹമീദ് ഹാജിയാർപള്ളി | മെമ്പർ |
| 4. | തങ്ങളകത്ത് സലീന (മുൻകൗൺസിലർ) | മെമ്പർ |

***3. ദാരിദ്ര ലഘൂകരണം*** (ഭവന നിർമ്മാണം ഉൾപ്പെടെ)

| | | |
|---|---|---|
| 1. | മുജീബ് കാടേരി | ചെയർമാൻ |
| 2. | അഡ്വ. റിനിഷ റഫീഖ് | കൺവീനർ |
| 3. | സൈനബ തണ്ടുതുലാൻ (മുൻകൗൺസിലർ) | മെമ്പർ |
| 4. | കെ.പി. മായ | മെമ്പർ |

### *4. പട്ടികജാതി വികസനം*

| | | |
|---|---|---|
| 1. | | ചെയർപേഴ്സൺ |
| 2. | ഷൈലജ (മുൻകൗൺസിലർ) | കൺവീനർ |
| 3. | മന്നയിൽ അബൂബക്കർ | മെമ്പർ |

### *5. വനിതകളുടെയും ശിശുക്കളുടെയും വികസനം*

| | | |
|---|---|---|
| 1. | സമീറ മുസ്തഫ | ചെയർപേഴ്സൺ |
| 2. | ഫാത്തിമ സുഹ്റ അയമു. സി.കെ | കൺവീനർ |
| 3. | കുന്നത്തൊടി ഹംസ (മുൻകൗൺസിലർ) | മെമ്പർ |
| 4. | ഹനീഫ മാസ്റ്റർ | മെമ്പർ |

### *6. ആരോഗ്യം*

| | | |
|---|---|---|
| 1. | സുഹൈൽ ഇടവഴിക്കല്കൗൺസിലർ) | ചെയർപേഴ്സൺ |
| 2. | ബഷീർ മച്ചിങ്ങൽ | കൺവീനർ |
| 3. | ശ്രീമതി. രത്നം | മെമ്പർ |

### *7. ജല വിതരണം, ശുചിത്വം* (ഖരമാലിന്യ പരിപാലനം ഉൾപ്പെടെ)

| | | |
|---|---|---|
| 1. | ഫൗസിയകുഞ്ഞിപ്പു | ചെയർപേഴ്സൺ |
| 2 | മഹ്മൂദ് കോതേങ്ങൽ | കൺവീനർ |
| 3. | എം. മമ്മു | മെമ്പർ |
| 4. | എം.പി. കുഞ്ഞിമുഹമ്മദ് | മെമ്പർ |

### *8. വിദ്യാഭ്യാസം, സംസ്കാരികം, കായിക -യുവജന ക്ഷേമം*

| | | |
|---|---|---|
| 1 | പി.കെ. സക്കീർ ഹുസൈൻ (കൗൺസിലർ) | ചെയർമാൻ |
| 2. | ജംഷീന ഉരുണിയൻപരമ്പിൽ (കൗൺസിലർ) | കൺവീനർ |
| 3. | നൗഷാദ് മണ്ണിശ്ശേരി | മെമ്പർ |
| 4. | പി.കെ. സൈനുദ്ധീൻ | മെമ്പർ |

### *9. പശ്ചാതല സൗകര്യങ്ങൾ*

| | | |
|---|---|---|
| 1. | അബ്ദുസ്സമദ് ഉലുവാൻ (കൗൺസിലർ) | ചെയർമാൻ |
| 2. | പാറച്ചോടൻ ആമിന(കൗൺസിലർ) | കൺവീനർ |
| 3. | യൂസഫ് കൊന്നോല | മെമ്പർ |
| 4. | മന്നയിൽ അബൂബക്കർ | മെമ്പർ |

***10. സാമൂഹ്യ സുരക്ഷിതത്വം***

(വൃദ്ധ ജനങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായവ
രുടെ
ക്ഷേമം ഉൾപ്പെടെ)

| | | |
|---|---|---|
| 1. | സുരേഷ് മാസ്റ്റർ (കൗൺസിലർ) | ചെയർമാൻ |
| 2. | സി.കെ. ജലീൽ (മുൻ കൗൺസിലർ) | കൺവീനർ |
| 3. | സിദ്ദീഖ്. കെ | മെമ്പർ |
| 4. | പി.കെ. അബ്ദുൽ ഹക്കീം (കൗൺസിലർ) | മെമ്പർ |

***11. ഊർജ്ജം***

| | | |
|---|---|---|
| 1. | സി.എച്ച്. നൗഷാദ് (കൗൺസിലർ) | ചെയർമാൻ |
| 2. | അപ്പുക്കുട്ടൻ പി (മുൻ കൗൺസിലർ) | കൺവീനർ |
| 3. | അയ്യൂബ് അരീക്കത്ത് | മെമ്പർ |
| 4. | മുട്ടങ്ങാടൻ മുഹമ്മദാലി | മെമ്പർ |

## ***സദ്ഭരണം***

ചെയർമാൻ: ശ്രീ. മുജീബ് കാടേരി (മുനിസിപ്പൽ ചെയമാൻ)

വൈസ് ചെയർപേഴ്സൺ: ശ്രീമതി. ഫൗസിയകുഞ്ഞിപ്പു (മുനിസിപ്പൽ വൈസ് ചെയർമാൻ)

കൺവീനർ: ജോബിൻ (മുനിസിപ്പൽ സെക്രട്ടറി)

അംഗങ്ങൾ :
1. ശ്രീ. നിശാന്ത് (മുനിസിപ്പൽ എഞ്ചിനീയർ)
2. ശ്രീ. നാസർ വലിയാട്ടിൽ (സൂപ്രണ്ട്, പ്ലാൻ)
3. ശ്രീ. രാജൻ പത്തൂർ (സൂപ്രണ്ട്, ജനറൽ)
4. ഹെൽത്ത് സൂപ്രവൈസർ
5. ശ്രീ. പ്രദീപൻ (റവന്യു ഇൻസ്പെക്ടർ)
6. ശ്രീ. ശശിധരൻ (റവന്യു ഇൻസ്പെക്ടർ)